**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

(2023 മാർച്ച് മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പട്ടികജാതി/പട്ടികവർഗ്ഗ നിർവ്വഹണം സംബന്ധിച്ച 3.6.1 മുതൽ 3.7.14 വരെയുള്ള ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

പതിനഞ്ചാം കേരള നിയമസഭ

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**
**(2021-2023)**

മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

(2023 മാർച്ച് മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പട്ടികജാതി/പട്ടികവർഗ്ഗ നിർവ്വഹണം സംബന്ധിച്ച 3.6.1 മുതൽ 3.7.14 വരെയുള്ള ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

442/2023.

<u>ഉള്ളടക്കം</u>


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശുപാർശകളും | .. | 101 |
| അനുബന്ധം II : | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 122 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

അംഗങ്ങൾ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. എസ്. സുനിൽ കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023)-യുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പട്ടികജാതി/പട്ടികവർഗ്ഗ നിർവ്വഹണം സംബന്ധിച്ച 3.6.1 മുതൽ 3.7.14 വരെയുള്ള ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2023 മാർച്ച് മാസം 13-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2023 മാർച്ച് 16.

# റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച 3.6.1 മുതൽ 3.7.14 വരെയുള്ള ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

**എസ്.സി./എസ്.ടി. വാസമേഖലകളിലെ അടിസ്ഥാനസൗകര്യങ്ങൾ പര്യാപ്തമല്ല**

**അടിസ്ഥാനവിവരങ്ങൾ അപൂർണ്ണമായതിനാൽ പദ്ധതി ആവിഷ്കരണം ഫലവത്താകുന്നില്ല**

26-7-2010-ലെ ജി.ഒ.(ആർ.ടി) 2435/10/ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം, കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എല്ലാം തന്നെ എസ്.സി./എസ്.ടി. വകുപ്പ്, കില എന്നിവയുമായി ചേർന്ന് സംയുക്തമായി അടിസ്ഥാനവിവരശേഖരണം നടത്തിയിരുന്നു. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇതുപ്രകാരം വിവരശേഖരണം നടത്തി തയ്യാറാക്കിയ സർവ്വേ റിപ്പോർട്ട് 2012-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ ഇതിന്റെ പകർപ്പ് സൂക്ഷിക്കുകയോ, വിവരങ്ങൾ കാലികമാക്കുകയോ ചെയ്തിട്ടുള്ള പഞ്ചായത്തുകൾ വിരളമാണെന്ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഓരോ വർഷവും പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് അനുവദിച്ച വ്യക്തിഗത ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഡാറ്റാബാങ്ക് തയ്യാറാക്കി സൂക്ഷിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്താനും, ആനുകൂല്യ വിതരണത്തിലെ ആവർത്തനം ഒഴിവാക്കാനും ഡാറ്റാബാങ്ക് സഹായകമാണ്. ആനുകൂല്യങ്ങൾ ലഭിക്കുവാൻ അവശേഷിക്കുന്ന കുടുംബങ്ങളുടെ വിവരവും ഇതിലൂടെ ഉറപ്പാക്കാം.

**ശരിയായ വിവരശേഖരണത്തിന്റെ അഭാവത്തിൽ പ്രാവർത്തികമാക്കാൻ കഴിയാതെപോയ ഏതാനും പദ്ധതികളുടെ വിവരം ഇനിപ്പറയുന്നു**

ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് 2014-15-ൽ ആവിഷ്കരിച്ച എസ്.സി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ധനസഹായവും സ്കോളർഷിപ്പും, എസ്.ടി. വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് സ്കോളർഷിപ്പ് എന്നീ പദ്ധതികൾക്ക്

യഥാക്രമം 2,75,000 രൂപയും, 2,90,000 രൂപയും വകയിരുത്തിയിരുന്നുവെങ്കിലും ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തതിനാൽ നടപ്പാക്കാൻ കഴിഞ്ഞില്ല. പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്കാണ് മേൽ ആനുകൂല്യത്തിനർഹത. അത്തരം വിദ്യാർത്ഥികൾ ഉണ്ടോ എന്നുറപ്പാക്കാതെ പദ്ധതി ആവിഷ്കരിച്ചതിനാലാണ് പ്രാവർത്തികമാക്കാൻ കഴിയാതെ പോയത്.

കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭ 2013-14-ൽ ആസൂത്രണം ചെയ്ത പദ്ധതിയാണ് പട്ടികജാതിക്കാരായ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വിതരണം ചെയ്യൽ. ആസൂത്രണഘട്ടത്തിൽ 4,10,000 രൂപ അടങ്കലിൽ 82 വിദ്യാർത്ഥികളെയാണ് പദ്ധതി ലക്ഷ്യമിട്ടത്. എന്നാൽ നഗരസഭാ പ്രദേശത്തെ പട്ടികജാതി വിഭാഗത്തിന്റെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുകയോ, കാലാനുസൃതമായി പരിഷ്കരിക്കുകയോ ചെയ്യാതിരുന്നതിനാൽ പദ്ധതി പരാജയമായി. പദ്ധതി നടപ്പാക്കിയ ഘട്ടത്തിൽ, ആസൂത്രണം ചെയ്ത അളവിൽ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാതെ വന്നപ്പോൾ 43 വിദ്യാർത്ഥികൾക്കായി പദ്ധതി പരിമിതപ്പെടുത്തി.

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതിക്കാരിൽ ഭൂരിഭാഗവും തോട്ടം തൊഴിലാളികളാണ്. തേയിലക്കമ്പനികളുടെ ലയങ്ങളിലാണ് ഇവരിൽ ഭൂരിപക്ഷവും വസിക്കുന്നത്. എസ്.സി.പി. ഫണ്ടുപയോഗിച്ച് ഗ്രാമപഞ്ചായത്ത് 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഉൽപ്പാദനമേഖലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതി ശീതകാല പച്ചക്കറിവിത്തും, ജൈവവളവിതരണവും ആണ്. 2012-13-ൽ 13.3 ലക്ഷം രൂപ, 2013-14-ൽ 26 ലക്ഷം രൂപ, 2014-15-ൽ 18.9 ലക്ഷം രൂപ എന്നിങ്ങനെയാണ് ഈ പദ്ധതിക്കായി ചെലവഴിച്ചിരിക്കുന്നത്. ഇത്തരത്തിൽ വൻതുകകൾ ചെലവഴിച്ച് മേൽ പദ്ധതി നടപ്പാക്കാൻ കഴിയുന്നതരത്തിൽ ഗ്രാമപഞ്ചായത്തിൽ കൃഷിഭൂമി ഇല്ല. തോട്ടം തൊഴിലാളികളെയാണ് മേൽ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ ലയങ്ങൾക്ക് സമീപം നാമമാത്രമായ ഭൂമി മാത്രമാണുള്ളത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.6.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

## തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

1. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് 2011-ലെ കണക്ക് പ്രകാരം തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ജനസംഖ്യ 96,965 ആണെന്നും 28 എസ്.സി. കോളനികളും 750 പട്ടികജാതി സങ്കേതങ്ങളും ഉണ്ടെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി അറിയിച്ചു. 28 എസ്.സി. കോളനികളിൽ, ബി.എസ്.യു.പി. പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യങ്ങൾ ലഭിച്ചതിനാൽ ആനുകൂല്യങ്ങൾ നൽകുന്നതിൽ നിന്നും കണ്ണമ്മൂല ബണ്ട് കോളനിയെ ഒഴിവാക്കിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം വീട് ലഭിക്കാത്ത ആളുകളുടെ വിവരം സമിതി ആരാഞ്ഞതിന് എസ്.സി. വിഭാഗത്തിൽ ഏഴായിരത്തിലധികം വീടുകൾ ഇനി ലഭിക്കാനുണ്ടെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് അനുവദിച്ച ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ സംബന്ധിച്ച് കില 2009-ൽ തയ്യാറാക്കിയ ഡാറ്റാ ബാങ്ക് അപ്ഡേറ്റ് ചെയ്യാനോ ആയതിനനുസരിച്ച് പദ്ധതി നിർവ്വഹണം നടത്തുന്നതിനോ ഉള്ള നടപടി പഞ്ചായത്തുകളും നഗരസഭകളും സ്വീകരിച്ചിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി, ഫണ്ട് ചെലവഴിക്കുന്നതിന്റെ കൃത്യമായ രൂപരേഖ, പട്ടികജാതി കുടുംബങ്ങളുടെ എണ്ണം, ലഭിച്ച ആനുകൂല്യങ്ങളുടെ വിവരം, വീട് ലഭിക്കാത്തവർ, ടോയ്‌ലെറ്റ് ഇല്ലാത്തവർ, അടിസ്ഥാന സൗകര്യങ്ങൾ കുറവുള്ളവർ തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വ്യക്തിഗത ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഡാറ്റാ ബാങ്ക് അടിയന്തരമായി തയ്യാറാക്കി ആധാറുമായി ലിങ്ക് ചെയ്യണമെന്നും ഇത്തരത്തിലുള്ള ബേസിക് സർവ്വേ റിപ്പോർട്ട് പരിശോധിച്ചതിന് ശേഷം മാത്രം എസ്.സി. പദ്ധതികൾക്ക് ഇനിമേൽ അനുമതി നൽകാവൂ എന്നും നിർദ്ദേശിച്ചു.

3. ഒരിക്കൽ ആനുകൂല്യങ്ങൾ ലഭിച്ച കുടുംബങ്ങൾക്ക് വീണ്ടും വീണ്ടും അതേ ആനുകൂല്യങ്ങൾ ലഭിക്കാനിടയാകുന്ന സാഹചര്യം ഒഴിവാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

4. ശരിയായ വിവരശേഖരണം നടത്താത്തതുകൊണ്ട് എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി പ്രാവർത്തികമാക്കാൻ

കഴിഞ്ഞില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് കാഞ്ചിയാർ പഞ്ചായത്തിൽ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ വളരെ കുറവാണെന്നും ഡിഗ്രി കഴിഞ്ഞ് പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന കുട്ടികൾക്കാണ് സ്കോളർഷിപ്പ് നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നതെന്നും എസ്.സി. വിഭാഗത്തിലെ 12 കുട്ടികൾക്കും എസ്.ടി. വിഭാഗത്തിലെ 9 കുട്ടികൾക്കും സ്കോളർഷിപ്പ് ലഭ്യമാക്കിയിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് എസ്.സി./എസ്.ടി. വകുപ്പുമായി ബന്ധപ്പെട്ടതിൽ ഇ-ഗ്രാന്റ് എന്നൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി പ്രകാരം ടി കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ടെന്നും സമാന പദ്ധതിയായതിനാൽ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനാണ് അന്ന് പഞ്ചായത്ത് നിശ്ചയിച്ച പദ്ധതി വേണ്ടെന്ന് വച്ചതെന്നും കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

5. സമാനമായ സ്കോളർഷിപ്പ് പദ്ധതി നിലവിലിരിക്കെ പ്രസ്തുത പദ്ധതി രൂപീകരിച്ച് തുക വകയിരുത്തിയതിനെ വിമർശിച്ച സമിതി സ്കോളർഷിപ്പിനായി വകയിരുത്തിയ ഫണ്ടിന്റെ നിലവിലെ അവസ്ഥയെക്കുറിച്ച് ആരാഞ്ഞതിന് പ്രസ്തുത ഫണ്ട് അടുത്ത വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്തുലഭിച്ചതിനെത്തുടർന്ന് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, പഠനമുറി എന്നിവയ്ക്കായി വിനിയോഗിക്കുകയുണ്ടായെന്നും എസ്.സി./ എസ്.ടി. വിഭാഗത്തിൽപ്പെട്ട ഏകദേശം ഇരുപത്തെട്ടോളം വിദ്യാർത്ഥികൾക്ക് അവ ലഭ്യമാക്കിയിട്ടുണ്ടെന്നും പഠനമുറി ഉപഭോക്താവ് സ്വയം പണിയുകയും പഞ്ചായത്ത് അതിനുള്ള തുക കൈമാറുകയുമാണ് ചെയ്തതെന്നും പഞ്ചായത്ത് നേരിട്ട് പരിശോധന നടത്തിയതിന് ശേഷമാണ് കോഴിമല കോളനിയിൽ തുക കൈമാറിയിട്ടുള്ളതെന്നും പഞ്ചായത്തിന്റെ രണ്ട്, മൂന്ന്, ഏഴ്, പതിമൂന്ന് എന്നീ വാർഡുകളിലായി ഈ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും ഫണ്ട് നഷ്ടപ്പെടുത്തിയിട്ടില്ലെന്നും കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

6. പഞ്ചായത്തുകൾ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് മുൻപ് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി തൊട്ട് മുൻപുള്ള വർഷം തന്നെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി പദ്ധതികൾ ആവിഷ്കരിക്കണമെന്നും ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ സമാന പദ്ധതികൾ മറ്റേതെങ്കിലുമുണ്ടോയെന്ന കാര്യം പരിശോധിക്കണമെന്നും ഇക്കാര്യം പ്രത്യേക നിർദ്ദേശമായി റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

തലശ്ശേരി നഗരസഭ

7. കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയിലെ പട്ടികജാതിക്കാരായ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വിതരണം ചെയ്യുന്ന പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് നഗരത്തിൽ സ്ഥിരം താമസിക്കുന്ന പട്ടികജാതിക്കാരായ ഹൈസ്കൂൾ കുട്ടികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ എന്നതിനാൽ പദ്ധതി ഭേദഗതി സമയത്ത് 43 ഗുണഭോക്താക്കൾക്ക് ആവശ്യമുള്ള 2,15,000 രൂപ മാത്രം പ്രോജക്റ്റിൽ വകയിരുത്തി വീണ്ടും അംഗീകാരം നേടിയിരുന്നു എന്നുള്ള നഗരസഭാധികൃതരുടെ മറുപടിയുടെയും പ്രസ്തുത ഭേദഗതി പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട് എന്നുള്ള ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

8. നഗരത്തിലെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ പഞ്ചായത്തിൽ താമസിക്കുന്നു എന്ന കാരണത്താൽ കുറച്ച് പേർക്ക് ആനുകൂല്യം നിഷേധിക്കുന്ന സാഹചര്യം പരിഹരിക്കപ്പെടേണ്ടതാണ് എന്ന് നിരീക്ഷിച്ച സമിതി ആയത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മൂന്നാർ ഗ്രാമപഞ്ചായത്ത്

9. എസ്.സി.പി. ഫണ്ടിന്റെ ഭാഗമായി വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിച്ചോ എന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത ഫണ്ടുപയോഗിച്ച് വിത്തും ജൈവവളവും നൽകുന്ന പദ്ധതിയുടെ ചുമതല കൃഷി ഓഫീസർക്കായിരുന്നു എങ്കിലും ഫണ്ട് അനുവദിക്കുന്നത് പഞ്ചായത്താണെന്നും ടെണ്ടർ നടപടികളിലൂടെയാണ് വിത്തും വളവും ലഭ്യമാക്കിയിട്ടുള്ളതെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. എസ്റ്റേറ്റ് മേഖലയിൽ വളരെ ഇടുങ്ങിയ സ്ഥലങ്ങളിലാണ് തൊഴിലാളികളുടെ ലയങ്ങളുള്ളതെന്നും അവിടെ എവിടെയാണ് കൃഷിഭൂമിയുള്ളതെന്നും സമിതി ആരാഞ്ഞു. നാമമാത്രമായ കൃഷിഭൂമി മാത്രമേ അവിടെയുള്ളൂവെന്ന് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. മൂന്നാർ മേഖലയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പേരിൽ വലിയ തട്ടിപ്പ് നടക്കുന്നുണ്ടെന്നും ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, മറയൂർ പഞ്ചായത്തുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്ഥലം കണ്ടെത്തി വീട് വച്ച് നൽകിയെങ്കിലും ആ വീടുകളുടെ പണി പൂർത്തിയാക്കുകയോ വാസയോഗ്യമാക്കുകയോ ചെയ്യാതെ കാടുകയറി കിടക്കുന്ന അവസ്ഥയാണുള്ളതെന്നും ഈ കാര്യത്തിൽ എസ്.സി./എസ്.ടി. വകുപ്പ് ഒരു സമഗ്ര അന്വേഷണം നടത്തണമെന്നും ഇത്തരത്തിലുള്ള

ക്രമക്കേടുകൾ കണ്ടെത്താൻ സർക്കാർ സംവിധാനങ്ങൾ ഉണർന്ന് പ്രവർത്തിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഗുണഭോക്താക്കൾക്ക് നേരിട്ട് കൊടുക്കേണ്ട പദ്ധതി ടെണ്ടർ ചെയ്ത് നൽകിയ നടപടിയെ സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞതിന് കൃഷി ഭവനിൽ നിന്നോ അവർ സർട്ടിഫൈ ചെയ്തിട്ടുള്ള ഏതെങ്കിലും സംഘടനകളുടെ സഹായത്തോടെയോ ആണ് വിത്തും വളവും ലഭ്യമാക്കുന്നതെന്നും ഇത്തരത്തിൽ ടെണ്ടർ ചെയ്യാൻ വ്യവസ്ഥയില്ലെന്നും അദ്ദേഹം മറുപടി നൽകി.

10.58 ലക്ഷം രൂപ ചെലവഴിച്ച പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കൾ ആരൊക്കെയാണ്, അവർക്ക് എത്ര ഭൂമിയാണുള്ളത്, അവിടെ നിന്ന് എത്ര മാത്രം പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്, പദ്ധതിത്തുക ചെലവഴിച്ചത് എന്നിവ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ / ശിപാർശകൾ

**11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് അനുവദിച്ച വ്യക്തിഗത ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഡേറ്റാ ബാങ്ക് അടിയന്തരമായി തയ്യാറാക്കി ആധാറുമായി ലിങ്ക് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇത്തരത്തിലുള്ള അടിസ്ഥാന സർവ്വേ റിപ്പോർട്ട് പരിശോധിച്ചതിന് ശേഷം മാത്രമേ എസ്.സി. പദ്ധതികൾക്ക് മേലിൽ അനുമതി നൽകാവൂ എന്നും സമിതി നിർദ്ദേശിക്കുന്നു.**

**12. ഒരിക്കൽ ആനുകൂല്യങ്ങൾ ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീണ്ടും അതേ ആനുകൂല്യങ്ങൾ ലഭിക്കാനിടയാകുന്ന സാഹചര്യം ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**13. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലവിലിരിക്കെ കാഞ്ചിയാർ പഞ്ചായത്ത് സമാനമായ പദ്ധതി ആവിഷ്കരിച്ച് തുക വകയിരുത്തിയ നടപടിയെ സമിതി വിമർശിക്കുന്നു. പഞ്ചായത്തുകൾ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് മുമ്പ് ഗുണഭോക്താക്കളുണ്ടോ എന്ന് ഉറപ്പാക്കുന്നതിനും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി തൊട്ടുമുമ്പുള്ള വർഷം തന്നെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കണമെന്നും അപ്രകാരം ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ സമാന പദ്ധതികൾ മറ്റേതെങ്കിലുമുണ്ടോയെന്ന് പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

14. തലശ്ശേരി നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ വകുപ്പിന്റെയും ഓഡിറ്റ് വകുപ്പിന്റെയും മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

15. അതോടൊപ്പം നഗരത്തിലെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ പഞ്ചായത്തിൽ താമസിക്കുന്നു എന്ന കാരണത്താൽ അവർക്ക് ആനുകൂല്യം നിഷേധിക്കുന്ന സാഹചര്യം പരിഹരിക്കപ്പെടേണ്ടതാണ് എന്ന് സമിതി നിരീക്ഷിക്കുന്നു. ആയത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

16. മൂന്നാർ മേഖലയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പേരിൽ വലിയ തട്ടിപ്പ് നടക്കുന്നുണ്ടെന്നും ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, മറയൂർ പഞ്ചായത്തുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്ഥലം കണ്ടെത്തി വീട് വച്ച് നൽകിയെങ്കിലും പ്രസ്തുത വീടുകളുടെ പണി പൂർത്തിയാക്കുകയോ വാസയോഗ്യമാക്കുകയോ ചെയ്യാതെ കാടുകയറിക്കിടക്കുന്ന അവസ്ഥയാണുള്ളതെന്നും ഇക്കാര്യത്തിൽ എസ്.സി./ എസ്.ടി.വകുപ്പ് ഒരു സമഗ്ര അന്വേഷണം നടത്തണമെന്നും ഇത്തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്താൻ സർക്കാർ സംവിധാനങ്ങൾ ഉണർന്ന് പ്രവർത്തിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

17. മൂന്നാർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച്, ടി പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാരിൽ ഭൂരിഭാഗവും തോട്ടം തൊഴിലാളികളാണെന്നും വളരെ ഇടുങ്ങിയ ലയങ്ങളിൽ താമസിക്കുന്ന ഇവർക്ക് നാമമാത്രമായ കൃഷിഭൂമിയാണുള്ളതെന്നും സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ മൂന്നാർ ഗ്രാമപഞ്ചായത്ത് 58 ലക്ഷം രൂപ ചെലവഴിച്ച് നടപ്പാക്കിയ ശീതകാല പച്ചക്കറി വിത്തും ജൈവവളവും നൽകുന്ന പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണ്, അവർക്ക് എത്ര ഭൂമിയാണുള്ളത്, അവിടെ നിന്ന് എത്ര മാത്രം പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട് എന്നിവ സംബന്ധിച്ചും പദ്ധതി തുക ചെലവഴിച്ചത് സംബന്ധിച്ചും തദ്ദേശസ്വയംഭരണ വകുപ്പ് അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഓഡിറ്റ് ഖണ്ഡിക

## അടിസ്ഥാനസൗകര്യ വികസനം

സ്വന്തമായി ഭവനം, കൂടാതെ കുടിവെള്ളം, ശൗചാലയം, വൈദ്യുതി, പ്രാഥമികാരോഗ്യകേന്ദ്രം, 10 സെന്റിൽ കൂടുതൽ കൃഷിഭൂമി, റോഡ്, കളിസ്ഥലം, ഡ്രെയിനേജ് സംവിധാനം എന്നീ അടിസ്ഥാന സൗകര്യങ്ങൾ എല്ലാമുള്ള പട്ടികജാതി/പട്ടികവർഗ്ഗ കോളനികളോ, സങ്കേതങ്ങളോ ഇല്ല എന്ന് ഓഡിറ്റിന്റെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. കാലാകാലങ്ങളായി പട്ടികജാതി/പട്ടികവർഗ്ഗ അധിവാസമേഖലകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കുന്നുണ്ടെങ്കിലും അവയൊന്നും പൂർണ്ണമായ വിജയം കൈവരിച്ചിട്ടില്ല.

## തിരുവനന്തപുരം ജില്ല

ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിലെ മൂന്ന് പട്ടികവർഗ്ഗ കോളനികളിൽ ഒന്നിൽ പോലും റോഡു സൗകര്യമോ, കളിസ്ഥലമോ, ചികിത്സാ സംവിധാനങ്ങളോ ഇല്ല. പാങ്ങോട് ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗകോളനികളിലേക്കുള്ള റോഡുകൾ പൊട്ടിപ്പൊളിഞ്ഞ നിലയിലാണ്.

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ കുടിലുകളിൽ കഴിയുന്ന പട്ടികജാതി കുടുംബങ്ങൾ ഇപ്പോഴുമുണ്ട്. പട്ടികജാതി കോളനികളിൽ ഇടറോഡു സൗകര്യം കുറവാണ്. പൂങ്കുളം, കൊടിളുക്കി കോളനികളിൽ ഇടറോഡില്ല. വെങ്ങാനൂർ കുഴിയൻവിള കോളനികളിലെ ഇടവഴികൾ പരിതാപകരമായ നിലയിലാണ്. നഗരസഭയിലെ പട്ടികജാതി കോളനികളിൽ ഒന്നിലും കളിസ്ഥലമോ, ലൈബ്രറി സൗകര്യമോ, ഖരമാലിന്യ നിർമ്മാർജ്ജന സൗകര്യമോ ഇല്ല.

**ഡ്രെയിനേജ് സൗകര്യമില്ല; തിരുവനന്തപുരം നഗരസഭയിലെ എസ്.സി. കോളനികളിലെ ജീവിതം ദുസ്സഹം**

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ ഭൂരിഭാഗം എസ്.സി.കോളനികളിലും ഡ്രെയിനേജ് സൗകര്യമില്ല. പൊട്ടിപ്പൊളിഞ്ഞ ഓടകളും, അഴുക്കുചാലുകളും ഈ കോളനികളെ മലീമസമാക്കുന്നു. മുറിഞ്ഞപാലം തോടിനു സമീപത്തുള്ള എസ്.സി. കുടുംബങ്ങൾ, കരിമഠം-ചെങ്കൽച്ചൂള-കണ്ണമ്മൂല ബണ്ട് കോളനികളിലെ ഭവനസമുച്ചയങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ ടാങ്കുകൾ മഴക്കാലത്ത് നിറഞ്ഞൊഴുകുന്നത് പതിവാണ്. പട്ടികജാതി കുടുംബങ്ങൾ ഇടതിങ്ങി വസിക്കുന്ന പ്രദേശങ്ങളിൽ മാലിന്യ ടാങ്കുകൾക്കുപകരം ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തുവാനുള്ള പദ്ധതികൾ അടിയന്തരമായി നടപ്പാക്കണം.

## പത്തനംതിട്ട ജില്ല

ജില്ലയിലെ ആറൻമുള ഗ്രാമപഞ്ചായത്തിൽ 48 കോളനികളിലായി 1694 പട്ടികജാതി കുടുംബങ്ങളാണ് ഉള്ളത്. ഇവയിൽ 1401 കുടുംബങ്ങൾക്കും ഓടുമേഞ്ഞതോ കോൺക്രീറ്റ് ചെയ്തതോ ആയ ഭവനങ്ങളില്ല. 426 കുടുംബങ്ങൾക്ക് കുടിവെള്ള സൗകര്യവും 705 കുടുംബങ്ങൾക്ക് ശൗചാലയവും ഇല്ല. 570 പട്ടികജാതി ഭവനങ്ങളിൽ ഇനിയും വൈദ്യുതി എത്താനുണ്ട്. നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികൾ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്താൽ വലയുകയാണ്. അടിച്ചിപ്പുഴ പട്ടികവർഗ്ഗ കോളനിയിലെ ആകെ 250 കുടുംബങ്ങളിൽ കുടിവെള്ളം ലഭ്യമായവ 185-ഉം കക്കൂസ് ഉള്ളവ 100-മാണ്. കുടമുരുട്ടി കോളനിയിലെ 48 കുടുംബങ്ങളിൽ 20 കുടുംബങ്ങൾക്കേ കുടിവെള്ള ലഭ്യതയുള്ളു. ചൊള്ളനാവയൽ കോളനിയിലെ 59 കുടുംബങ്ങളിൽ ഒന്നിനു മാത്രമാണ് കുടിവെള്ളം ലഭ്യം. ചെമ്പനോലി കോളനിയിലെ ഒരു വീട്ടിലും കുടിവെള്ളം ലഭിക്കുന്നില്ല. ചൊള്ളനാവയൽ എസ്.ടി. കോളനിയിൽ മഴക്കാലത്ത് തൊട്ടടുത്തുള്ള തോട്ടിൽ നിന്നും വെള്ളം കയറി ജീവിതം ദുരിതപൂർണ്ണമാകുന്നു. എന്നാൽ കോളനിക്ക് സംരക്ഷണ ഭിത്തി നിർമ്മിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

ഭവനരഹിതരും, ശൗചാലയമില്ലാത്തവരുമായി ഒട്ടേറെ കുടുംബങ്ങളാണ് പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിലെ എഴിക്കോട് പട്ടികജാതി കോളനിയിൽ കഴിയുന്നത്. 2012-13-ൽ എഴിക്കോട് കോളനിയുടെ സമഗ്രവികസനത്തിനായി 45 ലക്ഷം രൂപ ജില്ലാപഞ്ചായത്ത് ഗ്രാമപഞ്ചായത്തിനു നൽകിയിരുന്നു. ഇതിൽ 38 ലക്ഷം രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടും കോളനിയിലെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞില്ല. മഴക്കാലത്ത് എഴിക്കോട് കോളനിയിലെ ജീവിതം ദുരിതപൂർണ്ണമാണ്. കോളനിക്ക് സംരക്ഷണഭിത്തി നിർമ്മിക്കാത്തതിനാൽ പുഞ്ചപ്പാടത്തു നിന്നുള്ള വെള്ളം ഇങ്ങോട്ടേക്ക് ഇരച്ചുകയറുന്നു. വെള്ളം കയറുന്നതിനാൽ സ്വന്തം വീടുകളിൽ കഴിയാനാവാതെ കോളനിവാസികൾ കമ്മ്യൂണിറ്റി ഹാളിലും, തൊട്ടടുത്ത നഴ്സറി സ്കൂളിലും അഭയം തേടുന്നു.

ഗ്രാമപഞ്ചായത്തിലെ മാലക്കര പുളിന്താനം പട്ടികജാതി കോളനിയിൽ 25-ലേറെ കുടുംബങ്ങൾ പാർക്കുന്നു. മൂന്നടിമാത്രം വീതിയുള്ള കോൺക്രീറ്റ് നടപ്പാതയാണ് കോളനിയിലേയ്ക്കുള്ള വഴി. നടപ്പാതയോടു ചേർന്ന് ആഴമേറിയതും, ജലസമൃദ്ധമായതുമായ ഒരു പാറക്കുളമുണ്ട്. 25 മീറ്ററോളം ഭാഗത്ത് ഈ പാതയ്ക്ക് കൈവരിയില്ല. രാത്രികാലത്ത് ഭയത്തോടെ മാത്രമേ ഇതുവഴി സഞ്ചരിക്കുവാൻ കഴിയൂ.

## ആലപ്പുഴ ജില്ല

ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ 14 കുടുംബങ്ങൾ വസിക്കുന്ന ഉഴുവ എസ്.സി. കോളനിയിൽ കുടിവെള്ളമുള്ളത് ഒരു കുടുംബത്തിനു മാത്രമാണ്. കൊല്ലംവെളി, കാളിവീട് കോളനിയിൽ റോഡ് സൗകര്യമില്ല. 11 കുടുംബങ്ങളുള്ള കാളിവീട് കോളനിയിൽ 3 കുടുംബങ്ങൾക്കു മാത്രമേ കുടിവെള്ള ലഭ്യതയുള്ളൂ. ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിലെ 19 പട്ടികജാതി കുടുംബങ്ങൾ വസിക്കുന്ന വള്ളാംകടവ് കോളനിയിൽ ഒരു വീട്ടിൽപ്പോലും കുടിവെള്ള കണക്ഷൻ ഇല്ല.

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ പാറയിൽഭാഗം എസ്.സി. കോളനിയുടെ അവസ്ഥ പരിതാപകരമാണ്. ആകെ 11 പട്ടികജാതി കുടുംബങ്ങളാണ് ഈ കോളനിയിൽ കഴിയുന്നത്. ഇതിൽ 4 കുടുംബങ്ങൾക്കു മാത്രമാണ് വാസയോഗ്യമായ വീടുള്ളത്. 8 കുടുംബങ്ങൾക്കു ശൗചാലയമില്ല. 6 കുടുംബങ്ങൾക്കേ കുടിവെള്ള സൗകര്യമുള്ളൂ. 5 കുടുംബങ്ങൾക്ക് വഴി സൗകര്യമില്ല.

ആലപ്പുഴ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നൽകിയ കണക്കുകൾ പ്രകാരം മൂന്നു കോളനികളിലെ 67 കുടുംബങ്ങളിലായി 176 പട്ടികവർഗ്ഗക്കാരാണ് നഗരസഭാ പ്രദേശത്ത് വസിക്കുന്നത്. നഗരമധ്യത്തിലുള്ള അവലൂക്കുന്ന് പട്ടികവർഗ്ഗ കോളനി ഓഡിറ്റ് ടീം സന്ദർശിക്കുകയുണ്ടായി. 34 പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഈ കോളനിയിൽ വസിക്കുന്നത്. ഇതിൽ ഭൂരിഭാഗം പേരുടെയും ജിവിതസാഹചര്യങ്ങൾ പരമ ദയനീയമാണ്. ജീർണ്ണിച്ച് ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഷീറ്റുകളാൽ മറച്ച കുടിലുകളിൽ കഴിയുന്നവരും, തകർന്നു വീഴാറായ വീടുകളിൽ കഴിയുന്നവരും ഇവിടെ ഉണ്ട്. പ്ലാസ്റ്റിക് ഷീറ്റുകളാൽ മറച്ച കക്കൂസുകളാണ് മിക്ക വീടുകൾക്കുമുള്ളത്. കുടിവെള്ളം ഉൾപ്പെടെയുള്ള എല്ലാവിധ ആവശ്യങ്ങൾക്കുമായി പൊട്ടിയ നിലയിലുള്ള ഒരു പൊതു ടാപ്പാണ് ഉള്ളത്. വളരെ ദുഷ്കരമായ സാഹചര്യത്തിലാണ് പട്ടികവർഗ്ഗക്കാർ ഇവിടെ കഴിയുന്നതെങ്കിലും 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഇവർക്കു വേണ്ടി ഒരു രൂപ പോലും നഗരസഭ ചെലവഴിച്ചിട്ടില്ല.

ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനസംഖ്യയുടെ 15 ശതമാനത്തോളം പട്ടികജാതിക്കാരാണ്. ഗ്രാമപഞ്ചായത്തിലെ നിലങ്ങളിൽ ഒരുപ്പൂ നെൽകൃഷിയാണ്. പട്ടികജാതി വിഭാഗത്തിലെ ഭൂരിഭാഗം പേരും കാർഷികവൃത്തി കൊണ്ട് ഉപജീവനം കഴിക്കുന്നവർ ആയതിനാൽ വർഷത്തിൽ 3 മാസങ്ങൾ മാത്രമാണ് ഇവർക്ക് തൊഴിൽ ലഭിക്കുന്നത്. വർഷത്തിലെ വലിയൊരു കാലയളവിലും തൊഴിൽ ഇല്ലാത്തത് ഇവിടത്തെ പട്ടികജാതി വിഭാഗത്തെ ദാരിദ്ര്യത്തിലാഴ്ത്തുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധ പട്ടികജാതി കോളനികളിലായുള്ള 176 എസ്.സി. കുടുംബങ്ങളിൽ 121 എണ്ണത്തിനു മാത്രമാണ് റോഡ് സൗകര്യമുള്ളത്. ഇവയിൽത്തന്നെ 86 കുടുംബങ്ങൾക്ക് ഗ്രാവൽ റോഡുകൾ മാത്രമാണാശ്രയം. മഴക്കാലത്ത് വെള്ളം പൊങ്ങി ഈ റോഡുകൾ സഞ്ചാരയോഗ്യമല്ലാതായി മാറുന്നു. ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത ഭവനനിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുന്നു. നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള അധികച്ചെലവുമൂലം കാരിക്കുഴി, പൊട്ടക്കേരി, പരുവത്തറയിൽ എന്നീ പട്ടികജാതി കോളനികളിൽ പല വീടുകളും പണിപൂർത്തിയാവാത്ത നിലയിലാണ്. കോളനികളിലെ വീടുകളിലേക്കൊന്നും ഗാർഹിക ജലവിതരണ സംവിധാനമില്ല. തൊട്ടടുത്തുള്ള ചെന്നിത്തല പ്രാഥമികാരോഗ്യ കേന്ദ്രം കോളനികളിൽ നിന്നും 1 മുതൽ 4 കിലോമീറ്റർ വരെ അകലെയാണ്.

ജില്ലയിലെ എടത്വാ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനസംഖ്യയുടെ 9.46 ശതമാനം പട്ടികജാതിക്കാരാണ്. 10 പട്ടികജാതി കോളനികൾ, 6 സങ്കേതങ്ങൾ എന്നിവിടങ്ങളിലായി 2231 പട്ടികജാതിക്കാരാണ് ഗ്രാമപഞ്ചായത്തിലുള്ളത്. എസ്.സി. കോളനികളും, സങ്കേതങ്ങളും സ്ഥിതി ചെയ്യുന്നത് നെൽവയലുകളോട് ചേർന്നുള്ള ചിറകളിലോ വയലുകളുടെ നടുക്കുള്ള തുരുത്തുകളിലോ ആണ്. മിക്ക കോളനികളിലും പൊതുടാപ്പുകൾ സ്ഥാപിച്ച് കുഴൽക്കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് എത്തിക്കുന്നുണ്ടെങ്കിലും, ഇത് കുടിക്കാനോ പാചകത്തിനോ ഉപയോഗിക്കുവാൻ കഴിയുംവിധം ശുദ്ധമല്ല. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സംവിധാനങ്ങൾ പോലുമില്ലാത്ത വീടുകൾ പട്ടികജാതി സങ്കേതങ്ങളിലുണ്ട്. സാംസ്കാരിക നിലയം, കമ്മ്യൂണിറ്റി ഹാൾ, വായനശാല, വിനോദോപാധികൾ എന്നിവയൊന്നും തന്നെ ഒരു കോളനിയിലും ഇല്ല.

<u>കോട്ടയം ജില്ല</u>

ജില്ലയിൽ, പട്ടികജാതിക്കാർ ഒറ്റപ്പെട്ടു കഴിയുന്ന ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ വാഴമന ഭാഗത്തെ കുടുംബങ്ങൾക്കു റോഡു സൗകര്യമില്ല. ഒറ്റത്തടിപ്പാലമാണ് ഇപ്പോഴും ഈ പട്ടികജാതി സങ്കേതത്തിലെത്താൻ ആശ്രയം.

കോട്ടയം നഗരസഭയിലെ 48 പട്ടികജാതി കോളനികളിലും അടിസ്ഥാന സൗകര്യങ്ങൾ അപൂർണ്ണമാണ്. കാക്കനാട് പുതുപ്പറമ്പ് ചെമ്മാർ കോളനി, കുമാരനല്ലൂർ പട്ടത്താനം കോളനി എന്നിവിടങ്ങളിൽ കുടിവെള്ളമില്ലാതെ ജീവിതം ദുസ്സഹമാണ്. മാലിന്യനിർമ്മാർജ്ജനമാണ് കോളനിവാസികൾ നേരിടുന്ന വലിയ പ്രശ്നം. കോളനികളിലെ ഖരമാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് രണ്ട് ബയോഗ്യാസ് പ്ലാന്റുകൾ

കോടിമത, നാഗമ്പടം ഭാഗങ്ങളിൽ എസ്.സി.പി. ഫണ്ടുപയോഗിച്ച് സ്ഥാപിച്ചിട്ടുണ്ടെങ്കിലും കോളനിവാസികൾ ഇവയുടെ ഉപയോഗത്തെപ്പറ്റി അജ്ഞരാണ്. പട്ടികജാതി കോളനികളും ഇവയ്ക്ക് സമീപമുള്ള ചതുപ്പുകളും, ജലാശയങ്ങളും മാലിന്യക്കൂമ്പാരങ്ങളായി മാറിയിട്ടുണ്ട്.

ചങ്ങനാശ്ശേരി നഗരസഭയുടെ 24-ാം വാർഡിലുള്ള മനയ്ക്കച്ചിറ കോളനിയിലെ 38 വീടുകളും പട്ടികജാതിക്കാരുടേതാണ്. നഗരമാലിന്യങ്ങൾ നിറഞ്ഞ എ.സി. കനാലിന് അഭിമുഖമായി ചേറും, വെള്ളക്കെട്ടുമുള്ള പ്രദേശത്തോടുചേർന്നാണ് വീടുകൾ അധികവും. തികച്ചും ശോചനീയമായ നിലയിലാണ് ഇവിടത്തെ ജനജീവിതം. പല വീടുകളുടേയും രണ്ടുവശങ്ങളിലും വെള്ളം കയറി പുറത്തേക്ക് ഇറങ്ങുവാൻ പോലും കഴിയാത്ത അവസ്ഥയുമുണ്ട്. ചതുപ്പിനും വീടുകൾക്കും ഇടയിൽ സംരക്ഷണഭിത്തി നിർമ്മിച്ചിട്ടില്ലാത്തത് പ്രധാന പോരായ്മയാണ്.

<u>ഇടുക്കി ജില്ല</u>

ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ 27 പട്ടികവർഗ്ഗ കോളനികളിലായി 2047 കുടുംബങ്ങൾ ഉള്ളതിൽ 672 എണ്ണത്തിനു മാത്രമാണ് കുടിവെള്ളം ലഭ്യമായിട്ടുള്ളത്. കക്കൂസ് ഉള്ള കുടുംബങ്ങൾ 699 എണ്ണം മാത്രം.

<u>പാലക്കാട് ജില്ല</u>

ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി കുടുംബങ്ങളിൽ 62 ശതമാനത്തിനേ കുടിവെള്ളം ലഭ്യമായിട്ടുള്ളു. കക്കൂസ് ഉള്ള പട്ടികജാതി കുടുംബങ്ങൾ 43 ശതമാനവും, പട്ടികവർഗ്ഗ കുടുംബങ്ങൾ 2 ശതമാനവും മാത്രമാണ്. കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ പുത്തൻപാടം, പറത്തോട് പട്ടികവർഗ്ഗ കോളനികളിലേയ്ക്ക് റോഡുസൗകര്യമില്ല. രണ്ട് കിലോമീറ്ററോളം സ്വകാര്യവ്യക്തികളുടെ വയൽവരമ്പിലൂടെ നടന്നാലേ കോളനികളിൽ എത്തിച്ചേരൂ. തികച്ചും ഒറ്റപ്പെട്ട ഈ കോളനികളിൽ മഴക്കാലത്ത് എത്തിച്ചേരാൻ ബുദ്ധിമുട്ടാണ്. ആകെ ജനസംഖ്യയുടെ 23.61 ശതമാനം പട്ടികജാതിക്കാരുള്ള ഗ്രാമപഞ്ചായത്തിലെ 22 ശതമാനം പട്ടികജാതിക്കാർക്കും വാസയോഗ്യമായ ഗൃഹമില്ല. ഷോളയൂർ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 50 ശതമാനത്തോളം പട്ടികവർഗ്ഗക്കാരാണ്. പട്ടികവർഗ്ഗ കോളനികളിൽ 45 ശതമാനം കുടുംബങ്ങൾക്കേ കുടിവെള്ളം ലഭ്യമായിട്ടുള്ളു. 25 ശതമാനം കുടുംബങ്ങൾക്കും കക്കൂസില്ല. 52 ശതമാനം പട്ടികവർഗ്ഗ ഭവനങ്ങൾക്കേ വൈദ്യുതി കണക്ഷനുള്ളൂ.

## മലപ്പുറം ജില്ല

ജില്ലയിലെ താഴെക്കോട് ഗ്രാമപഞ്ചായത്തിലെ പാണമ്പി ആദിവാസികോളനിയിലെ ജീവിതം ദുരിതപൂർണ്ണമാണ്. റോഡുസൗകര്യമോ, കുടിവെള്ളമോ ഇല്ലാത്ത അവസ്ഥയിലാണ് കോളനിവാസികൾ. കുന്നിൻമുകളിലെ നീർച്ചോലയാണ് കുടിവെള്ളത്തിനുള്ള ഏക ആശ്രയം. വേനൽക്കാലത്ത് കിലോമീറ്ററുകളോളം നടന്നാണ് കുടിവെള്ളം കൊണ്ടുവരുന്നത്.

## കോഴിക്കോട് ജില്ല

ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലുള്ള വാളാംതോട്, പന്നിയേരി, മാടാഞ്ചേരി, ചിറ്റാരി, കുറ്റല്ലൂർ, മലയങ്ങാട് കോളനികളിൽ നീരുറവകൾ മാത്രമാണ് കുടിവെള്ളത്തിനാശ്രയം. വേനൽക്കാലത്ത് ഇവിടെ ജീവിതം ദുരിതമയമാവുന്നു. വടകര നഗരസഭയിൽ 10 പട്ടികജാതി കുടുംബങ്ങൾ വസിക്കുന്ന അറക്കിലാട് കോളനിയിലെ ഭൗതികസാഹചര്യങ്ങൾ ശോചനീയമാണ്. ഇവിടെ 4 കുടുംബങ്ങൾക്കേ കക്കൂസുള്ളൂ. ബാക്കി 6 കുടുംബങ്ങൾ പൊതുശൗചാലയത്തെ ആശ്രയിക്കുന്നു.

ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ 30 പട്ടികജാതി കുടുംബങ്ങൾ വസിക്കുന്ന ചേർമല സാംബവ കോളനിയിൽ പൈപ്പ്ലൈനിലൂടെ എത്തുന്ന വെള്ളം കുടിക്കുവാൻ യോഗ്യമല്ല. വേനൽക്കാലത്ത് കടുത്ത ജലക്ഷാമം കോളനിയെ ബാധിക്കുന്നു. പ്ലാസ്റ്റിക് ഷീറ്റുകൾ വലിച്ചുകെട്ടിയ നിലയിൽ താൽകാലിക മേൽക്കൂരയുള്ള 12 വീടുകൾ കോളനിയിലുണ്ട്. ശോചനീയ അവസ്ഥയിലുള്ള കക്കൂസുകൾ ജലദൗർലഭ്യം മൂലം ഉപയോഗിക്കാനാവുന്നില്ല. ഭൂമിക്ക് വ്യക്തമായ കൈവശാവകാശ രേഖയില്ലാത്തതാണ് മറ്റൊരു പ്രശ്നം. കോളനിക്കുള്ളിലെ സാംസ്കാരിക നിലയത്തിന്റെ വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെട്ട നിലയിലാണ്. കോളനി റോഡിന്റെ ടാറിംഗും പൂർത്തിയായിട്ടില്ല.

## വയനാട് ജില്ല

2011-12-ൽ ജില്ലാപഞ്ചായത്ത് തയ്യാറാക്കിയ കണക്കുകൾ പ്രകാരം ജില്ലയിലെ ആകെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീടുകളിൽ 53.13 ശതമാനവും ജീർണ്ണാവസ്ഥയിലാണ്. 19,199 പട്ടികവർഗ്ഗ കുടുംബങ്ങളാണ് ജീർണ്ണാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്നത്. 3825 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്വന്തമായി വീടും സ്ഥലവും ഇല്ല. 21,683 എസ്.റ്റി. കുടുംബങ്ങൾ വൈദ്യുതി ഇല്ലാത്ത വീടുകളിലും 16322 കുടുംബങ്ങൾ കക്കൂസ് ഇല്ലാത്ത വീടുകളിലുമാണ് കഴിയുന്നത്. 4279 പട്ടികവർഗ്ഗകുടുംബങ്ങൾ ശുചിത്വമില്ലാത്ത കക്കൂസുകളാണ് ഉപയോഗിക്കുന്നത്.

ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ ആകെ 3858 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉള്ളതിൽ 2107 കുടുംബങ്ങൾക്കേ കുടിവെള്ളം ലഭിക്കുന്നുള്ളൂ. കക്കൂസ് ഉള്ളവ 1856-ഉം വൈദ്യുതി ലഭ്യമായവ 1706-മാണ്.

ജില്ലയിലെ വിവിധ കോളനികളിലും, കോളനികൾക്കു പുറത്തുമായി 8051 പട്ടികജാതി കുടുംബങ്ങൾ ഉള്ളതിൽ 1277 വീടുകൾ ജീർണ്ണാവസ്ഥയിലാണ്. 603 എസ്.സി. കുടുംബങ്ങൾക്ക് സ്വന്തമായി വീടും സ്ഥലവുമില്ല. വൈദ്യുതീകരിക്കാത്ത 1805 പട്ടികജാതി ഭവനങ്ങളാണ് ജില്ലയിൽ ഉള്ളത്. ജില്ലയിലെ 1659 എസ്. സി. കുടുംബങ്ങൾക്ക് കക്കൂസ് സൗകര്യമേയില്ല.

ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 8-ാം വാർഡിലുള്ള പ്രിയദർശിനി എസ്റ്റേറ്റ് വക കോളനിയിൽ 12 ക്വാർട്ടേഴ്സുകളിലായി 21 പട്ടികവർഗ്ഗ കുടുംബങ്ങൾ വസിക്കുന്നു. 40 വർഷങ്ങൾക്കു മുൻപ് പണിതതും നിലവിൽ നാശോന്മുഖവുമായ ക്വാർട്ടേഴ്സുകളാണിവ. എസ്റ്റേറ്റിന്റെ പ്രവർത്തനം നിലച്ചെങ്കിലും തൊഴിലാളി കുടുംബങ്ങൾ ഇവിടെ തുടരുകയാണ്. വാസഭൂമിയുടെ രേഖകൾ ഒന്നും കൈവശം ഇല്ലാത്തതിനാൽ ഭവനപുനരുദ്ധാരണം, കക്കൂസ്, കുടിവെള്ളം തുടങ്ങിയ സഹായങ്ങൾ ഒന്നും പ്രിയദർശിനി കോളനിയിലെ പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നില്ല. ഈ കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതികൾ നാളിതുവരെ ലക്ഷ്യം കണ്ടിട്ടില്ല.

## കണ്ണൂർ ജില്ല

ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പറമ്പുക്കാവ് എസ്.ടി. കോളനിയിലെ 124 കുടുംബങ്ങളിൽ 56 എണ്ണത്തിലേ കുടിവെള്ളം ലഭിക്കുന്നുള്ളൂ. പൂഴിയോട്, ചെന്നിപ്പൊയിൽ കോളനികളിലും കടുത്ത കുടിവെള്ളക്ഷാമം നിലനിൽക്കുന്നു. പടിയൂർ ഗ്രാമപഞ്ചായത്തിലെ 10 പട്ടികവർഗ്ഗ കോളനികളിലായി 76 കുടുംബങ്ങൾക്ക് കുടിവെള്ളവും, 142 കുടുംബങ്ങളിൽ വൈദ്യുതിയും ലഭ്യമല്ല.

ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ പിന്നോക്കാവസ്ഥയിലുള്ള പണിയ സമുദായക്കാർ വസിക്കുന്നതാണ് ചതിരൂർ-110 കോളനി. തൊഴിലില്ലാത്ത ദിവസങ്ങളിൽ കുടുംബങ്ങൾ പട്ടിണിയിൽ ആവുന്നതാണ് നിലവിലെ അവസ്ഥ.

## കാസർഗോഡ് ജില്ല

ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ 115 കുടുംബങ്ങൾ ഓലപ്പുരകളിൽ കഴിയുന്നവരാണ്. വൈദ്യുതി ലഭ്യമല്ലാത്ത 291 പട്ടികവർഗ്ഗ കുടുംബങ്ങളും കക്കൂസ് ഇല്ലാത്ത 212 കുടുംബങ്ങളും, കുടിവെള്ളം ലഭ്യമല്ലാത്ത 550 കുടുംബങ്ങളും ഗ്രാമപഞ്ചായത്തിലുണ്ട്. ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം എസ്.ടി. കോളനികളും മലമുകളിലും, ഗതാഗതസൗകര്യം ഇല്ലാത്ത സ്ഥലങ്ങളിലും ആയതിനാൽ, ധനസഹായമായി ലഭിക്കുന്ന തുക കൊണ്ട് നിർമ്മാണസാധനങ്ങൾ എത്തിച്ച് സമയബന്ധിതമായി വീടുപണി പൂർത്തിയാക്കാൻ ഗുണഭോക്താക്കൾക്ക് കഴിയുന്നില്ല.

കുടിയ വിഭാഗത്തിലെ ആദിവാസികൾ അധിവസിക്കുന്ന കേരളത്തിലെ അപൂർവ്വം പ്രദേശങ്ങളിൽ ഒന്നാണ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിലുള്ള കമ്മാടി കോളനി. അടിസ്ഥാന സൗകര്യങ്ങൾ ഏറ്റവും കുറഞ്ഞ കേരളത്തിലെ പട്ടികവർഗ്ഗ കോളനികളിൽ ഒന്നാണിത്. കാർഷികവൃത്തിയാണ് കമ്മാടി കോളനിവാസികളുടെ ഉപജീവനമാർഗ്ഗം. വിദ്യാഭ്യാസപരമായി കോളനി വളരെ പിന്നോക്കമാണ്. കോളനിയുടെ ഏറ്റവുമടുത്തുള്ള വിദ്യാലയമായ കല്ലപ്പള്ളി ഗവൺമെന്റ് എൽ. പി. സ്കൂളിൽ എത്തിച്ചേരാൻ 7 കിലോമീറ്റർ സഞ്ചരിക്കണം. യാത്രാസൗകര്യം ഇല്ലാത്തതിനാൽ കുട്ടികൾ ഭൂരിഭാഗവും ഇടയ്ക്കുവച്ച് പഠനം നിർത്തുന്നു. ടാർ ചെയ്തിട്ടില്ലാത്ത കോളനി റോഡിലൂടെ കാൽനടയാത്രപോലും ദുഷ്കരമാണ്. ആകെ 60 ആദിവാസി കുടുംബങ്ങൾ ഇവിടെ കഴിയുന്നതിൽ ഒരു കുടുംബത്തിനും കുടിവെള്ളം ലഭ്യമല്ല. കക്കൂസ് ഉള്ളവ 10 എണ്ണം മാത്രമാണ്.

### പദ്ധതി/സർവ്വേകളുടെ വിശകലനത്തിന് വിധേയമാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവരം

| ജില്ല | തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് | പദ്ധതി/സർവ്വേ വിശകലനം എസ്.സി/ എസ്.റ്റി. |
|---|---|---|
| തിരുവനന്തപുരം | തിരുവനന്തപുര നഗരസഭ | എസ്. സി. |
| | പാങ്ങോട് ഗ്രാമപഞ്ചായത്ത് | എസ്. റ്റി. |
| | പനവൂർ ഗ്രാമപഞ്ചായത്ത് | എസ്. റ്റി. |
| പത്തനംതിട്ട | ആറന്മുള ഗ്രാമപഞ്ചായത്ത് | എസ്. സി. |

| | | |
|---|---|---|
| ആലപ്പുഴ | ആലപ്പുഴ നഗരസഭ | എസ്. റ്റി. |
| | പട്ടണക്കാട് ഗ്രാമപഞ്ചായത്ത് | എസ്. സി. |
| | ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത് | എസ്. സി. |
| | എടത്വ ഗ്രാമപഞ്ചായത്ത് | എസ്. സി. |
| കോട്ടയം | കോട്ടയം നഗരസഭ | എസ്. സി. |
| | ചങ്ങനാശ്ശേരി നഗരസഭ | എസ്. സി. |
| | ഉദയനാപുരം ഗ്രാമപഞ്ചായത്ത് | എസ്. സി. |
| ഇടുക്കി | അടിമാലി ഗ്രാമപഞ്ചായത്ത് | എസ്. റ്റി. |
| പാലക്കാട് | മലമ്പുഴ ഗ്രാമപഞ്ചായത്ത് | എസ്. സി. |
| | കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് | എസ്. റ്റി. |
| | ഷോളയൂർ ഗ്രാമപഞ്ചായത്ത് | എസ്. റ്റി. |
| മലപ്പുറം | താഴെക്കോട് ഗ്രാമപഞ്ചായത്ത് | എസ്. റ്റി. |
| കോഴിക്കോട് | വാണിമേൽ ഗ്രാമപഞ്ചായത്ത് | എസ്. റ്റി. |
| | പേരാമ്പ്ര ഗ്രാമപഞ്ചായത്ത് | എസ്. സി. |
| വയനാട് | വയനാട് ജില്ലാപഞ്ചായത്ത് | എസ്. സി .& എസ്. റ്റി. |
| | വൈത്തിരി ഗ്രാമപഞ്ചായത്ത് | എസ്. റ്റി. |
| കണ്ണൂർ | ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് | എസ്. റ്റി. |
| | പടിയൂർ ഗ്രാമപഞ്ചായത്ത് | എസ്. റ്റി. |
| | ആറളം ഗ്രാമപഞ്ചായത്ത് | എസ്. റ്റി. |
| കാസർഗോഡ് | കിനാനൂർ - കരിന്തളം ഗ്രാമപഞ്ചായത്ത് | എസ്. റ്റി. |
| | പനത്തടി ഗ്രാമപഞ്ചായത്ത് | എസ്. റ്റി. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്: ഓഡിറ്റ് ഖണ്ഡിക 3.6.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

പനവൂർ ഗ്രാമപഞ്ചായത്ത്

18. പനവൂർ ഗ്രാമപഞ്ചായത്തിലെ മൂന്ന് ഊരുകളിലേയ്ക്കുള്ള റോഡുകളെല്ലാം റീ-ടാറിംഗ്, കോൺക്രീറ്റ് എന്നിവ നടത്തി ഗതാഗത യോഗ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുള്ളതായി ഓഡിറ്റിംഗിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യു.

19. പഞ്ചായത്തിലെ 3 ഊരുകൾക്ക് സമീപമായ വനം വകുപ്പിന്റെ വക ഭൂമിയിൽ കളിത്തട്ട് എന്ന കളിസ്ഥലം ഏറ്റെടുക്കുന്നതിനായി നടപടി സ്വീകരിച്ചതായി ഓഡിറ്റിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യു.

20. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിൽ നിന്നും 8 കി.മീ. അകലെയാണ് പ്രാഥമികാരോഗ്യ കേന്ദ്രമെന്നും ഇതിന്റെ സബ് സെന്ററായ ഫാമിലി വെൽഫയർ സെന്ററിൽ വച്ച് എല്ലാ മാസവും മെഡിക്കൽ ക്യാമ്പും ഇമ്യൂണൈസേഷൻ ക്യാമ്പും നടത്തുന്നുണ്ട് എന്ന് പനവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

പാങ്ങോട് ഗ്രാമപഞ്ചായത്ത്

21. പട്ടികവർഗ്ഗ കോളനികളിലേയ്ക്കുള്ള 14 മൺറോഡുകളിൽ 6 മൺറോഡുകൾ ഓഡിറ്റ് വിഭാഗം പ്രാദേശിക പരിശോധന നടത്തിയതിൽ 5 റോഡുകളുടെ കോൺക്രീറ്റ് പൂർത്തീകരിച്ചിട്ടുണ്ടെന്നും വെള്ളയം ദേശം-കുരിശുംമൂട് റോഡ് ഗതാഗതയോഗ്യമല്ലാതെ ഇപ്പോഴും ശോചനീയാവസ്ഥയിലാണെന്ന ഓഡിറ്റിന്റെ മറുപടിയെ തുടർന്ന് ബാക്കിയുള്ള റോഡുകളുടെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞതിന് പാങ്ങോട് ഗ്രാമപഞ്ചായത്തിൽ കൂടുതൽ റോഡുകൾ ഉണ്ടെന്നും അവിടെ രണ്ട് സെറ്റിൽമെന്റ് കോളനികൾ ഉണ്ടെന്നും ഇവിടേക്കുള്ള റോഡ് ടാർ ചെയ്യുന്നതിന് ട്രൈബൽ വകുപ്പ്, ഫോറസ്റ്റ് വകുപ്പ് എന്നിവയുടെ അനുമതി ലഭിക്കാറില്ലെന്നും റോഡ് നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് ലഭ്യമല്ല എന്നും പാങ്ങോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

22. 2017-18 സാമ്പത്തിക വർഷം ഇതിനായി തുക നീക്കി വച്ചിട്ടുണ്ടെന്നും കോളനിക്കകത്തുള്ള റോഡുകൾ മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂവെന്നും അപ്രോച്ച് റോഡിന് ഫണ്ട് ഉപയോഗിക്കാൻ സാധിക്കുകയില്ലെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

23. പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡ് നിർമ്മാണത്തിന് ഒരു പഞ്ചായത്തും ഫണ്ട് നീക്കിവെക്കുന്നില്ലായെന്നും പട്ടികവർഗ്ഗക്കാർ റോഡുകൾ ദുരുപയോഗപ്പെടുത്തുന്ന എന്ന കാരണത്താൽ പ്രസ്തുത റോഡിന്റെ വീതി മൂന്നടിയായി നിജപ്പെടുത്തിയിരിക്കുന്ന എന്നതും ശരിയായ നടപടിയല്ല എന്ന് സമിതി നിരീക്ഷിച്ചു.

24. ജനറൽ ഫണ്ടിൽ നിന്ന 50%-വും റ്റി.എസ്.പി. ഫണ്ടിൽ നിന്ന് 50%-വും എടുത്ത് റോഡുകൾ നിർമ്മിക്കാമെന്ന് പഞ്ചായത്തുകൾക്ക് നിർദ്ദേശം കൊടുക്കണമെന്ന് എസ്.ടി. വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. ജനറൽ ഫണ്ട് ഉപയോഗിക്കുന്നതിന് ആനുപാതികമായി പട്ടികവർഗ്ഗ/പട്ടികജാതി വിഭാഗത്തിന്റെ ഫണ്ട് കൂടി ഉപയോഗിക്കാൻ അനുമതി നൽകണമെന്ന് സമിതി ശിപാർശ ചെയ്യു.

## തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

25. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ ഉൾപ്പെട്ട വെങ്ങാനൂർ, കുഴിയൻവിള കോളനികളിലെ റോഡ് വികസനത്തിനായി 2017-18 വർഷത്തിൽ 15 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതായും പൂങ്കുളം, കൊടിളുക്കി കോളനികളിൽ വരും വർഷത്തിലെ പ്രോജക്ടിൽ ഉൾപ്പെടുത്തി റോഡ് സൗകര്യം വികസിപ്പിക്കുന്നതാണെന്നും തിരുവനന്തപുരം നഗരസഭാധികൃതർ മറുപടി നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ ഇപ്പോഴും നിലനിൽക്കുന്നതായി ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി പദ്ധതി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

## ഡ്രെയിനേജ് സൗകര്യമില്ല: തിരുവനന്തപുരം നഗരസഭയിലെ എസ്.സി. കോളനികളിലെ ജീവിതം ദുസ്സഹം

26. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഡ്രെയിനേജ് സൗകര്യം ലഭ്യമാക്കണമെങ്കിൽ നെറ്റ്‌വർക്കുമായി കണക്ട് ചെയ്യണമെന്നും നെറ്റ്‌വർക്കുള്ള സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റിയുടെ സഹകരണത്തോടെ ഡ്രെയിനേജ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ടെന്നും നെറ്റ്‌വർക്ക് ഇല്ലാത്തയിടത്ത് ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്താൻ ബുദ്ധിമുട്ട് ഉണ്ടെന്നും ഇതിന് കേരള വാട്ടർ അതോറിറ്റിയുടെ സഹകരണം വേണമെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി അറിയിച്ചു. ഈ സ്കീം അമൃത് (AMRUT) പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് സബ്മിറ്റ് ചെയ്തിട്ടുണ്ടെന്നും 2014-15, 2015-16-ന്റെ അവസാനം സെൻട്രൽ ഗവൺമെന്റിന്റെ അപ്രൂവൽ ആയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

27. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ ഭൂരിഭാഗം എസ്.സി. കോളനികളിലും ഡ്രെയിനേജ് സൗകര്യമില്ലാത്തതിനാൽ മാലിന്യ ടാങ്കുകൾ മഴക്കാലത്ത് നിറഞ്ഞൊഴുകുന്നതായി ഓഡിറ്റ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടതായി ഓഡിറ്റ് വകുപ്പ് അറിയിച്ചതിനാൽ കേരള വാട്ടർ അതോറിറ്റിയുടെ സഹകരണത്തോടെ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

<u>പത്തനംതിട്ട ജില്ല</u>

28. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2016-17 സാമ്പത്തിക വർഷം പത്തനംതിട്ട ജില്ലയിലെ ആറൻമുള ഗ്രാമപഞ്ചായത്തിലെ എഴിക്കോട് കോളനിയുടെ നവീകരണത്തിന് തുക വകയിരുത്തിയിരുന്നുവെങ്കിലും കോളനിയിൽ താമസിക്കുന്ന ചില ഭൂവുടമകൾ തങ്ങളുടെ വസ്തുവിൽ കൂടി മണ്ണ് കൊണ്ടുപോകാൻ പാടില്ല എന്നുപറഞ്ഞ് വർക്ക് തടസ്സപ്പെടുത്തിയതിനാലാണ് നവീകരണ പ്രവർത്തനങ്ങൾ നടത്താൻ കഴിയാതെ വന്നതെന്നും കഴിഞ്ഞ വർഷം പഞ്ചായത്ത് ഭരണസമിതി ഇതു സംബന്ധിച്ച് പരാതി നൽകേണ്ട എന്ന് തീരുമാനിച്ചെന്നും ആറന്മുള ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

29. സർക്കാരിന്റെ ഒരു വർക്ക് കുറച്ചാളുകൾ തടസ്സപ്പെടുത്തിയിട്ടും അതുമായി ബന്ധപ്പെട്ട് നിയമനടപടി ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതായിരുന്നു എന്ന് നിരീക്ഷിച്ച സമിതി എന്ത് തടസ്സമുണ്ടെങ്കിലും ആയത് പരിഹരിച്ച് ഈ വർഷം തന്നെ പദ്ധതി നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചു.

30. മാലക്കര-പുളിന്താനം പട്ടികജാതി കോളനിയിലെ നടപ്പാതയോട് ചേർന്നുള്ള പാറക്കുളത്തിന്റെ 25 മീറ്ററോളം ഭാഗത്ത് കൈവരി കെട്ടാത്തതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് ഈ പ്രദേശം എഴിക്കോട് കോളനിയുടെ ഭാഗമല്ല എന്നും അത് ഒരു സ്വകാര്യ വ്യക്തിയുടെ പാറമടയായിരുന്നു എന്നും ഇപ്പോൾ അത് ഖനനം ചെയ്യുന്നില്ല എന്നും റോഡിന്റെ സൈഡിൽ കൈവരി കെട്ടണമെന്ന് പറഞ്ഞ് അവർക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്നും ആറൻമുള ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

31. പാറമട കുഴിച്ചത് കൊണ്ടാണ് ഈ പ്രശ്നമുണ്ടായതെന്നും അവരിൽ നിന്ന് തുക ഈടാക്കാൻ പഞ്ചായത്തിന് അധികാരമുണ്ടെന്നും നിരീക്ഷിച്ച സമിതി പഞ്ചായത്ത് അടിയന്തരമായി കൈവരി കെട്ടാനുള്ള നടപടി സ്വീകരിക്കണമെന്നും അതിനുശേഷം ഖനനം നടത്തിയ വ്യക്തിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യു.

## പട്ടണക്കാട് ഗ്രാമപഞ്ചായത്ത്

32. പട്ടണക്കാട് ഗ്രാമപഞ്ചായത്തിൽ എത്ര കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ ലഭിച്ചിട്ടുണ്ടെന്ന സമിതിയുടെ ചോദ്യത്തിന് ഉഴവ കോളനിയിലെ 14 കുടുംബങ്ങളിൽ 3 കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷനും 3 കുടുംബങ്ങൾക്ക് കിണർ സൗകര്യവും ബാക്കിയുള്ളവർക്ക് പൊതു ടാപ്പുമുണ്ടെന്നും ഗുണഭോക്തൃ വിഹിതം അടയ്ക്കണമെന്നുള്ളതിനാലാണ് ഗാർഹിക കണക്ഷനെടുക്കാൻ ആളുകൾ വിസമ്മതിക്കുന്നതെന്നും പട്ടണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

33. എസ്.സി. കുടുംബങ്ങളുടെ ഗുണഭോക്തൃ വിഹിതം ഒഴിവാക്കാൻ സാധിക്കുകയില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് എസ്.സി. കുടുംബങ്ങളുടെ ഗുണഭോക്തൃ വിഹിതം പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും അടയ്ക്കാവുന്നതാണെന്നും ടി കുടുംബങ്ങൾ ഒരു മാസം ബിൽ അടച്ചില്ലെങ്കിൽ വാട്ടർ കണക്ഷൻ വിച്ഛേദിക്കുന്നത് വ്യാപകമാണെന്നും പഞ്ചായത്ത് ഡയറക്ടർ മറുപടി നൽകി.

34. സമിതി ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന കോളനികളിലെ നിലവിലെ അവസ്ഥ ആരാഞ്ഞതിന് പട്ടണക്കാട് ഗ്രാമപഞ്ചായത്തിൽ 41 കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ടെന്നും വാട്ടർ കണക്ഷൻ എടുത്തതിനുശേഷം പഞ്ചായത്ത് 6,000 രൂപ ഗുണഭോക്താക്കൾക്ക് നൽകാറുണ്ടെന്നും പട്ടണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

35. എസ്.സി. കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ എടുത്തതിന് ശേഷം പഞ്ചായത്ത് 6,000 രൂപ നൽകുമെന്നും, അതിൽ കൂടുതൽ തുക ചെലവാകുന്നുവെന്നതാണ് പരാതിയെന്നും നിരീക്ഷിച്ച സമിതി ഒരു വീട്ടിലേയ്ക്ക് വാട്ടർ കണക്ഷൻ എടുക്കുന്നതിന് എത്ര തുക ചെലവാകുമെന്ന് എഞ്ചിനീയർമാർ സൈറ്റ് പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ചെലവുവരുന്ന തുക ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശിച്ചു.

## കൊല്ലംവെളി കോളനി

36. പ്രസ്തുത കോളനിയിലെ റോഡ് ടാറിംഗ് പൂർത്തീകരിച്ചോയെന്ന സമിതിയുടെ ചോദ്യത്തിന് പൂർത്തീകരിച്ചു എന്ന് പട്ടണക്കാട് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി സമിതി അംഗീകരിച്ചു.

## കാളിവീട് കോളനി

37. കാളിവീട് കോളനിയിലെ റോഡ് മറ്റ് റോഡുകളുമായി ബന്ധിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് മറ്റ് റോഡുകളുമായി ബന്ധിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് 10 ലക്ഷം രൂപ അനുവദിച്ചിരുന്നെന്നും എസ്റ്റിമേറ്റ് പ്രകാരം റോഡിനോട് ചേർന്നുള്ള ചാല് കല്ലുകെട്ടി സ്ലാബിടാൻ 10 ലക്ഷം രൂപയോളം ചെലവുവരുമെന്നതിനാൽ സ്വകാര്യവസ്തുവിലൂടെ മറ്റൊരു വഴി കണ്ടെത്തിയിട്ടുണ്ടെന്നും അതിന്റെ ഉടമസ്ഥൻ വിദേശത്ത് നിന്നും വന്നതിനുശേഷം മാത്രമേ ഇതു സംബന്ധിച്ച് നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു എന്നും പട്ടണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

38. കാളിവീട് കോളനിയിൽ നിർമ്മിച്ച റോഡ് മറ്റ് റോഡുകളുമായി ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതി പൂർത്തിയാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

39. കാളിവീട് കോളനിയിലെ ചാലിന്റെ വശങ്ങൾ കെട്ടി സ്ലാബിട്ട് മറ്റ് റോഡുകളുമായി ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതി പൂർത്തീകരിക്കണമെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്നും കോളനിയിലെ കുടിവെള്ള കണക്ഷൻ ലഭിക്കാത്ത 10 കുടുംബങ്ങൾക്കും കൂടി കുടിവെള്ള കണക്ഷൻ നൽകാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## പാറയിൽ ഭാഗം കോളനി

40. സമിതി പാറയിൽ ഭാഗം കോളനി നിവാസികളുടെ നിലവിലെ അവസ്ഥയെക്കുറിച്ച് ആരാഞ്ഞതിന് പ്രസ്തുത കോളനിയിൽ 17 കുടുംബങ്ങളുള്ളതിൽ 12 പേർക്ക് വാസയോഗ്യമായ വീടായിട്ടുണ്ടെന്നും വീടില്ലാത്ത 5 പേരിൽ ഒരാൾക്ക് റേഷൻ കാർഡില്ലായെന്നും മറ്റൊരാൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഭവന നിർമ്മാണത്തിന് ഒന്നാം ഗഡു തുക നൽകിയെങ്കിലും ജപ്തി ഭീഷണിയെത്തുടർന്ന് പ്രസ്തുത തുക തിരിച്ചടയ്ക്കുകയും വീണ്ടും പദ്ധതിയിൽ ഉൾപ്പെടുത്താൻ ജിയോ-ടാഗ് ചെയ്തിട്ടുണ്ടെന്നും പട്ടണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത കോളനിയിലെ 11 പട്ടികജാതി കുടുംബങ്ങളിൽ 2 കുടുംബങ്ങളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 5 പേർക്ക് കൂടി വീട് ലഭ്യമാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

41. 2 കുടുംബങ്ങൾക്ക് ശൗചാലയം നിർമ്മിക്കാൻ എസ്.സി./എസ്.ടി. ഡിപ്പാർട്ട്മെന്റിൽ നിന്നും ധനസഹായം നൽകിയെങ്കിലും ചതുപ്പ് പ്രദേശമായതിനാൽ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലായെന്നും ബാക്കിയുള്ള കുടുംബങ്ങൾക്ക് ഈ പ്രദേശത്ത് പ്രസ്തുത തുക ഉപയോഗിച്ച് ശൗചാലയം നിർമ്മിക്കാൻ കഴിയില്ലെന്ന കാരണത്താൽ താൽപ്പര്യം കാണിക്കുന്നില്ലായെന്നും ആയതിനാൽ എൻ.ആർ.ഇ.ജി.എസ്.-ൽ ഉൾപ്പെടുത്തി ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പട്ടണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

42. ആലപ്പുഴ നഗരസഭയുടെ ഭാഗമായ അവലൂക്കുന്ന് കോളനിയിലെ പട്ടികവർഗ്ഗക്കാരുടെ ജീവിതസാഹചര്യം ദയനീയമാണെന്നിരിക്കെ അവരുടെ ഉന്നമനത്തിനായി 2012-13 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ എസ്.ടി. ഫണ്ട് ചെലവഴിക്കാതിരുന്ന കാരണം സമിതി ആരാഞ്ഞതിന് 2012 മുതൽ 2015 വരെ എസ്.ടി. ഫണ്ട് ലഭിച്ചിട്ടില്ലായെന്നും 2018-19-ൽ എസ്.ടി. ഫണ്ട് നീക്കിവച്ചിട്ടുണ്ടെന്നും എന്നാൽ 18,65,000 രൂപയ്ക്ക് ടെണ്ടർ വിളിച്ചിട്ടും ആരും പങ്കെടുത്തില്ല എന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി. ആലപ്പുഴ നിയോജകമണ്ഡലത്തിലെ അവലൂക്കുന്ന് കോളനിയിൽ പി.കെ. കാളൻ പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപയുടെ സമഗ്ര വികസന പദ്ധതി കുടുംബശ്രീ മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നും ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, പശ്ചാത്തലസൗകര്യ വികസനം എന്നിവയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും പട്ടികവർഗ്ഗ വകുപ്പ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

43. പട്ടികവർഗ്ഗക്കാർ താമസിക്കുന്ന കോളനിയായതുകൊണ്ട് ആരും ഇതുവരെ ശ്രദ്ധിച്ചിട്ടില്ല എന്നും ഇവർക്കുവേണ്ടി മൂന്ന് വർഷമായി തുകയൊന്നും ചെലവഴിച്ചിട്ടില്ല എന്നും എന്തിനൊക്കെയാണ് ചെലവഴിക്കേണ്ടത് എന്ന് കണക്കിലെടുക്കാതെയാണ് 2018-19-ലെ പുതിയ പ്രോജക്ട് വച്ചിട്ടുള്ളത് എന്നും നിരീക്ഷിച്ച സമിതി 29-8-2019-ന് ആലപ്പുഴ ജില്ലയിൽ വച്ച് ചേരുന്ന ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതിയുടെ യോഗത്തിന് ശേഷം അവലൂക്കുന്ന് കോളനി സന്ദർശിക്കുവാൻ തീരുമാനിച്ചു.

44. അതിൻ പ്രകാരം 29-8-2019-ന് സമിതി അവലൂക്കുന്ന് കോളനി സന്ദർശിച്ചു. ആലപ്പുഴ ജില്ലയിലെ ട്രൈബൽ കോളനികൾ സ്കാറ്റേർഡാണെന്നും, ട്രൈബൽസും നോൺ ട്രൈബൽസും ചേർന്ന മിക്സഡ് കോളനിയാണ് അവലൂക്കുന്ന് കോളനിയെന്നും കോളനികളുടെ വികസന പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ കുടുംബശ്രീയെ ഏൽപ്പിച്ചിരുന്നുവെന്നും പ്രസ്തുത കോളനിയിൽ കുടുംബശ്രീ വഴി ഒരു വീടിന്റെ നിർമ്മാണം നടക്കുകയാണെന്നും

ബാക്കി വീടുകളുടെ നിർമ്മാണം നടത്താനുണ്ടെന്നും നിലവിൽ പ്രസ്തുത കോളനിയിൽ 10 വീടുകളാണുള്ളതെന്നും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ സമിതിയെ അറിയിച്ചു. കുടുംബശ്രീയെ ഏൽപ്പിച്ച പ്രവൃത്തികളെ സംബന്ധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുകയും ടി വർക്ക് കുടുംബശ്രീയെ ഏൽപ്പിച്ചതെന്നാണെന്നും സമിതി ചോദ്യമുന്നയിച്ചതിന് 2018 മാർച്ചിൽ ആണെന്ന് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ മറുപടി നൽകി. ഫണ്ട് ഏൽപ്പിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പണി പൂർത്തീകരിക്കാത്ത നടപടി ശരിയല്ലെന്നും അവലുക്കുന്ന് കോളനിയോട് കാണിക്കുന്നത് കടുത്ത അവഗണനയാണെന്നും ഒരു വീടിന്റെ പണി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂവെന്നും ബാക്കി വീടുകളുടെ കാര്യത്തിൽ സർക്കാർ അടിയന്തരമായി ഇടപെടണമെന്നും പ്രസ്തുത കോളനിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ നടപടി പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിക്കണമെന്നും, ഇക്കാര്യത്തിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയുമാണെന്ന് സമിതി അറിയിച്ചു. എന്നാൽ നാലഞ്ച് വർഷങ്ങൾക്ക് മുമ്പ് ടി കോളനിക്ക് വേണ്ടി നൽകിയ 3.5 ലക്ഷം രൂപയുടെ ഫണ്ട് ശരിയായി വിനിയോഗിക്കാത്തതിനാലാണ് ഇത്ര മോശമായ അവസ്ഥയുണ്ടായതെന്നും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ സമിതിയെ ബോധ്യപ്പെടുത്തി. പദ്ധതി പൂർത്തീകരിക്കാനുള്ള നടപടി വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നും പ്രസ്തുത വീട് നിർമ്മാണം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൂടെയെന്നും സമിതി ആരാഞ്ഞതിന് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്ന് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ സമിതിയെ ബോധ്യപ്പെടുത്തി.

<u>ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത്</u>

45. വള്ളാംകടവ് കോളനിയിലെ കുടിവെള്ള സംവിധാനത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് കോളനിയിലെ എല്ലാ കുടുംബങ്ങൾക്കും കിണറുണ്ടെന്നും ഒരു കിണർ നാല് പേരാണ് ഉപയോഗിക്കുന്നതെന്നും ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

46. ഒരു കിണറിൽ നിന്നും നാലുപേർ വെള്ളമെടുക്കുന്നതുമായി ബന്ധപ്പെട്ട് തർക്കം വരുമെന്നതിനാൽ പകരം സംവിധാനം വേണമെന്ന് സമിതി വിലയിരുത്തുകയും കിണറിൽ നിന്നുള്ള ജലം ശുദ്ധമാണോയെന്ന് പരിശോധിക്കുന്നതിനും നിലവിലെ സംവിധാനത്തോടൊപ്പം പൊതുടാപ്പ് വഴി കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികളും അടിയന്തരമായി കൈക്കൊള്ളണമെന്നും നിർദ്ദേശിച്ചു.

എടത്വാ ഗ്രാമപഞ്ചായത്ത്

47. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് അവിടെ 2231 പട്ടികജാതിക്കാരാണുള്ളതെന്നും അതിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളാണെന്നും കുടിവെള്ള ദൗർലഭ്യമാണ് ഇവിടുത്തെ പ്രധാന പ്രശ്നമെന്നും കോളനികളിൽ പൊതുടാപ്പ് നിർമ്മിച്ചുനൽകിയിട്ടുണ്ടെന്നും 45 കുടുംബങ്ങൾക്ക് പഞ്ചായത്ത് ഹൗസ് കണക്ഷൻ എടുത്തുകൊടുത്തിട്ടുണ്ടെന്നും രണ്ട് സങ്കേതങ്ങൾ വയൽ പ്രദേശത്ത് സ്ഥിതി ചെയ്യുന്നതിനാൽ ഈ സങ്കേതങ്ങളിലെ കുടുംബങ്ങൾ നിലവിൽ കുഴൽക്കിണർ ഉപയോഗിച്ചുവരുന്നുണ്ടെന്നും അവ ഒഴികെ മറ്റുള്ള സ്ഥലങ്ങളിലെ കുടിവെള്ള പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിച്ചിട്ടുണ്ടെന്നും എടത്വാ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

48. വേനൽക്കാലത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ പഞ്ചായത്ത് സ്വീകരിച്ച മാർഗ്ഗങ്ങളെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കുഴൽക്കിണറുകളുള്ള സ്ഥലങ്ങളിൽ കുടിവെള്ളത്തിന് ക്ഷാമമുണ്ടാകുന്ന അവസരത്തിൽ ലോറിയിൽ വെള്ളം എത്തിച്ചു കൊടുക്കുന്നുണ്ടെന്നും എടത്വാ പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന അപ്പർ കുട്ടനാട്ടിലെ കുഴൽക്കിണറിൽ അമ്ലത്തിന്റെ സാന്നിദ്ധ്യമുണ്ടെന്നും എടത്വാ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഇത്തരം സ്കീമുകൾക്ക് വേണ്ടി കോർപ്പസ് ഫണ്ടിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും പഞ്ചായത്തിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുകയാണെങ്കിൽ അത് അംഗീകരിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു.

49. പാടശേഖരങ്ങളുടെ നടുവിൽ സ്ഥിതി ചെയ്യുന്ന കുഴൽകിണറിൽ നിന്നുള്ള വെള്ളം അമ്ലത്തിന്റെ സാന്നിദ്ധ്യം മൂലം ഉപയോഗയോഗ്യമല്ലാതായതിനാൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പഞ്ചായത്ത് മുൻകൈയ്യെടുത്ത് ഒരു പ്രോജക്ട് തയ്യാറാക്കി കേരള ജല അതോറിറ്റിയുടെ എസ്റ്റിമേറ്റോടുകൂടി പദ്ധതി സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

കോട്ടയം ജില്ല

ഉദയനാപുരം ഗ്രാമപഞ്ചായത്ത്

50. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഉദയനാപുരം പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന വാഴമന ഭാഗത്ത് റോഡ് സൗകര്യമില്ലാത്തതിനാൽ അവർ ഇപ്പോഴും ഒറ്റത്തടി പാലങ്ങളെയാണ് ആശ്രയിക്കുന്നത് എന്നും 2017-18 കാലയളവിൽ 3,40,000 രൂപയ്ക്ക് നടുത്തട്ടിൽ ബണ്ട് റോഡ് ഫില്ലിംഗ്

എന്ന ഒരു പ്രോജക്ട് രൂപീകരിച്ചിരുന്നുവെന്നും ആയത് പൂർത്തിയായിട്ടുണ്ടെന്നും എന്നാൽ അവിടെത്തന്നെയുള്ള കലശക്കരി റോഡ് മണ്ണ് ഫില്ലിംഗ് എന്ന പ്രോജക്ട് പൂർത്തിയായിട്ടില്ലായെന്നും മുൻ വർഷത്തെ ഫണ്ടിലുൾപ്പെടുത്തി 3,95,000 രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും ബാക്കി നടപ്പ് സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ സാധിക്കുമെന്നും ഉദയനാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

51. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായാലുടൻ അത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ചെയ്തു.

<u>കോട്ടയം നഗരസഭ</u>

52. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കോട്ടയം നഗരസഭയിൽ 12 പട്ടികജാതി കോളനികളും ബാക്കി പട്ടികജാതി സങ്കേതങ്ങളുമാണ് ഉള്ളതെന്നും അതിൽ പട്ടത്താനം കോളനി ഒരു ഉയർന്ന പ്രദേശമാണെന്നും അവിടെ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വെള്ളത്തിന്റെ പമ്പിംഗ് ഫോഴ്സ് വളരെ കുറവായതിനാൽ കുടിവെള്ളക്ഷാമം നേരിടുന്നുവെന്നും തൊട്ടടുത്തുള്ള വീടുകളിലെ കിണറുകളിൽ നിന്നാണ് വെള്ളം ശേഖരിക്കുന്നതെന്നും നഗരസഭ ടാങ്കുകളിൽ എത്തിക്കുന്ന കുടിവെള്ളമാണ് ഇവിടുത്തെ ജനങ്ങളുടെ പ്രധാന ആശ്രയമെന്നും കുടിവെള്ളക്ഷാമം പരിഹരിക്കാൻ പുതിയൊരു സ്കീം നഗരസഭ രൂപകൽപ്പന ചെയ്തിട്ടുണ്ടെന്നും കോട്ടയം നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

53. കോളനികളിലെ ഖരമാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് സ്ഥാപിച്ച രണ്ട് ബയോഗ്യാസ് പ്ലാന്റുകളെക്കുറിച്ച് സമിതി ആരാഞ്ഞതിന് ഓരോ കോളനിയിലെയും ഖരമാലിന്യങ്ങൾ സംസ്കരിക്കാൻ മണ്ണിര കമ്പോസ്റ്റ് ഉൾപ്പെടെയുള്ള ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അത് ഫലപ്രദമായി നടപ്പാക്കിവരുന്നുണ്ടെന്നും കൂടാതെ പ്ലാസ്റ്റിക്കും അജൈവ മാലിന്യങ്ങളും ശേഖരിക്കുന്നതിനുവേണ്ടി ഓരോ വാർഡിലും രണ്ട് പേർ വീതമുണ്ടെന്നും കോട്ടയം നഗരസഭാ സെക്രട്ടറി മറുപടി നൽകി. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

<u>ചങ്ങനാശ്ശേരി നഗരസഭ</u>

54. മനയ്ക്കച്ചിറ കോളനിയെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ചതുപ്പ് പ്രദേശത്താണ് പ്രസ്തുത കോളനി സ്ഥിതിചെയ്യുന്നതെന്നും സാധ്യമായ നിലയിൽ മണ്ണിട്ട്

നികത്തി 35-ഓളം വീടുകളാണ് നിർമ്മിച്ചിട്ടുള്ളതെന്നും എ.സി. കനാലിലെ ജലനിരപ്പ് ഉയർന്നുനിൽക്കുന്നതിനാൽ മഴക്കാലത്ത് രണ്ടുമൂന്ന് മാസം ഈ പ്രദേശത്ത് വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥയാണ് നിലനിൽക്കുന്നതെന്നും 2015-16-ന് ശേഷം നഗരസഭ നേരിട്ട് പതിനാറോളം വീടുകൾ ബേസ്മെന്റ് ഉയർത്തി നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും കൂടാതെ പട്ടികജാതി വകുപ്പും നാലോളം വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും അറ്റകുറ്റപ്പണി ആവശ്യമായ 8 വീടുകളിൽ 4 എണ്ണത്തിന് മുനിസിപ്പാലിറ്റി മുഖേനയും മറ്റ് നാല് വീടുകൾക്ക് പട്ടികജാതി വകുപ്പ് മുഖേനയും സഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും 35 കുടുംബങ്ങളിൽ 27 പേർ സ്വന്തമായി ഭൂമിയുള്ളവരാണെന്നും സ്വകാര്യ വ്യക്തികളുടെ ഭൂമിയായതിനാൽ നിലവിലുള്ള മാനദണ്ഡപ്രകാരം നഗരസഭയ്ക്ക് അവയെ പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണെന്നും ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

55. എസ്.സി/എസ്.ടി വകുപ്പിൽ നിന്നും എസ്.സി വിഭാഗക്കാർക്ക് സഹായം നൽകാൻ സാധിക്കുകയില്ലേ എന്ന സമിതിയുടെ ചോദ്യത്തിന് ഭവനനിർമ്മാണത്തിനായുള്ള ധനസഹായം നൽകുന്നതിന് തടസ്സമില്ലായെന്നും എന്നാൽ ഭൂമി മണ്ണിട്ട് ഉയർത്തിയാൽ മാത്രമേ അവിടെ വീട് നിർമ്മിക്കാൻ സാധിക്കുകയുള്ളൂവെന്നും നിലവിലെ മാനദണ്ഡപ്രകാരം മണ്ണിട്ട് ഉയർത്താൻ സാധിക്കില്ലായെന്നും അതിനായി പ്രത്യേക അനുവാദം വാങ്ങി എസ്റ്റിമേറ്റ് തയ്യാറാക്കി ചെയ്യേണ്ടതാണെന്നും കോൺക്രീറ്റ് ഇൗണുകൾ സ്ഥാപിച്ചോ ഇന്റർലോക്ക് സംവിധാനമൊരുക്കിയോ മാത്രമേ അവിടെ നിർമ്മാണങ്ങൾ നടത്താൻ കഴിയുകയുള്ളൂവെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

56. മനയ്ക്കച്ചിറ കോളനിയിൽ വീട് നിർമ്മാണത്തിന് ഭീഷണിയായി നിൽക്കുന്ന വെള്ളക്കെട്ടിനെ അതിജീവിക്കുന്നതിനായുള്ള പുതിയ സാങ്കേതികവിദ്യ തെരഞ്ഞെടുത്ത് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>അടിമാലി ബ്ലോക്ക് പഞ്ചായത്ത്</u>

57. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് അടിമാലി ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കി കഴിഞ്ഞെന്നും പള്ളിവാസൽ പഞ്ചായത്തിലെ കൈനകരിയിൽ നിന്നാണ് കുടിവെള്ളം ലഭ്യമാക്കുന്നതെന്നും ചെക്ക് ഡാം നിർമ്മിച്ച് അടിമാലി പഞ്ചായത്തിലെ 11 വാർഡുകളിലായി 50 ടാങ്കുകൾ സ്ഥാപിച്ച് നീരുറവകളിൽ നിന്ന് വെള്ളം ശേഖരിച്ചാണ് വിതരണം ചെയ്യുന്നതെന്നും ഇതുകൂടാതെ അടുത്തായി വാട്ടർ അതോറിറ്റിയുടെ ഒരു പദ്ധതിയും നടപ്പാക്കിവരുന്നുണ്ടെന്നും

വേനൽക്കാലത്തും ടി സംവിധാനത്തിലൂടെയാണ് കുടിവെള്ളം ലഭ്യമാക്കുന്നതെന്നും 22 കോടി രൂപ ചെലവഴിച്ച് ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും അടിമാലി പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ചിന്നപ്പാറ ഭാഗത്ത് ടി പദ്ധതി ഉൾപ്പെടുന്നുണ്ടെന്നും അതിന്റെ നടത്തിപ്പ് ഒരു ഏജൻസിക്ക് കൊടുക്കുകയും മാസന്തോറും ഫീസ് പിരിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പാടാക്കുകയും ചെയ്തിട്ടുണ്ടെന്നും അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. അടിമാലി ബ്ലോക്ക് പഞ്ചായത്തിൽ കുറച്ച് പേർക്ക് കുടി മാത്രമേ വെള്ളം ലഭ്യമാക്കാനുള്ളൂ എന്നും അത് ഉടനെ ലഭ്യമാക്കുന്നതാണെന്നും ഇത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് അടിമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

<u>മലമ്പുഴ ഗ്രാമപഞ്ചായത്ത്</u>

58. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2016-17 സാമ്പത്തിക വർഷം എസ്.സി. കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതിയ്ക്കായി 12 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും 2017-18 സാമ്പത്തിക വർഷത്തിൽ 8 ലക്ഷം രൂപയുടെ എസ്.സി. കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതിയ്ക്കും 6 ലക്ഷം രൂപയുടെ എസ്.സി. ഗാർഹിക കുടിവെള്ള പദ്ധതിക്കും ഡി.പി.സി. അംഗീകാരം ലഭ്യമായിട്ടുണ്ടെന്നും കൂടാതെ ഒന്ന് രണ്ട് വാർഡുകളിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ടെന്നും അത് കിഫ്ബിയുമായി എഗ്രിമെന്റ് വച്ചിട്ടുണ്ടെന്നും ഇതുവഴി എല്ലാ കുടുംബങ്ങൾക്കും സുലഭമായി കുടിവെള്ളം ലഭിക്കുമെന്നും മലമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

<u>കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്</u>

59. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പുത്തൻപാടം, പറത്തോട് പട്ടികവർഗ്ഗ കോളനിക്കാർ തങ്ങൾ പട്ടികവർഗ്ഗക്കാരാണെന്നും ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ മാത്രമേ തങ്ങൾ കൈപ്പറ്റുകയുള്ളൂവെന്നും നിർബന്ധപൂർവ്വം ആവശ്യപ്പെടുകയുണ്ടായെന്നും എന്നാൽ കിർത്താഡ്സ് ഈ പ്രദേശങ്ങളിൽ വന്ന് സർവ്വേ നടത്തുകയും ഈ കോളനിക്കാർ പട്ടികവർഗ്ഗക്കാരുടെ ആചാരങ്ങൾ ഒന്നും തന്നെ പാലിക്കുന്നില്ലെന്നും എസ്.സി. ആചാരങ്ങളാണ് ഇവർ കൈമാറിവരുന്നതെന്നും ആയത് കൊണ്ടു ഇവരെ പട്ടികവർഗ്ഗക്കാരായി പരിഗണിക്കാൻ കഴിയുകയില്ലെന്ന് തീർപ്പാക്കുകയും ചെയ്തു. ആയതിനാൽ വില്ലേജ് ഓഫീസിൽ നിന്നോ

പട്ടികജാതി/പട്ടികവർഗ്ഗ ഓഫീസിൽ നിന്നോ ഇവർക്ക് പട്ടികവർഗ്ഗക്കാരാണ് എന്ന സാക്ഷ്യപത്രമോ, റോഡ് പണികൾ ചെയ്യുന്നതിന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റോ ലഭിക്കുന്നില്ല എന്നും ഇത് ഒരു ഗുരുതരമായ പ്രശ്നമായതിനാൽ ഈ വിഭാഗക്കാർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും നൽകുന്നതിന് പഞ്ചായത്തിന് കഴിയുന്നില്ലായെന്നും ഇവർ ഏകദേശം 50-ഓളം വീട്ടുകാരുണ്ടെന്നും കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

60. പ്രസ്തുത പ്രശ്നം തൃപ്തികരമായി പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>ഷോളയൂർ ഗ്രാമപഞ്ചായത്ത്</u>

61. 50 ശതമാനം പട്ടികവർഗ്ഗക്കാർ താമസിക്കുന്ന പഞ്ചായത്ത് പ്രദേശത്ത് കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ചത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് അവിടെ 28 ഓളം കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഈ യന്ത്രങ്ങൾക്ക് അവർ ടാക്സ് അടയ്ക്കുന്നില്ലായെന്നും കെട്ടിട നിയമപ്രകാരം ഇത് ഡിഫൈൻ ചെയ്തിട്ടില്ലായെന്നും ഷോളയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

62. പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളെക്കുറിച്ച് സമിതി ആരാഞ്ഞതിന് രണ്ട് കുടിവെള്ള പദ്ധതികളാണ് ഇവിടെ പ്രധാനമായും ഉള്ളതെന്നും കള്ളക്കര കുടിവെള്ള പദ്ധതിയ്ക്ക് മൂവായിരത്തിലധികം കണക്ഷനുകളാണുള്ളതെന്നും പ്രസ്തുത കണക്ഷന്റെ 1500-ലധികം ഉപഭോക്താക്കളും ഗോത്രവർഗ്ഗക്കാരാണെന്നും അവരിൽ നിന്നും പഞ്ചായത്ത് വെള്ളക്കരം ഈടാക്കുന്നില്ലെന്നും ഇത്രയും വലിയൊരു സ്കീം നടത്തിക്കൊണ്ട് പോകുന്നതിനുള്ള ശേഷിയും ടെക്നിക്കൽ വിംഗും പഞ്ചായത്തിനില്ലായെന്നും ടി സ്കീം ഏറ്റെടുക്കാനുള്ള അഭ്യർത്ഥന നടത്തിയെങ്കിലും ഗോത്രവർഗ്ഗക്കാരുടെ മേഖലയായതിനാൽ ഇവിടെ നിന്ന് വെള്ളക്കരം കിട്ടാത്തതുകൊണ്ട് നഷ്ടത്തിലുള്ള സ്കീം ഏറ്റെടുക്കാൻ സാധിക്കില്ലെന്നുള്ള നിലപാടാണ് വാട്ടർ അതോറിറ്റിയുടേത് എന്നും സെക്രട്ടറി ഗ്രാമപഞ്ചായത്ത് മറുപടി നൽകി.

63. ഗോത്രവർഗ്ഗക്കാരുടെ വെള്ളക്കരം പഞ്ചായത്തിന് അടയ്ക്കാൻ സാധിക്കില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് നിലവിൽ ഗ്രാമപഞ്ചായത്താണ് അടയ്ക്കുന്നതെന്ന് സെക്രട്ടറി മറുപടി നൽകി. 2017-18 വർഷത്തിൽ കള്ളക്കര പമ്പ് ഹൗസിൽ നിന്നും ദാസന്നൂർ ടാങ്കിലേയ്ക്കുള്ള പൈപ്പ് ലൈൻ നീട്ടലും മോട്ടോർ സ്ഥാപിക്കലും എന്ന പ്രോജക്ട് പ്രകാരം ഒരു കോടി രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുകയും പ്രവൃത്തി

പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും 2004-ൽ വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറി കിട്ടിയ സ്കീമാണെന്നും മൂന്ന് പഞ്ചായത്തുകളിൽ വെള്ളം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുള്ള കുടിവെള്ള പദ്ധതി മൂന്ന് ഘട്ടങ്ങളിലായിട്ടാണ് നടപ്പാക്കുന്നതെന്നും അതിൽ ഒന്നാം ഘട്ടത്തിന്റെ ഉത്ഘാടനം കഴിഞ്ഞുവെന്നും ഭവാനിപ്പുഴയിൽ നിന്നാണ് നിലവിൽ വെള്ളമെടുക്കുന്നതെന്നും, ഭവാനിപ്പുഴയിൽ ഡാം നിർമ്മിക്കുന്നതിന് തമിഴ്നാട് സമ്മതിക്കില്ലായെന്നും നിലവിലുള്ള സ്കീം വാട്ടർ അതോറിറ്റി ഏറ്റെടുത്ത് പദ്ധതി എക്സ്റ്റന്റ് ചെയ്യുന്നതാണ് നല്ലതെന്നും 2000-ൽ 1080 സ്കീമുകളാണ് പഞ്ചായത്തിന് കൈമാറുന്നതിന് സർക്കാർ തീരുമാനമെടുത്തത് എന്നും അതനുസരിച്ച് സ്കീമുകളെല്ലാം കൈമാറിയിട്ടുണ്ടെന്നും ഇനി രണ്ടോ മൂന്നോ സ്കീമുകൾ മാത്രമേ കൈമാറാൻ ബാക്കിയുള്ളുവെന്നും ഷോളയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

64. അൻപത്തിരണ്ട് ഊരുകളുള്ള ഷോളയൂർ ഗ്രാമപഞ്ചായത്തിലെ മൂവ്വായിരത്തിലധികം കണക്ഷനുകളുള്ള കുടിവെള്ള പദ്ധതി നടത്തിക്കൊണ്ടുപോകുന്നതിനുള്ള ശേഷിയും ടെക്നിക്കൽ വിംഗും പഞ്ചായത്തിനില്ലാത്തതിനാൽ ടി സ്കീം ഏറ്റെടുക്കുന്നതിന് പഞ്ചായത്ത് വാട്ടർ അതോറിറ്റിയിലേക്ക് അഭ്യർത്ഥിച്ചുവെങ്കിലും ഗോത്ര വർഗ്ഗക്കാരുടെ മേഖലയിലുള്ള നഷ്ടത്തിലുള്ള സ്കീം ഏറ്റെടുക്കാൻ സാധിക്കില്ലെന്ന നിലപാടാണ് വാട്ടർ അതോറിറ്റി കൈക്കൊണ്ടതെന്ന് ഷോളയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചിട്ടുള്ളതിനാൽ ഇക്കാര്യം വാട്ടർ അതോറിറ്റി എം.ഡി. യുമായി ചർച്ച ചെയ്യുന്നതിന് പഞ്ചായത്തിനോട് നിർദ്ദേശിക്കുകയും ഇതിൻമേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടുവാൻ തീരുമാനിക്കുകയും ചെയ്തു.

65. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## മലപ്പുറം ജില്ല

### താഴെക്കോട് ഗ്രാമപഞ്ചായത്ത്

66. പട്ടികജാതി/പട്ടികവർഗ്ഗ അധിവാസ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചിട്ടില്ലെന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് താഴെ ഇരിഞ്ഞാണി, മേലെ ഇരിഞ്ഞാണി എന്നീ രണ്ട് കോളനികളിൽ 9 കുടുംബങ്ങളാണ് താമസിക്കുന്നതെന്നും ഇവർക്ക് ജലലഭ്യത ഉറപ്പാക്കുന്നതിനുവേണ്ടി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ തുക അടച്ച് പരിശോധന നടത്തിയെങ്കിലും പരിശോധനാഫലം നെഗറ്റീവ് ആയിരുന്നതിനാൽ ആ പദ്ധതി നടപ്പാക്കുവാൻ

സാധിച്ചില്ലായെന്നും മലയിൽ നിന്നുവരുന്ന വെള്ളം ശേഖരിക്കുന്നതിന് പഞ്ചായത്ത് ടാങ്ക് നിർമ്മിച്ചു നൽകുകയും മഴക്കാലത്ത് വെള്ളം ശേഖരിക്കുകയും വേനൽക്കാലത്ത് കോളനികളിൽ ജലം എത്തിച്ചുകൊടുക്കുകയുമാണ് ചെയ്യുന്നതെന്നും 9 കുടുംബങ്ങൾക്കും വീട് നൽകാൻ സാധിച്ചിട്ടില്ലായെന്നും അവർ സ്വകാര്യ ഭൂമിയിലാണ് താമസിച്ചു വരുന്നതെന്നും ഉടമസ്ഥാവകാശം സംബന്ധിച്ച് കേസ് നിലവിലുണ്ടെന്നും താഴെക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

67. താഴെ ഇരിഞ്ഞാണി, മേലെ ഇരിഞ്ഞാണി എന്നീ 2 കോളനികളിലെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖ റവന്യൂ വകുപ്പിൽ നിന്ന് ആവശ്യപ്പെടുന്നതിനും ഇതു സംബന്ധിച്ച് നിലവിലുള്ള കേസിൽ പഞ്ചായത്ത് കക്ഷി ചേരുന്നതിനും നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

## കോഴിക്കോട് ജില്ല

## വാണിമേൽ ഗ്രാമപഞ്ചായത്ത്

68. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പന്നിയേരി കോളനിയിൽ സമഗ്ര പട്ടികവർഗ്ഗ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നുവെന്നും പ്രകൃതിദത്ത നീരുറവകളിൽ നിന്ന് പൈപ്പു വഴി കോളനിയുടെ സമീപത്തുള്ള കുന്നിൻ മുകളിൽ ടാങ്കുകൾ സ്ഥാപിച്ച് വെള്ളം ശേഖരിച്ച് പൈപ്പ് വഴി ഈ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്ന പദ്ധതിയാണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നതെന്നും വാണിമേൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. കൂടാതെ മാടാഞ്ചേരി കോളനിയിലെ എല്ലാ വീടുകളിലും പഞ്ചായത്ത് 500 ലിറ്ററിന്റെ വാട്ടർ ടാങ്ക് ലഭ്യമാക്കി വെള്ളം ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സമഗ്ര പദ്ധതിയിൽപ്പെടുത്തിയും പഞ്ചായത്തിന്റെ ഫണ്ട് വച്ചും റോഡുകൾ ചെയ്യുന്നുണ്ടെന്നും എന്നാൽ ചരിഞ്ഞ പ്രദേശമായതിനാൽ കൂടുതൽ ഉയർന്ന പ്രദേശങ്ങളിൽ റോഡ് നിർമ്മിക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളതെന്നും കോളനികളിൽ കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചിട്ടുണ്ടെന്നും വാണിമേൽ അസിസ്റ്റന്റ് സെക്രട്ടറി കൂട്ടിച്ചേർത്തു.

69. റോഡ്, കളിസ്ഥലം, ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണത്തിനായി പഞ്ചായത്ത് ഒരു പ്രോജക്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കണമെന്നും ഈക്കാര്യം സമിതിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

70. ചിറ്റാരി പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത കുടിവെള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവെന്നും രണ്ട് ലക്ഷം രൂപയുടെ അനുമതി നൽകുകയും അവിടെ മോട്ടോറും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും വാണിമേൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി.

71. പ്രസ്തുത പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണോയെന്ന സമിതിയുടെ ചോദ്യത്തിന് കിണറിൽ നിന്നും ടാങ്കിലേയ്ക്ക് വെള്ളമെത്തിക്കുന്നതിനാവശ്യമായ പൈപ്പുകൾ സ്ഥാപിച്ചിരുന്നുവെങ്കിലും റോഡ് പണിക്കുവേണ്ടി ആയത് പൊളിച്ചുമാറ്റേണ്ടി വന്നുവെന്നും പിന്നീട് അത് പുനഃസ്ഥാപിക്കുകയും അവിടെ പൈപ്പ് വഴി വെള്ളമെത്തിക്കുകയും ചെയ്തിട്ടുണ്ടെന്നും വാണിമേൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി.

72. സമിതി മുമ്പാകെ ലഭ്യമാക്കിയ റിപ്പോർട്ടിൽ കുടിവെള്ള പദ്ധതി നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ലായെന്നാണ് പരാമർശിച്ചിട്ടുള്ളതെന്ന് വാണിമേൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ചൂണ്ടിക്കാട്ടുകയും ഈ വിഷയത്തിൽ വിശദമായി പരിശോധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

<u>വടകര നഗരസഭ</u>

73. അറക്കിലാട് കോളനിയിലെ ഭൗതിക സാഹചര്യങ്ങൾ ശോചനീയമാണെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് അറക്കിലാട് കോളനിയിലെ പൊതുശൗചാലയത്തെ ആശ്രയിക്കുന്ന ആറ് കുടുംബങ്ങൾക്കുള്ള ശൗചാലയനിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും രണ്ട് കുടുംബങ്ങൾക്കുള്ള ടാങ്ക് നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണെന്നും ഒരാൾ ശൗചാലയ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും വടകര നഗരസഭ സെക്രട്ടറി മറുപടി നൽകി.

74. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാരും സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

<u>പേരാമ്പ്ര ഗ്രാമപഞ്ചായത്ത്</u>

75. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ 30 പട്ടികജാതി കുടുംബങ്ങൾ വസിക്കുന്ന ചേർമല സാംബവ കോളനിയിലെ ഭവനരഹിതരായ 13 പേർക്ക് വീട് നിർമ്മാണത്തിനുള്ള പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു എന്നും ആറ് പേർ രണ്ടാം ഗഡു ധനസഹായം കൈപ്പറ്റുകയും

വീട് നിർമ്മാണം വാർപ്പ് സ്റ്റേജിലെത്തിക്കുകയും ചെയ്തിട്ടുണ്ടെന്നും ബാക്കിയുള്ളവർ ഒന്നാം ഗഡു സഹായം കൈപ്പറ്റി നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഒരു ഗുണഭോക്താവ് മരണപ്പെട്ടെന്നും അവകാശികളായി ആരും തന്നെ ഇതുവരെ വന്നിട്ടില്ല എന്നും ഒ.ഡി.എഫ് ഉപയോഗിച്ച് 17 പുതിയ കക്കൂസുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് പ്രവർത്തനക്ഷമമാക്കിയ കുടിവെള്ള പദ്ധതിയുടെ മോട്ടോർ തകരാറിലാണെന്നും ആയത് റെയ്കോ മുഖേന പ്രവർത്തനക്ഷമമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ജലദൗർലഭ്യം മൂലം കക്കൂസുകൾ ഉപയോഗിക്കാനാവാത്ത സ്ഥിതി മാറിയിട്ടുണ്ടെന്നും കൂടാതെ പ്ലാസ്റ്റിക് ഷീറ്റുകൾ വലിച്ചുകെട്ടിയ മേൽക്കൂരകൾ ഉള്ള വീടുകളിൽ താമസിച്ചുവരുന്ന 12 കുടുംബങ്ങൾ വീട് നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും എന്നാൽ നിലവിൽ വീട് നിർമ്മാണത്തിനാവശ്യമായ ഭൂമിയുമായി ബന്ധപ്പെട്ട് കൈവശാവകാശ സർട്ടിഫിക്കറ്റില്ലാത്തൊരു പ്രശ്നം നിലനിൽക്കുന്നുവെന്നും പട്ടികജാതി കമ്മീഷൻ ഇക്കാര്യങ്ങൾ നേരിട്ട് പരിശോധന നടത്തിയിട്ടുണ്ടെന്നും പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ തുടർന്ന് അറിയിച്ചു.

76. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

<u>വയനാട് ജില്ല</u>

77. എസ്.സി./എസ്.ടി. മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് വയനാട് ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് മറുപടി ആരാഞ്ഞതിന് പ്രിയദർശിനി എസ്റ്റേറ്റിലെ 21 കുടുംബങ്ങളിൽ 14 കുടുംബങ്ങൾക്ക് ഓരോ ഏക്കർ വീതം ഭൂമി അനുവദിച്ച് കൈവശരേഖ നൽകിയിട്ടുണ്ട് എന്നും ബാക്കിയുള്ള കുടുംബങ്ങൾക്ക് ഭൂമി ലഭിയ്ക്കുന്ന മുറയ്ക്ക് ഭവനങ്ങൾ നിർമ്മിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ പട്ടികവർഗ്ഗ വികസനവകുപ്പ് സ്വീകരിക്കുന്നതാണെന്നും ഈ എസ്റ്റേറ്റിലെ താമസക്കാരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കക്കൂസ്, കുടിവെള്ളം, റോഡുസൗകര്യം എന്നിവ ഒരുക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് അനുവദിച്ച് നൽകുന്നതിനും പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട് എന്നും വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

78. ബാക്കിയുള്ളവർക്ക് വീട് വെയ്ക്കുന്നതിനായി ട്രൈബൽ ഡിപ്പാർട്ട്മെന്റിൽ നിന്നും സ്ഥലം ലഭ്യമാക്കുന്ന നടപടിയും അതിനുശേഷം പഞ്ചായത്തിന്റെ സ്കീമിൽ വീട് വയ്ക്കാനുള്ള നടപടിയും ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

79. തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം, കക്കൂസ്സ്, വൈദ്യുതി എന്നിവ നിലവിൽ ഇല്ലാത്ത കുടുംബങ്ങൾ ഉണ്ടെന്ന് ഓഡിറ്റ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടെന്ന് സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അടിസ്ഥാന സൗകര്യങ്ങൾ അടിയന്തരമായി ടി കുടുംബങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു.

## കണ്ണൂർ ജില്ല

### ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

80. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പൊതു കിണറിന് ടാങ്ക് വെച്ച് അതിൽ നിന്നും പൈപ്പ് ഇടുമെന്നും എസ്.ടി. ആയതുകൊണ്ട് ഓരോ വീട്ടിലേക്കുമുള്ള ചെലവ് സർക്കാർ വഹിക്കുമെന്നും കുടിവെള്ളം ലഭ്യമാക്കാനായി ബ്ലോക്ക് പഞ്ചായത്തിനായി ഒരു കുഴൽക്കിണർ ഉള്ളത് റെനവേറ്റ് ചെയ്തിട്ട് വെള്ളം കൊടുക്കാനുള്ള സംവിധാനം നടപ്പിലായിട്ടുണ്ട് എന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

81. ഓഡിറ്റ് ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള എസ്.റ്റി. കോളനികളിൽ നിലനിൽക്കുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ച് സമിതിയെയും ഓഡിറ്റ് വകുപ്പിനെയും അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### ആറളം ഗ്രാമപഞ്ചായത്ത്

82. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ചതിരൂർ 110 കോളനിയിൽ ആകെ 36 കുടുംബങ്ങൾ ഉണ്ടെന്നും അതിൽ 56 പേർ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തെങ്കിലും പണി എടുക്കുവാൻ തയ്യാറായില്ല എന്നും രണ്ട് സ്ത്രീകൾ മാത്രമാണ് തൊഴിലുറപ്പിന് പോകുന്നതെന്നും പുരുഷൻമാർ ജോലി ചെയ്യുന്നവരാണെന്നും സ്ത്രീകൾ പൊതുവേ ജോലിക്ക് പോകാറില്ല എന്നും ഇപ്പോൾ കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങളും മെഡിക്കൽ ക്യാമ്പും നടത്താറുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

83. പട്ടിണിമൂലം ആളുകൾ മരണപ്പെടുന്ന എന്നുള്ളത് സീരിയസ് ഇഷ്യൂ ആണെന്നും ആയതിനാൽ ഈ സ്ഥലം നേരിട്ട് സന്ദർശിച്ച് അവിടെ എത്ര പുരുഷൻമാരുണ്ട്, എത്ര വിദ്യാർത്ഥികൾ ഉണ്ട്, ഗർഭിണികളായ സ്ത്രീകൾ എത്ര പേർ ഉണ്ട്, തൊഴിലുറപ്പ്

പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ദിവസം തൊഴിൽ കൊടുത്തു; എത്ര പുരുഷൻമാർ ജോലിക്ക് പോകുന്നുണ്ട്. രോഗികളായിട്ടുള്ളവർ എത്ര പേരുണ്ട്, പുറത്ത് ജോലിക്ക് പോകുമ്പോൾ തൊഴിലുറപ്പിനെക്കാൾ കൂലി കിട്ടുന്നുണ്ടോ; ആ പണം വീടുകളിൽ എത്തുന്നുണ്ടോ; പട്ടിണി സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് തന്നെ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; പട്ടിണി ഉണ്ടാകാനുള്ള കാരണമെന്താണ്; ഇവരുടെ റേഷൻ കാർഡുകൾ എത് തരത്തിൽ ഉള്ളതാണ്; റേഷൻ സമ്പ്രദായ പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ; NGO കളുടെ ഇടപെടൽ ഉണ്ടോ; അംഗൻവാടികളിൽ നിന്നും പോഷകാഹാര വിതരണം നടക്കുന്നുണ്ടോ; കശുമാവിൻ കൃഷി നടത്താൻ വേണ്ടി 4 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു ഉന്നതതല സമിതി അന്വേഷിച്ച് വിശദമായ റിപ്പോർട്ടും എസ്.ടി. വകുപ്പ് ഡയറക്ടറുടെ ഇൻസ്പെക്ഷൻ റിപ്പോർട്ടും രണ്ടാഴ്ചക്കുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### കാസർഗോഡ് ജില്ല

### കിനാനൂർ - കരിന്തളം ഗ്രാമപഞ്ചായത്ത്

84. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെടുത്തി മുഴുവൻ വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ടെന്നും ലൈഫ് മിഷനിൽ ഉൾപ്പെടുത്തി മുഴുവൻ ഭവനരഹിതർക്കും വീട് നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ കിനാനൂർ - കരിന്തളം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി തീരുമാനിച്ചു.

### പനത്തടി ഗ്രാമപഞ്ചായത്ത്

85. പനത്തടി ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ കുറെ നാളുകളായി ഒരു തരത്തിലുമുള്ള വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് എല്ലാ വർഷവും കളക്ടറുടെ നേതൃത്വത്തിൽ എം.എൽ.എ. യും എല്ലാ വകുപ്പുകളും ചേർന്ന് പ്രശ്നങ്ങൾ പരിഹരിക്കാറുണ്ട് എന്നും ജലദൗർലഭ്യത്തിന്റെ പ്രശ്നമില്ല എന്നും ഒ.ഡി.എഫ് പദ്ധതിയിൽപ്പെടുത്തി എല്ലാവർക്കും കക്കൂസ് നിർമ്മിച്ച് കൊടുത്തിട്ടുണ്ട് എന്നും എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ചിട്ടുണ്ട് എന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ അടുത്തുള്ള സ്കൂൾ കല്ലപ്പള്ളി എന്ന സ്ഥലത്താണെന്നും അങ്ങോട്ടേക്ക് റോഡ് സൗകര്യം ഇല്ലെന്നും ഈ റോഡ് പണിയാൻ 6.5 കോടി രൂപയെങ്കിലും വേണമെന്നും അതിനുള്ള ഫണ്ട് പഞ്ചായത്തിൽ ഇല്ലെന്നും സെക്രട്ടറി അറിയിച്ചു.

86. വഴിയുടെ പ്രശ്നമുള്ളതുകൊണ്ട് വഴിവിളക്ക് സ്ഥാപിക്കാൻ സാധിക്കുകയില്ല എന്ന് സെക്രട്ടറി അറിയിച്ചപ്പോൾ ട്രൈബൽ ഡിപ്പാർട്ട്മെന്റുമായി ചേർന്ന് most indigenous tribe എന്നുള്ള നിലയിൽ ഈ പ്രശ്നം ഏറ്റെടുക്കാമെന്ന് എസ്.ടി. വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

87. പനത്തടി പഞ്ചായത്തിലെ കുടിയ വിഭാഗത്തിലെ ആദിവാസികൾ താമസിക്കുന്ന കമ്മാടി കോളനിയിൽ ശുദ്ധമായ കുടിവെള്ള സൗകര്യവും ശുചിത്വവുമുള്ള കക്കൂസുകളും ഇല്ലായെന്നും 7 കിലോമീറ്റർ അകലെയുള്ള കല്ലപ്പള്ളി സർക്കാർ എൽ.പി. സ്കൂളുകളിലേക്ക് റോഡ് സൗകര്യമില്ലായെന്നും സ്കൂളിൽ കൊഴിഞ്ഞുപോക്ക് കൂടി വരുന്നു എന്നുമുള്ള ഓഡിറ്റ് പരാമർശങ്ങളും പഞ്ചായത്ത് അധികൃതരുടെ ഇതുസംബന്ധിച്ചുള്ള വിശദീകരണങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്ന് നിരീക്ഷിച്ച സമിതി ഈ വിഷയം ഗൗരവമായി കാണുന്നു എന്നും ഇതുസംബന്ധിച്ച് ഓഡിറ്റ് വിഭാഗം ഒരിക്കൽ കൂടി പരിശോധിക്കണമെന്നും അതിനുശേഷം സമിതി അത് പരിശോധിക്കുമെന്നും അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ / ശിപാർശകൾ**

**88. പനവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**89. പാങ്ങോട് ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡുകൾ ശോചനീയാവസ്ഥയിലാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത കോളനികളിലേയ്ക്കുള്ള റോഡ് നിർമ്മാണത്തിന് ജനറൽ ഫണ്ട് ഉപയോഗിക്കുന്നതിന് ആനുപാതികമായി പട്ടികവർഗ്ഗ/പട്ടികജാതി വിഭാഗത്തിന്റെ ഫണ്ടുകൂടി ഉപയോഗിക്കാൻ അനുമതി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**90. തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ ഓഡിറ്റ് ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള അപാകതകൾ ഇപ്പോഴും നിലനിൽക്കുന്നതായി ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**91. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ ഭൂരിഭാഗം എസ്.സി. കോളനികളിലും ഡ്രെയിനേജ് സൗകര്യമില്ലാത്തതിനാൽ മാലിന്യ ടാങ്കുകൾ മഴക്കാലത്ത് ഇപ്പോഴും നിറഞ്ഞൊഴുകുന്നതായി ഓഡിറ്റ് വകുപ്പ് അറിയിച്ചതിന്റെ**

അടിസ്ഥാനത്തിൽ എല്ലാ കോളനികളിലും മാലിന്യ ടാങ്കുകൾക്ക് പകരം ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ സഹകരണത്തോടെ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

92. ആറന്മുള ഗ്രാമപഞ്ചായത്തിലെ ഏഴിക്കോട് കോളനിയിലെ നവീകരണ പ്രവർത്തനങ്ങൾ കോളനിയിലെ ചിലർ തടസ്സപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് നിയമ നടപടി സ്വീകരിക്കേണ്ടതായിരുന്നു എന്ന് സമിതി നിരീക്ഷിക്കുന്നതിനോടൊപ്പം പ്രസ്തുത നവീകരണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുന്നു. അതോടൊപ്പം മാലക്കര-പുളിന്താനം പട്ടികജാതി കോളനിയിലെ നടപ്പാതയോട് ചേർന്നുള്ള പാറക്കുളത്തിന്റെ 25 മീറ്ററോളം ഭാഗത്ത് കൈവരി കെട്ടാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്നും അതിനുശേഷം ടി സ്ഥലത്തെ പാറ ഖനനം നടത്തിയ വ്യക്തിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

93. പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ എടുത്തതിന് ശേഷം 6000 രൂപ പഞ്ചായത്ത് നല്കാറുണ്ടെങ്കിലും അതിൽ കൂടുതൽ ചെലവ് വരുന്നതിനാൽ കോളനിവാസികൾ കണക്ഷനെടുക്കാൻ വിമുഖത കാണിക്കുന്നുവെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ എസ്.സി. കുടുംബങ്ങൾക്ക് വീട്ടിലേയ്ക്ക് വാട്ടർ കണക്ഷൻ എടുക്കുന്നതിന് എത്ര തുക ചെലവാകുമെന്ന് എഞ്ചിനീയർമാർ സൈറ്റ് പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ചെലവുവരുന്ന തുക പഞ്ചായത്ത് ഗുണഭോക്താക്കൾക്ക് നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത ഗ്രാമപഞ്ചായത്തിലെ കൊല്ലംവെളി കോളനിയിലെ റോഡ് ടാറിംഗ് പൂർത്തീകരിച്ചെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ടി പഞ്ചായത്തിലെ കാളിവീട് കോളനിയിൽ നിർമ്മിച്ച റോഡ് മറ്റ് റോഡുകളുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തിയും ടി കോളനിയിലെ ചാലിന്റെ വശങ്ങൾ കെട്ടി സ്ലാബിടുന്ന പ്രവൃത്തിയും അടിയന്തരമായി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്നും കോളനിയിലെ കുടിവെള്ള കണക്ഷൻ ലഭിക്കാത്ത 10 കുടുംബങ്ങൾക്കും കൂടി കുടിവെള്ള കണക്ഷൻ നൽകാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

94. പ്രസ്തുത പഞ്ചായത്തിലെ പാറയിൽ ഭാഗം കോളനിയിലെ, താമസയോഗ്യമായ വീടില്ലാത്തതായി പഞ്ചായത്ത് സെക്രട്ടറി അറിയിച്ച 5 പേർക്ക് കൂടി വീട് ലഭ്യമാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

95. ആലപ്പുഴ നഗരസഭയുടെ ഭാഗമായ അവലൂക്കുന്ന് കോളനിയുടെ വികസന പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ കുടുംബശ്രീയെ ഏൽപ്പിച്ചിരുന്നുവെങ്കിലും ഫണ്ട് ഏൽപ്പിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പണി പൂർത്തീകരിക്കാത്ത നടപടി ശരിയല്ലെന്നും അവലൂക്കുന്ന് കോളനിയോട് കാണിക്കുന്നത് കടുത്ത അവഗണനയാണെന്നും സമിതി വിലയിരുത്തുന്നു. കുടുബശ്രീ നിലവിൽ ഒരു വീടിന്റെ പണി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂവെന്നും ബാക്കി വീടുകളുടെ നിർമ്മാണത്തിൽ സർക്കാർ അടിയന്തരമായി ഇടപെടണമെന്നും പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനുള്ള നടപടി വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നും പ്രസ്തുത വീട് നിർമ്മാണം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, പ്രസ്തുത കോളനിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

96. ചെന്നിത്തല - തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിലെ വള്ളാംകടവ് കോളനിയിൽ നിലവിൽ ഒരു കിണറിൽ നിന്നും 4 കുടുംബങ്ങൾ വെള്ളമെടുക്കുന്നുണ്ടെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഒരു കിണറിൽ നിന്നും നാല് കുടുംബങ്ങൾ വെള്ളമെടുക്കുന്നതുമായി ബന്ധപ്പെട്ട് തർക്കം വരാൻ സാധ്യതയുണ്ടെന്നും ആയതിനാൽ പകരം സംവിധാനം വേണമെന്നും സമിതി വിലയിരുത്തുന്നു. കൂടാതെ, കിണറിൽ നിന്നുള്ള ജലം ശുദ്ധമാണോയെന്ന് പരിശോധിക്കുന്നതിനും നിലവിലെ കുടിവെള്ള വിതരണ സംവിധാനത്തോടൊപ്പം പൊതുടാപ്പ് വഴി കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികളും അടിയന്തരമായി കൈക്കൊള്ളണമെന്നും സമിതി നിർദ്ദേശിക്കുന്നു.

97. എടത്വ ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളുടെ നടുവിൽ സ്ഥിതി ചെയ്യുന്ന കുഴൽകിണറുകളിൽ നിന്നുള്ള വെള്ളം, അമ്ലത്തിന്റെ സാന്നിദ്ധ്യം മൂലം ഉപയോഗയോഗ്യമല്ലാതായതിനാൽ കോളനികളിലേയും സങ്കേതങ്ങളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പഞ്ചായത്ത് മുൻകൈയ്യെടുത്ത് ഒരു പ്രോജക്ട് തയ്യാറാക്കി കേരള ജല അതോറിറ്റിയുടെ എസ്റ്റിമേറ്റോടു കൂടി പദ്ധതി സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

98. ഉദയനാപുരം ഗ്രാമപഞ്ചായത്ത് വാഴമന ഭാഗത്ത് നടപ്പാക്കുന്ന റോഡ് പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

99. കോട്ടയം നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

100. ചങ്ങനാശ്ശേരി നഗരസഭയിലെ മനയ്ക്കച്ചിറ കോളനിയിൽ വീട് നിർമ്മാണത്തിന് ഭീഷണിയായി നിൽക്കുന്ന വെള്ളക്കെട്ടിനെ അതിജീവിക്കുന്നതിനായി നവീന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഭവന നിർമ്മാണ പദ്ധതി തയ്യാറാക്കി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

101. അടിമാലി ബ്ലോക്ക് പഞ്ചായത്തിൽ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനും പ്ലാൻ ഫണ്ട് മോണിറ്റർ ചെയ്യുന്നതിനും നിരീക്ഷണ സമിതികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

102. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ മലമ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

103. കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ പുത്തൻപാടം, പറത്തോട് എന്നീ കോളനിവാസികൾ പട്ടികജാതിക്കാരുടെ ആചാരങ്ങളാണ് പാലിക്കുന്നതെന്നും തന്മൂലം ഇവരെ പട്ടികവർഗ്ഗക്കാരായി പരിഗണിക്കാൻ കഴിയില്ലെന്നും കിർത്താഡ്സ് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രശ്നം തൃപ്തികരമായി പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

104. ഷോളയൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം ഷോളയൂർ ഗ്രാമപഞ്ചായത്തിലെ കള്ളക്കര കുടിവെള്ള പദ്ധതിയുടെ വിപുലീകരണവും പദ്ധതി വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്നതും സംബന്ധിച്ച് വാട്ടർ അതോറിറ്റി എം.ഡി.യുമായി ചർച്ച ചെയ്യുന്നതിന് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

105. താഴെക്കോട് ഗ്രാമപഞ്ചായത്തിലെ താഴെ ഇരിഞ്ഞാണി, മേലെ ഇരിഞ്ഞാണി എന്നീ രണ്ട് പട്ടികവർഗ്ഗ കോളനികളിലെ 9 കുടുംബങ്ങൾക്ക് വീട് നൽകാൻ സാധിച്ചിട്ടില്ലെന്നും ഇവരുടെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് കേസ് നിലവിലുണ്ടെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖ റവന്യൂ വകുപ്പിൽ നിന്നും ആവശ്യപ്പെടുന്നതിനും ഇതു സംബന്ധിച്ച് നിലവിലുള്ള കേസിൽ പഞ്ചായത്ത് കക്ഷി ചേരുന്നതിനും അതിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

106. വാണിമേൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട പരാമർശ വിധേയമായ കോളനികളിൽ നടപ്പിലാക്കുന്ന കുടിവെള്ളപദ്ധതി നാളിതുവരെ പ്രവർത്തനക്ഷമ മായിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

107. പ്രസ്തുത കോളനികളുടെ സമഗ്രവികസനത്തിനായി റോഡ്, കളിസ്ഥലം, ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണത്തിന് പഞ്ചായത്ത് ഒരു പ്രോജക്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

108. സർക്കാരിന്റെയും ഓഡിറ്റ് വകുപ്പിന്റെയും മറുപടിയുടെ അടിസ്ഥാനത്തിൽ വടകര നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

109. പേരാമ്പ്ര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

110. വൈത്തിരി ഗ്രാമപഞ്ചായത്തിലെ പ്രവർത്തനം നിലച്ച പ്രിയദർശിനി എസ്റ്റേറ്റിൽ 40 വർഷങ്ങൾക്ക് മുൻപ് പണിതതും നിലവിൽ നാശോന്മുഖവുമായ ക്വാർട്ടേഴ്സുകളിൽ ഇപ്പോഴും താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഇവർക്ക് പട്ടികവർഗ്ഗ വകുപ്പിൽ നിന്നും സ്ഥലം ലഭ്യമാക്കുന്ന നടപടിയും അതിനുശേഷം പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി വീടുവയ്ക്കുന്നതിനുള്ള നടപടിയും ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

111. തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ നിലവിലും കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന ഓഡിറ്ററിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അടിസ്ഥാന സൗകര്യങ്ങൾ അടിയന്തരമായി ഈ കുടുംബങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

112. ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയമായ എസ്.റ്റി. കോളനികളിൽ നിലനിൽക്കുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

113. ആറളം ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനിയായ ചതിരൂർ 110 കോളനിയിലെ മുഴുവൻ കുടുംബങ്ങളുടെയും പട്ടിണി ഇല്ലാതാക്കാൻ നിലവിലെ നടപടികൾക്ക് സാധിച്ചിട്ടില്ല എന്ന ഓഡിറ്ററിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു ഉന്നതതല സമിതി ചതിരൂർ 110 കോളനി നേരിട്ടുസന്ദർശിച്ച് അവിടത്തെ പുരുഷന്മാർ, വിദ്യാർത്ഥികൾ, ഗർഭിണികളായ സ്ത്രീകൾ എന്നിവരുടെ എണ്ണം; തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ദിവസം തൊഴിൽ കൊടുത്തു; എത്ര പുരുഷന്മാർ ജോലിക്ക് പോകുന്നുണ്ട്; രോഗികൾ എത്ര; പുറത്ത് ജോലിക്ക് പോകുമ്പോൾ തൊഴിലുറപ്പിനേക്കാൾ കൂടുതൽ കൂലി കിട്ടുന്നുണ്ടോ; ആ പണം വീടുകളിൽ എത്തുന്നുണ്ടോ; പട്ടിണി സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; പട്ടിണി ഉണ്ടാകാനുള്ള കാരണമെന്താണ്; ഇവരുടെ റേഷൻ കാർഡുകൾ ഏത് തരത്തിൽ ഉള്ളതാണ്, റേഷൻ സമ്പ്രദായ പ്രകാരമുള്ള ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാകുന്നുണ്ടോ; NGO കളുടെ ഇടപെടൽ ഉണ്ടോ; അംഗൻവാടികളിൽ നിന്നും പോഷകാഹാര വിതരണം നടക്കുന്നുണ്ടോ; എന്നിവ സംബന്ധിച്ചും കൂടാതെ കോളനി വക സ്ഥലത്ത് കശുമാവ് കൃഷി നടത്താൻ 4 ലക്ഷം രൂപ വകയിരുത്തിയതിന്റെ വിശദാംശങ്ങൾ സംബന്ധിച്ചും അന്വേഷിച്ച് വിശദമായ റിപ്പോർട്ടും എസ്.ടി. വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

114. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**115. പനത്തടി പഞ്ചായത്തിലെ കുടിയ വിഭാഗത്തിലെ ആദിവാസികൾ താമസിക്കുന്ന കമ്മാടി കോളനിയിൽ ശുദ്ധമായ കുടിവെള്ള സൗകര്യവും ശുചിത്വവുമുള്ള കക്കൂസുകളും ഇല്ലായെന്നും 7 കിലോമീറ്റർ അകലെയുള്ള കല്ലപ്പള്ളി സർക്കാർ എൽ.പി. സ്കൂളുകളിലേയ്ക്ക് റോഡ് സൗകര്യമില്ലായെന്നും സ്കൂളിൽ കൊഴിഞ്ഞു പോക്ക് കൂടി വരുന്നു എന്നുമുള്ള ഓഡിറ്റ് പരാമർശങ്ങളും പഞ്ചായത്ത് അധികൃതരുടെ ഇതുസംബന്ധിച്ചുള്ള വിശദീകരണങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്ന് നിരീക്ഷിച്ച സമിതി മേൽ വിഷയം ഓഡിറ്റ് വിഭാഗം ഒരിക്കൽ കൂടി പരിശോധിക്കണമെന്ന് ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

പദ്ധതി നിർവ്വഹണ ധനവിനിയോഗ കാര്യക്ഷമത

വ്യക്തമായ ആസൂത്രണ കാഴ്ചപ്പാടും, വിവരശേഖരണവും ഇല്ലാത്തതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന പദ്ധതികൾ പൂർണ്ണമായും നടപ്പാക്കാൻ കഴിയുന്നില്ല. കൂടാതെ പദ്ധതികൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുന്ന ഒട്ടേറെ സംഭവങ്ങളുമുണ്ട്. പൊതുവിഭാഗവുമായി താരതമ്യം ചെയ്യുമ്പോൾ എസ്.സി./എസ്.ടി. മേഖലകളിൽ ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ വീഴ്ച വരുന്നതായും വ്യക്തമാവുന്നു.

12-ാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും, അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം [സ. ഉ. (എം.എസ്.) നമ്പർ 362/2013/ത.സ്വ.ഭ.വ. തീയതി 16.11.2013] എസ്. സി.പി./ടി.എസ്.പി. പദ്ധതികൾ തയ്യാറാക്കേണ്ട രീതി വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയുടെ ഖണ്ഡിക 9.3(1) വ്യക്തമാക്കുന്നത് എസ്.സി./ എസ്.റ്റി. സമഗ്ര സർവ്വേയുടെ ഡാറ്റ അടിസ്ഥാനപ്പെടുത്തിയാവണം എസ്.സി.പി./ ടി.എസ്.പി. പദ്ധതികൾ തയ്യാറാക്കേണ്ടത് എന്നാണ്. കൂടാതെ, എസ്.സി.പി./ ടി.എസ്.പി. മേഖലകളിൽ കുടുംബകേന്ദ്രീകൃത സമീപനത്തിലൂടെ ഓരോ കുടുംബത്തിന്റെയും സാമൂഹിക സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകണമെന്നും മാർഗ്ഗരേഖ നിർദ്ദേശിക്കുന്നു. ഇത് സാധ്യമാകണമെങ്കിൽ എസ്.സി./എസ്.ടി. വിഭാഗങ്ങളിലെ ഓരോ കുടുംബത്തിന്റെയും സാമൂഹിക സാമ്പത്തിക വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പക്കൽ ഉണ്ടാകേണ്ടതുണ്ട്. എന്നാൽ ഇത്തരം വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കില്ല. പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പല പദ്ധതികളിലും ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തതും പണം ചെലവഴിക്കാൻ കഴിയാത്തതും ശരിയായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം നടക്കാത്തതിനാലാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.7)

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

116. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള തടസ്സം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

<u>നിഗമനങ്ങൾ ശിപാർശകൾ</u>

**117. ഓഡിറ്റ് പരാമർശത്തിൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

<u>ഭൂമി വാങ്ങൽ, ഭവനനിർമ്മാണം</u>

ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി പ്രകാരം പട്ടികജാതി കുടുംബങ്ങൾ വീടുവെക്കുവാനായി കൊല്ലം കോർപ്പറേഷനിൽ വാങ്ങിയ ഭൂമികളിലേറെയും അതിനു അനുയോജ്യമല്ലാത്തവയും വഴിയും കുടിവെള്ള സൗകര്യവും ഇല്ലാത്തതുമാണ്. മേൽ പദ്ധതിപ്രകാരം ആദിച്ചനല്ലൂർ വില്ലേജിൽ 17 പട്ടികജാതി കുടുംബങ്ങൾക്കായി വാങ്ങിയ 46.75 സെന്റ് സ്ഥലം പാരിസ്ഥിതിക ദുർബലപ്രദേശമാണ്. ഇരവിപുരം വില്ലേജിൽ 11 പട്ടികജാതി കുടുംബങ്ങൾക്കായി വാങ്ങിയ 22 സെന്റ് സ്ഥലം, മങ്ങാട് വില്ലേജിൽ 7 പട്ടികജാതി കുടുംബങ്ങൾക്ക് വാങ്ങിയ 14 സെന്റ് സ്ഥലം എന്നിവ നിലങ്ങളാണ്. മേൽ കാരണങ്ങളാൽ ഈ സ്ഥലങ്ങളിൽ ഭവനനിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനുമതി ലഭിക്കാത്ത സാഹചര്യമാണുള്ളത്. വസ്തു സംബന്ധമായ വ്യവഹാരങ്ങളിൽ വേണ്ടത്ര പരിജ്ഞാനമില്ലാത്ത പട്ടികജാതിക്കാർ വാങ്ങുന്ന ഭൂമി ഭവനനിർമ്മാണത്തിന് അനുയോജ്യമാണോ എന്നുറപ്പാക്കേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ചുമതലയാണ്. മേൽ പദ്ധതിക്ക് അനുയോജ്യമല്ലാത്ത ഭൂമി വാങ്ങാനിടയായത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണത്തിനായി ഭൂമി വാങ്ങാൻ 2013-14 ൽ 130 പേർക്കും, 2014-15-ൽ 43 പേർക്കും യഥാക്രമം 3.90 കോടി രൂപ, 1.29 കോടി എന്നിങ്ങനെ തുകകൾ ചെലവഴിച്ചിട്ടുണ്ട്. ഇത്തരത്തിൽ വാങ്ങിയ ഭൂമി ഓഡിറ്റ് സംഘം നേരിട്ട് പരിശോധിച്ചു. മിക്ക ഭൂമിയും പാടശേഖരങ്ങളോടു ചേർന്നുള്ള താഴ്ന്ന പ്രദേശങ്ങളിൽ ഉള്ളതും, ഭവനനിർമ്മാണം നടത്താൻ കഴിയാത്തവയുമാണ്. പദ്ധതി പ്രകാരം വാങ്ങിയ ഭൂമിയിലെ കുടിവെള്ള ലഭ്യത, വെള്ളക്കെട്ട്, വഴി സൗകര്യം എന്നിവ സംബന്ധിച്ചുള്ള മുൻ പരിശോധനകൾ ഒന്നും തന്നെ നഗരസഭ നടത്തിയിട്ടില്ല.

നഗരസഭ വാങ്ങി നൽകിയ സ്ഥലങ്ങളിൽ പരിശോധന നടത്തിയതിൽ നിന്നും ഗുണഭോക്താക്കളാരും അവിടെ ഭവനനിർമ്മാണം നടത്തിയിട്ടില്ല എന്നു വ്യക്തമായി. പല സ്ഥലങ്ങളും വെള്ളം നിറഞ്ഞുകിടക്കുന്ന പാടങ്ങളോ, താഴ്ന്ന പ്രദേശങ്ങളോ ആയതിനാൽ ഗുണഭോക്താക്കൾക്ക് അവരുടെ ഭൂമി കൃത്യമായി ചൂണ്ടിക്കാട്ടുവാൻ പോലും കഴിഞ്ഞില്ല.

കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ 1359 എസ്.സി. കുടുംബങ്ങളിൽ 75 എണ്ണവും, 210 എസ്.ടി. കുടുംബങ്ങളിൽ 4 എണ്ണവും ഭൂരഹിതരാണ്. എന്നാൽ 2012-13 മുതൽ 2014-15 വരെയുള്ള കാലയളവിൽ ഭൂമി നൽകാനുള്ള പദ്ധതികളൊന്നും ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടില്ല.

എറണാകുളം ജില്ലയിലെ കോട്ടുവള്ളി ഗ്രാമപഞ്ചായത്തിൽ പട്ടികജാതിക്കാർക്ക് ഫ്ളാറ്റ് നിർമ്മിക്കുവാനായി 2012-13 ൽ 37.60 സെന്റ് സ്ഥലം വാങ്ങിയെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ചുറ്റുമതിൽ നിർമ്മാണം ഉൾപ്പെടെ 56.34 ലക്ഷം രൂപ ചെലവഴിച്ച സ്ഥലം ഇപ്പോൾ കാടുപിടിച്ചു കിടക്കുന്നു.

പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിൽ 2009-10 ൽ 12 ഗുണഭോക്താക്കൾക്കായി നൽകിയ ഭൂമി നാളിതു വരെ അതിർത്തി തിരിച്ച് അളന്നു നൽകിയിട്ടില്ല. ഇതുമൂലം ഭവനനിർമ്മാണം ആരംഭിക്കുവാൻ ഗുണഭോക്താക്കൾക്ക് കഴിഞ്ഞിട്ടില്ല. ഷൊർണ്ണൂർ നഗരസഭയിൽ 2014-15-ൽ ഭവനനിർമ്മാണത്തിന് 1 കോടി രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പാക്കിയില്ല.

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ ഭൂരഹിതരായ ധാരാളം പട്ടികവർഗ്ഗക്കാർ വിവിധ കോളനികളിലായി കഴിയുന്നു. അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ 242 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയില്ല. വൈത്തിരി ഗ്രാമപഞ്ചായത്തിലെ 6 പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങാൻ സബ്സിഡി നൽകിയിട്ടുണ്ട്. ഇതൊഴിച്ചാൽ മേൽ ഗ്രാമപഞ്ചായത്തുകൾ സ്ഥലം വാങ്ങി നൽകുന്ന പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

തലശ്ശേരി നഗരസഭയിൽ ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങാൻ ധനസഹായം നൽകുന്നതിന് തയ്യാറാക്കിയ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ 2013-14-ൽ 24 പേരും, 2014-15 ൽ 26 പേരും ഉൾപ്പെട്ടിരുന്നു. എന്നാൽ 2013-14-ൽ 3 പേർക്കും, 2014-15 ൽ 5 പേർക്കും മാത്രമാണ് ഭൂമി വാങ്ങാൻ ധനസഹായം നൽകിയിട്ടുള്ളത്.

കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ 1359 എസ്.സി. കുടുംബങ്ങളിൽ 140 പേർ ഭവനരഹിതരാണ്. എന്നാൽ ഭവന പദ്ധതികൾ നടപ്പാക്കുന്നതിൽ ഗ്രാമപഞ്ചായത്തിൽ കാര്യമായ പുരോഗതിയില്ല.

പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിൽ 192 പേർ തകരഷീറ്റ്, പ്ലാസ്റ്റിക്ക് എന്നിവ കൊണ്ടുള്ള മേൽക്കൂരയുള്ള വീടുകളിലാണ് താമസിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഐ.എ.വൈ. ഭവന പദ്ധതി മാത്രമാണ് നടപ്പാക്കി വരുന്നത്.

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ വിവിധ പട്ടികജാതി കോളനികളിലായി 17 കുടുംബങ്ങൾക്കും, പട്ടികവർഗ്ഗ കോളനികളിൽ 2 കുടുംബങ്ങൾക്കും പട്ടികജാതി സങ്കേതങ്ങളിൽ 9 കുടുംബങ്ങൾക്കും വാസയോഗ്യമായ വീടുകളില്ല. പാറയിൽ ഭാഗം കോളനിയിൽ ആകെയുള്ള 11 കുടുംബങ്ങളിൽ 7 എണ്ണത്തിനും താൽക്കാലിക ഷെഡ്ഡുകൾ മാത്രമാണുള്ളത്.

ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ വാസയോഗ്യമായ വീടില്ലാത്ത പട്ടികവിഭാഗക്കാരുടെ എണ്ണം വളരെ കൂടുതലാണ്. 545 പട്ടികവർഗ്ഗ കുടുംബങ്ങളും, 22 പട്ടികജാതി കുടുംബങ്ങളും പുല്ല്, തകരഷീറ്റ്, പ്ലാസ്റ്റിക്ക് എന്നിവ കൊണ്ടു നിർമ്മിച്ച കുടിലുകളിൽ കഴിയുന്നവരാണ്. 2012-13, 2013-14 വർഷങ്ങളിൽ പട്ടികജാതിക്കാർക്കായി ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിച്ചിരുന്നുവെങ്കിലും നിർവ്വഹണത്തിൽ പുരോഗതി ഉണ്ടായിട്ടില്ല. ഒരു ഗുണഭോക്താവ് മാത്രമാണ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. 2014-15-ൽ പത്തു ലക്ഷം രൂപ അടങ്കലിൽ പട്ടികജാതി ഭവന പദ്ധതി രൂപീകരിച്ചെങ്കിലും നടപ്പിലാക്കിയില്ല. ഈ മൂന്ന് വർഷങ്ങളിലും പട്ടികവർഗ്ഗ വിഭാഗത്തിന് ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്ത് 2014-15-ൽ 21 ലക്ഷം രൂപ അടങ്കലിൽ 14 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും ഒരാൾക്കു മാത്രമാണ് ആനുകൂല്യം നൽകിയത്. ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കുന്നതിലെ കാലതാമസം പദ്ധതി പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നതായി ഉദ്യോഗസ്ഥൻ അറിയിച്ചു.

വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ 2010-11-ൽ പട്ടികവർഗ്ഗക്കാർക്കായി ആരംഭിച്ച ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിൽ 80 ഗുണഭോക്താക്കൾ ഉണ്ടായിരുന്നുവെങ്കിലും നാളിതുവരെ 33 വീടുകൾ മാത്രമാണ് പൂർത്തീകരിച്ചത്. പദ്ധതിയ്ക്കായി 75,58,750/-രൂപ ചെലവഴിച്ചിട്ടുണ്ട്.

തലശ്ശേരി നഗരസഭയിൽ ഭവന പദ്ധതിയ്ക്ക് 2013-14 വർഷം 12 ലക്ഷം രൂപ വകയിരുത്തിയെങ്കിലും (പ്രോജക്ട് നം. 184/13-14) ഒരാൾക്ക് മാത്രമാണ് ആനുകൂല്യം ലഭിച്ചത്.

കാസർഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമപഞ്ചായത്തിൽ പുതിയ ഭവന പദ്ധതികൾ ഒന്നും തന്നെ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. ഐ.എ.വൈ. വിഹിതം കൈമാറിയെങ്കിലും പദ്ധതിയിൽ ആരംഭിച്ച വീടുകളിൽ 21 എണ്ണം പൂർത്തിയാവാതെ അവശേഷിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.7.1.)

ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

## കൊല്ലം കോർപ്പറേഷൻ

118. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം വീടുവയ്ക്കുന്നതിനായി വാങ്ങിയ സ്ഥലങ്ങൾ നിലങ്ങളാണ് എന്നതാണ് ഓഡിറ്റ് തടസ്സം എന്നും അക്കാലത്ത് ഭൂമി വാങ്ങുന്നതിനുവേണ്ടി കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപയായിരുന്നു അനുവദിച്ചിരുന്നതെന്നും കോർപ്പറേഷൻ പരിധിയിൽ പ്രസ്തുത തുകയ്ക്ക് എല്ലാ സൗകര്യങ്ങളോടും കൂടിയ ഭൂമി വാങ്ങുന്നതിന് പരിമിതികളുണ്ടായിരുന്നുയെന്നും ആ സാഹചര്യത്തിലാണ് പ്രസ്തുത ഭൂമി വാങ്ങിയതെന്നും ആയത് നിലങ്ങളായതുകൊണ്ട് അവിടെ വീട് പണിയുന്നതിന് തടസ്സമുണ്ടായെന്നും നിലവിൽ ഭൂമി വെറുതെ കിടക്കുകയാണെന്നും നിലമായതിനാൽ ഭൂമി നികത്തുന്നതിനെതിരെ പൊതുജനങ്ങളുടെ ഭാഗത്തുനിന്നും പ്രതിഷേധമുണ്ടായിരുന്നെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. 2011-12 കാലയളവിൽ ഒരു സ്വകാര്യ വ്യക്തിയിൽ നിന്നും വാങ്ങിയ ഭൂമി 46 സെന്റുണ്ടായിരുന്നെന്നും 2011-12 കാലയളവിൽ ഒരു സെന്റിന് ഒരു ലക്ഷം രൂപ വീതവും 2012-13 കാലയളവിൽ രണ്ട് ലക്ഷം രൂപ വീതം നൽകിയാണ് സ്ഥലം

വാങ്ങിയതെന്നും അയാൾ കോർപ്പറേഷനെ കബളിപ്പിച്ചെന്ന് കാണിച്ച് റവന്യൂ റിക്കവറി നടപടി നടത്തിയെങ്കിലും ടിയാൻ അതിനെതിരെ ഹൈക്കോടതിയെ സമീപിച്ച് കേസിൽ സ്റ്റേ വാങ്ങിയെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി കൂട്ടിച്ചേർത്തു. പഞ്ചായത്ത് തന്നെ വാങ്ങി നൽകിയ ഭൂമി ഈ കുടുംബങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത അഴിമതി ചൂണ്ടിക്കാട്ടി ഗുണഭോക്താക്കളെ ഭൂമിയുള്ള വീടില്ലാത്തവരുടെ കാറ്റഗറിയിൽ നിന്നും ഒഴിവാക്കി ഭൂമിയും വീടുമില്ലാത്തവരുടെ കാറ്റഗറിയിൽ ഉൾക്കൊള്ളിക്കണമെന്ന് ആവശ്യപ്പെട്ട് അവർ തന്നെ അപേക്ഷ നൽകണമെന്നും ഈ വിഷയത്തിൽ സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങി ബന്ധപ്പെട്ടവർക്ക് വീട് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും അതിന് ശേഷം കോർപ്പറേഷനു തന്നെ ഭൂമി തിരിച്ചെടുക്കുവാൻ സാധിക്കുമെന്നും സമിതി നിരീക്ഷിക്കുകയും പ്രസ്തുത അഴിമതിയ്ക്ക് കാരണക്കാരായ എല്ലാ ഉദ്യോഗസ്ഥർക്കുമെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിക്കുകയും ചെയ്തു.

<u>തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ</u>

119. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2013-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച പ്രകാരം തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ പട്ടികജാതിയിൽപ്പെട്ട ഭവനരഹിതർക്ക് പണം നൽകുകയും കോർപ്പറേഷൻ പരിധിയിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ അവർ നഗരസഭയ്ക്ക് പുറത്ത് സ്ഥലം വാങ്ങുകയാണ് ചെയ്തതെന്നും അതിൽ 173 പേർ ഭൂമി വാങ്ങുകയും 56 പേർ വീട് വയ്ക്കുകയും ചെയ്തെന്നും ബാക്കിയുള്ള 117 പേർക്ക് വാങ്ങിയ സ്ഥലം നിലമായതിനാൽ വീട് വയ്ക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും, കൂടാതെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ പ്രസ്തുത ഭൂമി പരിശോധിച്ചിരുന്നുവെന്നും നിലവിൽ അവരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി.

120. പ്രസ്തുത ഭൂമി ഗുണഭോക്താക്കളുടെ കൈവശമുണ്ടോ അതോ മറിച്ചു വിറ്റോയെന്നും ടി ഗുണഭോക്താക്കൾ തന്നെയാണോ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും അതോടൊപ്പം തൃശ്ശൂർ കോർപ്പറേഷൻ പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിനായി എവിടെയെല്ലാം സ്ഥലം വാങ്ങിയിട്ടുണ്ട് എന്നുമുള്ള വിവരം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. പരാമർശ വിധേയമായ ഭൂമി പരിശോധിച്ച് വാസയോഗ്യമായ ഭൂമിയാണെന്ന് സാക്ഷ്യപ്പെടുത്തിയ എഞ്ചിനിയറിംഗ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും ടി സ്ഥലങ്ങൾ ഇപ്പോഴും ഗുണഭോക്താക്കളുടെ പേരിൽ തന്നെയാണോയെന്ന് കോർപ്പറേഷൻ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനും പ്രസ്തുത ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ വീടും ഭൂമിയുമില്ലാത്തവരുടെ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും സമിതി നിർദ്ദേശിച്ചു.

<u>കോട്ടുവള്ളി ഗ്രാമപഞ്ചായത്ത്</u>

121. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫ്ലാറ്റ് നിർമ്മിക്കുവാനായി 37 സെന്റ് സ്ഥലം വാങ്ങിയെങ്കിലും ആദ്യം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാരിലേയ്ക്ക് അനുമതിക്കായി സമർപ്പിച്ചപ്പോൾ 50 സെന്റ് സ്ഥലം വേണമെന്ന മാനദണ്ഡം ചൂണ്ടിക്കാണിച്ച് പ്രൊപ്പോസൽ നിരസിക്കുകയാണുണ്ടായതെന്നും ഇക്കാരണങ്ങൾ പരിഗണിച്ച് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഭൂരഹിത ഭവനരഹിതർക്ക് ഉതകുന്ന വിധത്തിൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി.

122. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

123. ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗവിഭാഗങ്ങൾക്കായി ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ചെങ്കിലും പുരോഗതിയുണ്ടായിട്ടില്ലായെന്ന് വിലയിരുത്തിയ സമിതി ഇതുസംബന്ധിച്ച് ആരാഞ്ഞതിന് 2012-13 വർഷത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി 10 ലക്ഷം രൂപയുടെ ഭവനനിർമ്മാണ പദ്ധതി ആവിഷ്ക്കരിക്കുകയുണ്ടായെന്നും ടി പദ്ധതി ഏറ്റെടുത്തുവെങ്കിലും നിർവ്വഹണത്തിൽ പുരോഗതിയുണ്ടായില്ലെന്നും അന്ന് ഒരു ഗുണഭോക്താവ് മാത്രമാണ് എഗ്രിമെന്റ് വെച്ചതെന്നും 2013-14 വർഷത്തിൽ സർക്കാരിന്റെ (പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ്) യൂണിറ്റ് കോസ്റ്റ് 3 ലക്ഷമാക്കി ഉയർത്തിയപ്പോൾ പഞ്ചായത്തിന്റെ പദ്ധതിയിൽ ഒരു ഗുണഭോക്താവ് പോലും എഗ്രിമെന്റ് വയ്ക്കാൻ തയ്യാറായില്ലായെന്നും അടിമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

124. സർക്കാർ ഫണ്ടും പഞ്ചായത്ത് ഫണ്ടും തമ്മിൽ യോജിപ്പിക്കാൻ സാധിക്കില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് അങ്ങനെ സാധിക്കില്ലായെന്നും സർക്കാർ പിന്നീട് 3 ലക്ഷം രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും

ബാധകമാക്കിയെങ്കിലും പദ്ധതി സ്പിൽ ഓവർ ആയതിനാൽ ഗുണഭോക്താക്കൾക്ക് ലഭിക്കില്ലായെന്നും അവ വകമാറ്റാൻ സാധിക്കില്ലായെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ സമയം വൈകി പോയതിനാൽ തൻവർഷം പ്രോജക്ട് റിവൈസ് ചെയ്യാൻ സാധിച്ചില്ലായെന്നും അടിമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

## മലമ്പുഴ ഗ്രാമപഞ്ചായത്ത്

125. പദ്ധതി അടങ്കലിന്റെ ബാക്കി തുക സ്പിൽഓവർ പദ്ധതികളിലൂടെ ചെലവഴിച്ച് 12 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്നും ഒ.ഡി.എഫ്. പൂർത്തീകരിച്ചെന്നും മലമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## ഷൊർണ്ണൂർ നഗരസഭ

126. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 25 പട്ടികജാതി കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വസ്തു വാങ്ങുന്നതിനും 2 ലക്ഷം രൂപ വീട് നിർമ്മിക്കുന്നതിനുമുള്ള പദ്ധതിയാണിതെന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കാനാണുദ്ദേശിച്ചിരുന്നതെന്നും നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമായതുകൊണ്ട് സഹകരണ സ്ഥാപനങ്ങളൊന്നും വായ്പ നൽകാൻ തയ്യാറാകാതിരുന്നതിനാൽ 2013-14-ലെ ഈ പദ്ധതി 2014-15-ൽ സ്പിൽ ഓവറാകുകയും തുടർന്ന് നടപ്പാക്കാൻ സാധിക്കാത്ത സ്ഥിതി വരികയുണ്ടായെന്നും 83/2013 എന്ന നമ്പർ ഉത്തരവ് പ്രകാരം ഐ.എ.വൈ. അല്ലാത്ത പദ്ധതികൾ ഇല്ലാത്ത നഗരസഭകൾക്ക് സ്വന്തമായി പദ്ധതി ആസൂത്രണം ചെയ്യാനുള്ള അനുമതി നൽകിയിരുന്നുവെന്നും നിലവിൽ സ്വന്തമായി സ്ഥലം വാങ്ങുന്നവർക്ക് ഭവന നിർമ്മാണത്തിന് ഡിപ്പാർട്ട്മെന്റ് ധനസഹായം നൽകുകയാണ് ചെയ്യുന്നത് എന്നും ഷൊർണ്ണൂർ നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

127. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

തിരുനെല്ലി, വൈത്തിരി ഗ്രാമപഞ്ചായത്ത്

128. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് സംസ്ഥാന സർക്കാരിന്റെ ഭൂരഹിത ഭവന രഹിത പദ്ധതി (ലൈഫ്)യുമായി ബന്ധപ്പെട്ട് ഭൂമിയും വീടും അനുവദിക്കുന്നതിനായുള്ള സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടെന്നും പദ്ധതി നടപ്പാക്കിവരുന്ന മുറയ്ക്ക് ഭൂമി കണ്ടെത്തി നൽകുന്നതാണെന്നുമുള്ള ഗ്രാമപഞ്ചായത്തുകളുടെ മറുപടിയുടെ അടിസ്ഥാനത്തിൽ തിരുനെല്ലി, വൈത്തിരി ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

അമ്പലവയൽ ഗ്രാമപഞ്ചായത്ത്

129. ഭൂമി വാങ്ങൽ, ഭവന നിർമ്മാണം എന്നിവ സംബന്ധിച്ച് അമ്പലവയൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന് 242 എസ്.ടി. കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചു.

130. "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" എന്ന പദ്ധതി പ്രകാരം ഭൂമി വാങ്ങുന്ന പ്രക്രിയ വളരെ വൈകിപ്പോകുന്നതിനുള്ള കാരണം വ്യക്തതയോട് കൂടിയ ഒരു ഉത്തരവ് ഡിപ്പാർട്ട്മെന്റ് തലത്തിൽ ഇല്ലാതെ പോയത് കൊണ്ടാണെന്ന് സമിതി നിരീക്ഷിച്ചു. ഐഡന്റിഫൈ ചെയ്യുന്ന ഭൂമിയിൽ ആവശ്യമുള്ള ഇൻഫ്രാസ്ട്രക്ചർ ഇല്ലാത്തതും കുന്നും മലയും ഉള്ളതു കാരണം ആദിവാസികൾക്ക് പ്രസ്തുത ഭൂമിയിൽ താമസിക്കാൻ താല്പര്യം ഇല്ല എന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

131. ആശിച്ചുപോയി എന്നു പറഞ്ഞ് ഒന്നിനും കൊള്ളാത്ത ഭൂമിയാണ് ആദിവാസിക്ക് നൽകുന്നത് എന്ന് നിരീക്ഷിച്ച സമിതി പട്ടികജാതി വകുപ്പും പഞ്ചായത്തും സംയുക്തമായി ഈ വിഷയം ചർച്ച ചെയ്യണമെന്ന് നിർദ്ദേശിച്ചു.

132. "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" നടപടിക്രമങ്ങൾ ഓഡിറ്റ് വകുപ്പ് പരിശോധിക്കണമെന്നും അത് പ്രായോഗിക തലത്തിൽ എങ്ങനെ നടപ്പാക്കാൻ കഴിയുമെന്ന് സംസ്ഥാനടിസ്ഥാനത്തിൽ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

തലശ്ശേരി നഗരസഭ

133. രേഖകൾ പരിശോധിച്ചതിൽ നിന്ന് 2013-14-ലെ പദ്ധതിയ്ക്കായി ഭേദഗതി വരുത്തിയ അടങ്കൽ തുകയിൽ നിന്ന് 3 പേർക്കായി 6 ലക്ഷം രൂപയും 2014-15-ലെ

പദ്ധതിയായി അടങ്കൽ തുകയായ 10 ലക്ഷം രൂപയും 5 ഗുണഭോക്താക്കൾക്കായി വിനിയോഗിച്ചതായി ഓഡിറ്റിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്

134. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ 1359 എസ്.സി. കുടുംബങ്ങളിൽ ഭവനരഹിതരായ 140 പേരിൽ 21 പേരെ ലൈഫ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും ബാക്കിയുള്ളവർ ഭൂമിയും വീടുമില്ലാത്തവരാണെന്നും അവരെ ലൈഫ് പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള മൂന്നാംഘട്ട നടപടികൾ പുരോഗമിക്കുകയാണെന്നും ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

135. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച തടസ്സം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു .

പത്തനംതിട്ട ജില്ല - ആറൻമുള ഗ്രാമപഞ്ചായത്ത്

136. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് തകരഷീറ്റ്, പ്ലാസ്റ്റിക്ക് എന്നിവ കൊണ്ട് നിർമ്മിച്ച 192 വീടുകളിൽ 183 പേർക്ക് പുതിയ വീട് നൽകിയിട്ടുണ്ട് എന്നും 236 വീടുകളുടെ തകരഷീറ്റ് മാറ്റി കോൺക്രീറ്റ് ചെയ്തു കൊടുത്തിട്ടുണ്ട് എന്നും ബാക്കിയുള്ള വീടുകളുടെ പുനരുദ്ധാരണം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയും എസ്.ടി. വകുപ്പ് ജോയിന്റ് ഡയറക്ടറും സമിതിയെ അറിയിച്ചു .

പട്ടണക്കാട് ഗ്രാമപഞ്ചായത്ത്

137. പ്രസ്തുത പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

അടിമാലി ഗ്രാമപഞ്ചായത്ത്

138. ലൈഫ് പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചോയെന്ന സമിതിയുടെ ചോദ്യത്തിന് പട്ടികജാതി ഗുണഭോക്താക്കൾക്ക് 71 വീടുകളുള്ളതിൽ 18 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ചുവെന്നും 160 പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ ഗഡുക്കൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നുവെന്നും ആയതിന്റെ പണികളും പൂർത്തീകരിക്കേണ്ടതുണ്ടെന്നും ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം 51 വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും അടിമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

139. സർക്കാർ വില കൊടുത്ത് വാങ്ങിയ ഭവനം ഫൗണ്ടേഷന്റെ കീഴിലുള്ള അടിമാലിയിലെ ഫ്ലാറ്റ് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് തൊഴിൽ വകുപ്പിനുകീഴിൽ ഭവനം ഫൗണ്ടേഷൻ 210 ഗുണഭോക്താക്കൾക്ക് ഒരു ഭവന സമുച്ചയം പണിയുകയുണ്ടായെന്നും അത് സർക്കാർ ഏറ്റെടുത്ത് ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമാക്കുകയും ഭൂരഹിത/ഭവനരഹിതർക്കായി പഞ്ചായത്തിന് വിട്ടുനല്കുകയുണ്ടായെന്നും തൊഴിൽ വകുപ്പിന്റെ കീഴിലെ 'ജനനി സുരക്ഷാ പദ്ധതി'യാണിതെന്നും അതിന് ധനകാര്യ വകുപ്പിൽ നിന്നും ഫണ്ട് നൽകിയാണ് നിർമ്മാണം നടത്തിയതെന്നും പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മാസ തവണകളായി ഫ്ലാറ്റ് വിൽക്കുവാനാണ് തീരുമാനിച്ചിരുന്നതെന്നും അടിമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. തുടർന്ന് ഒരു തവണ ധനകാര്യ വകുപ്പ് സഹായം അനുവദിച്ച് പണി പൂർത്തീകരിച്ച കെട്ടിടമാണിതെന്നും പണി പൂർത്തിയാക്കാതെ തന്നെ കുറെ നവീകരണ പ്രവൃത്തികൾ വേണ്ടിവന്നെന്നും ഇതൊരു ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റായി എടുത്തുകൊണ്ട് അവർ വീണ്ടും വീട് വച്ച് നൽകുമെന്നുള്ള ഉറപ്പിന്മേലാണ് രണ്ടാമത് ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചതെന്നും ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകിയപ്പോൾ ഇതു സംബന്ധിച്ച് അന്വേഷണം ആവശ്യമാണെന്ന് സമിതി നിർദ്ദേശിക്കുകയുണ്ടായി.

140. പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ വീടുകൾ പുതുക്കിപ്പണിയാൻ നൽകുന്ന ധനസഹായം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നിലവിലുള്ള വീടുകൾ പുതുക്കിപ്പണിയാൻ വൺടൈം ഗ്രാന്റായാണ് 1.5 ലക്ഷം രൂപ നൽകുന്നതെന്നും അതിൽ 10 ശതമാനത്തോളം തുക ഏജൻസിക്കുള്ളതാണെന്നും അടിമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി .

141. ഏജൻസികൾക്കുള്ള 10 ശതമാനം സെന്റേജ് ചാർജ്ജും 18 ശതമാനം ജി.എസ്.ടി.യും ഉൾപ്പെടെ 28 ശതമാനം തുക പദ്ധതി നിർവ്വഹണത്തിൽ നിന്നും മാറിപ്പോകുന്നതിനാൽ പട്ടികജാതിക്കാരന് വീട് റിപ്പയർ ചെയ്യാൻ 1.5 ലക്ഷം രൂപ നൽകുന്നതിൽ 72 ശതമാനം തുക മാത്രമേ അവർക്ക് ചെലവഴിക്കാൻ കഴിയുന്നുള്ളൂവെന്നും വർക്ക് ടെണ്ടർ ചെയ്ത് കരാറുകാരനെ ഏൽപ്പിക്കുകയാണെങ്കിൽ ഗുണഭോക്താവിന് സാമ്പത്തിക നഷ്ടം ഉണ്ടാകില്ലായെന്നും പട്ടികജാതിക്കാർ ആദ്യ ഗഡു വാങ്ങുമെങ്കിലും അവർ രണ്ടും മൂന്നും ഗഡുക്കൾ വാങ്ങാത്തതിനാൽ പല വീടുകളും പൂർത്തിയാക്കാറില്ലായെന്നും ടി പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാൻ പഞ്ചായത്തിൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുകയും നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

<u>മീനങ്ങാടി ഗ്രാമപഞ്ചായത്ത്</u>

142. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 80 ഗുണഭോക്താക്കളിൽ 37 പേർ മാത്രമാണ് വീട് പൂർത്തീകരിച്ചതെന്നും ഒന്നാം ഗഡു അനുവദിക്കുമ്പോൾ ഭവന നിർമ്മാണം ഇത്ര വരെ പൂർത്തീകരിക്കണം എന്ന ഒരു വ്യവസ്ഥയുണ്ടെന്നും അത് പൂർത്തീകരിക്കാത്തതുകൊണ്ടാണ് അവർക്ക് അടുത്ത ഗഡു കൊടുക്കാൻ സാധിക്കാത്തത് എന്നും പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. നിലവിൽ പട്ടികവർഗ്ഗ ഭവന നിർമ്മാണത്തിന് അനുവദിക്കുന്നത് 3,50,000 രൂപയാണെന്നും എന്നാൽ EMS ഭവന നിർമ്മാണ പദ്ധതി പ്രകാരം മാക്സിമം ഒരാൾക്ക് കൊടുക്കാൻ കഴിയുന്നത് 1,25,000 രൂപയാണെന്നും അതുകൊണ്ട് തന്നെ കുറഞ്ഞ തുകയ്ക്ക് വീട് പൂർത്തിയാക്കാൻ ഗുണഭോക്താക്കൾ തയ്യാറാകുന്നില്ല എന്നും അവർ പുതിയ പദ്ധതിയിലേക്ക് പോവുകയാണുണ്ടായതെന്നും സെക്രട്ടറി അറിയിച്ചു.

143. ഭവന പദ്ധതിയുടെ ആദ്യ ഗഡുക്കൾ വാങ്ങിയതിനുശേഷം മൂന്ന് ലക്ഷത്തിന്റെ പദ്ധതിയിലേക്ക് പോയവർക്ക് നോട്ടീസ് കൊടുക്കുന്നത് പഞ്ചായത്തിന്റെ വീഴ്ചയാണ് എന്ന് നിരീക്ഷിച്ച സമിതി അഡ്വാൻസ് വാങ്ങിയതിനുശേഷം പണി പൂർത്തിയാകാത്ത വീടുകൾ സംബന്ധിച്ച വിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധിക്കണമെന്നും പണി നടത്തിയിട്ടില്ലെങ്കിൽ ആ പണം റീഫണ്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

<u>തലശ്ശേരി നഗരസഭ</u>

144. ഗുണഭോക്താക്കൾക്കായി 12 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയിൽ ഒരു ഗുണഭോക്താവ് മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന നഗരസഭാധികൃതരുടെയും 1,40,000 രൂപ മാത്രമേ വിനിയോഗിച്ചതായി രേഖയിൽ കാണുന്നുള്ളൂ എന്ന ഓഡിറ്റ് വകുപ്പിന്റെയും മറുപടിയുടെ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തിയാക്കി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുവാൻ സമിതി നിർദ്ദേശിച്ചു.

<u>പുത്തിഗെ ഗ്രാമപഞ്ചായത്ത്</u>

145. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഐ.എ.വൈ. പദ്ധതിപ്രകാരം ഭവന നിർമ്മാണ ആനുകൂല്യം അനുവദിച്ചതിൽ 6 വീടുകൾ കൂടി ഇനി നിർമ്മാണം പൂർത്തീകരിക്കാൻ ഉണ്ടെന്നും ഇതിനാവശ്യമായ പഞ്ചായത്തിന്റെ വിഹിതം ബ്ലോക്കിൽ കൊടുത്തിട്ടുണ്ട് എന്നും പണി പൂർത്തീകരിക്കാൻ സാധിക്കാത്ത വീടുകളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി സപ്ലിമെന്ററി അസിസ്റ്റന്റ്സ് കൊടുക്കാനുള്ള പദ്ധതി ഉണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും എസ്.ടി. വകുപ്പ് ജോയിന്റ് ഡയറക്ടറും സമിതിയെ അറിയിച്ചു.

146. പൂർത്തിയാകാതെ കിടക്കുന്ന വീടുകൾക്ക് ഇനി എത്ര രൂപ വേണം, എത്ര രൂപ കിട്ടി എന്നിവ കണക്കാക്കി ബാക്കി തുക കൊടുക്കാനും പെന്റിംഗ് തുക കൊടുത്തു തീർത്തതിനുശേഷം മാത്രമേ പുതിയ വീടുകളുടെ നിർമ്മാണം ഏറ്റെടുക്കാവൂ എന്നും അതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**147. ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിനായി കൊല്ലം കോർപ്പറേഷൻ വാങ്ങി നൽകിയ ഭൂമി നിലങ്ങളായതിനെത്തുടർന്ന് ടി കുടുംബങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത അഴിമതി ചൂണ്ടിക്കാട്ടി ഗുണഭോക്താക്കളെ ഭൂമിയുള്ള വീടില്ലാത്തവരുടെ കാറ്റഗറിയിൽ നിന്നും ഒഴിവാക്കി ഭൂമിയും വീടുമില്ലാത്തവരുടെ കാറ്റഗറിയിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഈ വിഷയത്തിൽ സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങി അവർക്ക് വീട് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**148. പട്ടികജാതിക്കാർ വാങ്ങുന്ന ഭൂമി ഭവന നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന് പരിശോധിക്കേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ചുമതലയായതിനാൽ ഇത്തരത്തിൽ അനുയോജ്യമല്ലാത്ത ഭൂമി വാങ്ങാനിടയായത് നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയായി സമിതി വിലയിരുത്തുന്നു. പ്രസ്തുത അഴിമതിയ്ക്ക് ഉത്തരവാദികളായ എല്ലാ ഉദ്യോഗസ്ഥർക്കുമെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**149. തൃശ്ശൂർ നഗരസഭയിൽ ടി പദ്ധതിയുടെ ഗുണഭോക്താക്കളായ 117 പേർ വാങ്ങിയ ഭൂമി നിലമായതിനാൽ വീട് വയ്ക്കാൻ കഴിയാത്ത സാഹചര്യമാണ് എന്ന മറുപടിയുടെ അടിസ്ഥാനത്തിൽ, പരാമർശവിധേയമായ ഭൂമി പരിശോധിച്ച് വാസയോഗ്യമായ ഭൂമിയാണെന്ന് സാക്ഷ്യപ്പെടുത്തിയ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിക്കുന്നു.**

**150. പ്രസ്തുത സ്ഥലങ്ങൾ ഇപ്പോഴും ഗുണഭോക്താക്കളുടെ പേരിൽ തന്നെയാണോയെന്ന് തൃശ്ശൂർ കോർപ്പറേഷൻ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനും പ്രസ്തുത ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ വീടും ഭൂമിയുമില്ലാത്തവരുടെ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും സമിതി നിർദ്ദേശിക്കുന്നു.**

151. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കോട്ടുവള്ളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

152. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മലമ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

153. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഷൊർണ്ണൂർ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

154. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തിരുനെല്ലി, വൈത്തിരി ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

155. "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" എന്ന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് അനുയോജ്യമല്ലാത്ത ഭൂമിയാണ് ആദിവാസിക്ക് നൽകുന്നത് എന്ന് സമിതി നിരീക്ഷിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി ഈ വിഷയം ചർച്ച ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

156. കൂടാതെ, പ്രസ്തുത പദ്ധതിയുടെ നടപടിക്രമങ്ങൾ ഓഡിറ്റ് വകുപ്പ് പരിശോധിക്കണമെന്നും അത് പ്രായോഗിക തലത്തിൽ എങ്ങനെ നടപ്പാക്കാൻ കഴിയുമെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

157. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തലശ്ശേരി നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു .

158. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ആര്യങ്കാവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

159. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ആറന്മുള ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

160. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പട്ടണക്കാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

161. അടിമാലി ഗ്രാമപഞ്ചായത്തിൽ ഒരു തവണ ധനകാര്യ വകുപ്പ് ധനസഹായം അനുവദിച്ച് കെട്ടിടം പണിപൂർത്തീകരിക്കാതെ തന്നെ കുറെ നവീകരണ പ്രവൃത്തികൾ വേണ്ടിവന്നുവെന്നത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

162. മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ ഇ. എം. എസ് ഭവന പദ്ധതിയുടെ ആദ്യ ഗഡുക്കൾ വാങ്ങിയതിനു ശേഷം നിരവധി പേർ പട്ടികവർഗ്ഗ വകുപ്പിന്റെ ഭവനനിർമ്മാണ പദ്ധതിയിലേക്ക് മാറിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇം.എം.എസ് ഭവന പദ്ധതിയുടെ ആദ്യ ഗഡു വാങ്ങിയതിനുശേഷം പണി പൂർത്തിയാകാത്ത വീടുകൾ സംബന്ധിച്ച വിവരം ഓഡിറ്റ് പരിശോധിക്കാനും പണി നടത്തിയിട്ടില്ലെങ്കിൽ ആ പണം തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കാനും സമിതി നിർദ്ദേശിക്കുന്നു.

163. തലശ്ശേരി നഗരസഭ ഗുണഭോക്താക്കൾക്കായി 12 ലക്ഷം രൂപ അടങ്കലിൽ ആവിഷ്കരിച്ച പദ്ധതിയിൽ ഒരു ഗുണഭോക്താവ് മാത്രമേ ഉണ്ടായിരുന്നുള്ളുവെന്ന നഗരസഭാ അധികൃതരുടെയും 1,40,000 രൂപ മാത്രമേ വിനിയോഗിച്ചതായി രേഖയിൽ കാണുന്നുള്ളൂ എന്ന ഓഡിറ്റ് വകുപ്പിന്റെയും മറുപടിയുടെ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തിയാക്കി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുവാൻ സമിതി നിർദ്ദേശിക്കുന്നു.

164. പുത്തിഗെ ഗ്രാമപഞ്ചായത്ത് ഐ.എ.വൈ. പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് ആനുകൂല്യം അനുവദിച്ചവയിൽ പൂർത്തിയാകാത്ത വീടുകൾ പൂർത്തിയാക്കുന്നതിന് ഇനി എത്ര രൂപ വേണം, എത്ര രൂപ ലഭിച്ചു എന്നിവ കണക്കാക്കി ബാക്കി തുക കൊടുക്കാനും കുടിശ്ശിക തുക കൊടുത്തു തീർത്തതിനു ശേഷം മാത്രം പുതിയ വീടുകളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഫ്ളാറ്റ് നിർമ്മാണം

തിരുവനന്തപുരം നഗരസഭയുടെ ബി.എസ്.യു.പി. പദ്ധതി പ്രകാരം വിവിധ ഘട്ടങ്ങളിലായി പട്ടികജാതിക്കാർക്കായുള്ള 9 ഭവന/ഫ്ളാറ്റ്/ചേരി പരിഷ്കരണ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കണ്ണമ്മൂല ബണ്ട് കോളനിയിൽ 115 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിലും 27 കുടുംബങ്ങൾ മാത്രമാണ് താമസിച്ചു വരുന്നത്. കരിമഠം കോളനിയിൽ 140 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്. 5 യൂണിറ്റുകളുടെ പദ്ധതി ഇപ്പോഴും തുടരുന്നതേയുള്ളൂ.

കോട്ടയം നഗരസഭ പരിധിയിലുള്ള മുള്ളൻകുഴി കോളനിയിൽ പഴയ കെട്ടിടത്തിൽ താമസിക്കുന്നവരെ പുതിയ ഫ്ളാറ്റ് നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് നഗരസഭ 2011-12-ൽ പദ്ധതി തയ്യാറാക്കുകയും ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിക്കുകയും ചെയ്തു. ഫ്ളാറ്റിന്റെ നിർമ്മാണം ഭാഗികമായി മാത്രമേ പൂർത്തിയായിട്ടുള്ളൂ.

കോഴിക്കോട് കോർപ്പറേഷനിൽ സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത 50 പട്ടികജാതി കുടുംബങ്ങൾക്ക് ഫ്ളാറ്റ് നിർമ്മിക്കുന്നതിനായി 5,29,68,332 രൂപ സി.ഡി.എ. യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും ആരംഭിച്ചിട്ടില്ല.

കാസർഗോഡ് നഗരസഭ പട്ടികജാതി കുടുംബങ്ങളുടെ വികസനത്തിനായി എം.ജി. കോളനിയിൽ ഫ്ളാറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടു ഫ്ളാറ്റുകളിലായി 12 കുടുംബങ്ങൾക്ക് താമസിക്കുന്നതിനുള്ള സൗകര്യമുണ്ട്. ഇവയുടെ നിർമ്മാണവും ഉദ്ഘാടനവും കഴിഞ്ഞിട്ടും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ല. രണ്ടു ഫ്ളാറ്റുകളും നിർമ്മിച്ചിരിക്കുന്ന പ്രദേശം കാട്ടുമൂടി കിടക്കുകയും ഫ്ളാറ്റ് നശിച്ചുകൊണ്ടിരിക്കുകയുമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.7.2 )

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു .

ബി. എസ്. യു. പി. ഫ്ലാറ്റ് - കണ്ണമ്മൂല ബണ്ട് കോളനി

165. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് Basic Services to Urban Poor (BSUP) പദ്ധതി പ്രകാരം 2007-08 ൽ സർവ്വേ നടത്തി DPR അപ്രൂവ്

ചെയ്തിട്ടുള്ള 115 പേർക്ക് വേണ്ടി ഫ്ലാറ്റ് നിർമ്മിച്ചുവെങ്കിലും ഇപ്പോൾ താമസത്തിനായി 75 പേർ മാത്രമേ വന്നിട്ടുള്ളൂ എന്നും ബാക്കിയുള്ള കുറച്ച് പേർ ഫ്ലാറ്റ് നിർമ്മാണത്തിനു വേണ്ടി മാറി താമസിച്ചിട്ട് തിരികെ വന്നിട്ടില്ല എന്നും അവരിൽ ചിലർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യമുണ്ടെന്നും ആയതിനാൽ ഇവിടെ വരാൻ താത്പര്യം ഇല്ലായെന്നും സെക്രട്ടറി അറിയിച്ചു.

166. 2013-ലാണ് ഈ ഫ്ലാറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ചത് എന്നും ഇപ്പോൾ 7 പേർ കൂടി അപേക്ഷിച്ചിട്ടുണ്ട് എന്നും ഇനി 33 പേർ കൂടി ബാക്കിയുണ്ട് എന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി അറിയിച്ചു.

167. ഇനി വരുവാനുള്ള 33 പേർ വന്നില്ലെങ്കിൽ എന്ത് ചെയ്യും എന്ന സമിതിയുടെ ചോദ്യത്തിന് ശേഷിക്കുന്ന ഫ്ലാറ്റുകൾക്കായുള്ള അലോട്ട്മെന്റ് നടത്തുന്നതിനായി അർഹതയുള്ളവരെ കണ്ടെത്തുന്നതിന് വേണ്ടി സർവ്വേ നടത്തുന്നതിന് കൗൺസിലിന്റെ പരിഗണനയക്ക് സമർപ്പിച്ചിട്ടുണ്ടെന്നും കൗൺസിൽ തീരുമാനം സർക്കാരിന്റെ പരിഗണനയ്ക്ക് വിടുമെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>ഫ്ലാറ്റ് നിർമ്മാണം</u>

168. കോട്ടയം നഗരസഭ പരിധിയിലുള്ള മുള്ളൻകുഴി കോളനിയിൽ പഴയ കെട്ടിടത്തിൽ താമസിക്കുന്നവരെ പുതിയ ഫ്ലാറ്റ് നിർമ്മിച്ച് പുനരധിവസിപ്പിക്കാത്തതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മുള്ളൻകുഴിയിൽ മുനിസിപ്പാലിറ്റിയിലെ സാനിട്ടേഷൻ വർക്കർമാർ താമസിച്ചുവന്ന 64 ഫ്ലാറ്റുകൾ കാലപ്പഴക്കംമൂലം ജീർണ്ണാവസ്ഥയിലായതിനാൽ അത് പൊളിച്ച് പണിയുന്നതിന് മുനിസിപ്പാലിറ്റി തീരുമാനിക്കുകയും 3 ബ്ലോക്കുകളായി ഫ്ലാറ്റ് നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തതെന്നും ആദ്യ ബ്ലോക്കിന്റെ പണി പൂർത്തിയാക്കി 24 കുടുംബങ്ങളെ പുനരധിവസിപ്പിച്ചതായും മറ്റ് രണ്ട് ബ്ലോക്കുകളുടെ പ്രവൃത്തികൾക്കായുള്ള ഫണ്ട് വകയിരുത്തുകയും ജില്ലാ നിർമ്മിതി കേന്ദ്രത്തെ നിർമ്മാണ ചുമതല ഏൽപ്പിച്ച് പ്രവൃത്തി നടന്നുവരികയുമാണെന്നും എന്നാൽ അവശേഷിക്കുന്ന 40 കുടുംബങ്ങൾക്കു വേണ്ടിയുള്ള ഫ്ലാറ്റിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്നും അതിൽ 36 പേർ മാറി താമസിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള 4 കുടുംബങ്ങൾ പുതിയ ഫ്ലാറ്റിൽ താമസ സൗകര്യമൊരുക്കണമെന്നാവശ്യപ്പെട്ട് നിലവിൽ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് സ്റ്റേ വാങ്ങുകയും ചെയ്തതായി കോട്ടയം നഗരസഭാ സെക്രട്ടറി സമിതിയെ

അറിയിച്ചു. പ്രസ്തുത വിഷയത്തിൽ ജില്ലയിലെ എസ്.സി. വകുപ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി പ്രശ്നം പരിഹരിക്കുന്നതാണെന്ന് SC/ST/BC വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

169. ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ് നടത്തുന്നതിന് മുനിസിപ്പാലിറ്റി നടപടി സ്വീകരിക്കണമെന്നും കോടതി വിധി സമിതിയെ രേഖാമൂലം അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

<u>കോഴിക്കോട് കോർപ്പറേഷൻ</u>

170. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കോഴിക്കോട് കോർപ്പറേഷനിൽ എസ്.സി. വിഭാഗത്തിൽ 319 പേരെ ഭൂരഹിതരായി കണ്ടെത്തിയിട്ടുണ്ടെന്നും 2014-15 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ എസ്.സി. ഫണ്ടുപയോഗിച്ച് 70 സെന്റ് സ്ഥലം വാങ്ങിയിരുന്നുവെന്നും അവിടെ ഫ്ലാറ്റ് നിർമ്മിക്കുന്നതിനുവേണ്ടി ഒരു പ്രോജക്ട് തയ്യാറാക്കുകയും അതേ സാമ്പത്തിക വർഷം 5.29 കോടി രൂപയും തുടർവർഷം 2.4 കോടി രൂപയുമുൾപ്പെടെ തത്വത്തിൽ 7.7 കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിരുന്നതെന്നും അത് ഒരു ഡെപ്പോസിറ്റ് വർക്കായി നിർവ്വഹണം നടത്തുന്നതിന് സി.ഡി.എ. (Calicut Development Authority) യ്ക്ക് സർക്കാരിൽ നിന്നും പ്രത്യേക അനുമതി നൽകുകയും തുടർന്ന് മാർച്ച് 2015-ൽ സർക്കാർ അനുമതിയോടെ ഫണ്ട് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തുവെന്നും കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. ഡീറ്റെയിൽഡ് പ്രോജക്ട് തയ്യാറാക്കിയ സമയത്ത് ബിൽഡിംഗ് റൂൾസ് പ്രകാരം ഏഴ് നിലയുള്ള കെട്ടിടം നിർമ്മിക്കാൻ സാധിക്കാത്തതിനാൽ എസ്റ്റിമേറ്റ് പുതുക്കേണ്ടതായി വന്നു. നിലവിൽ ഒരു ബ്ലോക്കിൽ 8 കെട്ടിടങ്ങൾ എന്ന രീതിയിൽ ആറ് ബ്ലോക്കുകളിലായി 48 കെട്ടിടങ്ങൾ എന്ന രീതിയിലാണ് രൂപീകരിച്ചിരിക്കുന്നത്. ഈ സമയത്ത് 10-3-2017-ന് സി.ഡി.എ. പിരിച്ചുവിട്ടുവെന്നും തുടർന്ന്, 30-ാം തീയതി അതിന്റെ അസെറ്റ് മുഴുവൻ യു.എ.ഡി.യിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തുവെന്നും സി.ഡി.എ. യിൽ ഡെപ്പോസിറ്റ് ചെയ്ത തുക ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റപ്പെട്ടുവെന്നും കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി തുടർന്ന് അറിയിച്ചു.

171. പ്രസ്തുത പ്രദേശം മെഡിക്കൽ കോളേജിന്റെ സമീപത്തുള്ള ഉയർന്ന പ്രദേശവും റസിഡൻഷ്യൽ ഏരിയയുമായതിനാൽ പ്രാദേശിക എതിർപ്പ് ഉയർന്നുവന്നിരുന്നുവെന്നും കൂടാതെ റോഡ്, വാട്ടർ സപ്ലൈ കൃത്യമായി ലഭിക്കുന്നില്ല, drainage facility വേണം

എന്നീ ആവശ്യങ്ങളും ഉയർന്നുവന്നിരുന്നുവെന്നും കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് അടുത്തവർഷം ജൈക്ക പദ്ധതി വന്നതിനെത്തുടർന്ന് കുടിവെള്ളം വിതരണം ചെയ്യാൻ സാധിച്ചു. കല്ലുത്താംകടവ് എന്ന സ്ഥലത്ത് 140 എസ്.സി. വിഭാഗക്കാർ താമസിക്കുന്നുണ്ടെന്നും അവിടെ ഒരു റീഹാബിലിറ്റേഷൻ പ്രോജക്ട് ഉണ്ടായിരുന്നുവെന്നും അവരെ അവിടെ റീഹാബിലിറ്റേറ്റ് ചെയ്യുവാൻ വേണ്ടിയാണ് പ്രസ്തുത പദ്ധതി വരുന്നതെന്നുമുള്ള തെറ്റായ വാർത്ത വന്നത് ജനങ്ങൾക്ക് ഉൾക്കൊള്ളാൻ സാധിച്ചില്ല. അവർക്കുവേണ്ടി മറ്റൊരു പ്രോജക്ട് വിഭാവനം ചെയ്ത് നിർമ്മാണം ഏകദേശം പൂർത്തിയായിട്ടുണ്ടെന്നും ആയത് രണ്ടു മൂന്നു മാസത്തിനകം കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി.

172. പ്രസ്തുത ഫ്ലാറ്റ് നിർമ്മാണം ആരംഭിച്ചതിനുശേഷം ആ വിവരം അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

കാസർഗോഡ് നഗരസഭ

173. നഗരസഭ ഒന്നരക്കോടി രൂപ ചെലവഴിച്ച് 2015-ൽ ഫ്ലാറ്റ് നിർമ്മിച്ചിട്ടും രണ്ട് വർഷം കഴിഞ്ഞും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന് ഫ്ലാറ്റുകൾ നിൽക്കുന്ന സ്ഥലം കാടുകൾ നീക്കം ചെയ്ത് വൃത്തിയാക്കിയെന്നും ഗുണഭോക്താക്കളായി 10 പേരെ ഗ്രാമസഭ തെരഞ്ഞെടുത്തു എന്നും ഇത് ഭരണ സമിതിയുടെ പരിഗണനയിലാണെന്നും അറിയിച്ചു.

174. ഒരു വാതിലിന്റെ പൂട്ട് പൊളിച്ചിട്ടുണ്ടെന്നും അകത്ത് കയറി ദുർവിനിയോഗം ചെയ്തിട്ടുണ്ടെന്നും ജനൽ ചില്ല് പൊളിഞ്ഞ നിലയിലും വരാന്ത ചോർന്നൊലിക്കുന്ന നിലയിൽ ആയിരുന്നെന്നും ഓഡിറ്റർ സമിതിയെ ബോധിപ്പിച്ചു.

175. സമിതി മുമ്പാകെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പറഞ്ഞതാണോ ഓഡിറ്റ് വകുപ്പ് പറഞ്ഞതാണോ സത്യം എന്നുള്ളത് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യണമെന്നും ഉദ്യോഗസ്ഥൻ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ശരിയല്ലെങ്കിൽ തുടർനടപടി ഉണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

176. 2015-ൽ നിർമ്മിച്ച കെട്ടിടം ചോർന്നൊലിക്കുന്നതിന് കോൺട്രാക്ടർക്ക് ബാധ്യത ഉണ്ടാവേണ്ടതാണെന്ന് നിരീക്ഷിച്ച സമിതി ഇത് റീജിയണൽ ജോയിന്റ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും അതോടൊപ്പം തന്നെ ഫ്ലാറ്റ് ഗുണഭോക്താക്കളെ കണ്ടെത്തി കൊടുക്കുവാനുള്ള തീരുമാനം മുനിസിപ്പാലിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടാകണമെന്നും നിർദ്ദേശിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**177. തിരുവനന്തപുരം നഗരസഭ ബി. എസ്. യു. പി. പദ്ധതി പ്രകാരം നിർമ്മിച്ച ഫ്ലാറ്റുകളിൽ ഒഴിഞ്ഞു കിടക്കുന്നവയുടെ അലോട്ട്മെന്റ് നടത്തുന്നതിനായി അർഹതയുള്ളവരെ കണ്ടെത്തുന്നതിനുള്ള സർവ്വേ സംബന്ധിച്ച് കൗൺസിൽ തീരുമാനം കൈക്കൊള്ളുന്നതിനും ആയത് സർക്കാരിന്റെ പരിഗണനയ്ക്ക് വിടുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**178. കോട്ടയം നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ് നടത്തുന്നതിന് മുൻസിപ്പാലിറ്റി നടപടി സ്വീകരിക്കുവാനും കോടതി വിധി സമിതിയെ രേഖാമൂലം അറിയിക്കുവാനും സമിതി ശിപാർശ ചെയ്തു.**

**179. കോഴിക്കോട് കോർപ്പറേഷൻ പട്ടികജാതിക്കാർക്കായി വിഭാവനം ചെയ്ത ഫ്ലാറ്റ് നിർമ്മാണം ആരംഭിച്ചതിനുശേഷം റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**180. കാസർഗോഡ് നഗരസഭ ഒന്നരക്കോടി രൂപ ചെലവഴിച്ച് 2015-ൽ നിർമ്മിച്ച കെട്ടിടം ചോർന്നൊലിക്കുന്നതിന് കോൺട്രാക്ടർക്ക് ബാധ്യത ഉണ്ടാവേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു. ടി വിഷയം റീജിയണൽ ജോയിന്റ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകാനും അതോടൊപ്പം തന്നെ ഗുണഭോക്താക്കളെ കണ്ടെത്തി ഫ്ലാറ്റ് അലോട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

ഭവന പുനരുദ്ധാരണം

വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ഭവന നവീകരണ പദ്ധതികൾ കോളനി നവീകരണ പദ്ധതികളോടൊപ്പമാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം വീട് റിപ്പയർ പ്രവൃത്തിക്ക് ഓരോ ഗുണഭോക്താവിനും അർഹമായതിലും അധികം തുക നൽകിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രധാന തടസ്സം സ്വന്തം പേരിൽ ഭൂമിയില്ലാത്തതാണ്. ഭവനരഹിതരായ ഇത്തരം കുടുംബങ്ങൾ വർഷങ്ങളായി തങ്ങളുടെ പൂർവ്വികരുടെ സ്വത്ത് കൈവശം വച്ച് അതിൽ കുടിൽ കെട്ടി കഴിയുന്നവരാണ്. കൈവശ ഭൂമിയും പട്ടയം ലഭിക്കാത്ത സാഹചര്യവും ഒഴിവാക്കുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.7.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

181. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പഞ്ചായത്ത് ശരിക്കും ആ കോളനികളെ ഒറ്റ യൂണിറ്റായി കണ്ട് സർക്കാർ ആഗ്രഹിക്കുന്ന രീതിയിൽ പട്ടികവർഗ്ഗ സമൂഹത്തിന് ആവശ്യമായ കാര്യങ്ങൾ നടപ്പാക്കുകയാണ് ചെയ്തത് എന്നും ഇതിൽ വീട് റിപ്പയർ കൂടാതെ നടപ്പാത കോൺക്രീറ്റ് ചെയ്യൽ, കിണർ നിർമ്മിക്കൽ, ചുറ്റുമതിൽ തുടങ്ങിയ പ്രവൃത്തികൾ ചെയ്തിട്ടുണ്ട് എന്നും സെക്രട്ടറി അറിയിച്ചു.

182. വ്യക്തിഗത ആനുകൂല്യം എന്ന ഹെഡ് ഉണ്ടാക്കാതെ കോളനികളെ ഒറ്റ യൂണിറ്റായി കണ്ട് മൊത്തമായി എടുത്ത് നടപ്പിലാക്കിയതുകൊണ്ടാണ് വ്യക്തിഗത ആനുകൂല്യത്തിന്റെ പരിധി മറികടന്നത് എന്ന് നിരീക്ഷിച്ച സമിതി ഈ പദ്ധതിയിൽ എത്ര ലക്ഷം രൂപ കോളനിയുടെ മൊത്തത്തിലുള്ള നവീകരണത്തിനായി ചെലവഴിച്ചു എന്നും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഓരോ വ്യക്തിക്കും എത്ര കിട്ടി, അനുമതി കിട്ടുന്നതിന് മുൻപായി പൊതു ആവശ്യങ്ങൾക്ക് എത്രത്തോളം ചെലവായി, ടി പ്രവർത്തികൾക്ക് സർക്കാരിൽ നിന്ന് സാധൂകരണം ലഭിച്ചിട്ടുണ്ടോ എന്നുള്ള കാര്യങ്ങൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് കമ്മിറ്റിയെ ബോധ്യപ്പെടുത്തണമെന്നും അതിന് ശേഷം ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നത് പരിഗണിക്കാം എന്നും തീരുമാനിച്ചു.

### നിഗമനങ്ങൾ / ശിപാർശകൾ

**183. മീനങ്ങാടി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പ്രസ്തുത പദ്ധതിയിൽ എത്ര ലക്ഷം രൂപ കോളനിയുടെ മൊത്തത്തിലുള്ള നവീകരണത്തിനായി ചെലവഴിച്ചു എന്നും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഓരോ വ്യക്തിക്കും എത്ര തുക ലഭിച്ചുവെന്നും അനുമതി കിട്ടുന്നതിന് മുൻപായി പൊതു ആവശ്യങ്ങൾക്ക് എത്ര ചെലവായിയെന്നും ടി പ്രവൃത്തികൾക്ക് സർക്കാരിൽ നിന്ന് സാധൂകരണം ലഭിച്ചിട്ടുണ്ടോ എന്നുമുള്ള കാര്യങ്ങൾ ഓഡിറ്റ് വകുപ്പ് പരിശോധിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## ഓഡിറ്റ് ഖണ്ഡിക

## ശുചിമുറി നിർമ്മാണം

തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി 10 പട്ടികജാതി വിഭാഗക്കാർക്കും 30 പട്ടികവർഗ്ഗ വിഭാഗക്കാർക്കും ശുചിത്വ കക്കൂസുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. പഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും സ്വന്തമായി കക്കൂസ് ഉണ്ട്. എന്നാൽ 11 പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ശുചിത്വ കക്കൂസ് ഇല്ല.

പാങ്ങോട് ഗ്രാമപഞ്ചായത്തിൽ പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി 58 പട്ടികജാതി വിഭാഗക്കാർക്കും 18 പട്ടികവർഗ്ഗ വിഭാഗക്കാർക്കും ശുചിത്വ കക്കൂസുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 309 പട്ടികജാതി കുടുംബങ്ങൾക്കും 87 പട്ടികവർഗ്ഗ വിഭാഗക്കാർക്കും ശുചിത്വ കക്കൂസുകൾ ഇല്ല.

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയിൽ പന്ത്രണ്ടാം പദ്ധതി കാലയളവിൽ കക്കൂസ് നിർമ്മാണത്തിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ ഓഡിറ്റിന്റെ പ്രാദേശിക പരിശോധനയിൽ നഗരസഭ പരിധിയിലെ ധാരാളം കുടുംബങ്ങൾക്ക് കക്കൂസ് സംവിധാനം ഇല്ലായെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.

വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിലെയും അമ്പലവയൽ ഗ്രാമപഞ്ചായത്തിലെയും കോളനികളിൽ സാനിട്ടറി യൂണിറ്റുകൾ ഇല്ല. പല കോളനികളും വയൽ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നതിനാൽ കക്കൂസ് മാലിന്യങ്ങൾ കിണറുകളിൽ കലരുന്ന സംഭവങ്ങൾ ഉണ്ട്.

അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ പെരുമ്പാടിക്കുന്ന് കോളനി, നെല്ലാറച്ചാൽ കോളനി, ചുരിമല കോളനി എന്നിവിടങ്ങളിൽ 2012-13-ൽ പൊതു സാനിട്ടറി യൂണിറ്റുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്ലംബിംഗ് നടത്തിയിട്ടില്ല.

പാലക്കാട് ജില്ലയിലെ ഏലകുത്താംപാറ പട്ടികവർഗ്ഗ കോളനിയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഒരു പൊതു കക്കൂസിന്റെ നിർമ്മാണം ആരംഭിച്ചുവെങ്കിലും പൂർത്തിയാക്കിയിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.7.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

<u>പനവൂർ ഗ്രാമപഞ്ചായത്ത്, പാങ്ങോട് ഗ്രാമപഞ്ചായത്ത്</u>

184. എല്ലാ ഗുണഭോക്താക്കൾക്കും കക്കൂസുള്ള ഒ.ഡി.എഫ്. ഗ്രാമപഞ്ചായത്തായി പനവൂർ ഗ്രാമപഞ്ചായത്തിനെ പ്രഖ്യാപിച്ചിട്ടുള്ളതിനാലും പാങ്ങോട് ഗ്രാമപഞ്ചായത്തിൽ അർഹരായവർക്കെല്ലാം ശുചിമുറി നൽകിയിട്ടുണ്ടെന്നുള്ള ഓഡിറ്റിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ശുചിമുറി നിർമ്മാണവുമായി ബന്ധപ്പെട്ട് പനവൂർ, പാങ്ങോട് എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

<u>ഷൊർണ്ണൂർ നഗരസഭ</u>

185. 2016-17 വർഷത്തിൽ സ്പിൽഓവർ ആയ പദ്ധതി പ്രകാരം 118 കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള തുകയാണ് വകയിരുത്തിയതെന്നും ആയതിൽ അർഹതപ്പെട്ട 75 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്നും ഷൊർണ്ണൂർ നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

186. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

<u>വൈത്തിരി ഗ്രാമപഞ്ചായത്ത്</u>

187. അർഹരായ എല്ലാവർക്കും ഒ.ഡി.എഫ്. വഴി ശുചിമുറി അനുവദിച്ച് നൽകിയിട്ടുണ്ട് എന്ന ഓഡിറ്റ് മറുപടിയുടെ അടിസ്ഥാനത്തിൽ ശുചിമുറി നിർമ്മാണം സംബന്ധിച്ച് വൈത്തിരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

<u>അമ്പലവയൽ ഗ്രാമപഞ്ചായത്ത്</u>

188. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നിലവിൽ കിണറുണ്ടെന്നും റിവിഷൻ സമയത്ത് പ്ലംബിംങ് ഉൾപ്പെടെയുള്ള ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നും പഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. വെള്ളമില്ലാത്ത സ്ഥലത്ത് ടോയ്‌ലറ്റ് പണിതിട്ട് അത് ഗുണഭോക്താക്കൾ ഉപയോഗിക്കുന്നില്ല എന്ന പഞ്ചായത്തിന്റെ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി അടിയന്തരമായി ടാങ്കും മോട്ടോറും തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിച്ച്

ജലലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ജില്ലാ കളക്ടർക്കുള്ള കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

മലമ്പുഴ ഗ്രാമപഞ്ചായത്ത് (ഏലകുത്താംപാറ കോളനി)

189. പരാമർശവിധേയമായ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**190. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പനവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**191. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പാങ്ങോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**192. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഷൊർണ്ണൂർ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**193. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ വൈത്തിരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**194. വെള്ളമില്ലാത്ത സ്ഥലത്ത് ശുചിമുറി നിർമ്മിച്ച അമ്പലവയൽ ഗ്രാമപഞ്ചായത്ത് അത് ഗുണഭോക്താക്കൾ ഉപയോഗിക്കുന്നില്ല എന്ന് മറുപടി നല്കിയതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. അടിയന്തരമായി ടാങ്ക്, മോട്ടോർ തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ജില്ലാ കളക്ടർക്കുള്ള കോർപ്പസ് ഫണ്ടിൽ നിന്നും ആയതിനുള്ള തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**195. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മലമ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പട്ടികവർഗ്ഗക്കാർ ഉണ്ടായിട്ടും ഗ്രാമപഞ്ചായത്തിന് ടി.എസ്.പി. ഫണ്ട് ലഭിക്കുന്നില്ല**

മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ പറയൻമാട് വനഭൂമിയുടെ താഴ്‌വാരത്തുള്ള മൂനാടി കോളനിയിൽ 24 പട്ടികവർഗ്ഗ കുടുംബങ്ങൾ വസിക്കുന്നു. പറയൻമാട് വനത്തിൽ കഴിഞ്ഞിരുന്ന പ്രാക്തന ആദിവാസി ഗോത്രത്തിൽപ്പെടുന്ന കാട്ടുനായ്ക്കർ വിഭാഗത്തിൽപ്പെട്ടവരെ ഇവിടേയ്ക്ക് പുനരധിവസിപ്പിക്കുകയായിരുന്നു. എന്നാൽ സംസ്ഥാന സർക്കാരിന്റെ വികസന ഫണ്ടിലെ ടി.എസ്.പി. ഫണ്ടിൽ നിന്നും തുകയൊന്നും ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്നില്ല.

മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമപഞ്ചായത്തിലെ ചേരിയംമലയിൽ കാട്ടുനായ്ക്കർ ഗോത്രത്തിൽപ്പെടുന്ന 6 ആദിവാസി കുടുംബങ്ങൾ കഴിയുന്നുണ്ട്. ഇതിൽ 3 കുടുംബങ്ങൾ പാറമടകളിലാണ് വസിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിന് ടി.എസ്.പി. ഫണ്ട് ലഭിക്കുന്നില്ല.

കണ്ണൂർ ജില്ലയിലെ ആറളം ഫാമിലെ 3060 ഹെക്ടർ ഭൂമി 2004-ൽ പട്ടികവർഗ്ഗ പുനരധിവാസ മിഷന് കൈമാറി. ഇതിനെ തുടർന്ന് ആറളം ഗ്രാമപഞ്ചായത്തിന്റെ ആറാം വാർഡിലുള്ള ആറളം ഫാം പുനരധിവാസ മേഖലയിൽ 3304 പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിച്ചു. ഇതുമൂലം ഗ്രാമപഞ്ചായത്തിന്റെ പട്ടികവർഗ്ഗ ജനസംഖ്യയിൽ വൻവർദ്ധനയാണ് സംഭവിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിന് മുൻപ് ലഭിച്ചുകൊണ്ടിരുന്ന ടി.എസ്.പി. ഫണ്ട് ലഭ്യതയിൽ ഇതിന് ആനുപാതികമായ വർദ്ധന ഉണ്ടായിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.7.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

എടപ്പറ്റ ഗ്രാമപഞ്ചായത്ത്

196. പറയൻമാട് വനഭൂമിയുടെ താഴ്വാരത്തുള്ള മൂനാടി കോളനിയിൽ 23 പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നും 2016-17 സാമ്പത്തിക വർഷം വരെ ഇവരുടെ ഉന്നമനത്തിനായി ഫണ്ടൊന്നും വകയിരുത്താത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 2017-18 സാമ്പത്തിക വർഷത്തെ ഫണ്ട് വർഷാന്ത്യത്തിൽ

ലഭിച്ചതുകൊണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി തുക വിനിയോഗിക്കാൻ സാധിച്ചില്ലായെന്നും എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയിൽനിന്നും 148550 രൂപ വിദ്യാഭ്യാസ മേഖലയിൽ മേശയും കസേരയും വാങ്ങുന്നതിനും കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിനുമാണ് വിനിയോഗിച്ചതെന്നും പ്രാക്തന ആദിവാസി വിഭാഗക്കാരായ 12 കുടുംബങ്ങൾക്ക് വീടില്ലായെന്നും അവർ ഷെഡ്ഡുകളിലാണ് താമസിച്ചുവരുന്നതെന്നും എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഭൂഗർഭ ജല വിഭാഗത്തിന് കോർപ്പസ് ഫണ്ടിൽ വകയിരുത്തി തുക അനുവദിച്ചിട്ടുണ്ടെന്നും കുഴൽക്കിണർ നിർമ്മാണത്തിനായി 42,000 രൂപ അനുവദിച്ചുവെന്നും എടപ്പറ്റ ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്ക് മറുപടി നൽകി.

197. എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ എസ്.സി./എസ്.ടി. വിഭാഗങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി പഞ്ചായത്ത് അടിയന്തരമായി പ്രോജക്ടുകൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കണമെന്നും പ്രസ്തുത വിവരം അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

<u>മങ്കട ഗ്രാമപഞ്ചായത്ത്</u>

198. മങ്കട ഗ്രാമപഞ്ചായത്തിന് ടി.എസ്.പി. ഫണ്ട് ലഭിക്കാത്തതിന് കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് 2018-19 സാമ്പത്തിക വർഷം മുതൽ ടി.എസ്.പി. ഫണ്ട് ലഭിക്കുന്നുണ്ടെന്നും കാട്ടുനായ്ക്കർ ഗോത്രത്തിൽപ്പെടുന്ന 6 ആദിവാസി കുടുംബങ്ങളാണ് മങ്കട ഗ്രാമപഞ്ചായത്തിൽ താമസിക്കുന്നതെന്നും 2018-19-ൽ 2,87,000 രൂപയും 2019-20-ൽ 2,90,000 രൂപയും അനുവദിച്ചിട്ടുണ്ടെന്നും ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ലെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലായെന്നും അതിനുശേഷം സ്പിൽഓവർ ആയി 39,330 രൂപ മാത്രമാണ് അനുവദിച്ചതെന്നും മങ്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. തുടർന്ന് കാട്ടുനായ്ക്കർ ഗോത്രത്തിൽപ്പെടുന്ന 6 ആദിവാസി കുടുംബങ്ങൾക്കും കുടിവെള്ളവും വാസയോഗ്യമായ വീടും ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് പഞ്ചായത്ത് കമ്മിറ്റിയുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

199. പഞ്ചായത്തുകൾ പ്രോജക്ടുകൾ തയ്യാറാക്കി എസ്.സി./എസ്.ടി. വകുപ്പിന് നൽകാറുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അപ്രകാരം സമർപ്പിക്കാറുണ്ടെന്ന് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി. പട്ടികവർഗ്ഗക്കാരില്ലാത്ത പഞ്ചായത്തുകൾക്കും ഫണ്ട് അനുവദിക്കാറുണ്ടെന്നും അത് ചെലവഴിക്കാൻ സാധിക്കാത്തതുകൊണ്ട് ടി ഫണ്ട്

ആവശ്യമില്ലെന്നുകാണിച്ച് 32 പഞ്ചായത്തുകൾ കത്ത് നൽകിയിട്ടുണ്ടെന്നും പ്രസ്തുത കത്തും പഞ്ചായത്ത് കമ്മിറ്റിയുടെ സ്റ്റേറ്റ്മെന്റും സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും പക്ഷെ അതിലുൾപ്പെട്ട പല പഞ്ചായത്തുകളും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാർക്ക് വീട് നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ മറുപടി നൽകി.

200. 2011-ലെ സെൻസസ് പ്രകാരമാണ് ടി.എസ്.പി. ഫണ്ട് അഞ്ചാം ധനകാര്യ കമ്മീഷൻ അനുവദിച്ചതെന്നും അതിൽകുറച്ച് സ്ഥലത്തുമാത്രമേ എസ്.ടി. പോപ്പുലേഷൻ ഇല്ലാതെയുള്ളുവെന്നും 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ 2001-ലെ സെൻസസ് പ്രകാരം നാലാം ധനകാര്യ കമ്മീഷൻ ഫണ്ട് വകയിരുത്തിയതുകൊണ്ടാണ് പല പഞ്ചായത്തുകൾക്കും ടി.എസ്.പി. ഫണ്ട് ലഭിക്കാത്തതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

201. എസ്.സി./എസ്.ടി. ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് പ്രൊമോട്ടർമാർ വഴി ഒരു വർഷം കൊണ്ട് ഒരോ വില്ലേജിലെയും പഞ്ചായത്തിലെയും പട്ടികവർഗ്ഗക്കാരുടെ കൃത്യമായ കണക്ക് ശേഖരിച്ച് ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടെന്നും ആയതിനാൽ ഇനി ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയില്ലായെന്നും എസ്.സി./ എസ്.ടി./ബി.സി. ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

<u>ആറളം ഗ്രാമപഞ്ചായത്ത്</u>

202. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പട്ടികവർഗ്ഗ പുനരധിവാസ മേഖലയിൽ പുനരധിവാസം നടന്നതിനുശേഷം ഫണ്ട് അധികം ലഭ്യമാകുന്നില്ലെന്നും പട്ടികവർഗ്ഗ വകുപ്പ് കൃഷി, മൃഗസംരക്ഷണം എന്നിവ നടപ്പിലാക്കുന്നുണ്ടെന്നും അതുകൊണ്ടാണ് മറ്റ് ഇൻഫ്രാസ്ടക്ചറിനായി ഫണ്ട് വിനിയോഗിക്കേണ്ടിവരുന്നതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

203. ആറളം ഫാം പുനരധിവാസമേഖലയിൽ പ്രവർത്തനങ്ങൾ നടക്കാതിരുന്നതിന്റെ പ്രധാന കാരണം ഫണ്ടിന്റെ അപര്യാപ്തതയാണെന്ന് നിരീക്ഷിച്ച സമിതി ജനസംഖ്യ വർദ്ധിച്ച സാഹചര്യത്തിൽ ടി.എസ്.പി. ഫണ്ട് കൂടുതൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

**നിഗമനങ്ങൾ / ശിപാർശകൾ**

**204. എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ എസ്.സി./എസ്.ടി. വിഭാഗങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി പഞ്ചായത്ത് അടിയന്തരമായി പ്രോജക്ടുകൾ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**205. മങ്കട ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന കാട്ടുനായ്ക്കർ ഗോത്രത്തിലുൾപ്പെടുന്ന 6 ആദിവാസി കുടുംബങ്ങൾക്ക് കുടിവെള്ളവും വാസയോഗ്യമായ വീടും ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**206. ആറളം ഫാം മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടക്കാതിരുന്നതിന്റെ പ്രധാനകാരണം ഫണ്ടിന്റെ അപര്യാപ്തതയാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആറളം ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ വർദ്ധിച്ച സാഹചര്യത്തിൽ പട്ടികവർഗ്ഗ പുനരധിവാസ പ്രവർത്തനങ്ങൾക്കായി കൂടുതൽ ടി.എസ്.പി. ഫണ്ട് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

<u>കൃഷി, മൃഗസംരക്ഷണം</u>

കൃഷി, മൃഗസംരക്ഷണ മേഖലയിൽ ആവിഷ്കരിച്ച പദ്ധതികളും തുലോം കുറവായിരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഏറെയും കാർഷിക വൃത്തിയിൽ ഏർപ്പെടുന്നവരായിട്ടുപോലും ചുരുക്കം പദ്ധതികൾ മാത്രമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയിട്ടുള്ളത്.

തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ കാർഷിക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

കൊല്ലം ജില്ലയിലെ നീണ്ടകര ഗ്രാമപഞ്ചായത്തിൽ ഉൽപ്പാദന മേഖലയിൽ പദ്ധതികൾ വിഭാവനം ചെയ്തെങ്കിലും ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല.

കോഴിക്കോട് ജില്ലയിൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വട്ടച്ചിറ കോളനിയിലുള്ള എൺപത്തഞ്ചോളം പട്ടികവർഗ്ഗ കുടുംബങ്ങൾ ഒരേക്കറിൽ കൂടുതൽ കൃഷിഭൂമി ഉള്ളവരാണെങ്കിലും പന്ത്രണ്ടാം പദ്ധതിക്കാലയളവിൽ മേൽ കൃഷിഭൂമി പ്രസ്തുത വിഭാഗത്തിന് സാമ്പത്തിക ഉന്നമനത്തിനുതകുന്ന രീതിയിൽ ഉപയോഗപ്രദമാക്കുവാനുള്ള പദ്ധതികളൊന്നും തന്നെ നടപ്പാക്കിയിട്ടില്ല. നിലവിൽ കോളനിയിലെ ഭൂരിഭാഗം പ്രദേശവും കാടുമൂടി കിടക്കുകയാണ്.

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിലെ ആറളം ഫാം പുനരധിവാസ മേഖലയിൽ 3304 കുടുംബങ്ങൾക്കായി 3269 ഏക്കർ കൃഷി ഭൂമിയുണ്ട്. എന്നാൽ ഈ മേഖലയിൽ പേരിനുപോലും കാർഷിക /മൃഗസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

കണ്ണൂർ ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി 2012-13-ൽ മാത്രമാണ് കാർഷികപദ്ധതികൾ നടപ്പിലാക്കിയത്. പടിയൂർ ഗ്രാമപഞ്ചായത്തിൽ 79% പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും 5% പട്ടികവർഗ്ഗത്തിൽപ്പെട്ടവരും കൃഷി ഉപജീവനമായി സ്വീകരിച്ചവരുമാണ്. എന്നാൽ കാർഷികമേഖലയിൽ പദ്ധതികൾ യാതൊന്നും നടപ്പിലാക്കിയിട്ടില്ല. 2012-13-ൽ പട്ടികവർഗ്ഗവിഭാഗത്തിനു വേണ്ടി തരിശുഭൂമിയിൽ നാണ്യവിള കൃഷി ചെയ്യുന്നതിന് കശുമാവിൻതൈ സബ്സിഡിയായി നൽകാൻ പദ്ധതി തയ്യാറാക്കിയെങ്കിലും നടപ്പിലാക്കിയില്ല.

അഗ്രോ റൂട്ട് & അഗ്രോ വെജ് പദ്ധതി പ്രകാരം വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ അട്ടപ്പാടി കോളനിയിലെ 96 കർഷകർക്ക് ചേമ്പ്, ചേന എന്നിവയുടെ വിത്തുകളും മറ്റു പച്ചക്കറി വിത്തുകളും വിതരണം ചെയ്ത് ജൈവകൃഷി രീതികൾ അവലംബിച്ച് അവരെ മികച്ച കർഷകരാക്കി.

തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിൽ പന്ത്രണ്ടാം പദ്ധതിയിൽ 2012-13-ൽ മാത്രമാണ് പട്ടികജാതി പട്ടികവർഗ്ഗമേഖലയിൽ മൃഗസംരക്ഷണ പദ്ധതി നടപ്പിലാക്കിയത്. ഈ രണ്ടു വിഭാഗങ്ങൾക്കായും ആട് വളർത്തൽ പദ്ധതി നടപ്പിലാക്കിയെങ്കിലും ആയത് പൂർണ്ണമാക്കാൻ കഴിഞ്ഞിട്ടില്ല.

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ എസ്.സി.പി. ഫണ്ടുപയോഗിച്ച് ക്ഷീരവികസന ഓഫീസർ നിർവ്വഹണം നടത്തിയ ഗോദാൻ പദ്ധതി, കാലിത്തീറ്റ സബ്സിഡി, കാലിത്തൊഴുത്ത് നിർമ്മാണം എന്നീ പദ്ധതികൾമൂലം തൊഴിൽപരവും സാമ്പത്തികവുമായ നേട്ടം ഉണ്ടായിട്ടുണ്ട്. മേൽ പദ്ധതികൾ നടപ്പിലാക്കിയതുവഴി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 3 ക്ഷീരസംഘങ്ങളിൽ പാലുൽപ്പാദനവും ക്ഷീരോൽപ്പാദകരുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിലെ കോട്ടുവള്ളി ഗ്രാമപഞ്ചായത്തിൽ എരുമ വളർത്തൽ പദ്ധതി നടപ്പിലാക്കണമെന്ന് 8-5-2012-ലെ ഊരുകൂട്ടത്തിൽ ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയില്ല.

മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമപഞ്ചായത്തിൽ 2014-15-ൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ 'വനിതകൾക്ക് ആട് വളർത്തൽ' (എസ്.സി.) എന്ന പദ്ധതിയ്ക്കായി തിരഞ്ഞെടുത്ത 36 ഗുണഭോക്താക്കളിൽ 4 ഗുണഭോക്താക്കളുടെ ആടുകൾ ചത്തതിനാൽ ഇൻഷ്വറൻസ് തുക ലഭിച്ചു. എന്നാൽ ചത്ത ആടുകൾക്ക് പകരമായി ഗുണഭോക്താക്കൾ ആടുകളെ വാങ്ങിയില്ല. 16-11-2013-ലെ സ.ഉ.(എം.എസ്.) 362/13/ ത.സ്വ.ഭ.വ. നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ ആടുവളർത്തലിനായി സബ്സിഡി കൈപ്പറ്റുന്ന ഗുണഭോക്തക്കൾ ആടുകളെ 3 വർഷം വരെ വളർത്തുമെന്ന് കരാറുടമ്പടി വെയ്ക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം ആടുകൾ അസുഖം ബാധിച്ച് ചത്തുപോയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ക്ലെയിം കൈപ്പറ്റി പകരം ആടുകളെ വാങ്ങി കരാറുടമ്പടി പ്രകാരമുള്ള കാലയളവുവരെ ആടുകളെ വളർത്തേണ്ടതാണ്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.7.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

<u>തെക്കുംകര ഗ്രാമപഞ്ചായത്ത്</u>

207. കാർഷിക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2012-13 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികളുടെ ആസൂത്രണവും നടപ്പാക്കലും വിജയകരമായിരുന്നില്ലായെന്നും എന്നാൽ സ്പിൽ ഓവറായി ലഭിച്ച തുക ചെലവഴിച്ചിട്ടുണ്ടെന്നും 2012-13 സാമ്പത്തിക വർഷം തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ഓട്ടോറിക്ഷ വാങ്ങി നൽകുന്ന പദ്ധതിയാണ് ആസൂത്രണം ചെയ്തതെന്നും കാർഷിക മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾ വിജയകരമായിരുന്നുവെന്നും ഗുണഭോക്താക്കൾക്ക് വരുമാനം ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടെന്നും തെക്കുംകര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

208. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

നീണ്ടകര ഗ്രാമപഞ്ചായത്ത്

209. നീണ്ടകര ഗ്രാമപഞ്ചായത്തിൽ ഉല്പാദന മേഖലയിൽ പദ്ധതികൾ വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കിയില്ലായെന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നീണ്ടകര ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും മത്സ്യബന്ധനം, അനുബന്ധ മത്സ്യത്തൊഴിലുമായി ബന്ധപ്പെട്ട ജോലികളിൽ ഏർപ്പെട്ടിട്ടുള്ളവരാണെന്നും അവർക്ക് കാർഷികമേഖലയിലേയ്ക്ക് വരുന്നതിനുള്ള ഒരു താൽപ്പര്യക്കുറവ് ആ കാലഘട്ടത്തിലുണ്ടായിരുന്നുവെന്നും അതുകൂടാതെ നീണ്ടകരയിലെ മണ്ണിൽ ലവണാംശം കൂടുതലായി കാണപ്പെടുന്നുവെന്നും കിണറുകളുടെ കുറവുമൂലമുണ്ടായ ജലദൗർലഭ്യവും കാർഷികമേഖലയിലേയ്ക്ക് ആളുകൾ എത്തിച്ചേരുന്നതിന് തടസ്സമായിരുന്നുവെന്നും അവരെ മൃഗസംരക്ഷണവകുപ്പിന് കീഴിൽ വരുന്ന പോത്തുകുട്ടി വിതരണം, ആട് വിതരണം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും നീണ്ടകര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

210. സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച തടസ്സം ഒഴിവാക്കാൻ തീരുമാനിച്ചു.

കോടഞ്ചേരി ഗ്രാമപഞ്ചായത്ത്

211. വട്ടച്ചിറ കോളനിയിലെ കൃഷിഭൂമിയെ ഉപയോഗപ്രദമാക്കുവാനുള്ള പദ്ധതികളൊന്നും ആവിഷ്കരിക്കാതിരിക്കുന്നതിനുള്ള കാരണം സമിതി ആരാഞ്ഞതിന് വട്ടച്ചിറ കോളനിയിലുള്ള ഒരേക്കറിൽ കൂടുതൽ തരിശായി കിടക്കുന്ന കൃഷിയോഗ്യമല്ലാത്ത ഭൂമി കൃഷി ചെയ്യാൻ സാധിക്കാത്ത വിധത്തിൽ കാട് പിടിച്ച് കിടന്നിരുന്നുവെങ്കിലും പ്രസ്തുത ഭൂമി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കാട് വെട്ടിത്തെളിച്ച് കൃഷിയോഗ്യമാക്കിയിട്ടുണ്ടെന്നും കൃഷിവകുപ്പും കാഷ്യൂ ബോർഡുമായി ബന്ധപ്പെട്ട് തൈകൾ ലഭ്യമാക്കി ഉടൻതന്നെ കൃഷി ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും കോടഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

212. എല്ലാ കുടുംബങ്ങൾക്കുമായി ആകെ എത്ര ഏക്കർ ഭൂമിയുണ്ട്, എത്ര കാലമായി കൃഷി ചെയ്യാതെ കിടക്കുന്നു, ഭാവിയിൽ കൃഷി ചെയ്യുന്നതിനായി പഞ്ചായത്ത് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ, അത് കൃഷി വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ടാണോ ചെയ്യുന്നത് തുടങ്ങിയ വിവരങ്ങൾ അടങ്ങുന്ന റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>ആറളം ഗ്രാമപഞ്ചായത്ത്</u>

213. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പട്ടികവർഗ്ഗ പുനരധിവാസ മേഖലയിൽ പുനരധിവാസം നടന്നതിനുശേഷം ഫണ്ട് അധികം ലഭ്യമാകുന്നില്ലെന്നും പട്ടികവകുപ്പ് കൃഷി, മൃഗസംരക്ഷണം എന്നിവ നടപ്പിലാക്കുന്നുണ്ടെന്നും അതുകൊണ്ടാണ് മറ്റു ഇൻഫ്രാസ്ട്രക്ചറിനായി ഫണ്ട് വിനിയോഗിക്കേണ്ടിവരുന്നതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

214. ആറളം ഫാം പുനരധിവാസമേഖലയിൽ പ്രവർത്തനങ്ങൾ നടക്കാതിരുന്നതിന്റെ പ്രധാന കാരണം ഫണ്ടിന്റെ അപര്യാപ്തതയാണെന്ന് നിരീക്ഷിച്ച സമിതി ജനസംഖ്യ വർദ്ധിച്ച സാഹചര്യത്തിൽ ടി.എസ്.പി. ഫണ്ട് കൂടുതൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്തു.

<u>ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്</u>

215. കണ്ണൂർ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കായി കാർഷിക മേഖലയിൽ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ വിശദീകരണം ആരാഞ്ഞതിന് 2015-16, 2016-17, 2017-18 വർഷത്തിൽ ഇത്തരം പദ്ധതികൾക്കായി ഫണ്ട് ചെലവഴിച്ചിട്ടുണ്ട് എന്നും ഇത് സംബന്ധിച്ച രേഖകൾ ഹാജരാക്കാം എന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നതിനെത്തുടർന്ന് ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിൽ 2015-16 വർഷം 9,82,500 രൂപ ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>പടിയൂർ ഗ്രാമപഞ്ചായത്ത്</u>

216. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കാർഷികമേഖലയിൽ മുട്ടക്കോഴി വിതരണത്തിനുള്ള ഫണ്ട് ചെലവഴിച്ചു എന്നും 2017-18 വർഷത്തെ പദ്ധതിയിൽ 'പെണ്ണാട്' എന്നുള്ള പദ്ധതിയ്ക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ട് എന്നും പടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ ലോട്ടറി, ചെറുകിട വ്യവസായ ഉല്പന്നങ്ങൾ എന്നിവയൊക്കെ വിൽക്കാനും മറ്റുമായി ഇരുചക്ര വാഹനം നൽകുന്ന പദ്ധതിയുണ്ടെന്നും ചിലപ്പോൾ ഇത് APL കാർക്ക് ലഭിക്കാത്ത അവസ്ഥ ഉണ്ടെന്നും ഗുണഭോക്തൃ വിഹിതത്തിന്റെ പ്രശ്നം ഉണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. അതിനെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കി പദ്ധതി നടപ്പിലാക്കണം എന്ന് സമിതി നിർദ്ദേശിച്ചു.

<u>പനവൂർ ഗ്രാമപഞ്ചായത്ത്</u>

217. തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ ഊരുകളിൽ മൃഗങ്ങളുടെ ശല്യം അതിരൂക്ഷമായതിനാൽ കാർഷികപദ്ധതികൾ എസ്.സി./ എസ്.ടി. വിഭാഗത്തിന് പ്രത്യേകമായി തയ്യാറാക്കാൻ സാധിക്കാത്തതിനാൽ വന്യമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനായി സോളാർ ഫെൻസിംഗ് നടത്തുന്നതിനായി മേൽത്തട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടും വനം വകുപ്പിനോടും ആവശ്യപ്പെട്ടെന്നുള്ള വകുപ്പിന്റെയും ഓഡിറ്റിന്റെയും മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത നടപടി ത്വരിതപ്പെടുത്തുന്നതിന് സമിതി നിർദ്ദേശിച്ചു. മറുപടി സമിതി അംഗീകരിച്ചു.

<u>ഉദയനാപുരം ഗ്രാമപഞ്ചായത്ത്</u>

218. പ്രസ്തുത പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

<u>കോട്ടുവള്ളി ഗ്രാമപഞ്ചായത്ത്</u>

219. എസ്.ടി. വിഭാഗക്കാർക്ക് വേണ്ടി ആവിഷ്കരിച്ച പോത്തുകുട്ടി പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയതിന്റെ ഫലമായി ടി വിഭാഗക്കാർക്ക് സാമ്പത്തികപരമായി വലിയ നേട്ടമുണ്ടാക്കാൻ സാധിച്ചിട്ടുണ്ടെന്നും എറണാകുളം അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് മറുപടി നൽകി.

220. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**221. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തെക്കുംകര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**222. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ നീണ്ടകര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

223. കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വട്ടച്ചിറ കോളനിയിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കുമായി ആകെ എത്ര ഏക്കർ ഭൂമിയുണ്ട്; എത്ര കാലമായി കൃഷി ചെയ്യാതെ കിടക്കുന്നു; ഭാവിയിൽ കൃഷി ചെയ്യുന്നതിനായി പഞ്ചായത്ത് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് കൃഷി വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ടാണോ തുടങ്ങിയ വിവരങ്ങൾ അടങ്ങുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

224. ആറളം ഫാം പുനരധിവാസ മേഖലയിൽ കൃഷി, മൃഗസംരക്ഷണം എന്നിവ നടപ്പിലാക്കുന്നുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

225. ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിൽ 2015-16 വർഷം 9,82,500 രൂപ ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

226. പടിയൂർ ഗ്രാമപഞ്ചായത്ത് കൃഷി, മൃഗസംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള നടപടി കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

227. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പനവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

228. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഉദയനാപുരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

229. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കോട്ടുവള്ളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## ഓഡിറ്റ് ഖണ്ഡിക

### മറ്റുള്ളവ

പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിൽ 2010-11, 2011-12 വർഷങ്ങളിലായി പട്ടികജാതി വികസനഫണ്ടിൽ നിന്നും 9 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിച്ച കുറുമ്പൻ ദൈവത്താൻ സ്മാരകം തുടർപ്രവർത്തനങ്ങൾ ഇല്ലാത്ത നിലയിലാണ്.

ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ പല്ലനയിൽ 1982 ആഗസ്റ്റ് മാസത്തിൽ പ്രവർത്തനമാരംഭിച്ച കുമാരകോടി ഹരിജൻ വ്യവസായ സഹകരണ സംഘം നിർജ്ജീവമാണ്. പരമ്പരാഗത കുടിൽ വ്യവസായങ്ങളെ പരിപോഷിപ്പിക്കാനുള്ള നടപടികളൊന്നും തന്നെ 2012-13, 2013-14, 2014-15 വർഷങ്ങളിൽ സംഘം കൈക്കൊണ്ടിട്ടില്ല. സംഘത്തെ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതികൾ തയ്യാറാക്കുവാൻ പട്ടികജാതി കർമ്മസമിതികളിൽ നിന്നും വർഷങ്ങളായി നിർദ്ദേശങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

തൃശ്ശൂർ ജില്ലയിലെ നെൻമണിക്കര ഗ്രാമപഞ്ചായത്തിൽ 2007-08-ൽ 1 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പുലക്കാട്ടുകര എസ്.സി. കോളനി സാംസ്കാരികനിലയത്തിന്റെ പണി പൂർത്തിയാക്കിയെങ്കിലും പ്രവർത്തിക്കുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത റിപ്പോർട്ട്; ഖണ്ഡിക 3.7.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

230. കുറുമ്പൻ ദൈവത്താൻ സ്മാരക കെട്ടിടം തുടർപ്രവർത്തനങ്ങൾ ഇല്ലാത്ത നിലയിലാണ് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കെട്ടിടത്തിന്റെ പണി 2012-ൽ പൂർത്തിയായിട്ടുണ്ട് എന്നും താഴത്തെ നിലയിൽ രണ്ട് മുറികൾ ഉണ്ടെന്നും അതിൽ ഒരു മുറിയിൽ കുറുമ്പൻ ദൈവത്താന്റെ സ്മാരകവും രണ്ടാമത്തെ മുറി യോഗം ചേരുന്നതിനും ഉപയോഗിക്കാൻ വേണ്ടിയാണ് തയ്യാറാക്കിയിരിക്കുന്നതെന്നും കെട്ടിടത്തിന്റെ മുകളിൽ ഒരു നില കൂടി പണിത് വായനശാലയാക്കുവാൻ ഉള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

231. കുറുമ്പൻ ദൈവത്താൻ സ്മാരകം എന്ന് പേരിട്ട ഈ കെട്ടിടം കോളനിയിലെ താമസക്കാർക്ക് വേണ്ടിയുള്ള സാംസ്കാരിക നിലയമാണ് എന്ന് നിരീക്ഷിച്ച സമിതി ആയത് അടിയന്തരമായി ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മുകളിൽ ഒരു നില പണിയുകയാണെങ്കിൽ അത് പഞ്ചായത്ത് ലൈബ്രറിയാക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും നിർദ്ദേശിച്ചു.

<u>തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്</u>

232. കുമാരകോടി ഹരിജൻ വ്യവസായ കേന്ദ്രത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ചകിരി മെത്ത നിർമ്മിച്ചിരുന്ന കേന്ദ്രമായിരുന്നു ഇത് എന്നും വ്യവസായ കേന്ദ്രത്തിന്റെ പ്രസിഡന്റ് 2010-ൽ മരണപ്പെട്ടതിനെ തുടർന്ന് ഭരണ സമിതി പുനഃസംഘടിപ്പിച്ചിട്ടില്ലായെന്നും നിലവിൽ വ്യവസായ കേന്ദ്രത്തിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണെന്നും സംഘം നിലവിൽ വ്യവസായ വകുപ്പിന്റെ കീഴിലാണെന്നും ഭരണസമിതി പുനഃസംഘടിപ്പിക്കുന്നതിനായി ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കുവാൻ കാർത്തികപ്പള്ളി താലൂക്ക് വ്യവസായ ഓഫീസർ ജനറൽ മാനേജർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും പുതിയ ഭരണ സമിതി നിലവിൽ വന്ന ശേഷം മാത്രമേ വ്യവസായ സംഘത്തിന്റെ പ്രവർത്തനങ്ങൾ പുനഃസ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂവെന്നും അതിനായി പഞ്ചായത്ത് ഒരു ലക്ഷം രൂപ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും തുടർനടപടി പുരോഗമിച്ചുവരുന്നുവെന്നും തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

233. സഹകരണ സംഘങ്ങൾക്ക് സബ്സിഡി നൽകുന്നതിനുള്ള നിബന്ധന സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി രൂപീകരിച്ച സഹകരണ സംഘമാണെങ്കിൽ അവസാനത്തെ മൂന്ന് വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ ലാഭമുണ്ടാകണമെന്ന നിബന്ധന ഉണ്ടെന്നും ആയത് ഒഴിവാക്കി നൽകണമെന്ന് സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും എസ്.സി./എസ്.ടി./ബി.സി. വികസന വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

234. പഞ്ചായത്തിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സംഘത്തിന്റെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ചെയ്തു.

<u>നെന്മണിക്കര ഗ്രാമപഞ്ചായത്ത്</u>

235. പുലക്കാട്ടുകര എസ്.സി. കോളനി സാംസ്കാരിക നിലയത്തിന്റെ പണി പൂർത്തിയാക്കിയിട്ടും പ്രവർത്തനം ആരംഭിക്കാതിരുന്നതിന്റെ കാരണം സമിതി ആരാഞ്ഞതിന് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട സാംസ്കാരിക പ്രവർത്തനങ്ങൾക്കുവേണ്ടി പ്രസ്തുത കെട്ടിടം ഉപയോഗിക്കുന്നുണ്ടെന്നും 2018-ൽ ഉണ്ടായ പ്രളയത്തെത്തുടർന്ന് ടി കെട്ടിടം ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ചിരുന്നുവെന്നും നെന്മണിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

236. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**237. ആറന്മുള ഗ്രാമപഞ്ചായത്തിലെ കുറുമ്പൻ ദൈവത്താൻ സ്മാരകം എന്ന കെട്ടിടം കോളനിയിലെ താമസക്കാർക്ക് വേണ്ടിയുള്ള സാംസ്കാരിക നിലയമാണ് എന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത കെട്ടിടം അടിയന്തരമായി ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും ടി കെട്ടിടത്തിന് മുകളിൽ ഒരു നില കൂടി പണിയുന്നപക്ഷം അത് പഞ്ചായത്ത് ലൈബ്രറിയാക്കാനുള്ള സംവിധാനം ഉണ്ടാക്കാനും ശിപാർശ ചെയ്യുന്നു.**

**238. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ കുമാരകോടി ഹരിജൻ വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ പുനഃസ്ഥാപിക്കുന്നതിനായി പഞ്ചായത്ത് ഒരുലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**239. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ നെന്മണിക്കര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## ഓഡിറ്റ് ഖണ്ഡിക

## പരമ്പരാഗത-കുലത്തൊഴിൽ മേഖലകൾ

29-9-2012-ലെ സ.ഉ.(എം.എസ്.)നം.248/2012/ത.സ്വ.ഭ.വ. പ്രകാരമുള്ള പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പരമ്പരാഗത കൈത്തൊഴിലുകളിൽ പ്രോത്സാഹനം നൽകാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ പഠനവിധേയമാക്കിയവയിൽ ചുരുക്കം ചില പഞ്ചായത്തുകളിൽ മാത്രമാണ് പരമ്പരാഗത കൈത്തൊഴിലുകൾക്ക് പ്രോത്സാഹനം നൽകിയിട്ടുള്ളത്.

കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ ആര്യങ്കാവ്, അച്ചൻകോവിൽ എന്നിവിടങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ ഉണ്ടെങ്കിലും, തദ്ദേശീയമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന സാമഗ്രികൾ/വനവിഭവങ്ങൾ എന്നിവ സംഭരിച്ച് വിപണനം നടത്തുന്നതിലും, ചെറുകിട സംരംഭങ്ങൾക്ക് സഹായങ്ങൾ ലഭ്യമാക്കുന്നതിലും അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും ഗ്രാമപഞ്ചായത്തിന്റെ കാര്യമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല.

ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗക്കാരുടെ പരമ്പാരഗത തൊഴിലുകൾ ഈറ, മുള എന്നിവ കൊണ്ടുള്ള ഉപകരണങ്ങളുടെ നിർമ്മാണം, തെങ്ങുകയറ്റം എന്നിവയാണ്. പട്ടികജാതിയിൽപ്പെടുന്ന തണ്ടാൻ വിഭാഗത്തിന്റെ പരമ്പരാഗത തൊഴിൽ തെങ്ങുകയറ്റമാണ്. എന്നാൽ അപകടസാധ്യത കൂടിയ ഈ തൊഴിൽ ചെയ്യുന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷയോ ക്ഷേമനിധി പെൻഷനോ ഇല്ല. മുള, ഈറ്റ എന്നിവയുടെ ലഭ്യതക്കുറവ്, ഉയർന്ന വില എന്നിവ ഈ മേഖലയിലെ കൈത്തൊഴിലുകാർക്ക് പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗമായ ഉള്ളാട സമുദായത്തിന്റെ പരമ്പരാഗത തൊഴിലുകൾ മരംമുറിക്കൽ, വള്ളം നിർമ്മാണം, പച്ചമരുന്നുകളുടെ ശേഖരണം എന്നിവയാണ്. എന്നാൽ ഇവരുടെ പാരമ്പര്യ തൊഴിലുകളുടെ പോഷണത്തിനായി ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല. ശേഖരിക്കുന്ന പച്ചമരുന്നുകൾ ചേർത്തലയിൽ കൊണ്ടുപോയി വിൽക്കുമ്പോൾ തുച്ഛമായ വിലയാണ് ലഭിക്കുന്നത്.

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ കവറ സമുദായത്തിൽപ്പെട്ടവരുടെ ഉപജീവനമാർഗ്ഗം മുള ഉൽപ്പന്നങ്ങളുടെ നിർമ്മാണമാണ്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും, വിപണി കണ്ടെത്താനുള്ള ബുദ്ധിമുട്ടും കാരണം ഈ തൊഴിൽ മേഖല പ്രതിസന്ധിയിലാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത റിപ്പോർട്ട്; ഖണ്ഡിക 3.7.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്

240. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

241. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പ്രധാനമായും കയർ വ്യവസായത്തിലും മത്സ്യബന്ധനത്തിലും ഏർപ്പെട്ടിരിക്കുന്നതിനാൽ ഈറ, മുള എന്നിവ കൊണ്ടുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്ന കുടുംബങ്ങൾ ഇപ്പോൾ നിലവിലില്ലാത്ത സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നതെന്ന് തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

242. ഇതേ തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച തടസ്സം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു .

കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

243. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**244. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ആര്യങ്കാവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരമാർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**245. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**246. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ഓഡിറ്റ് ഖണ്ഡിക

## വിദ്യാഭ്യാസം

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികളും പ്രാദേശിക സർക്കാരുകൾക്ക് ആവിഷ്കരിക്കാവുന്നതാണ്. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേകമായി ക്ലാസ്സുകൾ സംഘടിപ്പിക്കുക, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കാം. എന്നാൽ പഠനവിധേയമാക്കിയ ഭൂരിഭാഗം പഞ്ചായത്തുകളിലും ഇത്തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. മിക്ക പഞ്ചായത്തുകളും വിദ്യാർത്ഥികൾക്ക് പഠനസാമഗ്രികളും ഫർണിച്ചറും വിതരണം ചെയ്യുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. പഠനനിലവാരം വിലയിരുത്തുന്നതിനും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പരിഹാരനടപടികൾ സ്വീകരിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പ്രവർത്തനങ്ങളും പദ്ധതികളും കൂടി ഉണ്ടായെങ്കിൽ മാത്രമേ വിദ്യാഭ്യാസ രംഗത്ത് പട്ടികവിഭാഗങ്ങളെ മുൻനിരയിൽ എത്തിക്കാൻ കഴിയൂ.

കൊല്ലം ജില്ലയിലെ നീണ്ടകര ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് 2012-13, 2013-14 എന്നീ വർഷങ്ങളിൽ യാതൊരു പദ്ധതികളും ആവിഷ്കരിച്ചിട്ടില്ല. 2014-15-ൽ പട്ടികജാതി വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി 3 പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും നടപ്പിലാക്കിയിട്ടില്ല.

പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ 3 വർഷങ്ങളിലായി 26,61,000 രൂപ ചെലവഴിക്കുകയുണ്ടായി. ഇതിൽ പഠനവീട് പദ്ധതി (ചെലവ് 2,33,000) ശ്രദ്ധേയമായിരുന്നു. ഇതുമൂലം സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് സാധിച്ചു.

പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപഞ്ചായത്തിൽ 2014-15 വർഷം പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന 5 വിദ്യാർത്ഥികൾക്കും കുന്നന്താനം ഗ്രാമപഞ്ചായത്തിൽ 8 വിദ്യാർത്ഥികൾക്കും 25,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

ചങ്ങനാശ്ശേരി നഗരസഭ 'മെരിട്ടോറിയസ് മികവു കാട്ടുന്ന വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗ് എന്ന പദ്ധതിയ്ക്ക് തുക വകയിരുത്തിയെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല .

പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടി വിദ്യാഭ്യാസ മേഖലയിൽ പന്ത്രണ്ടാം പദ്ധതിയുടെ ആദ്യ മൂന്ന് വർഷങ്ങളിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായി ധാരാളം പദ്ധതികൾ ആവിഷ്കരിക്കുവാൻ സാധ്യതയുണ്ടായിട്ടും പദ്ധതികൾ ആവിഷ്കരിക്കാത്തത് ആസൂത്രണത്തിലെ പാളിച്ചയാണ്.

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിൽ 63 കുട്ടികൾ പഠനം നിർത്തിയിട്ടുണ്ട്. എന്നാൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ പഠനങ്ങളോ ചർച്ചകളോ പഞ്ചായത്ത് നടത്തിയിട്ടില്ല.

കാസർഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വിദ്യാഭ്യാസ മേഖലയിൽ പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത റിപ്പോർട്ട്; ഖണ്ഡിക 3.7.9)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

<u>നീണ്ടകര ഗ്രാമപഞ്ചായത്ത്</u>

247. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

<u>കൊടുമൺ ഗ്രാമപഞ്ചായത്ത്</u>

248. പഠനവീട് പദ്ധതി കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് എന്ന് സമിതി ആരാഞ്ഞതിന് ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് ഒരു പ്രത്യേക സ്ഥലത്ത്വച്ച് ട്യൂഷൻ കൊടുക്കുകയും ട്യൂഷൻ എടുക്കുന്ന അധ്യാപകർക്ക് ഓണറേറിയവും മറ്റ് അനുബന്ധ ചെലവുകളും പഞ്ചായത്ത് വഹിക്കുകയും ചെയ്യുന്ന പദ്ധതിയാണിതെന്നും ഇത്തരത്തിൽ 7 പഠനവീടുകൾ ഉണ്ടെന്നും കൊടുമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

ചങ്ങനാശ്ശേരി നഗരസഭ

249. മെരിട്ടോറിയസ് മികവ് കാട്ടുന്ന വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗിനുള്ള പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടി സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2015-16 സാമ്പത്തിക വർഷം ഇത് സംബന്ധിച്ച അപേക്ഷ ഒന്നും ലഭിക്കാതിരുന്നതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ലായെന്നും എന്നാൽ 2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി നടപ്പിലാക്കിയിരുന്നുവെങ്കിലും കുട്ടികൾ ക്ലാസ്സിന് ഹാജരായില്ലായെന്നും എസ്.സി. പ്രമോട്ടർമാരുടെ സഹായത്തോടെ ഇത്തരമൊരു പദ്ധതിയുള്ളതായി എല്ലാ കുടുംബങ്ങളെയും അറിയിക്കുകയുണ്ടായെന്നും ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറി മറുപടി നൽകി.

250. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

മലമ്പുഴ ഗ്രാമപഞ്ചായത്ത്

251. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

ആറളം ഗ്രാമപഞ്ചായത്ത്

252. കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് അവിടെ ഒരു സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനം നടത്തുകയും പഠനം നിർത്തിപ്പോയ 63 കുട്ടികളെയും തിരിച്ച് കൊണ്ടുവന്നിട്ടുണ്ട് എന്നും ഈ വർഷം 100% വിജയമാണെന്നും ആറളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

പുത്തിഗെ ഗ്രാമപഞ്ചായത്ത്

253. കാസർഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2017-18 വർഷത്തെ പദ്ധതിയിൽ വിദ്യാഭ്യാസ പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന ഓഡിറ്റിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**254. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ നീണ്ടകര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**255. കൊടുമൺ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് പരാമർശ കാലയളവിൽ നടപ്പാക്കിയ പഠനവീട് പദ്ധതി ശ്ലാഘനീയമായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇത്തരത്തിൽ മൗലികവും കാലിക പ്രസക്തിയുള്ളതുമായ ആശയങ്ങൾ കണ്ടെത്താനും നടപ്പാക്കാനുമുള്ള ശ്രമങ്ങൾ നടത്തണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.**

**256. ചങ്ങനാശ്ശേരി നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**257. മലമ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**258. ആറളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**259. പുത്തിഗെ ഗ്രാമപഞ്ചായത്തിൽ 2017-18-ലെ പദ്ധതിയിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

ആരോഗ്യം

അനാരോഗ്യകരമായ ചുറ്റുപാടിൽ സാംക്രമികരോഗങ്ങളുടെ നടുവിൽ കഴിയുന്നവരാണ് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്ന പലരും. കോളനികളിലെ ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് പഠിക്കുന്നതിനും രോഗപ്രതിരോധത്തിനും ചികിത്സയ്ക്കുമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ക്രിയാത്മക ഇടപെടലുകൾ ആവശ്യമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.7.10)

260. പട്ടികജാതി കോളനികളിലെ കുടുംബങ്ങളുടെ ആരോഗ്യസ്ഥിതി പരിശോധിക്കുകയോ അതനുസരിച്ച് ഡേറ്റ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല എന്ന് നിരീക്ഷിച്ച സമിതി, പകർച്ചവ്യാധികൾ പോലുള്ള പ്രശ്നങ്ങൾ ഉണ്ടാകുകയാണെങ്കിൽ പഞ്ചായത്തുകൾ നടത്തുന്നതല്ലാതെ, പട്ടികജാതി കോളനികൾ തെരഞ്ഞെടുത്ത് വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ടോയെന്ന് ആരായുകയുണ്ടായി. ഇടുക്കിയിലും വയനാടിലും മെഡിക്കൽ ക്യാമ്പുകൾ എസ്.സി. / എസ്.ടി. വികസന വകുപ്പിന്റെ നേതൃത്വത്തിൽ നടത്താറുണ്ടെന്നും പഞ്ചായത്ത് തലത്തിൽ നടത്താറില്ലെന്നും പകർച്ചവ്യാധികൾ പോലുള്ള പ്രശ്നങ്ങൾ ഉണ്ടാകുകയാണെങ്കിൽ ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷന്റെ ഭാഗമായി എസ്.സി./എസ്.ടി. വകുപ്പും പഞ്ചായത്തും സംയുക്തമായി ക്യാമ്പുകൾ നടത്താറുണ്ടെന്നും റെഗുലറായി ക്യാമ്പുകൾ സംഘടിപ്പിക്കാൻ പഞ്ചായത്തിന് സംവിധാനമില്ലെന്നും ബന്ധപ്പെട്ട ഓഫീസർമാർ സമിതിയെ ബോധിപ്പിക്കുകയുണ്ടായി.

261. വർഷത്തിലൊരിക്കലെങ്കിലും പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ ആരോഗ്യസ്ഥിതി സംബന്ധിച്ച സർവ്വേ നടത്തി പരിശോധന നടത്തുകയും രോഗബാധിതരായിട്ടുള്ളവരെ മെഡിക്കൽ കോളേജിലേയ്ക്കോ മറ്റ് ഗവൺമെന്റ് ആശുപത്രിയിലേയ്ക്കോ റഫർ ചെയ്യുകയും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്തു.

## നിഗമനങ്ങൾ / ശിപാർശകൾ

**262. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ കുടുംബങ്ങളുടെ ആരോഗ്യ സ്ഥിതി പരിശോധിക്കുകയോ അതനുസരിച്ച് ഡാറ്റ തയ്യാറാക്കുകയോ ചെയ്യുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പും ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി ചേർന്ന് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും കോളനിവാസികളുടെ പൊതുവായ ആരോഗ്യസ്ഥിതി സംബന്ധിച്ച് സർവ്വേ നടത്തണമെന്നും രോഗബാധിതരെ മെഡിക്കൽ കോളേജിലേയ്ക്കോ മറ്റ് ഗവൺമെന്റ് ആശുപത്രിയിലേയ്ക്കോ റഫർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**എസ്.സി./എസ്.ടി. മേഖലയിലെ കർമ്മസമിതികളുടെ പ്രവർത്തനം ഊർജ്ജിതമല്ല**

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ വിവിധ മേഖലകളിലെ കർമ്മസമിതികളാണ് പദ്ധതി രൂപീകരണത്തിൽ പ്രധാന പങ്കുവഹിക്കുന്നത്. കർമ്മസമിതികൾ ശക്തമാക്കിയാൽ മാത്രമേ പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമത ഉറപ്പാക്കാൻ കഴിയൂ. വിവിധമേഖലകളിലെ അടിസ്ഥാന പ്രശ്നങ്ങൾ പഠിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടത് കർമ്മസമിതികളാണ്. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ കർമ്മസമിതികളെ സജീവമാക്കാൻ വലിയൊരു ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിയുന്നില്ല. കൂടാതെ പട്ടികജാതി/ പട്ടികവർഗ്ഗക്കാർ നേരിടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ, പരിഹാരമാർഗ്ഗങ്ങൾ എന്നിവയെ സംബന്ധിക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കി കർമ്മസമിതികളിൽ അവതരിപ്പിക്കാൻ കഴിയുന്നില്ല. കൂടാതെ കർമ്മസമിതികളിൽ ഉരുത്തിരിയുന്ന ചർച്ചകളും, ആശയങ്ങളും പദ്ധതികളായി മാറുന്നുമില്ല. പട്ടികജാതി/പട്ടികവർഗ്ഗ പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്താത്തതിന്റെ പ്രധാന കാരണങ്ങളിൽ ഒന്നാണിത്.

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ പട്ടികജാതിവികസന മേഖലയിൽ കർമ്മസമിതിയ്ക്ക് രൂപം നൽകിയിട്ടുണ്ടെങ്കിലും, ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഒന്നും തന്നെ പദ്ധതി ആസൂത്രണത്തിൽ പ്രതിഫലിച്ചിട്ടില്ല.

പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിൽ, എസ്.സി. പ്രമോട്ടർമാർ കർമ്മസമിതി യോഗങ്ങളിൽ പങ്കെടുക്കാത്ത സാഹചര്യമുണ്ട്. കുന്നന്താനം ഗ്രാമപഞ്ചായത്തിൽ പട്ടികജാതി കർമ്മസമിതി യോഗങ്ങൾ ചേരുന്നുണ്ടെങ്കിലും പ്രാധാന്യമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയോ നടപ്പാക്കുകയോ ചെയ്യുന്നില്ല. നാറാണംമൂഴി ഗ്രാമപഞ്ചായത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട കർമ്മസമിതി രൂപീകരിച്ചതു സംബന്ധിച്ച രേഖകളോ രജിസ്റ്ററുകളോ ഇല്ല.

കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന് എസ്.സി./എസ്.ടി. കർമ്മസമിതി നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നിർവ്വഹണം നടത്താൻ കഴിയുന്നില്ല. ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ കർമ്മസമിതി സാമൂഹ്യക്ഷേമം, കുടിവെള്ളം, പൊതുമരാമത്ത് എന്നീ മേഖലകളിൽ പുതിയ പദ്ധതികൾ തയ്യാറാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് അവ നടപ്പാക്കിയിട്ടില്ല. ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ രണ്ടുവർഷമായി എസ്.സി. പ്രൊമോട്ടർമാരില്ല.

ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ എസ്.സി./എസ്.ടി. മേഖലകളിൽ വരുമാനദായകവും, ഉൽപ്പാദന വർദ്ധന ലക്ഷ്യമിടുന്നതുമായ പല പദ്ധതി

നിർദ്ദേശങ്ങളും ഗ്രാമസഭ/ഊരുകൂട്ടങ്ങളിൽ ഉയർന്നു വരികയും, കർമ്മസമിതി ചർച്ച നടത്തുകയും ചെയ്തതായി രേഖകളിൽ കാണുന്നുണ്ടെങ്കിലും വാർഷികപദ്ധതികളിൽ ഇവയൊന്നും ഇടം പിടിച്ചിട്ടില്ല.

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ 2013-14, 2014-15 വർഷങ്ങളിൽ കർമ്മസമിതികളിൽ നടന്ന ചർച്ചകളുടെ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഓരോ തവണ വീതമാണ് എസ്.സി. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ നടന്നിട്ടുള്ളത്. പട്ടികവർഗ്ഗ വികസന കർമ്മസമിതി 2012-13-ൽ ഒരു തവണയേ യോഗം ചേർന്നുള്ളൂ. 2013-14-ൽ യോഗം ചേർന്നിട്ടില്ല. 2014-15-ൽ ചേർന്ന യോഗത്തിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. വൈത്തിരി ഗ്രാമപഞ്ചായത്തിൽ 2013-14-ൽ എസ്.ടി. കർമ്മസമിതി യോഗം ചേർന്നിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത റിപ്പോർട്ട്; ഖണ്ഡിക 3.7.11)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

<u>തിരുവനന്തപുരം നഗരസഭ</u>

263. 2016-17-ലെ കർമ്മസമിതികളുടെ മിനിട്സ് പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് ഉപകാരപ്പെടുന്ന പല ആശയങ്ങളും ഉരുത്തിരിയുന്നുണ്ടെങ്കിലും ഭവന നവീകരണം, വസ്തു വാങ്ങൽ തുടങ്ങിയ പദ്ധതികൾ മാത്രമാണ് എല്ലാ വർഷവും നടപ്പിലാക്കി വരുന്നതെന്ന ഓഡിറ്റിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ എസ്.സി./എസ്.ടി. പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി നഗരസഭയിലെ കർമ്മസമിതിയുടെ പ്രവർത്തനം ഊർജ്ജിതമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>ആറന്മുള ഗ്രാമപഞ്ചായത്ത്</u>

264. പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ കർമ്മസമിതി യോഗങ്ങളിൽ എസ്.സി. പ്രൊമോട്ടർ പങ്കെടുക്കുന്നുണ്ട് എന്ന ഗ്രാമപഞ്ചായത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

265. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ കർമ്മസമിതികളെ സജീവമാക്കാൻ വലിയൊരു ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിയാത്തതിനാൽ പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്തുന്നില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ

വിശദീകരണം ആരാഞ്ഞതിന് കർമ്മസമിതികൾ സജീവമാണെന്നും 2017-18-ലെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിൽ കർമ്മസമിതികൾ സജീവമായി പങ്കെടുക്കുകയും ചെയ്തിട്ടുണ്ട് എന്നും കുന്നന്താനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കർമ്മസമിതികൾ കൃത്യമായി കൂടുകയും 5 യോഗങ്ങൾ ചേർന്ന് പദ്ധതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് നാറാണംമൂഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും സമിതിയെ അറിയിച്ചു.

## എരുമേലി ഗ്രാമപഞ്ചായത്ത്

266. കർമ്മസമിതികളുടെ പ്രവർത്തനം കഴിഞ്ഞ വർഷം മുതൽ കാര്യക്ഷമമായി നടന്നുവരുന്നുവെന്ന എരുമേലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## ഉദയനാപുരം ഗ്രാമപഞ്ചായത്ത്

267. ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ കർമ്മസമിതിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുവെന്നും ഇറുവേലിക്കുന്ന് കുടിവെള്ള പദ്ധതി നിലവിൽ കമ്മീഷൻ ചെയ്തിട്ടുണ്ടെന്നും ഉദയനാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

268. കർമ്മസമിതി രൂപീകരിച്ച പഞ്ചായത്തുകളിൽ അവരുടെ ശിപാർശകൾ ഫലപ്രദമായി നടപ്പാക്കാൻ പഞ്ചായത്തുകൾ ശ്രമിക്കുന്നില്ലെന്ന് വിമർശിച്ച സമിതി, കർമ്മസമിതികളുടെ ശിപാർശകൾ എന്തൊക്കെയായിരുന്നെന്നും അതിലെന്തൊക്കെ നടപ്പിലാക്കിയിട്ടുണ്ടെന്നുമുള്ളത് സംബന്ധിച്ച റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

## ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

269. ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ എസ്.സി. പ്രൊമോട്ടർമാരെ നിയമിച്ചിട്ടില്ലെന്ന പ്രശ്നം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2016-ൽ മൂന്ന് പേരെ എസ്.സി. പ്രൊമോട്ടർമാരായി നിയമിച്ചിട്ടുണ്ടെന്നും 4-2-2019-ലെ കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഉത്തരവ് പ്രകാരം ഇവർ തുടർന്ന് പ്രവർത്തിച്ച് വരികയാണെന്നും സെക്രട്ടറി മറുപടി നൽകി.

270. ജനപ്രതിനിധികളെ ഉൾപ്പെടുത്തി നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് നിലവിൽ നാല് എസ്.സി. കൗൺസിലർമാരാണ് പഞ്ചായത്തിലുള്ളതെന്നും എസ്.ടി. വിഭാഗത്തിൽപ്പെട്ട ആരുംതന്നെ നിലവിലില്ലായെന്നും 24-9-2018-ൽ കൂടിയ പഞ്ചായത്ത് യോഗത്തിന്റെ 4.1 നമ്പർ തീരുമാനപ്രകാരം എസ്. സി. വിഭാഗത്തിൽപ്പെട്ടവരെ ഉൾപ്പെടുത്തി നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ജനപ്രതിനിധികളെ ഉൾപ്പെടുത്തി അവരുടെ നേതൃത്വത്തിലാണ് നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുള്ളത് എന്നും ഏറ്റുമാനൂർ നഗരസഭാ സെക്രട്ടറി മറുപടി നൽകി.

271. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

<u>കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്</u>

272. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് എസ്.സി./ എസ്.ടി. മേഖലയിൽ ഫീസിബിലിറ്റി പ്രശ്നം നിലനിൽക്കുന്ന പ്രദേശമാണ് കൊല്ലങ്കോട് ഗ്രാമപഞ്ചായത്തെന്നും 2013-14, 2014-15 കാലയളവിൽ കർമ്മസമിതി കൂടുമ്പോൾ ക്വാറം ഇല്ലാതിരുന്നതിനാൽ കമ്മിറ്റി കൂടാൻ കഴിയാത്ത സാഹചര്യമാണെന്നും ആയതിനാലാണ് കമ്മിറ്റികൾ കൂടാതിരുന്നതെന്നും കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

273. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

<u>വയനാട് ജില്ല</u>

274. പട്ടികവർഗ്ഗക്കാർ കൂടുതലുള്ള പഞ്ചായത്ത് തിരുനെല്ലി ഗ്രാമപഞ്ചായത്താണെന്നും 124 പട്ടികജാതി കുടുംബങ്ങൾ മാത്രമാണ് ഉള്ളതെന്നും ജനസംഖ്യ സംബന്ധിച്ച് താരതമ്യം ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കർമ്മസമിതി ചേരുന്നത് സംബന്ധിച്ച ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടായതെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും നിലവിൽ പട്ടികജാതി/പട്ടികവർഗ്ഗ കർമ്മസമിതികൾ കൃത്യമായി യോഗം ചേരുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നുള്ള ഗ്രാമപഞ്ചായത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ്തടസ്സം ഒഴിവാക്കാനും സമിതി തീരുമാനിച്ചു.

275. വൈത്തിരി ഗ്രാമപഞ്ചായത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ കർമ്മസമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നും ഇവ കൂടുതൽ സജീവമാക്കുന്നതിന് മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള ഗ്രാമപഞ്ചായത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാനും സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

276. തിരുവനന്തപുരം നഗരസഭ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായി വിഭാവനം ചെയ്യുന്ന പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിനായി നഗരസഭയിലെ കർമ്മസമിതിയുടെ പ്രവർത്തനം ഊർജ്ജിതമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

277. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ആറന്മുള, കുന്നന്താനം, നാറാണംമൂഴി ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

278. എരുമേലി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

279. ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ കർമ്മസമിതിയുടെ ശിപാർശകൾ ഫലപ്രദമായി നടപ്പാക്കാൻ പഞ്ചായത്ത് ശ്രമിക്കുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത കർമ്മസമിതിയുടെ ശിപാർശകൾ എന്തൊക്കെയായിരുന്നെന്നും അതിലെന്തൊക്കെ നടപ്പിലാക്കിയിട്ടുണ്ട് എന്നതും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

280. ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

281. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ അടിമാലി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

282. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

283. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ തിരുനെല്ലി, വൈത്തിരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## ഓഡിറ്റ് ഖണ്ഡിക

## ഗ്രാമപഞ്ചായത്ത് ഊരുകൂട്ടങ്ങളുടെ നിർദ്ദേശങ്ങൾ അവഗണിക്കുന്നു

ആകെ ജനസംഖ്യയുടെ 56 ശതമാനത്തോളം പട്ടികജാതി/പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്തിൽ ഊരുകൂട്ടങ്ങളുടെ നിർദ്ദേശങ്ങൾ പദ്ധതി രൂപീകരണത്തിൽ പരിഗണിക്കപ്പെടുന്നില്ല എന്നത് മിനിട്സുകൾ പരിശോധിച്ചതിൽ വ്യക്തമായി. ഊരുകൂട്ടങ്ങളുടെ ആവശ്യങ്ങൾ ഗ്രാമസഭ, കർമ്മസമിതി എന്നിവിടങ്ങളിൽ ചർച്ച ചെയ്യപ്പെടുന്നില്ല. ഇതുകൊണ്ട് തന്നെ പട്ടികവർഗ്ഗ കോളനികളിലെ താമസക്കാർക്ക് ആവശ്യമായ പല പദ്ധതികളും ആവിഷ്കരിക്കപ്പെടുന്നില്ല. ഊരിൽ ചുറ്റുവേലികെട്ടൽ, പമ്പ് സെറ്റ്, കമ്മ്യൂണിറ്റി ഹാൾ-അങ്കണവാടി എന്നിവിടങ്ങളിൽ വൈദ്യുതി, സോളാർപാനൽ, കലാരൂപങ്ങൾക്ക് പ്രോത്സാഹനം തുടങ്ങിയ ആവശ്യങ്ങൾ ഊരുകൂട്ടങ്ങളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ടെങ്കിലും 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഇക്കാര്യങ്ങൾക്കായി ഒരു പദ്ധതിയും ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത റിപ്പോർട്ട്; ഖണ്ഡിക 3.7.12)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

## ഷോളയൂർ ഗ്രാമപഞ്ചായത്ത്

284. നിലവിൽ ഊരുകൂട്ടങ്ങൾ സമയബന്ധിതമായി ചേരുകയും ഊരുകൂട്ട നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിച്ച് മാർഗ്ഗരേഖാ പരിധിക്കുള്ളിലുള്ള നിർദ്ദേശങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വരുന്നുണ്ടെന്നും ആയതിന്റെ മിനിട്സ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെന്നുമുള്ള സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

## നിഗമനങ്ങൾ / ശിപാർശകൾ

**285. ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.**

## ഓഡിറ്റ് ഖണ്ഡിക

## പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 12-ാം പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച 16-4-2013-ലെ സ.ഉ. (എം.എസ്.)362/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പരിഷ്കരിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക 9(3) ഉപഖണ്ഡിക (10) അനുസരിച്ച് **"എസ്.സി.പി./ടി.എസ്.പി. പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്."** അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എസ്.റ്റി. വിഭാഗക്കാരായ ജനപ്രതിനിധികൾ മാത്രമായിരിക്കും നിരീക്ഷണ കമ്മിറ്റിയിലെ അംഗങ്ങൾ. പദ്ധതി നിർവ്വഹണ പുരോഗതിയിൽ ഫണ്ടിന്റെ വിനിയോഗവും ഈ കമ്മിറ്റി മാസം തോറും യോഗം ചേർന്ന് വിലയിരുത്തണം. കൂടാതെ നിരീക്ഷണ കമ്മിറ്റികൾ നടത്തുന്ന നിർവ്വഹണപുരോഗതി യോഗത്തിന്റെ മിനിട്സ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ യോഗത്തിൽ അജണ്ടയായി വച്ച് ചർച്ച ചെയ്ത് ആവശ്യമെങ്കിൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒന്നും തന്നെ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല.

പദ്ധതി ധനവിനിയോഗ വിവരപ്പട്ടികകൾ അനുബന്ധം -2 (എ) മുതൽ 2(ഡി) വരെയായി ചേർത്തിരിക്കുന്നു.

### അനുബന്ധം 2 (എ)

### ഗ്രാമപഞ്ചായത്തുകൾ പട്ടികജാതി വികസനത്തിന് നീക്കിവയ്ക്കുന്ന തുകകളുടെ ചെലവു വിവരം

| ഗ്രാമപഞ്ചായത്ത് | ജില്ല | എസ്.സി. വിഭാഗത്തിന് 2012-13, 2013-14,2014-15 വർഷങ്ങളിൽ വകയിരുത്തിയ തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| പനവൂർ | തിരുവനന്തപുരം | 1.24 കോടി | 1.07 കോടി | 86.29 |
| കുറ്റിച്ചൽ | | 91.37 ലക്ഷം | 67.07 ലക്ഷം | 73.48 |
| നീണ്ടകര | കൊല്ലം | 96.44 ലക്ഷം | 48.64 ലക്ഷം | 50.43 |
| ആര്യങ്കാവ് | | 2.32 കോടി | 1.43 കോടി | 61.63 |

| | | | | |
|---|---|---|---|---|
| കുന്നന്താനം | പത്തനംതിട്ട | 1.58 കോടി | 1.44 കോടി | 91.13 |
| കൊടുമൺ | | 3.66 കോടി | 3.10 കോടി | 84.69 |
| പട്ടണക്കാട് | ആലപ്പുഴ | 1.55 കോടി | 69.82 ലക്ഷം | 45.04 |
| ചെന്നിത്തല | | 6.62 കോടി | 2.76 കോടി | 41.69 |
| തൃപ്പെരുന്തുറ | | | | |
| കാഞ്ചിയാർ | ഇടുക്കി | 1.51 കോടി | 84.36 ലക്ഷം | 55.87 |
| അടിമാലി | | 2.49 കോടി | 1.97 കോടി | 79.11 |
| മൂന്നാർ | | 16.83 കോടി | 12.85 കോടി | 76.35 |
| എരുമേലി | കോട്ടയം | 3.83 കോടി | 2.41 കോടി | 62.93 |
| ഏറ്റുമാനൂർ | | 2.85 കോടി | 1.50 കോടി | 52.63 |
| കുമ്പളം | എറണാകുളം | 7.41 കോടി | 1.99 കോടി | 26.86 |
| കോട്ടുവള്ളി | | 3.55 കോടി | 2.19 കോടി | 58.19 |
| താന്ന്യം | തൃശ്ശൂർ | 2.99 കോടി | 1.74 കോടി | 58.9 |
| തെക്കുകര | | 2.55 കോടി | 1.27 കോടി | 49.80 |
| മലമ്പുഴ | പാലക്കാട് | 1.78 കോടി | 83.28 ലക്ഷം | 46.78 |
| ഷോളയൂർ | | 1.49 കോടി | 49.90 ലക്ഷം | 33.48 |
| കീഴപറമ്പ് | മലപ്പുറം | 1.06 കോടി | 89.28 ലക്ഷം | 84.22 |
| മങ്കട | | 1.34 കോടി | 1.23 കോടി | 91.79 |
| പേരാമ്പ്ര | കോഴിക്കോട് | 3.99 കോടി | 2.23 കോടി | 55.88 |
| കോടഞ്ചേരി | | 1.91 കോടി | 62.26 ലക്ഷം | 32.60 |
| നന്മണ്ട | | 2.46 കോടി | 1.45 കോടി | 58.94 |
| അമ്പലവയൽ | വയനാട് | 80.11 ലക്ഷം | 56.77 ലക്ഷം | 70.87 |
| വൈത്തിരി | | 1.81 കോടി | 1.46 കോടി | 80.66 |
| കിനാനൂർ-കരിന്തളം | | 1.40 കോടി | 1.19 കോടി | 85 |
| കുമ്പടാജെ | കാസർഗോഡ് | 1.24 കോടി | 68.67 ലക്ഷം | 55.38 |
| പുത്തിഗെ | | 1.02 കോടി | 48.34 ലക്ഷം | 47.39 |

അനുബന്ധം 2 (ബി)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടികവർഗ്ഗമേഖലയിൽ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പദ്ധതികൾ

| ഗ്രാമപഞ്ചായത്ത് | ജില്ല | 2012-13, 2013-14,2014-15 വർഷങ്ങളിൽ എസ്.റ്റി. മേഖലയിൽ ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|---|---|
| പാങ്ങോട് | തിരുവനന്തപുരം | 22 | 14 | 63.63 |
| തൊളിക്കോട് | | 24 | 19 | 79.16 |
| ആര്യങ്കാവ് | കൊല്ലം | 23 | 19 | 82.60 |
| നാറാണംമൂഴി | പത്തനംതിട്ട | 40 | 34 | 85 |
| പട്ടണക്കാട് | ആലപ്പുഴ | 22 | 15 | 68.18 |
| കാഞ്ചിയാർ | ഇടുക്കി | 60 | 40 | 66.66 |
| അടിമാലി | | 93 | 80 | 86.02 |
| എരുമേലി | കോട്ടയം | 34 | 13 | 38.23 |
| കോട്ടുവള്ളി | എറണാകുളം | 22 | 17 | 72.27 |
| മലമ്പുഴ | പാലക്കാട് | 40 | 27 | 67.5 |
| ഷോളയൂർ | | 133 | 75 | 56.39 |
| കോടഞ്ചേരി | കോഴിക്കോട് | 40 | 21 | 52.5 |
| വാണിമേൽ | | 37 | 19 | 51.35 |
| തിരുനെല്ലി | വയനാട് | 205 | 121 | 51.02 |
| അമ്പലവയൽ | | 195 | 115 | 58.97 |
| കൊട്ടിയൂർ | കണ്ണൂർ | 57 | 36 | 63.75 |
| ആറളം | | 65 | 47 | 72.30 |
| പനത്തടി | കാസർഗോഡ് | 96 | 59 | 61.45 |
| പുത്തിഗെ | | 27 | 13 | 48.14 |

## അനുബന്ധം 2 (സി)

## നഗര തദ്ദേശസ്ഥാപനങ്ങളുടെ പട്ടികജാതി മേഖലയിലെ വകയിരുത്തലും, ചെലവും

| മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | എസ്. സി. മേഖലയിൽ 2012-13, 2013-14, 2014-15 വർഷങ്ങളിലായി വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| തിരുവനന്തപുരം<br>കൊല്ലം<br>ആലപ്പുഴ | 228. 30 കോടി<br>48.07 കോടി<br>9.35 കോടി | 58.79 കോടി<br>17.78 കോടി<br>1.84 കോടി | 25.75<br>36.99<br>19.68 |
| ചങ്ങനാശ്ശേരി | 4.81 കോടി | 3.08 കോടി | 64.03 |
| കൊച്ചി<br>പെരുമ്പാവൂർ<br>ആലുവ | 8.40 കോടി<br>2.53 കോടി<br>1.20 കോടി | 1.22 കോടി<br>1.76 കോടി<br>70.47 ലക്ഷം | 14.52<br>69.57<br>58.73 |
| ഏലൂർ | 4.58 കോടി | 1.95 കോടി | 42.58 |
| തൃശ്ശൂർ<br>ഷൊർണ്ണൂർ<br>തലശ്ശേരി<br>കണ്ണൂർ | 35.72 കോടി<br>19.13 കോടി<br>3.74 കോടി<br>5.48 കോടി | 19.36 കോടി<br>7.72 കോടി<br>1.75 കോടി<br>24.64 ലക്ഷം | 54.10<br>40.36<br>46.79<br>4.50 |
| നീലേശ്വരം | 2.32 കോടി | 80.52 ലക്ഷം | 33.83 |

## അനുബന്ധം 2 (ഡി)

## ഗ്രാമപഞ്ചായത്തുകൾ പട്ടികവർഗ്ഗ മേഖലയിൽ വകയിരുത്തിയതും, ചെലവഴിച്ചതുമായ തുകകൾ

| ഗ്രാമപഞ്ചായത്ത് | ജില്ല | 2012-13, 2013-14, 2014-15 വർഷങ്ങളിലായി എസ്.റ്റി. മേഖലയിൽ വകയിരുത്തിയ തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| കുറ്റിച്ചൽ | തിരുവനന്തപുരം | 88.30 ലക്ഷം | 64.48 ലക്ഷം | 73.02 |
| വിതുര | | 2.51 കോടി | 1.91 കോടി | 76.10 |
| ആര്യങ്കാവ് | കൊല്ലം | 49.03 ലക്ഷം | 34.35 ലക്ഷം | 70.06 |
| നാറാണംമൂഴി | പത്തനംതിട്ട | 1.32 കോടി | 98.45 ലക്ഷം | 74.58 |

| | | | | |
|---|---|---|---|---|
| പട്ടണക്കാട് | ആലപ്പുഴ | 14.54 ലക്ഷം | 7.75 ലക്ഷം | 53.30 |
| കാഞ്ചിയാർ | ഇടുക്കി | 1.25 കോടി | 77.03 ലക്ഷം | 61.62 |
| അടിമാലി | | 4.84 കോടി | 4.08 കോടി | 84.30 |
| എരുമേലി | കോട്ടയം | 1.76 കോടി | 97.91 ലക്ഷം | 55.63 |
| ഏറ്റുമാനൂർ | | 22.20 ലക്ഷം | 7.55 ലക്ഷം | 34.00 |
| കോട്ടുവള്ളി | എറണാകുളം | 57.36 ലക്ഷം | 15.15 ലക്ഷം | 26.41 |
| കുട്ടമ്പുഴ | | 3.45 കോടി | 1.97 കോടി | 57.10 |
| തെക്കുംകര | തൃശ്ശൂർ | 17.14 ലക്ഷം | 4.26 ലക്ഷം | 24.85 |
| മലമ്പുഴ | പാലക്കാട് | 78.80 ലക്ഷം | 33.70 ലക്ഷം | 42.77 |
| ഷോളയൂർ | | 8.01 കോടി | 3.59 കോടി | 44.82 |
| കോടഞ്ചേരി | കോഴിക്കോട് | 1.04 കോടി | 34.80 ലക്ഷം | 33.46 |
| വാണിമേൽ | | 91.27 ലക്ഷം | 59.55 ലക്ഷം | 65.25 |
| തിരുനെല്ലി | വയനാട് | 9.63 കോടി | 6.50 കോടി | 67.49 |
| അമ്പലവയൽ | | 4.73 കോടി | 2.68 കോടി | 56.66 |
| കൊട്ടിയൂർ | കണ്ണൂർ | 1.77 കോടി | 81.13 ലക്ഷം | 45.84 |
| ആറളം | | 3.94 കോടി | 2.33 കോടി | 59.14 |
| ചിറ്റാരിപ്പറമ്പ് | | 90.11 ലക്ഷം | 59.91 ലക്ഷം | 66.49 |
| കിനാനൂർ-കരിന്തളം | കാസർഗോഡ് | 80.32 ലക്ഷം | 69.49 ലക്ഷം | 86.51 |
| പനത്തടി | | 3.76 കോടി | 1.81 കോടി | 48.14 |
| പുത്തിഗെ | | 53.60 ലക്ഷം | 14.77 ലക്ഷം | 49.91 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത റിപ്പോർട്ട്; ഖണ്ഡിക 3.7.13)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

<u>കോട്ടയം നഗരസഭ</u>

286. കോട്ടയം നഗരസഭയിൽ നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് 2018-ലെ ഉത്തരവ് പ്രകാരം എസ്.ടി. വിഭാഗക്കാരായ ജനപ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് നിരീക്ഷണ സമിതികൾ രൂപീകരിക്കുന്നതിനുള്ള ശിപാർശ സമർപ്പിച്ചിട്ടുണ്ടെന്ന് കോട്ടയം നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു.

<u>ചങ്ങനാശ്ശേരി നഗരസഭ</u>

287. ചങ്ങനാശ്ശേരി നഗരസഭ നിരീക്ഷണ സമിതി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറി അറിയിച്ചതിനാൽ ആയതിന്റെ മിനിട്സ് മുമ്പാകെ ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

<u>ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് & നീണ്ടകര ഗ്രാമപഞ്ചായത്ത്</u>

288. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

<u>തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്</u>

289. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

<u>ഷോളയൂർ പഞ്ചായത്ത്</u>

290. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

<u>തെക്കുംകര ഗ്രാമപഞ്ചായത്ത്, താന്ന്യം ഗ്രാമപഞ്ചായത്ത്</u>

291. എസ്.സി.പി. പദ്ധതികളുടെ നിർവ്വഹണവും വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പഞ്ചായത്തിൽ നിരീക്ഷണ കമ്മിറ്റികൾ നിലവിലില്ലായെന്നും വർക്കിംഗ് ഗ്രൂപ്പ് തന്നെയാണ് നിരീക്ഷണം നടത്തുന്നതെന്നും തെക്കുംകര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

292. നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ചെയ്തു.

## കൊച്ചി കോർപ്പറേഷൻ

293. കൊച്ചി കോർപ്പറേഷനിൽ നിരീക്ഷണ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി വർക്കിംഗ് ഗ്രൂപ്പുകൾ നിരീക്ഷണ സമിതികളായി പ്രവർത്തിച്ച് വരുന്നു എന്ന് കൊച്ചി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

294. 2013-ലെ സർക്കുലർ ഉത്തരവ് പ്രകാരം നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

295. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## പെരുമ്പാവൂർ നഗരസഭ

296. പെരുമ്പാവൂർ നഗരസഭയിൽ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ വിവിധ പദ്ധതികൾക്കുള്ള ചെലവ് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത വിഭാഗങ്ങളുടെ വിവിധ പദ്ധതികൾക്കായി 89% തുക ചെലവഴിച്ചിട്ടുണ്ടെന്നും അവ വീടുകളുടെ അറ്റകുറ്റപ്പണി, വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം ചെയ്യൽ എന്നീ പദ്ധതികൾക്കാണ് ചെലവഴിച്ചിട്ടുള്ളതെന്നും പെരുമ്പാവൂർ നഗരസഭാ സെക്രട്ടറി മറുപടി പറഞ്ഞു.

297. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ചെയ്തു.

## ആലുവ നഗരസഭ

298. ആലുവ നഗരസഭയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഏതൊക്കെ പദ്ധതികൾക്കാണ് തുക ചെലവഴിച്ചതെന്ന സമിതിയുടെ ചോദ്യത്തിന് അനുവദിച്ച ഫണ്ടിന്റെ 95 ശതമാനത്തോളം ഭവനനിർമ്മാണത്തിനുള്ള ഭൂമി വാങ്ങൽ, സൈക്കിൾ, സ്കോളർഷിപ്പ് എന്നിവയ്ക്കാണ് ചെലവഴിച്ചതെന്ന് നഗരസഭാ സെക്രട്ടറി മറുപടി പറഞ്ഞു.

299. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## ആറളം ഗ്രാമപഞ്ചായത്ത്, പടിയൂർ ഗ്രാമപഞ്ചായത്ത്, അമ്പലവയൽ ഗ്രാമപഞ്ചായത്ത്, കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്

300. കൊട്ടിയൂർ, പടിയൂർ, അമ്പലവയൽ, ആറളം, തിരുനെല്ലി എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിലവിലും പട്ടികവർഗ്ഗ മെമ്പർമാരെ ഉൾപ്പെടുത്തി നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല എന്നും പദ്ധതി മാർഗ്ഗരേഖകൾ പാലിക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് എന്നുമുള്ള ഓഡിറ്റിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് എത്രയും വേഗം നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

## ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

301. ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ഏക എസ്.ടി. മെമ്പറുടെ അദ്ധ്യക്ഷതയിൽ നിരീക്ഷണ കമ്മിറ്റിയുടെ ചുമതല വഹിക്കുന്ന പട്ടികവർഗ്ഗ വികസന വർക്കിംഗ് ഗ്രൂപ്പ് യോഗം ചേരുന്നുണ്ടെന്ന ഗ്രാമപഞ്ചായത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## അടിമാലി ബ്ലോക്ക് പഞ്ചായത്ത്

302. അടിമാലി ബ്ലോക്ക് പഞ്ചായത്തിൽ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനും പ്ലാൻ ഫണ്ട് മോണിറ്റർ ചെയ്യുന്നതിനും നിരീക്ഷണ സമിതികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## അടിമാലി ഗ്രാമപഞ്ചായത്ത്

303. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 12-ാം പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച 16-4-2013-ലെ സ.ഉ. (എം.എസ്.) 362/2013/തസ്വഭവ. നമ്പർ ഉത്തരവ് നടപ്പാക്കിയോ എന്ന സമിതിയുടെ ചോദ്യത്തിന് പട്ടികവർഗ്ഗ വിഭാഗക്കാരായ നാല് ജനപ്രതിനിധികളാണുള്ളതെന്നും എന്നാൽ നിരീക്ഷണ സമിതികൾ നിലവിൽ രൂപീകരിച്ചിട്ടില്ലായെന്നും സെക്രട്ടറി അടിമാലി ഗ്രാമപഞ്ചായത്ത് മറുപടി നൽകി.

304. എസ്.സി.പി./ടി.എസ്.പി. പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിനായി നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ലാത്തതായി സമിതി വിലയിരുത്തി. ആയതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ ജനപ്രതിനിധികളുള്ള പഞ്ചായത്തുകളിൽ അവരെ ഉൾപ്പെടുത്തിക്കൊണ്ട് പ്ലാൻ ഫണ്ടിന്റെ വിനിയോഗം മോണിറ്റർ ചെയ്യുന്നതിനായി നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**305. 16-4-2013-ലെ സ.ഉ.(ms)362/2013/തസ്വഭവ. ആയി പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി മാർഗ്ഗരേഖ പ്രകാരം എസ്.സി.പി./ ടി.എസ്.പി. പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാൻ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികവർഗ്ഗക്കാരായ ജനപ്രതിനിധികളെ മാത്രം അംഗങ്ങളാക്കികൊണ്ട് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ് എന്നിരിക്കെ നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുന്നു.**

**306. ആര്യങ്കാവ്, നീണ്ടകര, തൃക്കുന്നപ്പുഴ, ഷോളയൂർ, ചിറ്റാരിപ്പറമ്പ് എന്നീ ഗ്രാമപഞ്ചായത്തുകൾ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചതായി സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ഇനിയും നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തരമായി നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമതയ്ക്കായി ചുവടെ ചേർക്കുന്ന മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്**

◆ പദ്ധതി നടത്തിപ്പിന്റെ/ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ മുന്നൊരുക്കമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാനങ്ങളിലെ ഓരോ പ്രദേശം/കോളനി/ വാർഡ്/കൗൺസിൽ എന്നിവിടങ്ങളിലെ താമസക്കാരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ആനുകൂല്യങ്ങൾക്കർഹരായവരുടെ പൂർണ്ണ വിവരങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും സൂക്ഷിക്കുന്നത് ആനുകൂല്യ വിതരണത്തിലെ ആവർത്തനം ഒഴിവാക്കുന്നതിന് സഹായകമാകുന്നതാണ്. (ഭൂമി, വീട് എന്നിവ അനുവദിക്കുന്നത് ഒരു തദ്ദേശ ഭരണ സ്ഥാപനത്തിന്റെ തന്നെ മറ്റൊരു വാർഡിലോ ചിലപ്പോൾ മറ്റൊരു തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിധിയിലോ ആയിരിക്കും. ഇത്തരം സാഹചര്യങ്ങളിൽ ഇവരെ പ്രസ്തുത വാർഡ്/ കൗൺസിലിലെ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ നിർദ്ദിഷ്ട ആനുകൂല്യം കൈപ്പറ്റിയവരായി കണക്കാക്കേണ്ടതാണ്).

◆ പദ്ധതി ആവിഷ്കരണത്തിൽ ഊരുകൂട്ടങ്ങളുടെ അഭിപ്രായങ്ങൾ പരിഗണിക്കുന്നതും പദ്ധതി നടത്തിപ്പിൽ മോണിറ്ററിംഗ് സമിതിയുടെ ഇടപെടലുകൾ ഊർജ്ജിതപ്പെടുത്തുന്നതും പദ്ധതി നടത്തിപ്പിന് നല്ലൊരളവുവരെ സഹായകമാകും.

◆ കോളനികളിലേയ്ക്കുള്ള ഗതാഗത സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം മുടങ്ങിക്കിടക്കുന്ന ഭവന പദ്ധതികൾ, പട്ടയമനുവദിക്കൽ, ഭൂമി ലഭ്യമായവർക്കുള്ള ഭവന, ശുചിമുറി നിർമ്മാണം, വീടുകളുടെ പുനരുദ്ധാരണം, വൈദ്യുതി, കുടിവെള്ളമെത്തിക്കൽ എന്നിവയ്ക്കും നടപടികൾ സ്വീകരിക്കാവുന്നതാണ്.

◆ കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകളിലെ തൊഴിൽ പദ്ധതികൾക്കൊപ്പം പരമ്പരാഗത, കുലത്തൊഴിലുകൾക്കുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ കൂടി പരിശോധിക്കാവുന്നതാണ്. ഇതോടൊപ്പം ഒരു വീട്ടിലെ ഒരംഗത്തിനെങ്കിലും സ്ഥിരവരുമാനത്തിനുള്ള സംവിധാനമുണ്ടാകേണ്ടതുണ്ട്.

◆ ഗുണഭോക്തൃ വിഹിതം ഇളവു ചെയ്യുന്നതും പദ്ധതി നിർവ്വഹണത്തിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സബ്സിഡി നിരക്കുകൾ ഏകീകരിക്കുന്നതും പദ്ധതി നിർവ്വഹണത്തിനാക്കം കൂട്ടും. ആയതിനാൽ മേൽപ്പറഞ്ഞവയ്ക്കുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16-ലെ സമാഹൃത റിപ്പോർട്ട്; ഖണ്ഡിക 3.7.14)

307. തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ നിലവിലും പദ്ധതി മാർഗ്ഗരേഖകൾ പാലിക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് എന്ന ഓഡിറ്റിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമതയ്ക്കായി ശിപാർശയിൽ ഉൾപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ് എന്ന് സമിതി നിർദ്ദേശിക്കുകയുണ്ടായി.

**നിഗമനങ്ങൾ / ശിപാർശകൾ**

**308. പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമതയ്ക്കായി ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ടി. പി. രാമകൃഷ്ണൻ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2023 മാർച്ച് 16.

## അനുബന്ധം I

### പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ ശിപാർശകൾ |
|---|---|---|---|
| 1 | 11, 12, 13, 14, 15, 16, 17 | തദ്ദേശസ്വയം ഭരണവകുപ്പ് | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പട്ടികജാതി/പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് അനുവദിച്ച വ്യക്തിഗത ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഡേറ്റാ ബാങ്ക് അടിയന്തരമായി തയ്യാറാക്കി ആധാറുമായി ലിങ്ക് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇത്തരത്തിലുള്ള അടിസ്ഥാന സർവ്വേ റിപ്പോർട്ട് പരിശോധിച്ചതിന് ശേഷം മാത്രമേ എസ്.സി. പദ്ധതികൾക്ക് മേലിൽ അനുമതി നൽകാവൂ എന്നും സമിതി നിർദ്ദേശിക്കുന്നു.<br><br>ഒരിക്കൽ ആനുകൂല്യങ്ങൾ ലഭിച്ച പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീണ്ടും അതേ ആനുകൂല്യങ്ങൾ ലഭിക്കാനിടയാകുന്ന സാഹചര്യം ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.<br><br>പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലവിലിരിക്കേ കാഞ്ചിയാർ പഞ്ചായത്ത് സമാനമായ പദ്ധതി ആവിഷ്കരിച്ച് തുക വകയിരുത്തിയ നടപടിയെ സമിതി വിമർശിക്കുന്നു. പഞ്ചായത്തുകൾ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് മുമ്പ് ഗുണഭോക്താക്കളുണ്ടോ എന്ന് ഉറപ്പാക്കുന്നതിനും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി തൊട്ടുമുമ്പുള്ള വർഷം തന്നെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കണമെന്നും അപ്രകാരം ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ |

| | | | |
|---|---|---|---|
| | | | സമാന പദ്ധതികൾ മറ്റേതെങ്കിലുമുണ്ടോയെന്ന് പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>തലശ്ശേരി നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ വകുപ്പിന്റെയും ഓഡിറ്റ് വകുപ്പിന്റെയും മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br><br>അതോടൊപ്പം നഗരത്തിലെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ പഞ്ചായത്തിൽ താമസിക്കുന്നു എന്ന കാരണത്താൽ അവർക്ക് ആനുകൂല്യം നിഷേധിക്കുന്ന സാഹചര്യം പരിഹരിക്കപ്പെടേണ്ടതാണ് എന്ന് സമിതി നിരീക്ഷിക്കുന്നു. ആയത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>മൂന്നാർ മേഖലയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ പേരിൽ വലിയ തട്ടിപ്പ് നടക്കുന്നുണ്ടെന്നും ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, മറയൂർ പഞ്ചായത്തുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്ഥലം കണ്ടെത്തി വീട് വച്ച് നൽകിയെങ്കിലും പ്രസ്തുത വീടുകളുടെ പണി പൂർത്തിയാക്കുകയോ വാസയോഗ്യമാക്കുകയോ ചെയ്യാതെ കാടുകയറിക്കിടക്കുന്ന അവസ്ഥയാണുള്ളതെന്നും ഇക്കാര്യത്തിൽ എസ്.സി./ എസ്.ടി.വകുപ്പ് ഒരു സമഗ്ര അന്വേഷണം നടത്തണമെന്നും ഇത്തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്താൻ സർക്കാർ സംവിധാനങ്ങൾ ഉണർന്ന് പ്രവർത്തിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>മൂന്നാർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച്, ടി പഞ്ചായത്തിലെ |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗക്കാരിൽ ഭൂരിഭാഗവും തോട്ടം തൊഴിലാളികളാണെന്നും വളരെ ഇടുങ്ങിയ ലയങ്ങളിൽ താമസിക്കുന്ന ഇവർക്ക് നാമമാത്രമായ കൃഷി ഭൂമിയാണുള്ളതെന്നും സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ മൂന്നാർ ഗ്രാമപഞ്ചായത്ത് 58 ലക്ഷം രൂപ ചെലവഴിച്ച് നടപ്പാക്കിയ ശീതകാല പച്ചക്കറി വിത്തും ജൈവവളവും നൽകുന്ന പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണ്, അവർക്ക് എത്ര ഭൂമിയാണുള്ളത്, അവിടെ നിന്ന് എത്ര മാത്രം പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്, എന്നിവ സംബന്ധിച്ചും പദ്ധതി തുക ചെലവഴിച്ചത് സംബന്ധിച്ചും തദ്ദേശസ്വയംഭരണ വകുപ്പ് അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 88, 89, 90, 91, 92, 93, 94, 95, 96, 97, 98, 99, 100, 101, 102, 103, 104, 105, 106, 107, 108, 109, 110, 111, 112, 113, 114, 115 | ” | പനവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>പാങ്ങോട് ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡുകൾ ശോചനീയാവസ്ഥ യിലാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത കോളനികളിലേയ്ക്കുള്ള റോഡ് നിർമ്മാണത്തിന് ജനറൽ ഫണ്ട് ഉപയോഗിക്കുന്നതിന് ആനുപാതിക മായി പട്ടികവർഗ്ഗ/പട്ടികജാതി വിഭാഗത്തിന്റെ ഫണ്ടുകൂടി ഉപയോഗിക്കാൻ അനുമതി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ ഓഡിറ്റ് ഖണ്ഡികയിൽ പ്രതിപാദി ച്ചിട്ടുള്ള അപാകതകൾ ഇപ്പോഴും നിലനിൽക്കുന്ന തായി ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ ഭൂരിഭാഗം എസ്.സി. കോളനികളിലും ഡ്രെയിനേജ് സൗകര്യമില്ലാത്തതിനാൽ മാലിന്യ ടാങ്കുകൾ മഴക്കാലത്ത് ഇപ്പോഴും നിറഞ്ഞൊഴുകുന്നതായി ഓഡിറ്റ് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ കോളനികളിലും മാലിന്യ ടാങ്കുകൾക്ക് പകരം ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ സഹകരണത്തോടെ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>ആറന്മുള ഗ്രാമപഞ്ചായത്തിലെ ഏഴിക്കോട് കോളനിയിലെ നവീകരണ പ്രവർത്തനങ്ങൾ കോളനിയിലെ ചിലർ തടസ്സപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് നിയമ നടപടി സ്വീകരിക്കേണ്ടതായിരുന്നു എന്ന് സമിതി നിരീക്ഷിക്കുന്നതിനോടൊപ്പം പ്രസ്തുത നവീകരണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുന്നു. അതോടൊപ്പം മാലക്കര - പുളിന്താനം പട്ടികജാതി കോളനിയിലെ നടപ്പാതയോട് ചേർന്നുള്ള പാറക്കുളത്തിന്റെ 25 മീറ്ററോളം ഭാഗത്ത് കൈവരി കെട്ടാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്നും അതിനുശേഷം ടി സ്ഥലത്തെ പാറ ഖനനം നടത്തിയ വ്യക്തിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ എടുത്തതിന് ശേഷം 6,000 രൂപ പഞ്ചായത്ത് നല്കാറുണ്ടെങ്കിലും അതിൽ കൂടുതൽ ചെലവ് വരുന്നതിനാൽ കോളനിവാസികൾ കണക്ഷനെടുക്കാൻ വിമുഖത കാണിക്കുന്നുവെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ എസ്.സി. കുടുംബങ്ങൾക്ക് വീട്ടിലേയ്ക്ക് വാട്ടർ കണക്ഷൻ എടുക്കുന്നതിന് എത്ര തുക ചെലവാകുമെന്ന് എഞ്ചിനീയർമാർ സൈറ്റ് പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും |

| | | | |
|---|---|---|---|
| | | | ചെലവുവരുന്ന തുക പഞ്ചായത്ത് ഗുണഭോക്താക്കൾക്ക് നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത ഗ്രാമപഞ്ചായത്തിലെ കൊല്ലംവെളി കോളനിയിലെ റോഡ് ടാറിംഗ് പൂർത്തീകരിച്ചെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിലെ പ്രസ്തുത ഭാഗം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ടി പഞ്ചായത്തിലെ കാളിവീട് കോളനിയിൽ നിർമ്മിച്ച റോഡ് മറ്റ് റോഡുകളുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തിയും ടി കോളനിയിലെ ചാലിന്റെ വശങ്ങൾ കെട്ടി സ്ലാബിടുന്ന പ്രവൃത്തിയും അടിയന്തരമായി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്നും കോളനിയിലെ കുടിവെള്ള കണക്ഷൻ ലഭിക്കാത്ത 10 കുടുംബങ്ങൾക്കും കൂടി കുടിവെള്ള കണക്ഷൻ നൽകാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| | | | പ്രസ്തുത പഞ്ചായത്തിലെ പാറയിൽ ഭാഗം കോളനിയിലെ, താമസയോഗ്യമായ വീടില്ലാത്തതായി പഞ്ചായത്ത് സെക്രട്ടറി അറിയിച്ച 5 പേർക്ക് കൂടി വീട് ലഭ്യമാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | | | ആലപ്പുഴ നഗരസഭയുടെ ഭാഗമായ അവലൂക്കുന്ന് കോളനിയുടെ വികസന പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ കുടുംബശ്രീയെ ഏൽപ്പിച്ചിരുന്നുവെങ്കിലും ഫണ്ട് ഏൽപ്പിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പണി പൂർത്തീകരിക്കാത്ത നടപടി ശരിയല്ലെന്നും അവലൂക്കുന്ന് കോളനിയോട് കാണിക്കുന്നത് കടുത്ത അവഗണനയാണെന്നും സമിതി വിലയിരുത്തുന്നു. കുടുംബശ്രീ നിലവിൽ ഒരു വീടിന്റെ പണി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളുവെന്നും ബാക്കി വീടുകളുടെ നിർമ്മാണത്തിൽ സർക്കാർ അടിയന്തരമായി ഇടപെടണമെന്നും പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനുള്ള നടപടി വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നും പ്രസ്തുത വീട് നിർമ്മാണം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ, പ്രസ്തുത കോളനിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>ചെന്നിത്തല - തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിലെ വള്ളാംകടവ് കോളനിയിൽ നിലവിൽ ഒരു കിണറിൽ നിന്നും 4 കുടുംബങ്ങൾ വെള്ളമെടുക്കുന്നുണ്ടെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഒരു കിണറിൽ നിന്നും നാല് കുടുംബങ്ങൾ വെള്ളമെടുക്കുന്നതുമായി ബന്ധപ്പെട്ട് തർക്കം വരാൻ സാധ്യതയുണ്ടെന്നും ആയതിനാൽ പകരം സംവിധാനം വേണമെന്നും സമിതി വിലയിരുത്തുന്നു. കൂടാതെ, കിണറിൽ നിന്നുള്ള ജലം ശുദ്ധമാണോയെന്ന് പരിശോധിക്കുന്നതിനും നിലവിലെ കുടിവെള്ള വിതരണ സംവിധാനത്തോടൊപ്പം പൊതുടാപ്പ് വഴി കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികളും അടിയന്തരമായി കൈക്കൊള്ളണമെന്നും സമിതി നിർദ്ദേശിക്കുന്നു.<br><br>എടത്വ ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളുടെ നടുവിൽ സ്ഥിതി ചെയ്യുന്ന കുഴൽകിണറുകളിൽ നിന്നുള്ള വെള്ളം, അമ്ലത്തിന്റെ സാന്നിദ്ധ്യം മൂലം ഉപയോഗയോഗ്യമല്ലാതായതിനാൽ കോളനികളിലേയും സങ്കേതങ്ങളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പഞ്ചായത്ത് മുൻകൈയെടുത്ത് ഒരു പ്രോജക്ട് തയ്യാറാക്കി കേരള ജല അതോറിറ്റിയുടെ എസ്റ്റിമേറ്റോടു കൂടി പദ്ധതി സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br><br>ഉദയനാപുരം ഗ്രാമപഞ്ചായത്ത് വാഴമന ഭാഗത്ത് നടപ്പാക്കുന്ന റോഡ് പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>കോട്ടയം നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | ചങ്ങനാശ്ശേരി നഗരസഭയിലെ മനയ്ക്കച്ചിറ കോളനിയിൽ വീട് നിർമ്മാണത്തിന് ഭീഷണിയായി നിൽക്കുന്ന വെള്ളക്കെട്ടിനെ അതിജീവിക്കുന്നതിനായി നവീന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഭവന നിർമ്മാണ പദ്ധതി തയ്യാറാക്കി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br><br>അടിമാലി ബ്ലോക്ക് പഞ്ചായത്തിൽ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനും പ്ലാൻ ഫണ്ട് മോണിറ്റർ ചെയ്യുന്നതിനും നിരീക്ഷണ സമിതികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ മലമ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ പുത്തൻപാടം, പറത്തോട് എന്നീ കോളനിവാസികൾ പട്ടികജാതിക്കാരുടെ ആചാരങ്ങളാണ് പാലിക്കുന്നതെന്നും തന്മൂലം ഇവരെ പട്ടികവർഗ്ഗക്കാരായി പരിഗണിക്കാൻ കഴിയില്ലെന്നും കിർത്താഡ്സ് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രശ്നം തൃപ്തികരമായി പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.<br><br>ഷോളയൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം ഷോളയൂർ ഗ്രാമപഞ്ചായത്തിലെ കള്ളക്കര കുടിവെള്ള പദ്ധതിയുടെ വിപുലീകരണവും പദ്ധതി വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്നതും സംബന്ധിച്ച് വാട്ടർ അതോറിറ്റി എം.ഡി.യുമായി ചർച്ച ചെയ്യുന്നതിന് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | താഴെക്കോട് ഗ്രമപഞ്ചായത്തിലെ താഴെ ഇരിഞ്ഞാണി, മേലെ ഇരിഞ്ഞാണി എന്നീ രണ്ട് പട്ടികവർഗ്ഗ കോളനികളിലെ 9 കുടുംബങ്ങൾക്ക് വീട് നൽകാൻ സാധിച്ചിട്ടില്ലെന്നും ഇവരുടെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് കേസ് നിലവിലുണ്ടെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖ റവന്യൂ വകുപ്പിൽ നിന്നും ആവശ്യപ്പെടുന്നതിനും ഇതു സംബന്ധിച്ച് നിലവിലുള്ള കേസിൽ പഞ്ചായത്ത് കക്ഷി ചേരുന്നതിനും അതിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.<br><br>വാണിമേൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട പരാമർശ വിധേയമായ കോളനികളിൽ നടപ്പിലാക്കുന്ന കുടിവെള്ളപദ്ധതി നാളിതുവരെ പ്രവർത്തന ക്ഷമമായിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>പ്രസ്തുത കോളനികളുടെ സമഗ്രവികസനത്തിനായി റോഡ്, കളിസ്ഥലം, ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണത്തിന് പഞ്ചായത്ത് ഒരു പ്രോജക്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>സർക്കാരിന്റെയും ഓഡിറ്റ് വകുപ്പിന്റെയും മറുപടിയുടെ അടിസ്ഥാനത്തിൽ വടകര നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>പേരാമ്പ്ര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | വൈത്തിരി ഗ്രാമപഞ്ചായത്തിലെ പ്രവർത്തനം നിലച്ച പ്രിയദർശിനി എസ്റ്റേറ്റിൽ 40 വർഷങ്ങൾക്ക് മുൻപ് പണിതതും നിലവിൽ നാശോന്മുഖവുമായ ക്വാർട്ടേഴ്സുകളിൽ ഇപ്പോഴും താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഇവർക്ക് പട്ടികവർഗ്ഗ വകുപ്പിൽ നിന്നും സ്ഥലം ലഭ്യമാക്കുന്ന നടപടിയും അതിനുശേഷം പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് വയ്ക്കുന്നതിനുള്ള നടപടിയും ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ നിലവിലും കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന ഓഡിറ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അടിസ്ഥാന സൗകര്യങ്ങൾ അടിയന്തരമായി ഈ കുടുംബങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പരാമർശ വിധേയമായ എസ്.റ്റി. കോളനികളിൽ നിലനിൽക്കുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>ആറളം ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനിയായ ചതിരൂർ 110 കോളനിയിലെ മുഴുവൻ കുടുംബങ്ങളുടെയും പട്ടിണി ഇല്ലാതാക്കാൻ നിലവിലെ നടപടികൾക്ക് സാധിച്ചിട്ടില്ല എന്ന ഓഡിറ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു ഉന്നതതല സമിതി ചതിരൂർ 110 കോളനി നേരിട്ടുസന്ദർശിച്ച് അവിടത്തെ പുരുഷന്മാർ, വിദ്യാർത്ഥികൾ, ഗർഭിണികളായ സ്ത്രീകൾ എന്നിവരുടെ എണ്ണം; തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ദിവസം തൊഴിൽ കൊടുത്തു; എത്ര പുരുഷന്മാർ ജോലിക്ക് പോകുന്നുണ്ട്; രോഗികൾ എത്ര; പുറത്ത് ജോലിക്ക് പോകുമ്പോൾ തൊഴിലുറപ്പിനേക്കാൾ കൂടുതൽ കൂലി |

| | | | |
|---|---|---|---|
| | | | കിട്ടുന്നുണ്ടോ; ആ പണം വീടുകളിൽ എത്തുന്നുണ്ടോ; പട്ടിണി സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; പട്ടിണി ഉണ്ടാകാനുള്ള കാരണമെന്താണ്; ഇവരുടെ റേഷൻ കാർഡുകൾ ഏത് തരത്തിൽ ഉള്ളതാണ്, റേഷൻ സമ്പ്രദായ പ്രകാരമുള്ള ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാകുന്നുണ്ടോ; NGO കളുടെ ഇടപെടൽ ഉണ്ടോ; അംഗൻവാടികളിൽ നിന്നും പോഷകാഹാര വിതരണം നടക്കുന്നുണ്ടോ; എന്നിവ സംബന്ധിച്ചും കൂടാതെ കോളനി വക സ്ഥലത്ത് കശുമാവ് കൃഷി നടത്താൻ 4 ലക്ഷം രൂപ വകയിരുത്തിയതിന്റെ വിശദാംശങ്ങൾ സംബന്ധിച്ചും അന്വേഷിച്ച് വിശദമായ റിപ്പോർട്ടും എസ്.ടി. വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ കിനാനൂർ - കരിന്തളം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br><br>പനത്തടി പഞ്ചായത്തിലെ കുടിയ വിഭാഗത്തിലെ ആദിവാസികൾ താമസിക്കുന്ന കമ്മാടി കോളനിയിൽ ശുദ്ധമായ കുടിവെള്ള സൗകര്യവും ശുചിത്വവുമുള്ള കക്കൂസുകളും ഇല്ലായെന്നും 7 കിലോമീറ്റർ അകലെയുള്ള കല്ലപ്പള്ളി സർക്കാർ എൽ.പി. സ്കൂളുകളിലേയ്ക്ക് റോഡ് സൗകര്യമില്ലായെന്നും സ്കൂളിൽ കൊഴിഞ്ഞുപോക്ക് കൂടി വരുന്നു എന്നുമുള്ള ഓഡിറ്റ് പരാമർശങ്ങളും പഞ്ചായത്ത് അധികൃതരുടെ ഇതുസംബന്ധിച്ചുള്ള വിശദീകരണങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്ന് നിരീക്ഷിച്ച സമിതി മേൽ വിഷയം ഓഡിറ്റ് വിഭാഗം ഒരിക്കൽ കൂടി പരിശോധിക്കണമെന്ന് ശിപാർശ ചെയ്യുന്നു. |
| 3 | 147, 148, 149, 150, 151, 152, 153, 154, | ” | ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിനായി കൊല്ലം കോർപ്പറേഷൻ വാങ്ങി നൽകിയ ഭൂമി നിലങ്ങളായതിനെത്തുടർന്ന് ടി കുടുംബങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത അഴിമതി ചൂണ്ടിക്കാട്ടി |

| | | | |
|---|---|---|---|
| | 155, 156, 157, 158, 159, 160, 161, 162, 163, 164 | | ഗുണഭോക്താക്കളെ ഭൂമിയുള്ള വീടില്ലാത്തവരുടെ കാറ്റഗറിയിൽ നിന്നും ഒഴിവാക്കി ഭൂമിയും വീടുമില്ലാത്തവരുടെ കാറ്റഗറിയിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഈ വിഷയത്തിൽ സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങി അവർക്ക് വീട് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.<br><br>പട്ടികജാതിക്കാർ വാങ്ങുന്ന ഭൂമി ഭവന നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന് പരിശോധിക്കേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ചുമതലയായതിനാൽ ഇത്തരത്തിൽ അനുയോജ്യമല്ലാത്ത ഭൂമി വാങ്ങാനിടയായത് നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയായി സമിതി വിലയിരുത്തുന്നു. പ്രസ്തുത അഴിമതിയ്ക്ക് ഉത്തരവാദികളായ എല്ലാ ഉദ്യോഗസ്ഥർക്കുമെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.<br><br>തൃശ്ശൂർ നഗരസഭയിൽ ടി പദ്ധതിയുടെ ഗുണഭോക്താക്കളായ 117 പേർ വാങ്ങിയ ഭൂമി നിലമായതിനാൽ വീട് വയ്ക്കാൻ കഴിയാത്ത സാഹചര്യമാണ് എന്ന മറുപടിയുടെ അടിസ്ഥാനത്തിൽ, പരാമർശവിധേയമായ ഭൂമി പരിശോധിച്ച് വാസയോഗ്യമായ ഭൂമിയാണെന്ന് സാക്ഷ്യപ്പെടുത്തിയ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിക്കുന്നു.<br><br>പ്രസ്തുത സ്ഥലങ്ങൾ ഇപ്പോഴും ഗുണഭോക്താക്കളുടെ പേരിൽ തന്നെയാണോയെന്ന് തൃശ്ശൂർ കോർപ്പറേഷൻ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനും പ്രസ്തുത ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ വീടും ഭൂമിയുമില്ലാത്തവരുടെ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും സമിതി നിർദ്ദേശിക്കുന്നു.<br><br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കോട്ടുവള്ളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മലമ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഷൊർണ്ണൂർ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തിരുനെല്ലി, വൈത്തിരി ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>"ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" എന്ന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് അനുയോജ്യമല്ലാത്ത ഭൂമിയാണ് ആദിവാസിക്ക് നൽകുന്നത് എന്ന് സമിതി നിരീക്ഷിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി ഈ വിഷയം ചർച്ച ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.<br><br>കൂടാതെ, പ്രസ്തുത പദ്ധതിയുടെ നടപടിക്രമങ്ങൾ ഓഡിറ്റ് വകുപ്പ് പരിശോധിക്കണമെന്നും അത് പ്രായോഗിക തലത്തിൽ എങ്ങനെ നടപ്പാക്കാൻ കഴിയുമെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.<br><br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തലശ്ശേരി നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു .<br><br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ആര്യങ്കാവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ആറന്മുള ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പട്ടണക്കാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br><br>അടിമാലി ഗ്രാമപഞ്ചായത്തിൽ ഒരു തവണ ധനകാര്യ വകുപ്പ് ധനസഹായം അനുവദിച്ച് കെട്ടിടം പണിപൂർത്തീകരിക്കാതെ തന്നെ കുറെ നവീകരണ പ്രവൃത്തികൾ വേണ്ടിവന്നുവെന്നത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.<br><br>മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ ഇ. എം. എസ്. ഭവന പദ്ധതിയുടെ ആദ്യ ഗഡുക്കൾ വാങ്ങിയതിനു ശേഷം നിരവധി പേർ പട്ടികവർഗ്ഗ വകുപ്പിന്റെ ഭവനനിർമ്മാണ പദ്ധതിയിലേക്ക് മാറിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇം.എം.എസ്. ഭവന പദ്ധതിയുടെ ആദ്യ ഗഡു വാങ്ങിയതിനുശേഷം പണി പൂർത്തിയാകാത്ത വീടുകൾ സംബന്ധിച്ച വിവരം ഓഡിറ്റ് പരിശോധിക്കാനും പണി നടത്തിയിട്ടില്ലെങ്കിൽ ആ പണം തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കാനും സമിതി നിർദ്ദേശിക്കുന്നു.<br><br>തലശ്ശേരി നഗരസഭ ഗുണഭോക്താക്കൾക്കായി 12 ലക്ഷം രൂപ അടങ്കലിൽ ആവിഷ്കരിച്ച പദ്ധതിയിൽ ഒരു ഗുണഭോക്താവ് മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്ന നഗരസഭാ അധികൃതരുടെയും 1,40,000 രൂപ മാത്രമേ വിനിയോഗിച്ചതായി രേഖയിൽ കാണുന്നുള്ളൂ എന്ന ഓഡിറ്റ് വകുപ്പിന്റെയും മറുപടിയുടെ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തിയാക്കി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുവാൻ സമിതി നിർദ്ദേശിക്കുന്നു.<br><br>പുത്തിഗെ ഗ്രാമപഞ്ചായത്ത് ഐ.എ.വൈ. പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് ആനുകൂല്യം അനുവദിച്ചവയിൽ പൂർത്തിയാകാത്ത വീടുകൾ പൂർത്തിയാക്കുന്നതിന് ഇനി എത്ര രൂപ വേണം, എത്ര രൂപ ലഭിച്ചു എന്നിവ കണക്കാക്കി ബാക്കി തുക കൊടുക്കാനും കുടിശ്ശിക തുക കൊടുത്തു തീർത്തതിനുശേഷം മാത്രം പുതിയ വീടുകളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 4 | 177, 178, 179, 180 | ” | തിരുവനന്തപുരം നഗരസഭ ബി. എസ്. യു. പി. പദ്ധതി പ്രകാരം നിർമ്മിച്ച ഫ്ലാറ്റുകളിൽ ഒഴിഞ്ഞു കിടക്കുന്നവയുടെ അലോട്ട്മെന്റ് നടത്തുന്നതിനായി അർഹതയുള്ളവരെ കണ്ടെത്തുന്നതിനുള്ള സർവ്വേ സംബന്ധിച്ച് കൗൺസിൽ തീരുമാനം കൈക്കൊള്ളുന്നതിനും ആയത് സർക്കാരിന്റെ പരിഗണനയ്ക്ക് വിടുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>കോട്ടയം നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ് നടത്തുന്നതിന് മുൻസിപ്പാലിറ്റി നടപടി സ്വീകരിക്കുവാനും കോടതി വിധി സമിതിയെ രേഖാമൂലം അറിയിക്കുവാനും സമിതി ശിപാർശ ചെയ്തു.<br><br>കോഴിക്കോട് കോർപ്പറേഷൻ പട്ടികജാതിക്കാർക്കായി വിഭാവനം ചെയ്ത ഫ്ലാറ്റ് നിർമ്മാണം ആരംഭിച്ചതിനുശേഷം റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>കാസർഗോഡ് നഗരസഭ ഒന്നരക്കോടി രൂപ ചെലവഴിച്ച് 2015-ൽ നിർമ്മിച്ച കെട്ടിടം ചോർന്നൊലിക്കുന്നതിന് കോൺട്രാക്ടർക്ക് ബാധ്യത ഉണ്ടാവേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു. ടി വിഷയം റീജിയണൽ ജോയിന്റ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകാനും അതോടൊപ്പം തന്നെ ഗുണഭോക്താക്കളെ കണ്ടെത്തി ഫ്ലാറ്റ് അലോട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 183 | ” | മീനങ്ങാടി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പ്രസ്തുത പദ്ധതിയിൽ എത്ര ലക്ഷം രൂപ കോളനിയുടെ മൊത്തത്തിലുള്ള നവീകരണത്തിനായി ചെലവഴിച്ചു എന്നും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഓരോ വ്യക്തിക്കും എത്ര തുക ലഭിച്ചുവെന്നും അനുമതി കിട്ടുന്നതിന് മുൻപായി പൊതു ആവശ്യങ്ങൾക്ക് എത്ര ചെലവായിയെന്നും ടി പ്രവൃത്തികൾക്ക് സർക്കാരിൽ നിന്ന് സാധൂകരണം ലഭിച്ചിട്ടുണ്ടോ എന്നുമുള്ള കാര്യങ്ങൾ ഓഡിറ്റ് വകുപ്പ് പരിശോധിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 6 | 190, 191, 192, 193, 194, 195 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പനവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പാങ്ങോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br><br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഷൊർണ്ണൂർ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ വൈത്തിരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>വെള്ളമില്ലാത്ത സ്ഥലത്ത് ശുചിമുറി നിർമ്മിച്ച അമ്പലവയൽ ഗ്രാമപഞ്ചായത്ത് അത് ഗുണഭോക്താക്കൾ ഉപയോഗിക്കുന്നില്ല എന്ന് മറുപടി നല്കിയതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. അടിയന്തരമായി ടാങ്ക്, മോട്ടോർ തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിച്ച് ജലലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ജില്ലാ കളക്ടർക്കുള്ള കോർപ്പസ് ഫണ്ടിൽ നിന്നും ആയതിനുള്ള തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br><br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മലമ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 7 | 204, 205, 206 | ” | എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ എസ്.സി./എസ്.ടി. വിഭാഗങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി പഞ്ചായത്ത് അടിയന്തരമായി പ്രോജക്ടുകൾ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>മങ്കട ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന കാട്ടുനായ്ക്കർ ഗോത്രത്തിലുൾപ്പെടുന്ന 6 ആദിവാസി കുടുംബങ്ങൾക്ക് കുടിവെള്ളവും വാസയോഗ്യമായ വീടും ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>ആറളം ഫാം മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടക്കാതിരുന്നതിന്റെ പ്രധാനകാരണം ഫണ്ടിന്റെ അപര്യാപ്തതയാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആറളം ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ വർദ്ധിച്ച സാഹചര്യത്തിൽ പട്ടികവർഗ്ഗ പുനരധിവാസ പ്രവർത്തനങ്ങൾക്കായി കൂടുതൽ ടി.എസ്.പി. ഫണ്ട് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 221, 222, 223, 224, 225, 226, 227, 228, 229 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തെക്കുംകര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br><br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ നീണ്ടകര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വട്ടച്ചിറ കോളനിയിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കുമായി ആകെ എത്ര ഏക്കർ ഭൂമിയുണ്ട്; എത്ര കാലമായി കൃഷി ചെയ്യാതെ കിടക്കുന്നു; ഭാവിയിൽ കൃഷി ചെയ്യുന്നതിനായി പഞ്ചായത്ത് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് കൃഷി വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ടാണോ തുടങ്ങിയ വിവരങ്ങൾ അടങ്ങുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | ആറളം ഫാം പുനരധിവാസ മേഖലയിൽ കൃഷി, മൃഗസംരക്ഷണം എന്നിവ നടപ്പിലാക്കുന്നുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br>ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിൽ 2015-16 വർഷം 9,82,500 രൂപ ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>പടിയൂർ ഗ്രാമപഞ്ചായത്ത് കൃഷി, മൃഗസംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള നടപടി കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.<br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പനവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഉദയനാപുരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കോട്ടുവള്ളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 237, 238, 239 | ” | ആറന്മുള ഗ്രാമപഞ്ചായത്തിലെ കുറുമ്പൻ ദൈവത്താൻ സ്മാരകം എന്ന കെട്ടിടം കോളനിയിലെ താമസക്കാർക്ക് വേണ്ടിയുള്ള സാംസ്കാരിക നിലയമാണ് എന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത കെട്ടിടം അടിയന്തരമായി ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും ടി കെട്ടിടത്തിന് മുകളിൽ ഒരു നില കൂടി പണിയുന്നപക്ഷം അത് പഞ്ചായത്ത് ലൈബ്രറിയാക്കാനുള്ള സംവിധാനം ഉണ്ടാക്കാനും ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ കുമാരകോടി ഹരിജൻ വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ പുനഃസ്ഥാപിക്കുന്നതിനായി പഞ്ചായത്ത് ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ നെന്മണിക്കര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 244, 245, 246 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ആര്യങ്കാവ് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരമാർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 254, 255, 256, 257, 258, 259 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ നീണ്ടകര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>കൊടുമൺ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് പരാമർശ കാലയളവിൽ നടപ്പാക്കിയ പഠനവീട് പദ്ധതി ശ്ലാഘനീയമായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇത്തരത്തിൽ മൗലികവും കാലിക പ്രസക്തിയുള്ളതുമായ ആശയങ്ങൾ കണ്ടെത്താനും നടപ്പാക്കാനുമുള്ള ശ്രമങ്ങൾ നടത്തണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. |

| | | | |
|---|---|---|---|
| | | | ചങ്ങനാശ്ശേരി നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>മലമ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>ആറളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>പുത്തിഗെ ഗ്രാമപഞ്ചായത്തിൽ 2017-18-ലെ പദ്ധതിയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 262 | ” | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടികജാതി/ പട്ടികവർഗ്ഗ കോളനികളിലെ കുടുംബങ്ങളുടെ ആരോഗ്യ സ്ഥിതി പരിശോധിക്കുകയോ അതനുസരിച്ച് ഡാറ്റ തയ്യാറാക്കുകയോ ചെയ്യുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പും ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി ചേർന്ന് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും കോളനിവാസികളുടെ പൊതുവായ ആരോഗ്യസ്ഥിതി സംബന്ധിച്ച് സർവ്വേ നടത്തണമെന്നും രോഗബാധിതരെ മെഡിക്കൽ കോളേജിലേയ്ക്കോ മറ്റ് ഗവൺമെന്റ് ആശുപത്രിയിലേയ്ക്കോ റഫർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 13 | 276,<br>277,<br>278,<br>279,<br>280, 281,<br>282, 283 | ” | തിരുവനന്തപുരം നഗരസഭ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായി വിഭാവനം ചെയ്യുന്ന പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിനായി നഗരസഭയിലെ കർമ്മസമിതിയുടെ പ്രവർത്തനം ഊർജ്ജിതമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.<br><br>സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ആറന്മുള, കുന്നന്താനം, നാറാണംമൂഴി ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>എരുമേലി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.<br><br>ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ കർമ്മസമിതിയുടെ ശിപാർശകൾ ഫലപ്രദമായി നടപ്പാക്കാൻ പഞ്ചായത്ത് ശ്രമിക്കുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത കർമ്മസമിതിയുടെ ശിപാർശകൾ എന്തൊക്കെയായിരുന്നെന്നും അതിലെന്തൊക്കെ നടപ്പിലാക്കിയിട്ടുണ്ട് എന്നതും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.<br><br>ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ അടിമാലി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തു മായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.<br><br>സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ തിരുനെല്ലി, വൈത്തിരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 14 | 285 | ” | ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു. |
| 15 | 305, 306 | ” | 16-4-2013-ലെ സ.ഉ.(ms)362/2013/തസ്വഭവ. ആയി പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി മാർഗ്ഗരേഖ പ്രകാരം എസ്.സി.പി./ ടി.എസ്.പി. പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാൻ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികവർഗ്ഗക്കാരായ ജനപ്രതിനിധികളെ മാത്രം അംഗങ്ങളാക്കിക്കൊണ്ട് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ് എന്നിരിക്കെ നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുന്നു.<br><br>ആര്യങ്കാവ്, നീണ്ടകര, തൃക്കുന്നപ്പുഴ, ഷോളയൂർ, ചിറ്റാരിപ്പറമ്പ് എന്നീ ഗ്രാമപഞ്ചായത്തുകൾ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചതായി സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ഇനിയും നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തരമായി നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 308 | ” | പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമതയ്ക്കായി ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 14 | 285 | ” | ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു. |
| 15 | 305, 306 | ” | 16-4-2013-ലെ സ.ഉ.(ms)362/2013/തസ്വഭവ. ആയി പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി മാർഗ്ഗരേഖ പ്രകാരം എസ്.സി.പി./ ടി.എസ്.പി. പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാൻ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികവർഗ്ഗക്കാരായ ജനപ്രതിനിധികളെ മാത്രം അംഗങ്ങളാക്കിക്കൊണ്ട് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ് എന്നിരിക്കെ നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുന്നു.<br><br>ആര്യങ്കാവ്, നീണ്ടകര, തൃക്കുന്നപ്പുഴ, ഷോളയൂർ, ചിറ്റാരിപ്പറമ്പ് എന്നീ ഗ്രാമപഞ്ചായത്തുകൾ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചതായി സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ഇനിയും നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തരമായി നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 308 | ” | പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമതയ്ക്കായി ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

## അനുബന്ധം II

2015/16 സമാഹൃത ആഡിറ്റ് റിപ്പോർട്ട് (ഇടുക്കി ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ) നടപടി വിശദീകരണ പത്രിക

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 3.6.1 | എസ്. സി/എസ്.റ്റി വാസമേഖലകളിലെ അടിസ്ഥാന സൗകര്യങ്ങള് പര്യാപ്തമല്ല.<br><br>ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത് 2014-15-ല് ആവിഷ്കരിച്ച എസ്.സി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ധനസഹായവും സ്കോളർഷിപ്പ് എസ്.ടി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് എന്നീ പദ്ധതികള്ക്ക് യഥാക്രമം 2,75,000/- രൂപയും, 2,90,000/- രൂപയും വകയിരുത്തിയിരുന്നുവെങ്കിലും ഗുണഭോക്താക്കളെ കണ്ടെത്തി നടപ്പാക്കാൻ കഴിഞ്ഞില്ല. പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികളാണ് മേൽ ആനുകൂല്യത്തിനർഹത. അത്തരം വിദ്യാർത്ഥികൾ ഉണ്ടോ എന്നുറപ്പാക്കാതെ പദ്ധതി ആവിഷ്കരിച്ചതിനാലാണ് പ്രാവർത്തികമാക്കാൻ കഴിയാതെ പോയത്. | **കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത്**<br><br>വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശം, ഗ്രാമസഭാ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് ടി പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗ സമുദായംഗങ്ങൾ കൂടി അംഗങ്ങളായ ഗ്രാമസഭകളും, ഊരുകൂട്ടങ്ങളും പ്രാദേശിക ആവശ്യകതകൾ നിർദ്ദേശിക്കുകയും, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യപ്പെടുകയും ചെയ്യുമ്പോൾ ആയത് അനിവാര്യതയായി വികസന സെമിനാറും, പഞ്ചായത്ത് ഭരണസമിതിയും വിലയിരുത്തിപ്പോരുന്നു. അതാത് കാലങ്ങളിൽ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സഹായം നല്കുന്ന പദ്ധതികളിൽ കൃത്യമായ കണക്കുകൾ ശേഖരിക്കുന്നത് സാധ്യമാകാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ടെത്തുന്ന ആളുകള്ക്ക് തന്നെ സമയബന്ധിതമായി സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകാറുണ്ട്. ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കുന്ന പദ്ധതികൾക്ക് സമാനമായി പട്ടികജാതി/പട്ടിക വർഗ്ഗവകുപ്പുകൾ പദ്ധതികൾ നടപ്പിൽ വരുത്തുകയും ചിലപ്പോൾ ആ സഹായത്തുക പഞ്ചായത്ത് നല്കുന്നതിനേക്കാൾ കൂടിയതാവുകയും ഇത്തരത്തിൽ പഞ്ചായത്തിന്റെ പദ്ധതി നടപ്പിലാകാതെ വരുന്ന സാഹചര്യം ഉണ്ടാകാറുണ്ടെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2 | 3.6.1 | എസ്. സി/എസ്.റ്റി വാസമേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമല്ല. | **മൂന്നാർ ഗ്രാമ പഞ്ചായത്ത്**<br><br>മൂന്നാർ ഗ്രാമപഞ്ചായത്ത് 21 വാർഡുകളിലായി 187 ച.കി.മി വിസ്തൃതിയുള്ള പഞ്ചായത്താണ്. പട്ടികജാതി വിഭാഗത്തിൽ മൂന്ന് കോളനികളും, 7,982 കുടുംബങ്ങളിൽ 17,657 ആളുകളും, പട്ടിക വർഗ്ഗ |

| | | | |
|---|---|---|---|
| | | | വിഭാഗത്തിൽ ഒരു കോളനിയും 62 കുടുംബങ്ങളിലായി 229 ആളുകളും താമസിക്കുന്നു. എസ്.സി/ എസ്.റ്റി വിഭാഗങ്ങൾ പഞ്ചായത്തിലെ ജനസംഖ്യയുടെ പകുതിയിലധികമാണ്. 12-ാം പഞ്ചവത്സരപദ്ധതി മാർഗരേഖകൾ പാലിച്ച് നടപ്പാക്കി വരുന്നുണ്ടെങ്കിലും അതിന്റെ പ്രയോജനം ഈ വിഭാഗങ്ങൾക്ക് ലഭ്യമാകുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടതാണ്. ഈ വിഭാഗങ്ങൾ പൂർണ്ണമായും തമിഴ്നാട്ടിൽ നിന്ന് കുടിയേറിയവരും, തോട്ടം തൊഴിലാളികളും, വിദ്യാഭ്യാസ പിന്നോക്കാവസ്ഥ നേരിടുന്നവരുമാണ്. ഭൂവിസ്തൃതിയുടെ 90 ശതമാനവും കണ്ണൻ ദേവൻ കമ്പനിയുടെ അധീനതയിലും, തൊഴിലാളികൾ ഇവരുടെ ലയങ്ങളിലെ താമസക്കാരുമാണ്. സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തത് ഈ മേഖലയിലുള്ളവരുടെ ഭൗതിക സാഹചര്യങ്ങളെ മെച്ചപ്പെടുത്തുന്നതിന് തടസ്സമായി നില്ക്കുന്നു. കൂടാതെ എസ്റ്റേറ്റിലെ ജോലിയിൽ നിന്ന് വിരമിച്ചതിന് ശേഷം അവർ തമിഴ്നാട്ടിലേക്ക് തിരികെ പോവുകയുമാണ്.<br><br>പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള മൂന്നാർ കോളനികളിലും റോഡ്, വൈദ്യുതി, കുടിവെള്ളം ഇടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്. പട്ടിക വർഗ്ഗ കോളനിയായ ലക്കത്ത് ഇപ്പോൾ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയിട്ടുണ്ട്. കോളനിയിലേക്കുള്ള റോഡ് പണിപൂർത്തീകരിക്കുന്നതിനായി പഞ്ചായത്ത് പദ്ധതികൾ തയ്യാറാക്കി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ കോളനിയിലെ ആളുകൾക്ക് വേണ്ടി നല്കിയ ഭൂമിയിൽ നല്ല രീതിയിൽ കൃഷി നടത്തി വരുന്നുണ്ട്. എസ്.സി/എസ്.റ്റി നടപടികൾ സ്വീകരിക്കുന്നതിന് അവർക്ക് സ്വന്തമായി വീട്, സ്ഥലം എന്നിവ ഇല്ലാത്തത് തടസ്സമാണ്. വിദ്യാഭ്യാസവും സാമൂഹ്യപരവുമായ ഉന്നമനത്തിന് ഈ മേഖലയിൽ വലിയ രീതിയിലുള്ള ഇടപെടലുകൾ ആവശ്യമുണ്ട് അതിനായി എസ്.സി/എസ്.റ്റി പ്രൊമോട്ടർമാർ, കുടുംബശ്രീ അംഗങ്ങൾ, വാർഡ് മെമ്പർമാർ എന്നിവരുടെ സംയുക്തമായ സേവനം ലഭ്യമാക്കുന്നതിന് വേണ്ടി ഇടപെടലുകൾ സമയബന്ധിതമായി നടത്തുകയും സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നതിന് വേണ്ടി പഞ്ചായത്ത് ഭരണസമിതിയുടെ സഹകരണത്തോടുകൂടി നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെന്നുള്ള വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2015-2016)

## അദ്ധ്യായം 3- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച കാസർകോട് , തലശ്ശേരി, തിരുവനന്തപുരം, ആലപ്പുഴ നഗരസഭയുടെ വിശദീകരണ പത്രിക

| ക്രമ നം. | റിപ്പോർട്ട് വർഷം ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശം | നടപടി വിശദീകരണ പത്രിക |
|---|---|---|---|
| 1. | 3.6.1 | കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭ 2013-14 ൽ ആസൂത്രണം ചെയ്ത പദ്ധതിയാണ് പട്ടിക ജാതിക്കാരായ ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വിതരണം ചെയ്യൽ. ആസൂത്രണ ഘട്ടത്തിൽ 410000/- രൂപ അടങ്കലിൽ 82 വിദ്യാർത്ഥികളെയാണ് പദ്ധതി ലക്ഷ്യമിട്ടത്. എന്നാൽ നഗരസഭാ പ്രദേശത്തെ പട്ടിക ജാതി വിഭാഗത്തിന്റെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുകയോ കാലാനുസൃതമായി പരിഷ്ക്കരിക്കുകയോ ചെയ്യാതിരുന്നതിനാൽ പദ്ധതി പരാജയമായി. പദ്ധതി നടപ്പാക്കിയ ഘട്ടത്തിൽ ആസൂത്രണം ചെയ്ത അളവി | തലശ്ശേരി നഗരസഭ 2013-14 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പദ്ധതിയാണ് പട്ടിക ജാതിക്കാരായ ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം. ആദ്യ ഘട്ടത്തിൽ അടങ്കൽ തുക 410000/- രൂപ (നാല് ലക്ഷത്തി പത്തായിരം രൂപ) നഗരസഭാ പ്രദേശത്തെ പൊതു വിദ്യാലയങ്ങളിൽ പ്രസ്തുത വർഷം എട്ടാം ക്ലാസിൽ പഠിച്ചുകൊണ്ടിരിക്കുന്ന പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ എണ്ണം അടിസ്ഥാനമാക്കിയാണ് പ്രസ്തുത പ്രൊജക്ട് തയ്യാറാക്കിയത് 29/08/2012 ലെ ജി.ഒ.(എം.എസ്) നം 229/2012 പ്രകാരമാണ് എട്ടാം ക്ലാസിലെ കുട്ടികളെ തെരഞ്ഞെടുത്തത്. നഗരസഭ പ്രദേശത്തെ സ്ഥിര താമസക്കാരായ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മാത്രമെ ആനുകൂല്യത്തിന് അർഹതയുള്ളൂ എന്നതിനാൽ പദ്ധതി ഭേദഗതി സമയത്ത് 43 ഗുണഭോക്താക്കൾക്ക് ആവശ്യമുള്ള |

| | | | |
|---|---|---|---|
| | | ൽ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാതെ വന്നപ്പോൾ 43 വിദ്യാർത്ഥി കൾക്കായി പരിമിതപ്പെടുത്തി. | 215000/- രൂപ മാത്രം പ്രൊജക്ടിൽ വകയിരുത്തി വീണ്ടും അംഗീകാരം നേടിയിരുന്നു. പ്രസ്തുത തുക മുഴുവനായും വിനിയോഗിച്ചിട്ടുണ്ടെന്ന് ഇതിനാൽ റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. |
| 2. | 3.6.2 | തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ കുടിലുകളിൽ കഴിയുന്ന പട്ടികജാതി കുടുംബങ്ങൾ ഇപ്പോഴുമുണ്ട്. പട്ടികജാതി കോളനികളിൽ ഇടറോഡു സൗകര്യം കുറവാണ്. പൂങ്കുളം, കൊടിതൂക്കി കോളനികളിൽ ഇടറോഡില്ല. വെങ്ങാനൂർ കുഴിവിള കോളനികളിലെ ഇടവഴികൾ പരിതാകരമായ നിലയിലാണ്. നഗരസഭയിലെ പട്ടികജാതി കോളനികളിൽ ഒന്നിലും കളിസ്ഥലമോ, ലൈബ്രറി സൗകര്യമോ, ഖരമാലിന്യ നിർമ്മാർജ്ജന സൗകര്യമോ ഇല്ല. | തിരുവനന്തപുരം നഗരസഭയിൽ നിലവിൽ 28 കോളനികൾ ഉള്ളതായി പട്ടികജാതി വികസനവകുപ്പ് 2000-ൽ പുറത്തിറക്കിയ തീവ്ര സങ്കേത കോളനികളുടെ ലിസ്റ്റിൽ പറയുന്നു. 2009-10 ൽ പട്ടികജാതി വികസനവകുപ്പും തദ്ദേശസ്വയം വകുപ്പും ചേർന്ന് നടത്തിയ സംയുക്ത സർവ്വേയിൽ 502 പട്ടികജാതി സങ്കേതങ്ങൾ തിരുവനന്തപുരം നഗരസഭ പ്രദേശത്ത് ഉള്ളതായി റിപ്പോർട്ട് ചെയിതിട്ടുണ്ട്. എന്നാൽ 2010-ൽ 5 പഞ്ചായത്തുകൾ കൂടി തിരുവനന്തപുരം നഗരസഭയിൽ കൂട്ടിചേർത്തപ്പോൾ മൊത്തം 750-ൽ അധികം സങ്കേതങ്ങൾ വരും.<br>ഓരോ സാമ്പത്തിക വർഷവും തിരുവനന്തപുരം നഗരസഭയുടെ പ്ലാൻ ഫണ്ടിൽ നിന്നും പട്ടികജാതി വികസനത്തിനായി തുക നീക്കിവയ്ക്കുകയും അത് പ്രകാരമുള്ള പ്രോജക്ടുകൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. തിരുവനന്തപുരം നഗരസഭയിൽ 100 വാർഡുകളാണ് നിലവിൽ ഉള്ളത് ആയതിനാൽ എല്ലാ വാർഡിലും ടി തുക വീതിച്ചുനൽകുന്നതിനാൽ മെച്ചപ്പെട്ട വികസന സൗകര്യം എല്ലാവർക്കും എത്തിക്കുവാൻ കഴിയാത്ത അവസ്ഥയാണ്. എന്നാലും നിരവധി പദ്ധതികളിൽ (BSUP,RAY,EMS,PMAY) ഉൾപ്പെടുത്തി 386 കുടുംബങ്ങൾക്ക് വീട് നൽകിയിട്ടുണ്ട് ആയതിന് നഗരസഭ കഴിഞ്ഞ 5 വർഷത്തിൽ 33,04,89,9250/-രൂപ ചെലവഴിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതികളിലൂടെയും ഈ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്കും വസ്തുവും വീടും നൽകിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തെ പദ്ധതിവിഹിതത്തിൽ എസ് സി പി പ്രോജക്ട്കൾക്കായി മാറ്റി വച്ച തുകയുടെ കണക്ക് അനുബന്ധം 1-ആയി |

| | | | |
|---|---|---|---|
| | | | ചേർക്കുന്നു. നിലവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br>ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതുപോലെ കുടിലുകളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾ (സർക്കാർ വകപുറംപോക്കിൽ (കനാൽ/റോഡ്/റെയിൽവേ) താമസിക്കുന്നവരും സമീപ പ്രദേശങ്ങളെ ആശ്രയിച്ച് അന്നന്നുള്ള ഉപജീവനം നടത്തുന്ന വരുമായതിനാൽ തന്നെ അവരാരും ടി പുറംപോക്കിൽ നിന്നുംമാറിതാമസിക്കുവാൻ വിമുഖതകാട്ടുന്നവരാണ്. ടി പ്രദേശങ്ങളിൽ നിന്നും മാറി താമസിക്കേണ്ടിവരും എന്നതിനാൽ ആരും തന്നെ നഗരസഭ നൽകുന്ന ആനുകൂല്യങ്ങൾക്ക് നിയമാനുസൃത അപേക്ഷ സമർപ്പിക്കാറില്ല. ഭൂരഹിത ഭവനരഹിത കുടുംബങ്ങളെ ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടു നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>നിലവിൽ 100 വാർഡുകളിലും പദ്ധതി വിഹിതം വീതിച്ചു നൽകുന്നതിനാൽ മതിയായ വഴി സൗകര്യം എല്ലാ കോളനികളിലും യഥാസമയം ലഭ്യമാക്കുന്നതിന് സാധിക്കാതെ വരുന്നു. 2017-2018 സാമ്പത്തിക വർഷത്തെ പ്രോജക്ടിൽ വെങ്ങാനൂർ കുഴിവിള കോളനിയുടെ റോഡ് വികസനത്തിനായി 15 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. പുങ്കുളം കല്ലടിച്ചാൻമൂല, പുഞ്ചക്കരി കൊടിതൂക്കി കോളനികളിൽ വരും വർഷത്തിൽ പ്രോജക്ടിൽ ഉൾപ്പെടുത്തി റോഡ് സൗകര്യം വികസിപ്പിക്കുന്നതാണ്.<br>നിലവിൽ കണ്ണമ്മൂല ബണ്ട് കോളനിയിൽ 2 ലൈബ്രറി സൗകര്യം ഒരുക്കിയിട്ടുണ്ട്. സ്ഥല സൗകര്യം ലഭ്യമായ എല്ല കോളനിയിലും കളിസ്ഥലം ലഭ്യമാണ്. ഉദാ. കണ്ണമ്മൂല ബണ്ട് കോളനി, കരിമഠം കോളനി തുടങ്ങിയവ,നിലവിൽ കരിമഠം കോളനി, കണ്ണമ്മൂല ബണ്ട് കോളനി എന്നിവടങ്ങളിൽ മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| 3. | 3.6.2(2) | ആലപ്പുഴ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നൽകിയ കണക്കുകൾ പ്രകാരം 3 കോളനികളിലെ 67 കുടുംബങ്ങളിലായി 176 പട്ടികവർഗ്ഗക്കാരാണ് നഗരസഭാ പ്രദേശത്ത് വസിക്കുന്നത്. നഗരമധ്യത്തിലുള്ള അവലൂക്കുന്ന് പട്ടികവർഗ്ഗകോളനി ഓഡിറ്റ് ടീം സന്ദർശിക്കുകയുണ്ടായി. 34 പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഈ കോളനിയിൽ വസിക്കുന്നത്. ഇതിൽ ഭൂരിഭാഗം പേരുടെയും ജീവിതസാഹചര്യങ്ങൾ പരമദയനീയമാണ്. ജീർണ്ണിച്ച് ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഷീറ്റുകളാൽ മറച്ച കുടിലുകളിൽ കഴിയുന്നവരും തകർന്നുവീഴാറായ വീടുകളിൽ കഴിയുന്നവരും ഇവിടെയുണ്ട്. പ്ലാസ്റ്റിക് ഷീറ്റുകളാൽ മറച്ച കക്കൂസുകളാണ് മിക്ക വീടുകൾക്കും ഉള്ളത്. കുടിവെള്ളം ഉൾപ്പെടെയുള്ള എല്ലാവിധ ആവശ്യങ്ങൾക്കുമായി പൊട്ടിയ നിലയിലുള്ള ഒരു പൊതുടാപ്പ് ആണ് ഉള്ളത്. വളരെ ദുഷ്കരമായ സാഹചര്യത്തിലാണ് പട്ടികവർഗ്ഗക്കാർ ഇവിടെ കഴിയുന്നതെങ്കിലും 2012-13, 2013-14, 2014-15 സാമ്പത്തികവർഷങ്ങളിൽ ഇവർക്കുവേണ്ടി ഒരു രൂപ പോലും നഗരസഭ ചെലവഴിച്ചിട്ടില്ല. | 2011-ലെ സെൻസസ് അനുസരിച്ച് ആലപ്പുഴ നഗരസഭ പരിധിയിൽ ഏകദേശം നൂറ്റിഎൺപത്തിയാറോളം പട്ടികവർഗ്ഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾ ആണുള്ളത്. ഇവരിൽ 7 കുടുംബങ്ങൾ വളരെ ദയനീയ അവസ്ഥയിൽ താമസിച്ചുവരുന്നു. ടി കുടുംബങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ ഉയർത്തുന്നതിന് ആലപ്പുഴ നഗരസഭ പല പദ്ധതികളും നടപ്പിലാക്കി വന്നിട്ടുണ്ടെങ്കിലും അതൊന്നും തന്നെ ഉദ്ദേശിച്ച ഫലം കണ്ടെത്താനായില്ല. സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള റ്റി.എസ്.പി വിഹിതം നഗരസഭയ്ക്ക് ലഭ്യമല്ലാത്തതിനാൽ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് അർഹമായ പരിഗണന നൽകുവാൻ സാധിച്ചിട്ടില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് ചെലവഴിക്കുന്നതിന് പ്രത്യേക ഫണ്ട് ഇല്ലാത്തതിനാലും ജനറൽ വിഭാഗത്തിനുവേണ്ടി കൂടുതൽ തുക ചെലവഴിക്കേണ്ടിവരുന്നതിനാലും പലപ്പോഴും അർഹതപ്പെട്ടവരാണെങ്കിലും ഈ വിഭാഗത്തിന് പ്രത്യേകമായ ഒരു പരിഗണന നൽകുവാൻ നാളിതുവരെയായി നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ലെന്നറിയിക്കുന്നു. നഗരസഭയുടെ സാമ്പത്തികമായ സ്ഥിതി വളരെ പരിതാപകരമാണ്. എന്നിരുന്നാലും പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് മുന്തിയ പരിഗണന നൽകിക്കൊണ്ടുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. 2017-18 വർഷത്തെ പദ്ധതി ഭേദഗതി ചെയ്യുന്ന അവസരത്തിൽ പട്ടികവർഗ്ഗക്കാരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾക്ക് രൂപം നൽകുന്നതാണ്. മാത്രവുമല്ല, നഗരസഭയ്ക്ക് ഇത്തരക്കാരുടെ അഭിവൃദ്ധിയ്ക്കായി മാത്രം റ്റി.എസ്.പി വിഹിതം നൽകുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു. ഐ.എച്ച്.എസ്.ഡി.പി പദ്ധതിയിൻ കീഴിൽ വീട് വെയ്ക്കുന്നതിനുള്ള ധനസഹായം ഇതിനകം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിയിരുന്നുവെങ്കിലും ആയത് ഫലപ്രദമായി വിനിയോഗിക്കുന്നതിൽ ചിലർ |

| | | | |
|---|---|---|---|
| | • | | കൂടുതൽ താല്പര്യം കാണിച്ചിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു. സർക്കാർ സഹകരണത്തോടെ നടപ്പിലാക്കുന്ന പി.എം.എ.വൈ, ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഭവനവും അനുബന്ധ ജീവിത സാഹചര്യങ്ങൾ ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണെന്നുള്ള വിവരം സവിനയം അറിയിക്കുന്നു. |
| 4 | 3.6.2(2) | തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ ഭൂരിഭാഗം എസ്.സി കോളനികളിലും ഡ്രെയിനേജ് സൗകര്യമില്ല. പൊട്ടിപ്പൊളിഞ്ഞ ഓടകളും, അഴുക്കുചാലുകളും ഈ കോളനികളെ മലീമസമാക്കുന്നു. മുറിഞ്ഞപാലം തോടിനു സമീപത്തുള്ള എസ്സി കുടുംബങ്ങൾ, കരിമഠം-ചെങ്കൽ ചൂള-കണ്ണമ്മൂല ബണ്ട് കോളനികളിലെ ഭവനസമുച്ചയങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ ടാങ്കുകൾമഴക്കാലത്ത് നിറഞ്ഞൊഴുകുന്നത് പതിവാണ്. പട്ടികജാതി കുടുംബങ്ങൾ ഇടതിങ്ങി വസിക്കുന്ന പ്രദേശങ്ങളിൽ മാലിന്യ ടാങ്കുകൾക്കു പകരം ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തുവാനുള്ള പദ്ധികൾ അടിയന്തിരമായി നടപ്പാക്കണം. | മുറിഞ്ഞപാലം തോടിന് സമീപമുള്ള കുടുംബങ്ങൾക്ക് കക്കൂസ് സംവിധാനം എല്ലാ കുടുംബങ്ങൾക്കും ഉണ്ട്. ഇല്ലാത്ത 1 എസ് സി കുടുംബത്തിന് ODF ൽ ഉൾപ്പെടുത്തി ടോയിലറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. COMMUNITY LATERINE സൗകര്യവും ലഭ്യമാണ്. കരിമഠം, ചെങ്കൽചൂള കോളനികളിലെ ഡ്രെയിനേജ് വാട്ടർ അതോറിറ്റിയുടെ സ്വീവേജ് നെറ്റ്വർക്കും ആയിട്ട് കണക്ട് ചെയ്തിട്ടുണ്ട്. 2015-16 വർഷത്തിൽ 2 കോടി രൂപ വാട്ടർ അതോറിറ്റിക്ക് നൽകിട്ടുള്ളതും, 2017-18 വർഷത്തിൽ 6.25 കോടി രൂപ പ്ലാൻ ഫണ്ടിൽ നിന്നും ഡ്രെയിനേജ് സംവിധാനത്തിനായി വാട്ടർ അതോറിറ്റിക്ക് നീക്കിവച്ചിട്ടുണ്ട്. കണ്ണമ്മൂല ബണ്ട് കോളനിയിൽ നിലവിൽ എല്ലാ വീടുകളിലും സെപ്റ്റിക്ക് ടാങ്ക് സൗകര്യം ഉണ്ട്. നിലവിൽ സാധ്യമായ എല്ലാ കോളനികളിലും ഡ്രെയിനേജ് സംവിധാനം വാട്ടർ അതോറിറ്റിയുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതാണ്. |
| 5 | 3.7.1 | തലശ്ശേരി നഗരസഭയിൽ ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങാൻ ധനസഹായം നൽകുന്നതിന് തയ്യാറാക്കിയ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ 2013-14 ൽ 24 പേരും 2014-15 ൽ 26 പേരും ഉൾപ്പെട്ടിരുന്നു. എന്നാൽ 2013-14 ൽ 3 പേർക്കും 2014-15 ൽ 5 പേർക്കും മാത്രമാണ് ഭൂമി വാങ്ങാൻ | 2013-14 ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം പട്ടിക ജാതി ഭൂമി വാങ്ങൽ ധനസഹായത്തിന് 24 പേർ അപേക്ഷിച്ചിരുന്നു മാനദണ്ഡ പ്രകാരം പട്ടികജാതിക്കാരായിരിക്കണമെന്നും രണ്ട് സെന്റ് സ്ഥലം സ്വന്തമായോ പൈതൃകമായോ ലഭിക്കാത്തവരും നഗരസഭാ പരിധിയിൽ താമസിക്കുന്നവരും വരുമാന പരിധി 25000/- രൂപയ്ക്ക് വിധേയമായി ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരും ആയരിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് ആയത് പ്രകാരം അർഹരായ നാലുപേർക്ക് മാത്രമാണ് ആനുകൂല്യം നൽകുന്നതിന് പദ്ധതി |

| | | | |
|---|---|---|---|
| | | ധനസഹായം നൽകിയിട്ടുള്ളത്. | തയ്യാറാക്കിയത്. മേൽപ്പടി നാലുപേരിൽ 3 പേർക്ക് മാത്രമെ നഗരസഭ അനുവദിക്കുന്ന തുക കൊണ്ട് ഭൂമിവാങ്ങാൻ കഴിഞ്ഞിരുന്നുള്ളൂ. നഗരസഭ നൽകുന്ന തുകയ്ക്ക് മൂന്ന് സെന്റ് ഭൂമി നഗരസഭാ പ്രദേശത്ത് കണ്ടെത്തുവാൻ മറ്റൊരാൾക്ക് കഴിഞ്ഞിരുന്നില്ല. ആകയാ ൽ 8 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 6 ലക്ഷം രൂപ മാത്രമാണ് വിനിയോഗിക്കുവാനായത്. ബാക്കിയായ ഒരു ഗുണഭോക്താവിനെ 2016-17 LIFE പദ്ധതിയിൽ ഗുണഭോക്താവായി ഉൾപ്പെടുത്തിയിട്ടുണ്ട്.<br>2014-15 വാർഷിക പദ്ധതിയിൽ എസ്.സി ഭൂമി വാങ്ങൽ പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ 26 പേർ ഉൾപ്പെട്ടിരുന്നു. എങ്കിലും നഗരസഭ നൽകുന്ന തുകയ്ക്ക് നഗരസഭാ പ്രദേശത്ത് ഭൂമി കണ്ടെത്തുവാൻ കഴിഞ്ഞതും രേഖകൾ ഹാജരാക്കാൻ കഴിഞ്ഞതും 5 പേർക്ക് മാത്രമാണ്. യഥാസമയം രേഖകൾ സമർപ്പിച്ചത് 5 പേർ മാത്രമാണ് ആയത് പ്രകാരം ടി അഞ്ച് പേർക്ക് മാത്രമായി 10 ലക്ഷം രൂപയാക്കി പ്രോജക്ട് ഭേദഗതി വരുത്തിയിരുന്നു. ആയത് പൂർണ്ണമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട്. മറ്റ് ഗുണഭോക്താക്കളെ 2016-17 ലെ LIFE പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| | | തലശ്ശേരി നഗരസഭയിൽ ഭവന പദ്ധതിക്ക് 12 ലക്ഷം രൂപ വകയിരുത്തിയെങ്കിലും (പ്രോജക്ട് നമ്പർ 184/13-14) ഒരാൾക്ക് മാത്രമാണ് ആനുകൂല്യം ലഭിച്ചത്. | പ്രോജക്ട് നമ്പർ 184/13-14 പ്രകാരം പട്ടിക ജാതി വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതിയിൽ 6 ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ തോതിൽ 12 ലക്ഷം രൂപ അനുവദിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഒരു ഗുണഭോക്താവ് മാത്രമാണ് പദ്ധതി നടപ്പിലാക്കുന്ന സമയത്ത് ആവശ്യമായ രേഖകൾ സമർപ്പിച്ച് ആനുകൂല്യം വാങ്ങിയിട്ടുള്ളത്. ബാക്കിയുള്ള 5 പേരിൽ 2 പേർ പട്ടികജാതി വകുപ്പിൽനിന്നും ആനുകൂല്യം കൈപ്പറ്റിയതിനാലാണ് നഗരസഭയിൽനിന്നും ആനുകൂല്യം കൈപ്പറ്റാതിരുന്നത്. അവശേഷിച്ച 3 പേർ 2016-17 വർഷം PMAY പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെട്ടിട്ടുണ്ട്. |
| 6 | 2015-16<br>3.7.2 | കാസറഗോഡ് നഗരസഭ പട്ടികജാതി കുടുംബങ്ങളുടെ വികസനത്തിനായി | കാസറഗോഡ് നഗരസഭയിൽ പട്ടികജാതിയിൽപ്പെട്ട 35 ഓളം ഭൂരഹിത ഭവന രഹിത കുടുംബങ്ങൾ ഉണ്ട്. അതിൽ |

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടിവിശദീകരണ പത്രിക**

| ക്രമ നമ്പർ | ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് | ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശം | സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1 | <u>പനവൂർ ഗ്രാമപഞ്ചായത്ത്</u> | 3.6.2 | <u>തിരുവനന്തപുരം ജില്ല</u><br><br>തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിലെ മൂന്ന് പട്ടികവർഗ്ഗ കോളനികളിൽ ഒന്നിൽപോലും റോഡ് സൗകര്യമോ, കളിസ്ഥലമോ, ചികിത്സാ സംവിധാനങ്ങളോ ഇല്ല. തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡുകൾ പൊട്ടിപൊളിഞ്ഞ നിലയിലാണ്. | <u>തിരുവനന്തപുരം ജില്ല</u><br><br><u>പനവൂർ ഗ്രാമപഞ്ചായത്ത്</u><br>തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിൽ വിശ്വപുരം(1), ആനാരയം(2), പനയമുട്ടം(3), അജയപുരം(15) എന്നീ വാർഡുകളിലായി 3 പട്ടിക വർഗ്ഗ സങ്കേതങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഊരുകൂട്ടമാണ് ഉള്ളത്. ടി പട്ടിക വർഗ്ഗ കോളനികളിൽ നിന്നും ആരംഭിക്കുന്ന പാണയം കലുങ്ക് -പാണയം ജംഗ്ഷൻ, പാണയം ഉപ്പനച്ചാംകുഴി, പാണയം മരുതകം റോഡ്, മാമൂട്-വാഴമല- അജയപുരം, കൊച്ചുകോണം-വാഴമല എന്നീ റോഡുകളാണുള്ളത്. ടി റോഡുകളിൽ പാണയം കലുങ്ക്-പാണയം ജംഗ്ഷൻ എന്ന റോഡ് 2015-16 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്തിന്റെ 3500000 രൂപയുടെ ഫണ്ട് വകയിരുത്തി റീടാറിംഗ് എന്ന പദ്ധതി ഏറ്റെടുത്തിട്ടുള്ളതും ആയത് പൂർത്തീകരിച്ച് റോഡ് യാത്രായോഗ്യമാക്കിയിട്ടുള്ളതുമാണ്.പാണയം ഉപ്പനച്ചാംകുഴി എന്ന റോഡ് 2016-17 സാമ്പത്തിക വർഷം വാമനപുരം എം.എൽ.എ അഡ്വ. ഡി.കെ.മുരളിയുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 2500000 രൂപ വിനിയോഗിച്ച് ടാറിംഗും പാലം നിർമ്മാണവും നടത്തി യാത്രായോഗ്യമാക്കിയിട്ടുള്ളതാണ്. പാണയം മരുതകം റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് 1850000 രൂപയുടെ എസ്റ്റിമേറ്റ്27/04/2017 തീയതിയിലെ 1(14) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിന് പട്ടിക വർഗ്ഗ വികസന വകുപ്പിന് 11/05/2017 തീയതിയിലെ എ2-7/16 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട് അവശേഷിക്കുന്ന മാമൂട് വാഴമല അജയപുരം. കൊച്ചുകോണം വാഴമല എന്നീ റോഡുകൾ |

| | | | | |
|---|---|---|---|---|
| | | | | തുടർന്നുള്ള സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ചികിത്സാ സൗകര്യത്തിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടിക വർഗ്ഗക്കാർക്ക് മാത്രമായി പി.എച്ച്.സി. മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രതിമാസ ക്യാമ്പ് സംഘടിപ്പിക്കുകയും മരുന്ന് വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. പ്രതിമാസ മെഡിക്കൽ ക്യാമ്പുകളിൽ 50 മുതൽ 60 വരെ ആളുകൾ പങ്കെടുക്കുകയും ഗുരുതരമായ രോഗികളെ മെഡിക്കൽ കോളേജുകളിലേക്ക് റഫർ ചെയ്തുവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 36000 രൂപയുടെ മരുന്ന് വിതരണം നടത്തിയിട്ടുള്ളതും ഈ സാമ്പത്തിക വർഷം (2017–18)80000 രൂപയുടെ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്.<br>സങ്കേതത്തിന് സമീപത്തായി കിളിയന്ത് എന്ന കളിസ്ഥലം വനം വകുപ്പ് വക ഭൂമിയിൽ ഗ്രൗണ്ട് നിരപ്പാക്കി കായിക ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ട്. ടി സ്ഥലം പഞ്ചായത്തിന് വിട്ടുകിട്ടുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ 15–11–2016–ലെ 3–ാം നമ്പർ തീരുമാനപ്രകാരം 23–12–2016, എ2–9/16 നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം ഡി.എഫ്.ഒ.ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്നതിന് ബഹു. സ്ഥലം എം.എൽ.എ തുടർനടപടികൾ സ്വീകരിക്കുന്നതായും തുക ലഭിക്കുന്ന മുറയ്ക്ക് 13–ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി കളിസ്ഥലത്തിന്റെ തുടർ വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് രണ്ട് കോളനികളിൽ സ്ഥലസൗകര്യത്തിന്റെ അപര്യാപ്തത മൂലമാണ് കളിസ്ഥലം കണ്ടെത്താൻ സാധിക്കാത്തത്. |

| | | | |
|---|---|---|---|
| പാങ്ങോട് ഗ്രാമപഞ്ചായത്ത് | | | **പാങ്ങോട് ഗ്രാമപഞ്ചായത്ത്**<br>സാമൂഹ്യ ഓഡിറ്റ് റിപ്പോർട്ട് ബണ്ഡിക പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിൽ അടപ്പുപാറ, വെള്ളയംദേശം എന്നീ വാർഡുകളിലായി 9 പട്ടിക വർഗ്ഗകോളനികൾ നിലവിൽ ഉണ്ട്. ടി പട്ടിക വർഗ്ഗ കോളനികളിൽ നിന്നും ആരംഭിക്കുന്ന, അഞ്ചാനക്കുഴിക്കര-വാഴോട്ടുകാല റോഡ്, അഞ്ചാനക്കുഴിക്കര-അംഗൻവാടി റോഡ്, അഞ്ചാനക്കുഴിക്കര-കുന്നുകുഴി റോഡ്, ചിപ്പൻചിറ-കൊച്ചടപ്പുപാറ റോഡ്, കരിമൺകോട്-കൊച്ചടപ്പുപാറ കമ്മ്യൂണിറ്റി ഹാൾ റോഡ്, മൈലമൂട്-ആറ്റുമൺപുറം റോഡ്, മൈലമൂട്-ഇടിമൂട് റോഡ്, അടപ്പുപാറ-വെള്ളയംദേശം റോഡ്, വെള്ളയംദേശം-ചുടിൽമൺപുറം റോഡ്, വെള്ളയംദേശം-കുരിമൂട് റോഡ്, വി.ബി.ഐ-കക്കോടുകുന്ന് റോഡ്, കക്കോട്ടുകുന്ന്-കുരിമൂട് റോഡ്, മൈലമൂട്-ചെട്ടിയകൊന്നകയം- ഇടുക്കുംപാറ റോഡ്, ഗാർഡൻ സ്റ്റേഷൻ-ചാത്തൻവെട്ടിയമൂല റോഡ്, മൊട്ടോട്ടുകാല-പോങ്ങുംമലത്തറ റോഡ് എന്നീ റോഡുകളാണുള്ളത്. ചിപ്പൻചിറ കൊച്ചടപ്പുപാറ എന്ന റോഡ് 2016 -17 സാമ്പത്തിക വർഷം എം.പി ഫണ്ടിൽ നിന്നും 10 ലക്ഷം രൂപയുടെ ഫണ്ട് വകയിരുത്തി ടാറിംഗിനായി പദ്ധതി ഏറ്റെടുത്തിട്ടുള്ളതും ആയത് പൂർത്തീകരിച്ചിട്ടുമുണ്ട്. അടപ്പുപാറ-വെള്ളയംദേശം എന്ന റോഡ് 2017 -18 സാമ്പത്തിക വർഷം ഇന്റർലോക്ക് ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ 810000/- രൂപയുടെ ഫണ്ടും ബഹു.വാമനപുരം എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 25 ലക്ഷം രൂപയും വകയിരുത്തി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനായി പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ നിന്നും 2017-18 വർഷത്തിൽ പട്ടികവർഗ്ഗകോളനി റോഡായ കരിമൺകോട് - കമ്മ്യൂണിറ്റി ഹാൾ റോഡ് നിർമ്മാണത്തിനായി 20 |

| | | | | |
|---|---|---|---|---|
| | | | | ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പ്രധാന പട്ടികവർഗ്ഗ കോളനിയെ ബന്ധിപ്പിക്കുന്ന ചെട്ടിയകൊന്നകയം – ഇടുക്കുംപാറ റോഡ് നിർമ്മാണത്തിനും കലുങ്ക് നിർമ്മാണത്തിനും ബഹു.രാജ്യസഭാ എം.പി. ശ്രീ.സുരേഷ്ഗോപി അവർകളുടെ ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ 2017-18 വർഷത്തിൽ നടപ്പിൽ വരുത്തുന്നതിനായി അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിൽ അവശേഷിക്കുന്ന റോഡുകൾ നന്നാക്കുന്നതിന് കൂടുതൽ വകുപ്പുതല ഫണ്ട് ലഭ്യമാക്കുന്നതിന് വേണ്ടി (കോർപ്പസ് ഫണ്ട്) ബഹു.വാമനപുരം എം.എൽ.എ പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ആയതിന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽപട്ടികവർഗ്ഗ കോളനി റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| | <u>ആറന്മുള ഗ്രാമപഞ്ചായത്ത്</u> | | <u>പത്തനംതിട്ട ജില്ല</u><br><br>പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിൽ 48 കോളനികളിലായി 1694 പട്ടികജാതി കുടുംബങ്ങളാണ് ഉള്ളത്. ഇവയിൽ 1401 കുടുംബങ്ങൾക്കും ഓടുമേഞ്ഞതോ കോൺക്രീറ്റ് ചെയ്തതോ ആയ ഭവനങ്ങളില്ല. 426 കുടുംബങ്ങൾക്ക് കുടിവെള്ള സൗകര്യവും 705 കുടുംബങ്ങൾക്ക് ശൗചാലയവും ഇല്ല. 570 പട്ടികജാതി ഭവനങ്ങളിൽ ഇനിയും വൈദ്യുതി എത്താനുണ്ട്. | <u>പത്തനംതിട്ട ജില്ല</u><br><br><u>ആറന്മുള ഗ്രാമപഞ്ചായത്ത്</u><br><br>ആറന്മുള ഗ്രാമപഞ്ചായത്തിൽ 48 കോളനികളിലായി 1694 കുടുംബങ്ങളാണുള്ളത്. ഇതിൽ 2012-13 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ എസ്.സി മേഖലയിൽ 183 പേർക്ക് ഭവന നിർമ്മാണത്തിനും 236 കുടുംബങ്ങൾക്ക് വീട് അറ്റകുറ്റപ്പണിക്കും ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ 65 കുടുംബങ്ങൾക്ക് കിണർ നിർമ്മാണത്തിനും 66 പേർക്ക് ചുറ്റുമതിൽ നിർമ്മാണത്തിനും ധനസഹായം നൽകിയിട്ടുണ്ട്. ഇത് കൂടാതെ സാമൂഹ്യ സാമ്പത്തിക ജാതി |

| | | | | |
|---|---|---|---|---|
| | <u>നാറാണംമൂഴി ഗ്രാമപഞ്ചായത്ത്</u> | | <u>നാറാണംമൂഴി ഗ്രാമപഞ്ചായത്ത്</u><br>നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗകോളനികൾ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്താൽ വലയുകയാണ്. അടിച്ചിപ്പുഴ പട്ടികവർഗ്ഗ കോളനിയിലെ ആകെ 250 കുടുംബങ്ങളിൽ കുടിവെള്ളം ലഭ്യമായവ 185 ഉം കക്കൂസുള്ളവ 100 ഉം ആണ് കുടമുരുട്ടി കോളനിയിലെ 46 കുടുംബങ്ങളിൽ 20 കുടുംബങ്ങൾക്കേ കുടിവെള്ള ലഭ്യതയുള്ളൂ ചൊള്ളനാവയൽ കോളനിയിലെ 59 കുടുംബങ്ങളിൽ 1 ന് മാത്രമാണ് കുടിവെള്ളം. ലക്ഷ്യം ചെമ്പനോലി കോളനിയിലെ ഒരു വീട്ടിലും കുടിവെള്ളം ലഭിക്കുന്നില്ല. ചൊള്ളനാവയൽ എസ്.ടി കോളനിയിൽ മഴക്കാലത്ത് തൊട്ടടുത്തുള്ള തോട്ടിൽ നിന്നും വെള്ളം കയറി ജീവിതം ദുരിതപൂർണ്ണമാകുന്നു. എന്നാൽ കോളനിയ്ക്ക് സംരക്ഷണ ഭിത്തി നിർമ്മിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. | സെൻസസ് സർവ്വേ റിപ്പോർട്ട് പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് പി.എം.എ.വൈ പദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകി വരുന്നുണ്ട്. ലൈഫ് പദ്ധതി പ്രകാരം സർവ്വേ നടത്തിയതിൽ 280 ഭൂരഹിതരെയും 743 ഭവന രഹിതരെയും കണ്ടെത്തിയിട്ടുണ്ട്. ഇവർക്കെല്ലാം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു.<br><br><u>നാറാണംമൂഴി ഗ്രാമപഞ്ചായത്ത്</u><br>ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം നടപ്പാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയിലൂടെ അടിച്ചിപ്പുഴ കോളനിയിൽ 20 കുടുംബങ്ങൾക്കും കുടമുരുട്ടി കോളനിയിലെ 8 കുടുംബങ്ങൾക്കും ചൊള്ളനാവയൽ കോളനിയിലെ 15 കുടുംബങ്ങൾക്കും ധനസഹായം നൽകി വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടുണ്ട്. അടിച്ചിപ്പുഴ പട്ടികവർഗ്ഗ കോളനിയിൽ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷം 5 കുടുംബങ്ങൾക്കും 2016-17 വർഷം 1 കുടുംബത്തിനും കിണർ നിർമ്മിച്ചു നൽകിയിട്ടുള്ളതാണ്. ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ നിന്നും 720000/- രൂപയുടെ ഫണ്ട് അനുവദിച്ച് കേരള വാട്ടർ അതോറിറ്റി മുഖേന 15 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനായി കരാർ ആയിട്ടുള്ളതാണ്. 2017-18 വർഷത്തെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 15 കുടുംബങ്ങൾക്ക് കിണർ നിർമ്മിച്ചു നൽകുന്നതാണ്. 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച |

**<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2015-16 ഖണ്ഡിക 3.6.2, 3.7.6 എന്നിവയിൽ കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച പരാമർശങ്ങൾക്ക് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതപരിഹാര നടപടി പത്രിക</u>**

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1. | 3.6.2 | <u>അടിസ്ഥാന സൗകര്യവികസനം</u><br><br>സ്വന്തമായി ഭവനം, കൂടാതെ കുടിവെള്ളം, ശൗചാലയം, വൈദ്യുതി, പ്രാഥമികാരോഗ്യകേന്ദ്രം, 10 സെന്റിൽ കൂടുതൽ കൃഷി ഭൂമി, റോഡ്, കളിസ്ഥലം, ഡ്രെയിനേജ് സംവിധാനം എന്നീ അടിസ്ഥാന സൗകര്യങ്ങൾ എല്ലാമുള്ള പട്ടികജാതി/പട്ടിക വർഗ്ഗ കോളനികളോ, സങ്കേതങ്ങളോ ഇല്ല എന്ന് ഓഡിറ്റിന്റെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. കാലാകാലങ്ങളായി പട്ടികജാതി/പട്ടിക വർഗ്ഗ അധിവാസ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പദ്ധതികൾ തയ്യാറാക്കുന്നുണ്ടെങ്കിലും അവയൊന്നും വിജയം കൈവരിച്ചിട്ടില്ല.<br>ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിലുള്ള വാളാംതോട്, പന്നിയേരി, മാടാഞ്ചേരി, ചിറ്റാരി, കുറ്റല്ലൂർ, മലയങ്ങാട് കോളനികളിൽ നീരുറവകൾ മാത്രമാണ് കുടിവെള്ളത്തിനാശ്രയം. വേനൽക്കാലത്ത് ഇവിടെ ജീവിതം ദുരിതമയമാവുന്നു.<br><br>ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ 30 പട്ടികജാതി കുടുംബങ്ങൾ വസിക്കുന്ന ചേർമല സാംബവ കോളനിയിൽ പൈപ്പ് ലൈനിലൂടെ | <u>വാണിമേൽ ഗ്രാമപഞ്ചായത്ത്</u><br><br>വാണിമേൽ ഗ്രാമപഞ്ചായത്തിലെ വാളാംതോട്, പന്നിയേരി, മാടാഞ്ചേരി, ചിറ്റാരി,കുറ്റല്ലൂർ,മലയങ്ങാട് കോളനികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനും, കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും വേണ്ടി സർക്കാറിന്റെ സമഗ്രവികസന പദ്ധതികൾ, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്,കേരള . വാട്ടർ അതോറിറ്റി എന്നിവരുടെ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന സമയത്ത് പഞ്ചായത്ത് പ്ലാൻ ഫണ്ട്/തനത് ഫണ്ട് ഉപയോഗിച്ച് ടാങ്കറുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നീരുറവുകളിലൂടെ ജലം ലഭ്യമാക്കുന്ന ടി പ്രദേശങ്ങളിൽ കുഴൽ കിണർ, കിണർ എന്നിവ സ്ഥാപിക്കുവാനുള്ള പല പദ്ധികളും, പ്രദേശത്ത് ജലലഭ്യത കുറവാണെന്ന് ഭൂഗർഭ ജല വകുപ്പിലെ റിപ്പോർട്ട് ചെയ്തതിനാൽ നടപ്പിലാക്കുവാൻ ബുദ്ധിമുട്ട് നേരിടുകയാണ്. ടി പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br><u>പന്നിയേരി കുടിവെള്ള പദ്ധതി</u><br><br>വാണിമേൽ ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ ഉൾപ്പെട്ടിട്ടുള്ള പന്നിയേരി പട്ടിക വർഗ്ഗ കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി സർക്കാറിന്റെ സമഗ്ര വികസന പദ്ധയിൽ ഉൾപ്പെടുത്തി പട്ടിക വർഗ്ഗ വകുപ്പ് കുടിവെള്ള പദ്ധതി പൂർത്തീകരിച്ചു വരുന്നു.ടി പദ്ധതി പ്രാവർത്തികമാകുന്ന മുറയ്ക്ക് ഏകദേശം മുപ്പതോളം പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണ്.<br><br><u>മാടാഞ്ചേരി കുടിവെള്ള പദ്ധതി</u> |

170

| | | | |
|---|---|---|---|
| | | | കൂടാതെ ഇവർക്ക് പഞ്ചായത്ത് കക്കൂസ് നിർമ്മിച്ച് കൊടുക്കുകയുണ്ടായി. ടി പട്ടിക വർഗ്ഗക്കാർ താമസിക്കുന്ന സ്ഥലത്ത് ഒരു നീരുറവ ഉള്ളതിൽ നിന്നും കുടിവെള്ളം ശേഖരിക്കുന്നതിന് ഇവർക്ക് 500 ലിറ്ററിന്റെ ടാങ്ക് പഞ്ചായത്തിൽ നിന്നും 2018-19 ൽ അനുവദിച്ചു. ഈ കഴിഞ്ഞ വേനൽ കാലത്ത് ഇവർക്ക് പ്രത്യേക പരിഗണന കൊടുത്ത് കുടിവെള്ളം ടാങ്കറിൽ എത്തിച്ചു കൊടുക്കുകയും വെള്ളം ശേഖരിച്ചു വെക്കുന്നതിന് ടാങ്ക് അനുവദിക്കുകയും ചെയ്യുകയുണ്ടായി. 2019-20 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നമ്പർ 256/20 പട്ടിക വർഗ്ഗ വീട് വാസയോഗ്യമാക്കൽ എന്ന പദ്ധതിയിൽ 450000 രൂപ വകയിരുത്തിയിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു. ഇവരുടെ പുനരധിവാസത്തിന് ഡിസ്ട്രിക്ട് ട്രൈബൽ ഓഫീസ് മുഖേന അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ സംയുക്ത സ്ഥല പരിശോധന നടത്തിയെങ്കിലും ടി സ്ഥലം അനുയോജ്യമല്ലെന്ന് കണ്ടെത്തുകയുണ്ടായി. |

### ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2016–18 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേൽ മലപ്പുറം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളുടെ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 3.6.2 | അടിസ്ഥാനസൗകര്യ വികസനം – കാലാകാലങ്ങളായി പട്ടികജാതി/ പട്ടികവർഗ്ഗ അധിവാസമേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കന്നുഇറങ്കിലും അവയൊന്നും പൂർണ്ണമായ വിജയം കൈവരിച്ചിട്ടില്ല. താഴെക്കോട് ഗ്രാമപഞ്ചായത്തിലെ പാണമ്പി ആദിവാസി കോളനിയിലെ ജീവിതം ദുരിതപൂർണ്ണമാണ്. റോഡുസൗകര്യമോ, കുടിവെള്ളമോ ഇല്ലാത്ത അവസ്ഥയിലാണ് കോളനിവാസികൾ. കുന്നിൻമുകളിലെ നീർച്ചോലയാണ് കുടിവെള്ളത്തിനുള്ള ഏക ആശ്രയം. വേനൽക്കാലത്ത് കിലോമീറ്ററുകളോളം നടന്നാണ് കുടിവെള്ളം കൊണ്ടുവരുന്നത്. | താഴെക്കോട് ഗ്രാമ പഞ്ചായത്തിലെ പാണമ്പി (ഇടിഞ്ഞാടി) പട്ടിക വർഗ്ഗ, കോളനി നിവാസികളുടെ(9 കുടുംബങ്ങൾ) അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് ശ്രമിച്ചിട്ടുണ്ട്. കുടിവെള്ളം ലഭിക്കുന്നതിനായി ഈ ആദിവാസി കോളനി പ്രദേശത്ത് വെള്ള ലഭ്യത ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പോർട്ട്മെന്റിൽ യീൽഡ് ടെസ്റ്റിനുള്ള തുക ചലാനായി അടവാക്കിയിട്ടുള്ളതും പരിശോധന റിപ്പോർട്ട് നെഗറ്റീവ് ആയിട്ടുള്ളതുമാണ്. ഇവർ താമസിക്കുന്നത് വളരെ ഉയർന്ന പ്രദേശവും വാഹന സൗകര്യം ഇല്ലാത്ത സ്ഥലമായതിനാലും സെമി പെർമനന്റ് .ഷെഡ് നിർമ്മാണത്തിന് എസ്റ്റിമേറ്റ് ഡിസ്ട്രിക്റ്റ് ട്രൈബൽ ഓഫീസർ ആവശ്യപ്പെട്ടതിൻ പ്രകാരം പഞ്ചായത്തിൽ നിന്നും ആയത് അനുവദിച്ചിരുന്നു. 12/12/2018ലെ ജില്ലാ തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ മേൽ പദ്ധതിയ്ക്ക് അംഗീകാരം നൽകുകയുണ്ടായില്ല. |

168

| | | | | | |
|---|---|---|---|---|---|
| | | | കിലോമീറ്ററോളം സ്വകാര്യ വ്യക്തികളുടെ വയൽവരമ്പിലൂടെ നടന്നാലേ കോളനികളിൽ എത്തിച്ചേരൂ. തികച്ചും ഒറ്റപ്പെട്ട ഈ കോളനികളിൽ മഴക്കാലത്ത് എത്തിച്ചേരാൻ ബുദ്ധിമുട്ടാണ്. ആകെ ജനസംഖ്യയുടെ 23.61 ശതമാനം പട്ടികജാതിക്കാർക്കും വാസയോഗ്യമായ ഗൃഹമില്ല. | ങ്ങൾ കൈപ്പറ്റുകയുള്ളൂ എന്നും ഈ കോളനിക്കാർ നിർബന്ധപൂർവ്വം ആവശ്യപ്പെട്ടു.എന്നാൽ ഗവൺമെന്റ് സ്ഥാപനമായ കിർത്താട്സ് ഈ പ്രദേശങ്ങളിൽ വന്ന് സർവ്വേ നടത്തുകയും ഈ കോളനിക്കാർ പട്ടികവർഗ്ഗക്കാരുടെ ആചാരങ്ങൾ ഒന്നും തന്നെ പാലിക്കുന്നില്ലെന്നും എസ്.സി ആചാരങ്ങളാണ് ഇവർ കൈമാറിവരുന്നതെന്നും ആയത്കൊണ്ട് ഇവരെ പട്ടികവർഗ്ഗക്കാരായി പരിഗണിക്കാന് കഴിയുകയില്ലെന്നും തീർപ്പാക്കുകയും ചെയ്തു: ആയതിനാൽ വില്ലേജ് ഓഫീസിൽ നിന്നോ പട്ടികജാതി/പട്ടികവർഗ്ഗ ഓഫീസിൽ നിന്നോ ഇവർക്ക് പട്ടിക വർഗ്ഗക്കാരാണ് എന്ന സാക്ഷ്യപത്രമോ, റോഡ് പണികൾ ചെയ്യുന്നതിന് ഫിസിബിലിറ്റി സർട്ടിഫിക്കറ്റോ ലഭിക്കുന്നില്ല. ഇത് ഒരു ഗുരുതരമായ പ്രശ്നമായതിനാൽ ഈ വിഭാഗക്കാർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും നൽകുന്നതിന് പഞ്ചായത്തിന് കഴിയുന്നില്ല എന്ന വിവരവും അറിയിക്കുന്നു . | |
| | | | <u>ചോളയൂർ ഗ്രാമപഞ്ചായത്ത്</u><br><br>ചോളയൂർ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 50 ശതമാനത്തോളം പട്ടികവർഗ്ഗക്കാരാണ്.പട്ടിക വർഗ്ഗകോളനികളിൽ 45 ശതമാനം കുടുംബങ്ങൾക്കേ കുടിവെള്ളം ലഭ്യമായിട്ടുള്ളൂ. 25 ശതമാനം കുടുംബങ്ങൾക്കും കക്കൂസില്ല.52 ശതമാനം പട്ടികവർഗ്ഗ ഭവനങ്ങൾക്കേ വൈദ്യുതി കണക്ഷനുള്ളൂ | <u>ചോളയൂർ ഗ്രാമപഞ്ചായത്ത്</u><br><br>ചോളയൂർ ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് 2017/18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കള്ളക്കര പമ്പ് ഹൗസിൽ നിന്നും ദാസന്നൂർ ടാങ്കിലേക്കുള്ള പൈപ്പ് ലൈന് നീട്ടലും മോട്ടോർ സ്ഥാപിക്കലും എന്ന പ്രോജക്ട് പ്രകാരം ഒരു കോടി രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു. പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. 2018/19 വാർഷിക പദ്ധതിയിൽ കോട്ടത്തറ ആനക്കട്ടി കുടിവെള്ള പദ്ധതി രണ്ടാം ഘട്ടമായി മുപ്പത് ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തികൾ വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്നുണ്ട്. ചോളയൂർ ഗ്രാമപഞ്ചായത്തില് ഓ.ഡി.എഫ് പദ്ധതി പ്രകാരം കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾ ശൗചാലയം നിർമ്മിച്ചിട്ടുണ്ട് വെളിയിട വിസർജ്ജന വിമുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുള്ളതാണ് നിലവിൽ പുതിയതായി നിർമ്മിക്കുന്ന വീടുകൾക്കും കെട്ടിടങ്ങൾക്കും കക്കൂസ് നിർമ്മാണം നിർബന്ധമാക്കിയിട്ടുണ്ട്. | |

**ലോക്കൽഫണ്ട് അക്കൌണ്ട്സ് കമ്മിറ്റി 2015-16 സമാഹൃത റിപ്പോർട്ടില് പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകള് സ്വീകരിച്ച നടപടികൾ ഉൾപ്പെട്ട ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| ക്രമ നംമ്പർ. | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക നംമ്പർ. | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിൻമേല് സ്വീകരിച്ച നടപടി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2015-16 | 3.6.2 | <u>മലമ്പുഴ ഗ്രാമപഞ്ചായത്ത്</u><br>മലമ്പുഴ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി കുടുംബങ്ങളിൽ 62 ശതമാനത്തിനേ കുടിവെള്ളം ലഭ്യമായിട്ടുള്ളൂ. കക്കൂസ് ഉള്ള പട്ടികജാതി കുടുംബങ്ങൾ 43 ശതമാനവും, പട്ടികവർഗ്ഗ കുടുംബങ്ങൾ 2 ശതമാനവും മാത്രമാണ്.<br><br><u>കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്</u><br>കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ പുത്തൻപാടം, പറത്തോട് പട്ടികവർഗ്ഗ കോളനിയിലേക്ക് റോഡ് സൗകര്യമില്ല. 2 | <u>മലമ്പുഴ ഗ്രാമപഞ്ചായത്ത്</u><br>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം 3.6.2 ഖണ്ഡിക 23.06.2017 തിയ്യതിയിലെ പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ ചർച്ച ചെയ്തു. ടി തിയ്യതിയിലെ 11(1) നമ്പർ തീരുമാന പ്രകാരം താഴെ പറയുന്ന ന്യൂനത പരിഹാര പത്രിക ബന്ധപ്പെട്ട ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുന്നതിനും, ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കി തരുന്നതിനും അപേക്ഷിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം ഐക്യകണ്ഠേന അംഗീകരിച്ച് തീരുമാനിച്ചു. 2016-17 സാമ്പത്തിക വർഷം എസ്.സി കുടിവെള്ള, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതിക്കായി 12 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 8 ലക്ഷം രൂപയുടെ എസ്.സി കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതിക്കും, 6 ലക്ഷം രൂപയുടെ എസ്.സി ഗാർഹിക കുടിവെള്ള പദ്ധതിക്കും ഡിപിസി അംഗീകാരം ലഭ്യമായിട്ടുണ്ട്. മേൽ സൂചിപ്പിച്ചിട്ടുള്ള 2 വർഷത്തെയും പദ്ധതികൾ വിജയകരമായി പൂർത്തീകരിക്കുവാൻ സാധിച്ചാൽ മലമ്പുഴ ഗ്രാമപഞ്ചായത്തിലെ പട്ടിക ജാതി കോളനികളിൽ ഇന്ന് നിലനിൽക്കുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കപ്പെടുന്നതാണ് എന്ന വിവരം അറിയിക്കുന്നു.<br>2016-17 സാമ്പത്തിക വർഷത്തിൽ ഒഡിഎഫ് പദ്ധതി പ്രാവർത്തികമായതോടുകൂടി ഇപ്പോൾ 92 ശതമാനം പട്ടിക ജാതി കുടുംബങ്ങൾക്കും, 75 ശതമാനം പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും കക്കൂസ് ഉണ്ട്. ശേഷിക്കുന്ന കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനുള്ള പദ്ധതിആസൂത്രണം ചെയ്യുന്നതാണ്<br><br><u>കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്</u><br>കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിലെ പുത്തൻപാടം പറത്തോട്ട് പട്ടികവർഗ്ഗ കോളനി യഥാർത്ഥത്തില് പട്ടികജാതി കോളനിയാണ്. തങ്ങൾ പട്ടികവർഗ്ഗക്കാരാണെന്നും ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ മാത്രമേ | |

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2015-16 വർഷത്തെ സമഗ്രത ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശ വിധേയമായ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ ന്യൂനതാ പരിഹാര പത്രിക

| ക്രമ നം. | ഓഡിറ്റ് ഖണ്ഡിക. | പരാമർശം | മറുപടി |
|---|---|---|---|
| 1 | 3.6.2 | പട്ടികജാതിക്കാർ ഒറ്റപ്പെട്ടു കഴിയുന്ന വാഴമന ഭാഗത്തെ കുടുംബങ്ങൾക്ക് റോഡ് സൗ കര്യമില്ല | ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാഴമന ഭാഗത്തേക്കുള്ള നടുത്തട്ടിൽ ബണ്ട് റോഡ് ഫില്ലിംഗും 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കല്ലുശക്കരി റോഡ് ഫില്ലിംഗ് എന്നീ പ്രവൃത്തികൾ ചെയ്തിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2 | 3.7.6 | എസ്.സി.പി. ഫണ്ടുപയോഗിച്ച് ക്ഷീര വികസന ഓഫീസ് നടത്തിയ ഗോദാൻ പദ്ധതി, കാലിത്തീറ്റ സബ്സിഡി, കാലിത്തൊഴുത്ത് നിർമ്മാണം എന്നീ പദ്ധതികൾ മൂലം തൊഴിൽപരവും സാമ്പത്തികവുമായ നേട്ടം ഉണ്ടായിട്ടുണ്ട്. മേൽ പദ്ധതികൾ നടപ്പിലാക്കിയതു വഴി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 3 ക്ഷീര സംഘങ്ങളിൽ പാലുൽപ്പാദനവും ക്ഷീരോൽപ്പാദകരുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്. | തുടർ വർഷങ്ങളിലും കാലിത്തീറ്റ സബ്സിഡി, കാലിത്തൊഴുത്ത് നിർമ്മാണം, ഗോദാൻ എന്നീ പദ്ധതികൾ നടപ്പിൽ വരുത്തുകയും, പാൽ ഉൽപാദനത്തിലും ക്ഷീരോൽപ്പാദകരുടെ എണ്ണത്തിലും വൻതോതിലുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 3 | 3.7.11 | കർമ്മസമിതി, സാമൂഹ്യക്ഷേമം, പൊതുമരാമത്ത് മേഖലകളിൽ പുതിയ പദ്ധതികൾ തയ്യാറാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് അവ നടപ്പാക്കിയിട്ടില്ല | 2015-16 വർഷം എസ്.സി.പി., ടി.എസ്.പി. ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിന് സാധിച്ചില്ലായെങ്കിലും 2016-17, 2017-18, 2018-19 വർഷത്തിൽ എസ്.സി.പി., ടി.എസ്.പി. ഫണ്ട് പൂർണ്ണമായും ഫലവത്തായി വിനിയോഗിച്ചിട്ടുണ്ടെങ്കിലും വരും വർഷങ്ങളിലും ടി ഫണ്ട് പൂർണ്ണമായും ഫലവത്തായ രീതിയിൽ ചെലവഴിക്കുന്നതാണ് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 4 | 3.7.11 | കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമ പഞ്ചായത്തിന് എസ് സി എസ് ടി നിർദ്ദേശങ്ങൾ അനുസരണമായി പദ്ധതി | എരുമേലി ഗ്രാമപഞ്ചായത്തിലെ പദ്ധതി രൂപീകരണ സമയത്ത് സർക്കാർ നിബന്ധനകൾക്ക് അനുസൃതമായ പദ്ധതി നിർദ്ദേശങ്ങൾ കർമ്മ സമിതിയിൽ നിന്നും ലഭ്യമാകുന്നില്ല. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വകുപ്പിൽ നിന്നും നടപ്പിലാക്കുന്ന |

165

| | | | | |
|---|---|---|---|---|
| | ആറന്മുള ഗ്രാമപഞ്ചായത്ത് | | ആറന്മുള ഗ്രാമപഞ്ചായത്ത്<br>ഭവനരഹിതരും ശൗചാലയമില്ലാത്തവരുമായി ഒട്ടേറെ കുടുംബങ്ങളാണ് പത്തനംതിട്ടയിലെ ആറന്മുള ഗ്രാമപഞ്ചായത്തിലെ എഴിക്കാട് പട്ടികജാതി കോളനിയിൽ കഴിയുന്നത്. 2012-13 ൽ എഴിക്കാട് കോളനിയുടെ സമഗ്രവികസനത്തിനായി 45 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് ഗ്രാമപഞ്ചായത്തിന് നൽകിയിരുന്നു. ഇതിൽ 38 ലക്ഷം രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടും കോളനിയിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞില്ല. മഴക്കാലത്ത് എഴിക്കാട് കോളനിയിലെ ജീവിതം ദുരിതപൂർണ്ണമാണ് കോളനിയ്ക്ക് സംരക്ഷണ ഭിത്തി നിർമ്മിക്കാത്തതിനാൽ പുഞ്ചപാടത്ത് നിന്നുള്ള വെള്ളം ഇവിടൊട്ടേക്ക് ഇരച്ചുകയറുന്നു. വെള്ളം കയറുന്നതിനാൽ സ്വന്തം വീടുകളിൽ കഴിയാനാവാതെ കോളനിവാസികൾ കമ്മ്യൂണിറ്റി ഹാളിലും തൊട്ടടുത്ത നേഴ്സറി സ്കൂളിലും അഭയം തേടുന്നു.<br>ടി ഗ്രാമപഞ്ചായത്തിലെ മാലക്കര പുളിന്താനം പട്ടികജാതി കോളനിയിൽ 25 ലേറെ കുടുംബങ്ങൾ പാർക്കുന്നു. മൂന്നടി മാത്രം വീതിയുള്ള കോൺക്രീറ്റ് നടപ്പാതയാണ് കോളനിയിലേക്കുള്ള വഴി. നടപ്പാതയോടുചേർന്ന് ആഴമേറിയതും അപകടസാധ്യതയുമായ ഒരു പാറക്കുളമുണ്ട് 25 മീറ്ററോളം ഭാഗത്ത് ഈ പാതയ്ക്ക് കൈവരിയില്ല. രാത്രികാലത്ത് ഭയത്തോടെ മാത്രമെ ഇതുവഴി സഞ്ചരിക്കുവാൻ കഴിയൂ. | നടപ്പിലാക്കിയ ഒ.ഡി.എഫ് പദ്ധതിയിൽ 138 പേർ ശൗചാലയ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ആറന്മുള ഗ്രാമപഞ്ചായത്ത്<br>ആറന്മുള ഗ്രാമപഞ്ചായത്തിൽ വെളിയിട വിസർജ്ജന നിർമ്മാർജന യജ്ഞം പ്രകാരം സർവ്വേ നടത്തി 260 കുടുംബങ്ങൾക്ക് ശൗചാലയമില്ല എന്ന് കണ്ടെത്തുകയും ടി 260 കുടുംബങ്ങൾക്കും 2016-17 വർഷം ശൗചാലയം നിർമ്മിച്ച് നൽകിയിട്ടുണ്ട്.<br>സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വൈദ്യുതീകരിക്കാത്ത മുഴുവൻ വീടുകൾക്കും 2016-2017 വർഷം വൈദ്യുതീകരണം നടത്തിയിട്ടുണ്ട്.<br>കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എല്ലാ വർഷവും ഘട്ടം ഘട്ടമായി കുടിവെള്ള പദ്ധതികളും നിലവിലെ കുടിവെള്ള വിതരണ ലൈനുകളിലെ അറ്റകുറ്റ പണികളും ചെയ്തു വരുന്നുണ്ട്. തുടർന്നും പദ്ധതികൾ ഏറ്റെടുക്കുന്നതാണ്.<br>എഴിക്കാട് പട്ടികജാതി കോളനിയിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2012-13 ൽ 45,00,000/-രൂപ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ആറന്മുള പഞ്ചായത്തിന് അനുവദിച്ചതിൽ 2500000/- രൂപ നിർവ്വഹണ എക്സ്റ്റൻഷൻ ഓഫീസർക്ക് നൽകിയതിൽ 2437500/- രൂപ ചെലവഴിച്ച് 81 കുടുംബങ്ങൾക്ക് വീട് അറ്റകുറ്റപ്പണികളും 19 പേർക്ക് കിണർ നിർമ്മാണത്തിനും ധനസഹായം നൽകിയിട്ടുണ്ട്. 2000000/- രൂപ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയതിൽ 1000000/- രൂപ |

135

| | | | | |
|---|---|---|---|---|
| | | | | ഉപയോഗിച്ച് എഴിക്കാട് കോളനി റോഡ് കോൺക്രീറ്റ് ചെയ്യുകയും ശേഷിക്കുന്ന 1000000/- രൂപ ഉപയോഗിച്ച് കോളനിയിലെ വസ്തു സൈഡ് കെട്ടി മണ്ണിട്ടുയർത്തി കോൺക്രീറ്റ് ചെയ്യുന്നതിനും പദ്ധതി തയ്യാറാക്കിയെങ്കിലും 467700/- രൂപയുടെ പ്രവർത്തി പൂർത്തിയാക്കുകയും ശേഷിക്കുന്ന ഭാഗം വസ്തു തർക്കവും, ചില വ്യക്തികളുടെ സ്ഥലത്തുകൂടി മണ്ണ് കൊണ്ടുപോകാൻ പ്രസ്തുത വ്യക്തികൾ തടസ്സപ്പെടുത്തിയതിനാൽ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. പിന്നീടുള്ള വർഷങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും ഫണ്ടുകൾ ഉപയോഗിച്ച് കോളനികളിലെ റോഡുകൾ, പൊതുകെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ചെയ്തിട്ടുണ്ട്. 2012-13 മുതൽ 2016-17 വരെ എഴിക്കാട് കോളനിയിൽ മാത്രം ഐ.എ.വൈ. പി.എം.എ.വൈ പദ്ധതിയിൻ കീഴിൽ 36 പുതിയ വീടുകളും, ഇ.ഡി.എഫ് പദ്ധതിക്കു കീഴിൽ 42 കക്കൂസുകളും എഴിക്കാട് കോളനിയിൽ നൽകിയിട്ടുണ്ട്.<br><br>ഗ്രാമപഞ്ചായത്തിലെ മാലക്കര പുളിന്താനം പട്ടികജാതി കോളനിയിൽ സ്ഥിതിചെയ്യുന്ന പാറക്കുളത്തിന് കൈവരി ഇല്ലാത്ത സ്ഥലങ്ങളിൽ കൈവരി സ്ഥാപിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ്. |
| | <u>പട്ടണക്കാട് ഗ്രാമപഞ്ചായത്ത്</u> | | <u>ആലപ്പുഴ ജില്ല</u><br><br>ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ 14 കുടുംബങ്ങൾ വസിക്കുന്ന ഉഴുവ എസ്. സി കോളനിയിൽ കുടിവെള്ളമുള്ളത് ഒരു കുടുംബത്തിന് മാത്രമാണ്. കൊല്ലംവെളി കാളിറാട് കോളനിയിൽ റോഡു സൗകര്യമില്ല. 11 കുടുംബങ്ങളുള്ള കാളിറാട് കോളനിയിൽ 3 കുടുംബങ്ങൾക്ക് സ്വന്തമായി കുടിവെള്ള | <u>ആലപ്പുഴ ജില്ല</u><br><br><u>പട്ടണക്കാട് ഗ്രാമപഞ്ചായത്ത്</u><br><br>ഉഴുവ എസ്.സി.കോളനിയിൽ ഒരു കുടുംബത്തിന് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഗാർഹിക കണക്ഷൻ ഉണ്ട്. ഒരു കുടുംബത്തിന് കിണർ സൗകര്യം ഉണ്ട്. മറ്റ് [illegible] |

| | | | |
|---|---|---|---|
| | | ലഭ്യതയുള്ളൂ.<br><br>ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ പാറയിൽ ഭാഗം എസ്. സി കോളനിയുടെ അവസ്ഥ പരിതാപകരമാണ്. ആകെ 11 പട്ടിക ജാതി കുടുംബങ്ങളാണ് ഈ കോളനിയിൽ കഴിയുന്നത് . ഇതിൽ 4 കുടുംബങ്ങൾക്കു മാത്രമാണ് വാസയോഗ്യമായ വീടുള്ളത് 8 കുടുംബങ്ങൾക്ക് ശൗചാലയമില്ല. 6 കുടുംബങ്ങൾക്കേ കുടിവെള്ളസൗകര്യമുള്ളൂ. 5 കുടുംബങ്ങൾക്ക് വഴി സൗകര്യമില്ല. | 100 മീറ്റർ ചുറ്റളവിലുള്ള ജപ്പാൻ കുടിവെള്ള കണക്ഷന്റെ പൊതു ടാപ്പിൽ നിന്നുള്ള വെള്ളം ഉപയോഗിക്കുന്നുണ്ട്. കൊല്ലംവെളി കോളനിയിൽ 2016-17 സാമ്പത്തിക വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 389332 രൂപ ചെലവഴിച്ച് [illegible] മീറ്റർ നീളത്തിൽ കോൺക്രീറ്റ് റോഡ് പൂർത്തീകരിച്ചിട്ടുണ്ട്. കാളിവീട് കോളനിയിൽ 8 കുടുംബങ്ങൾക്ക് 100 മീറ്റർ ചുറ്റളവിൽ കുടിവെള്ളം ലഭ്യമാകുന്ന തരത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൊതുടാപ്പ് സ്ഥാപിച്ചിട്ടുണ്ട്. ഓരോ വീടുകളിലേക്കും പൊതുടാപ്പിൽ നിന്നും കണക്ഷൻ ലഭിച്ചിട്ടില്ല. എസ്.സി കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി 2016-17 വർഷത്തിൽ 155/16 എന്ന പദ്ധതി പ്രകാരം എസ്.സി കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ എന്ന പേരിൽ 264000 രൂപ വകയിരുത്തി ഒരു കുടുംബത്തിന് 6000/- രൂപ സബ്സിഡി അനുവദിക്കുന്ന പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. പദ്ധതി പ്രകാരം 6 കുടുംബങ്ങൾക്ക് നിലവിൽ കണക്ഷൻ ലഭിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ പ്രസ്തുത പദ്ധതി സ്പിൽ ഓവറായി തുടരുന്നു. കാളിവീട് കോളനിയിൽ 2015-16 സാമ്പത്തിക വർഷം ബഹു.വയലാർ രവി എം.പി യുടെ പ്രാദേശിക വികസന ഫണ്ടിലുൾപ്പെടുത്തി 250 മീറ്റർ ഗ്രാവൽറോഡ് പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 50 മീറ്റർ ഭാഗത്ത് 2016-17 വർഷം ഗ്രാമസഭാ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതി ഏറ്റെടുക്കുന്നതിനായി ഫീസിബിലിറ്റി സർട്ടിഫിക്കറ്റിനായി എസ്.സി ഡെവലപ്പ്മെന്റ് ഓഫീസിൽ അപേക്ഷ നൽകിയിരുന്നു. എന്നാൽ ടി പ്രദേശത്ത് 10 എസ്.സി വീടുകൾ ഇല്ല എന്ന കാരണത്താൽ ഫീസിബിലിറ്റി ലഭിച്ചില്ല. റോഡ് നിർമ്മാണം നടക്കാത്ത 50 മീറ്റർ ഭാഗത്തിന്റെ [illegible] താമസക്കാരായ |

| | | | |
|---|---|---|---|
| | | | കൺസെന്റ് ലഭിക്കാത്തതും റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്നു. പാറയിൽ ഭാഗം എസ്.സി.കോളനിയിൽ 11 പട്ടികജാതി കുടുംബങ്ങളിൽ 6 കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവന നിർമ്മാണം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ബാക്കി 5 ഗുണഭോക്താക്കൾ വീട് പൂർത്തീകരണ ഘട്ടങ്ങളിലാണ്. (സുശീല കൈത്തറ) എന്നയാൾക്ക് പി.എം.എ.വൈ പദ്ധതിയിൽ 3 ലക്ഷം രൂപ വിനിയോഗിച്ചുള്ള വീട് നിർമ്മാണത്തിന് അഡ്വാൻസ് തുക 48000 രൂപ നൽകിയിട്ടുണ്ട്. (ബാബു, കരിത്തറ) എന്നയാൾക്ക് അഡ്വാൻസ് (അജിതമോൻ, ഷഡ്മാലയം) എന്നയാൾക്ക് അഡ്വാൻസ് നൽകി പണി പൂർത്തീകരിച്ചിട്ടില്ല. 2015-16 സാമ്പത്തികവർഷം ഐ.എ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാം ഗഡുവായ 37000 രൂപ നൽകിയെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് മൂലം ടിയാൻ പണി തുടങ്ങാതിരിക്കുകയും പിന്നീട് ആ തുക തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. (തങ്കച്ചൻ നമ്പൂരിത്തറ , മണി സൗപർണിക) എന്നീ ഗുണഭോക്താക്കൾക്ക് 2015-16 സാമ്പത്തിക വർഷം ഐ.എ.വൈ. പദ്ധതി പ്രകാരം വീട് അനുവദിച്ചിട്ടുണ്ട്.<br><br>പാറയിൽ ഭാഗം വെള്ളക്കെട്ടും തോടും ചിറകളും നിറഞ്ഞ പ്രദേശമാണ്.വഴി നിർമ്മാണത്തിനുള്ള 10 സെന്റോളം സ്ഥലം ചേർത്തല നിവാസിയുടെ പേരിലാണ്. ടിയാനിൽ നിന്ന് റോഡിനുള്ള കൺസെന്റ് ലഭിക്കാത്തതിനാൽ പദ്ധതി ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല. 8 കുടുംബങ്ങളിൽ രാഗിണി ഗാത്തിൽ എന്നയാൾക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ശൗചാലയ നിർമ്മാണത്തിനുള്ള നടപടി ആരംഭിച്ചു. 7 പേർക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷം ശൗചാലയ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. പാറയിൽ ഭാഗത്തെ 6 എസ്.സി കുടുംബങ്ങൾ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൊതുടാപ്പിൽ നിന്ന് കുടിവെള്ളം എടുക്കുന്നുണ്ട്. |
| | ചെന്നിത്തല തൃപ്പെരുംന്തുറ ഗ്രാമപഞ്ചായത്ത് | **ചെന്നിത്തല തൃപ്പെരുംന്തുറ ഗ്രാമപഞ്ചായത്ത്**<br><br>ചെന്നിത്തല തൃപ്പെരുംന്തുറ ഗ്രാമപഞ്ചായത്തിലെ 19 പട്ടിക ജാതി കുടുംബങ്ങൾ വസിക്കുന്ന വള്ളാം കടവ് കോളനിയിൽ ഒരു വീട്ടിൽ പോലും കുടിവെള്ള കണക്ഷൻ ഇല്ല.<br><br>ചെന്നിത്തല തൃപ്പെരുംന്തുറ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനസംഖ്യയുടെ 15 ശതമാനത്തോളം പട്ടിക ജാതിക്കാരാണ്. ഗ്രാമപഞ്ചായത്തിലെ നിലങ്ങളിൽ ഒരുപ്പൂ കൃഷിയാണ്. പട്ടിക ജാതി വിഭാഗത്തിലെ ഭൂരിഭാഗം പേരും കാർഷിക വൃത്തി കൊണ്ട് ഉപജീവനം കഴിക്കുന്നവർ ആയതിനാൽ വർഷത്തിൽ 4 മാസങ്ങൾ മാത്രമാണ് ഇവർക്ക് തൊഴിൽ ലഭിക്കുന്നത് വർഷത്തിലെ വലിയൊരു കാലയളവിലും തൊഴിൽ ഇല്ലാത്തത് ഇവിടുത്തെ പട്ടിക ജാതി വിഭാഗത്തെ ദാരിദ്രത്തിലാഴ്ത്തുന്നു.<br><br>ഗ്രാമപഞ്ചായത്തിലെ വിവിധ പട്ടികജാതികോളനികളിലായുള്ള 176 എസ് സി കുടുംബങ്ങളിൽ 121 എണ്ണത്തിന് മാത്രമാണ് റോഡ് സൗകര്യമുള്ളത് ഇവയിൽതന്നെ 66 കുടുംബങ്ങൾക്ക് ഗ്രാവൽ റോഡുകൾ മാത്രമാണാശ്രയം. മഴക്കാലത്ത് [illegible] ഈ റോഡുകൾ സഞ്ചാരയോഗ്യമല്ലാതായി മാറുന്നു. ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത ഭവനനിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുന്നു. | **ചെന്നിത്തല തൃപ്പെരുംന്തുറ ഗ്രാമപഞ്ചായത്ത്**<br><br>ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിലെ 19 പട്ടികജാതി കുടുംബങ്ങൾ വസിക്കുന്ന വള്ളാംകടവ് കോളനിയിൽ ഇപ്പോൾ 13 കുടുംബങ്ങൾക്ക് സ്വന്തമായി കിണറും കൂടാതെ രണ്ട് പൊതുകിണറുകളും ഉണ്ട്. 2016/17 വർഷം കുടിവെള്ള പൈപ്പ് ലൈൻ എന്ന പദ്ധതി പ്രകാരം ഈ കോളനിയിൽ കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി 850000/- രൂപ 28/03/2017ന് ആലപ്പുഴ വാട്ടർ അതോറിറ്റിയിൽ അടയ്ക്കുകയും ഇതിന്റെ ടെണ്ടർ നടപടി 2017 മെയ് മാസം ആരംഭിച്ചിട്ടുമുണ്ട്. ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിലെ 15 % ത്തോളം വരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളിൽ ഭൂരിഭാഗവും കാർഷിക വൃത്തിയിൽ ഉൾപ്പെട്ട് കഴിയുന്നവരായതിനാൽ കൃഷിയുമായി ബന്ധപ്പെട്ട് കൂടുതൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. ഇവരിൽ ഭൂരിഭാഗം പേരും തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെട്ട് ഇപ്പോൾ ജോലി ചെയ്തു വരുന്നു. 2016/17 വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 461 കുടുംബങ്ങൾക്ക് 24903 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. അതിൽ 44 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങളും നൽകിയിട്ടുണ്ട്. ഇവർക്ക് നെൽകൃഷി വികസനത്തിന് വേണ്ടി 2016-17 വർഷം 200000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. നടപ്പ് വർഷം |

| | | | | |
|---|---|---|---|---|
| | | | നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള അധികച്ചെലവ് മൂലം കാരിക്കുഴി, പൊട്ടങ്കേരി, പതുവത്തറയിൽ എന്നീ പട്ടികജാതി കോളനികളിൽ പല വീടുകളും പണി പൂർത്തിയാവാത്ത നിലയിലാണ്. കോളനികളിലേയ്ക്കുള്ള വീടുകളിലേയ്ക്കൊന്നും ഗാർഹിക ജല വിതരണ സംവിധാനമില്ല. തൊട്ടടുത്തുള്ള ചെന്നിത്തല പ്രാഥമികാരോഗ്യകേന്ദ്രം കോളനി കളിൽ നിന്നും 1 മുതൽ 4 കിലോമീറ്റർ അകലെയാണ്. | ആടുവളർത്തൽ,മുട്ടക്കോഴി വിതരണം,പശു വളർത്തൽ,താറാവ് വളർത്തൽ,നെൽകൃഷി വികസനം,ഇടവിള കൃഷി,പച്ചക്കറി കൃഷി വികസന പദ്ധതി തുടങ്ങിയവ പട്ടികജാതി വിഭാഗക്കാർക്ക് നടപ്പിലാക്കാൻ വേണ്ടി അംഗീകാരം കിട്ടിയ പദ്ധതികളാണ്. ഇത് നടപ്പിലാക്കുന്നതു വഴി അവരുടെ ദാരിദ്ര്യം ഒരു പരിധി വരെ ലഘൂകരിക്കപ്പെടുന്നു. സമ്പൂർണ്ണ ശുചിത്വത്തിന്റെ ഭാഗമായി കക്കൂസ് ഇല്ലാതിരുന്ന 144 കുടുംബങ്ങൾക്ക് കക്കൂസ് അനുവദിച്ചു. പട്ടികജാതി മേഖലയിൽ ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി വിവിധ പദ്ധതികൾ 2016/17 വർഷം നടപ്പിലാക്കിയിട്ടുണ്ട്. അവ യുവജനങ്ങൾക്ക് ഓട്ടോറിക്ഷ, വീട് അറ്റകുറ്റപണി, പട്ടിക ജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം, വിദ്യാർത്ഥികൾക്ക് സൈക്കിൾ, ലാപ്ടോപ്പ്, പഠനമുറി, മേശയും കസേരയും തുടങ്ങിയവയാണ് .ഈ ഗ്രാമപഞ്ചായത്തിലെ മിക്കവാറും പട്ടികജാതി കോളനികൾ സ്ഥിതി ചെയ്യുന്നത് പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിലാണ് .ഈ ഭാഗം അപ്പർ കുട്ടനാട് എന്ന് അറിയപ്പെടുന്ന നെൽകൃഷി ചെയ്യുന്ന പാടങ്ങൾ ഉൾപ്പെട്ട താഴ്ന്ന പ്രദേശങ്ങളാണ്.ഇതിന്റെ ഫലമായി ഈ താഴ്ന്ന പ്രദേശങ്ങളിൽ മഴക്കാലത്ത് വെള്ളക്കെട്ട് ഉണ്ടാവുന്നു. ഇത് പരിഹരിക്കുന്നതിന് വേണ്ടി 2016–17 വർഷം ലഭ്യമായ പഞ്ചായത്തല മേഖലയിലെ ഫണ്ട് ഉപയോഗിച്ച് തുമ്പിനാത്ത് കോളനി കണ്ണമാലി കോളനി, മുക്കത്ത് കോളനി ,തെവർകടവ് ആറ്റുമാലി കോളനി റോഡ് എന്നിവ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. നടപ്പുവർഷം ലഭ്യമായ ഫണ്ട് ഉപയോഗിച്ച് വള്ളോംങ്കിൽ കോളനി റോഡ് കോൺക്രീറ്റിംഗിന് 546000/-രൂപയും പറയങ്കേരികടവ് കുരയ്ക്കലാർ റോഡ് ഗ്രാവലിംഗിന് 1923000 /- രൂപയും ഉൾപ്പെടുത്തി പദ്ധതി അംഗീകാരം ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പദ്ധതി 2017-18 വർഷം പൂർത്തീകരിക്കുന്നതുമാണ്. ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത ഭവന നിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുന്ന കാരിക്കുഴി, പോട്ടച്ചേരി, പരുവത്തറ എന്നീ പട്ടികജാതി കോളനികളിൽ നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള അധികച്ചെലവ് മൂലം പല വീടുകളും പണി പൂർത്തിയാവാത്ത നിലയിലാണ്. 1-ാം വാർഡിൽ പെട്ട പോട്ടച്ചേരി കോളനിയിലേക്ക് പോകുന്ന ചില്ലിത്തുരുത്ത് പാലം വളരെ ഇടുങ്ങിയതായതിനാൽ വാഹന ഗതാഗതം സാധ്യമല്ല. ഈ പാലം ഗതാഗത യോഗ്യമാക്കണമെങ്കിൽ 2500000/- രൂപ വേണ്ടി വരും കാരിക്കുഴി കോളനിയിലേക്കുള്ള റോഡ് ഉയർത്തി വെള്ളക്കെട്ട് ഉണ്ടാകാത്ത വിധം നന്നാക്കണമെങ്കിൽ ഏകദേശം 3500000/-രൂപ വേണ്ടിവരും. ഇത്രയും തുക ലഭ്യമല്ലാത്തതിനാൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതിന് നിവേദനം നൽകിയിട്ടുണ്ട്. രണ്ടാം വാർഡിലെ മുക്കത്ത് കോളനിയിലെ ഗതാഗത് യോഗ്യമായ റോഡിൽ നിന്നും പരുവത്തറ കോളനിയിലേക്ക് വരുന്ന 50 മീറ്റർ ഭാഗം റോഡിന് .150 മീറ്റർ മാത്രമേ വീതിയുള്ളൂ ഈ റോഡ് വീതി കൂട്ടാൻ സ്ഥല സൗകര്യം ഇല്ലാത്തതിനാൽ വലിയ വാഹനങ്ങൾക്ക് ഇവിടെ പ്രവേശിക്കുന്നതിന് സാധിക്കുന്നില്ല. ഈ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള പി.എച്ച്.സി പട്ടികജാതി കോളനികളിൽ നിന്നും 1 മുതൽ 4 കി.മീ അകലെയാണെങ്കിലും കൂടുതൽ പട്ടികജാതിക്കാരുള്ള 17,1 എന്നീ വാർഡുകളിൽ പി.എച്ച്.സി യുടെ സബ്സെന്ററുകളുടെ സേവനം നൽകുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | എടത്വ ഗ്രാമപഞ്ചായത്ത് | | എടത്വ ഗ്രാമപഞ്ചായത്ത്<br><br>ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനസംഖ്യയുടെ 9.46 ശതമാനം പട്ടികജാതിക്കാരാണ്. 10 പട്ടികജാതി കോളനികൾ. 6 സങ്കേതങ്ങൾ എന്നിവിടങ്ങളിലായി 2231 പട്ടികജാതിക്കാരാണ് ഗ്രാമപഞ്ചായത്തിലുള്ളത് . എസ്. സി കോളനികളും സങ്കേതങ്ങളും സ്ഥിതി ചെയ്യുന്നത് നെൽ വയലിനോട് ചേർന്നുള്ള ചിറകളിലോ വയലുകളുടെ നടുക്കുള്ള തുരുത്തുകളിലോ ആണ്. മിക്ക കോളനികളിലും പൊതു ടാപ്പുകൾ സ്ഥാപിച്ച് കുഴൽ കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് എത്തിക്കുന്നുണ്ടെങ്കിലും ഇത് കുടിക്കാനോ പാചകത്തിനോ ഉപയോഗിക്കാൻ കഴിയും വിധം ശുദ്ധമല്ല. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സംവിധാനങ്ങൾ പോലുമില്ലാത്ത വീടുകൾ പട്ടികജാതി സങ്കേതങ്ങളിലുണ്ട്. സാംസ്കാരിക നിലയം, കമ്മ്യൂണിറ്റി ഹാൾ. വായനശാല, വിനോദോപാധികൾ എന്നിവയൊന്നും തന്നെ ഒരു കോളനിയിലും ഇല്ല. | എടത്വ ഗ്രാമപഞ്ചായത്ത്<br><br>ആലപ്പുഴ ജില്ലയിലെ എടത്വ പഞ്ചായത്തിൽ 10 പട്ടിക ജാതി കോളനികളും 6 സങ്കേതങ്ങളും ഉണ്ട്. ഈ സ്ഥലങ്ങളിൽ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുന്നതിനായി 16-17 കാലയളവിലെ പദ്ധതിയിൽ (പ്രോജക്ട് നം.220/17 -വാർഡ് 1 ൽ കൊച്ചുതറ കോളനി ജംഗ്ഷൻ മുതൽ ഗ്രാമോത്സവ കോളനി വരെ പൈപ്പ്ലൈൻ എക്സ്റ്റെൻഷൻ) 13.5 ലക്ഷം രൂപ വകയിരുത്തി തുക 31-03-2017 തീയതിയിൽ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് കാലയളവിൽ പണി പൂർത്തീകരിക്കും ഇതുവഴി കുടിവെള്ളത്തിനും പാചകത്തിനും ആവശ്യമായ ശുദ്ധജലം ലഭ്യമാക്കുന്നതാണ്. 2017-18 വർഷത്തിൽ 250 പട്ടിക ജാതി കുടുംബങ്ങളിൽ പൈപ്പുകളിൽ നിന്ന് കുടിവെള്ളം ശേഖരിക്കുന്നതിന് വാട്ടർ ടാങ്ക് നൽകുന്നതിനായി 1000000 രൂപ വകയിരുത്തിയിട്ടുണ്ട് ഈ പദ്ധതി 2017-18ൽ തന്നെ പൂർത്തീകരിക്കും. കൂടാതെ 337500 രൂപ 45 കുടുംബങ്ങൾക്കായി ഗാർഹിക കണക്ഷൻ നൽകുന്നനായി ഗ്രാമപഞ്ചായത്ത് ഈ വർഷത്തെ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയും 2017-18 വർഷത്തിൽ പൂർത്തീകരിക്കും. എടത്വ വാട്ടർഅതോറിറ്റിയുടെ കീഴിലുള്ള ജലസംഭരണിയ്ക്ക് സംഭരണ ശേഷി കുറവായതിനാൽ പഞ്ചായത്ത് അതിർത്തിയ്ക്കുള്ളിൽ നെൽവയലിനോട് ചേർന്നുള്ള ചിറകളിലും തുരുത്തുകളിലും ഉള്ള പട്ടികജാതി സങ്കേതങ്ങളിൽ കുടിവെള്ളം എത്തിയ്ക്കുന്നതിന് പ്രായോഗിക [illegible] വാട്ടർ അതോറിറ്റി ചൂണ്ടികാട്ടിയിട്ടുണ്ട്. [illegible] |

| | | | |
|---|---|---|---|
| | | | എടത്വ ജലഅതോറിറ്റിയുടെ കീഴിലുള്ള ജല സംഭരണിയുടെ സംഭരണശേഷി ഉയർത്തിയാൽ മാത്രമേ ഈ വിഷയം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. സമ്പൂർണ്ണ വെളിയിട വിമുക്ത പദ്ധതി പ്രകാരം 2016–17 വർഷത്തിൽ എല്ലാ കുടുംബങ്ങൾക്കും ശൗചാലയങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതി പ്രകാരം 2016–17 കാലയളവിൽ 4 വ്യക്തികൾക്ക് ഐ.എച്ച്.എച്ച്.എൽ പദ്ധതി പ്രകാരം കക്കൂസ് നിർമ്മാണത്തിന് തുക നൽകുകയും അതിൽ 3 പേർ പണി പൂർത്തീകരിച്ചിട്ടുള്ളതും ഒരെണ്ണത്തിന്റെ പണി പുരോഗതിയിലുമാണ്. നിലവിൽ എല്ലാ പട്ടികജാതി ഭവനങ്ങളിലും ശൗചാലയങ്ങൾ ഉണ്ട്. സാംസ്കാരിക നിലയം , കമ്മ്യൂണിറ്റി ഹാൾ , വായനശാല മുതലായവയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം പ്രസ്തുത കോളനിയിലോ സമീപത്തോ ലഭ്യമല്ലാത്തതിനാൽ ഈ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. കാരണം എടത്വാഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന എടത്വ വില്ലേജിൽ നിലവിൽ ഭൂമിയുടെ റീസർവ്വേ നടക്കാത്തതിനാൽ കരഭൂമിയായി കിടക്കുന്ന ധാരാളം ഭൂമി, റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ സ്ഥലം ലഭിച്ചാലും മേൽ ഇത്തരത്തിലുള്ള നിർമ്മാണ പ്രവർത്തനം നടത്തുവാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. പൊതുവെ ഓഡിറ്റിൽ ചൂണ്ടി കാണിച്ചിരിക്കുന്ന കോളനികളിലെ ശുദ്ധജല ലഭ്യത പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതി പൂർത്തീകരണത്തിലെത്തുമ്പോൾ ജലക്ഷാമം പരിഹരിക്കുവാൻ കഴിയുന്നതാണ്. ആയതിനാൽ |

| | | | |
|---|---|---|---|
| | | | സമാഹൃത റിപ്പോർട്ടിലെ പരാമർശം ഒഴിവാക്കി തരണമെന്ന് ബഹു: ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയോട് അഭ്യർത്ഥിച്ചു തീരുമാനിച്ചു. |
| | <u>തിരുനെല്ലി ഗ്രാമപഞ്ചായത്ത്</u> | <u>വയനാട് ജില്ല</u><br><u>തിരുനെല്ലി ഗ്രാമപഞ്ചായത്ത്</u><br><br>തിരുനെല്ലി ഗ്രാമ പഞ്ചായത്തിൽ ആകെ 3858 പട്ടിക വർഗ്ഗ കുടുംബങ്ങൾ ഉള്ളതിൽ 2107 കുടുംബങ്ങൾക്കു മാത്രമേ കുടിവെള്ളം ലഭിക്കുന്നുള്ളൂ. കക്കൂസ് ഉള്ളവ 1856-ഉം വൈദ്യുതി ലഭ്യമായവ 1706-ഉ മാണ്. | <u>വയനാട് ജില്ല</u><br><br><u>തിരുനെല്ലി ഗ്രാമപഞ്ചായത്ത്</u><br><br>കാളിന്ദി, പാൽവെളിച്ചം കുടി വെള്ളപദ്ധതികൾ, ബാവലി കുടി വെള്ള പൈപ്പ് ലൈൻ നീട്ടൽ തുടങ്ങിയ കുടിവെള്ള പദ്ധതികളുമായി ബന്ധിപ്പിച്ച് പഞ്ചായത്തിലെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കുന്നതിനുള്ള പരിപാടി നടപ്പിലാക്കിവരുന്നുണ്ടെന്നും ഒ.ഡി.എഫുമായി ബന്ധപ്പെട്ട് മുഴുവൻ പട്ടിക വർഗ്ഗകുടുംബങ്ങൾക്കും ശൗചാലയം അനുവദിച്ച് നൽകിയിട്ടുണ്ടെന്നും സമ്പൂർണ്ണ വൈദ്യുതീകരണയജ്ഞത്തിന്റെ ഭാഗമായി മുഴുവൻ കുടുംബങ്ങൾക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ച വിവരം സമർപ്പിക്കുന്നു. |
| | <u>വൈത്തിരി ഗ്രാമപഞ്ചായത്ത്</u> | <u>വൈത്തിരി ഗ്രാമപഞ്ചായത്ത്</u><br><br>ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 8-ാം വാർഡിലുള്ള പ്രിയദർശിനി എസ്റ്റേറ്റു വക കോളനിയിലെ 12 ക്വാർട്ടേഴ്സുകളിലായി 21 പട്ടിക വർഗ്ഗ കുടുംബങ്ങൾ വസിക്കുന്നു. 40 വർഷങ്ങൾക്കു മുമ്പ് പണിതതും നിലവിൽ നാശോന്മുഖവുമായ ക്വാർട്ടേഴ്സുകളാണിവ. എസ്റ്റേറ്റിന്റെ പ്രവർത്തനം നിലച്ചുകിടക്കുന്നു തൊഴിലാളി കുടുംബങ്ങൾ ഇവിടെ തുടരുകയാണ്. വാസ ഭൂമിയുടെ രേഖകൾ കൈവശമില്ലാത്തതിനാൽ ഭവന പുനരുദ്ധാരണം | <u>വൈത്തിരി ഗ്രാമപഞ്ചായത്ത്</u><br><br>പ്രിയദർശിനി എസ്റ്റേറ്റിലെ 21 കുടുംബങ്ങളിൽ 14 കുടുംബങ്ങൾക്ക് പ്രിയദർശിനി എസ്റ്റേറ്റിൽ ഭൂമി അനുവദിച്ച് കൈവശ രേഖ നൽകിയിട്ടുണ്ട്. ബാക്കിയുള്ള കുടുംബങ്ങൾക്ക് പ്രിയദർശിനി എസ്റ്റേറ്റിൽ തന്നെ ഭൂമി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ എസ്റ്റേറ്റിൽ |

| | | | | |
|---|---|---|---|---|
| | | | കക്കൂസ് കുടിവെള്ളം തുടങ്ങിയ സഹായങ്ങളൊന്നും പ്രിയദർശിനി കോളനിയിലെ പട്ടികവർഗക്കാർക്ക് ലഭിക്കുന്നില്ല. ഈ കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതികൾ നാളിതുവരെ ലക്ഷ്യം കണ്ടിട്ടില്ല. | സ്ഥിരതാമസമാക്കിയതും സ്ഥലത്തിന് കൈവശ രേഖ ലഭിച്ചതുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള കുടുംബങ്ങൾക്ക് ഭൂമി ലഭിക്കുന്ന മുറക്ക് ഭവനങ്ങൾ നിർമ്മിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ പട്ടിക വർഗ്ഗ വകുപ്പ് സ്വീകരിക്കുന്നതാണ് എന്നും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഈ എസ്റ്റേറ്റിൽ താമസക്കാരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കക്കൂസ്, കുടിവെള്ളം, റോഡ് സൗകര്യം എന്നിവ ഒരുക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് അനുവദിച്ച് നൽകുന്നതിന് ആവശ്യപ്പെടുന്നതിന് ഭരണസമിതി 18.5.2017 ലെ 2/2017 (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഈ ഗ്രാമപഞ്ചായത്തിന് അനുവദിച്ച് കിട്ടുന്ന പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വളരെ കുറവായതിനാലാണ് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ആവശ്യപ്പെടുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമർപ്പിക്കുന്നു. |
| | ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് | | കണ്ണൂർ ജില്ല<br>ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്<br><br>ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പറമ്പുക്കാവ് എസ്. ടി കോളനിയിലെ 124 കുടുംബത്തിൽ 56 എണ്ണത്തിലെ കുടിവെള്ളം | കണ്ണൂർ ജില്ല<br><br>ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്<br><br>പറമ്പുക്കാവ്,പുഴിയോട് ചെന്നപ്പൊയിൽ |

| | | | |
|---|---|---|---|
| | | ലഭിക്കുന്നുള്ളൂ, പുഴിയോട്. ചെന്നിപ്പൊയിൽ കോളനിയിലും കടുത്ത കുടിവെള്ള ക്ഷാമം നിലനിൽക്കുന്നു. | എന്നീ എസ്.ടി. കോളനികൾ കണ്ണവം ഫോറസ്റ്റ് പരിധിയിൽ ആണ്. ഈ മേഖലകളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഫോറസ്റ്റ് അധികാരികളിൽ നിന്നും അനുമതി ലഭിക്കാത്തത് പദ്ധതി നടത്തിപ്പിനെ സാരമായി ബാധിച്ചു. എന്നാൽ പറമ്പുക്കാവ് കോളനിയിലെ 124 കുടുംബങ്ങളിൽ കുടിവെള്ള ക്ഷാമം നേരിടുന്ന 68 കുടുംബങ്ങൾക്കും കുടിവെള്ളം ഉറപ്പാക്കുന്നതിനായി 2017-18 വർഷം ബ്ലോക്ക് പഞ്ചായത്ത് പദ്ധതയിൽ ഉൾപ്പെടുത്തി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് മാത്രമല്ല പറമ്പുക്കാവ് അംഗണവാടിക്ക് സമീപത്തുള്ള കുഴൽക്കിണർ പുനരുദ്ധീകരിച്ച് ശുദ്ധ ജലം ലഭ്യമാക്കുന്നതിന് ഈ വർഷം പഞ്ചായത്ത് തുക വകയിരുത്തിയിട്ടുണ്ട്. പുഴിയോട്. ചെന്നപ്പൊയിൽ പ്രദേശത്ത് നിലവിലുള്ള കിണറും. കുളവും അഭിവൃദ്ധിപ്പെടുത്തി കുടിവെള്ള ക്ഷാമം നേരിടുന്ന 12 കുടുംബങ്ങൾക്ക് ശുദ്ധ ജലം ലഭ്യമാക്കുന്നുണ്ട്. കുടിവെള്ള ക്ഷാമം നേരിടുന്ന ഏപ്രിൽ, മെയ് മാസങ്ങളിൽ പഞ്ചായത്ത്, റവന്യൂ ഡിപ്പാർട്ടുമെന്റുകൾ ചേർന്ന് വീടുകളിൽ കുടിവെള്ളം എത്തിക്കുന്നുണ്ട്. |
| പടിയൂർ ഗ്രാമപഞ്ചായത്ത് | | **പടിയൂർ ഗ്രാമപഞ്ചായത്ത്**<br><br>പടിയൂർ ഗ്രാമപഞ്ചായത്തിലെ 10 പട്ടിക വർഗ്ഗ കോളനികളിലായി 76 കുടുംബങ്ങൾക്ക് കുടിവെള്ളം, 142 കുടുംബങ്ങൾക്ക് വൈദ്യുതിയും ലഭ്യമല്ല. | **പടിയൂർ ഗ്രാമപഞ്ചായത്ത്**<br><br>ചടച്ചിക്കുണ്ടം കോളനിയിലെ കുടിവെള്ള പദ്ധതി വഴി ഈ കോളനിയിലെ 21 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാകുന്നുണ്ട്. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി 2017-2018 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കുന്നുണ്ട്.<br><br>ചാളം വയൽ കോളനിയിൽ ഒന്നും ആര്യങ്കോട് കോളനിയിൽ 2 ഉം പാലയോട്.പുറ്യം.തുണ്ടയിൽ |

| | | | |
|---|---|---|---|
| | | | കോളനികളിൽ 1 വീതവും പഞ്ചായത്ത് കിണറുകൾ നിലവിലുണ്ട്.മണ്ണേരി കോളനിയിൽ 20 കുടുംബങ്ങൾക്ക് വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ വഴി കുടിവെള്ളം ലഭിക്കുന്നുണ്ട്.2017-2018 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പാളംവയൽ കുടിവെള്ള പദ്ധതി (അടങ്കൽ 400000 രൂപ) നടപ്പിലാക്കുന്നുണ്ട്.ഇതുവഴി 13 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടിക വർഗ്ഗത്തിലുള്ള ഒരു കുടുംബത്തിന് കിണർ നൽകിയിട്ടുണ്ട്.വരും വർഷങ്ങളിൽ മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ കിണറുകൾ നൽകുന്നതിനും വാർഷിക പദ്ധതിയിൽ പട്ടിക വർഗ്ഗ കോളനികളിൽ കുടിവെള്ള പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും ശ്രദ്ധിക്കുന്നതാണ്.<br><br>2016-2017 വർഷത്തിൽ എസ്.ടി കുടുംബങ്ങൾക്ക് വീട് വയറിംഗ് പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്.60 കുടുംബങ്ങൾക്ക് വീട് വയറിംഗ് പൂർത്തിയാക്കുകയും വൈദ്യുതി കണക്ഷൻ ലഭിക്കുകയും അതു വഴി കോളനികളിൽ 100 ശതമാനം വീടുകൾക്കും വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടുണ്ട്. അതോടൊപ്പം പഞ്ചായത്തും 100% വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടുണ്ട്. |
| <u>ആറളം ഗ്രാമപഞ്ചായത്ത്</u> | | <u>ആറളം ഗ്രാമപഞ്ചായത്ത്</u><br><br>ആറളം ഗ്രാമപഞ്ചായത്തിൽ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കിടയിൽ പിന്നോക്കാവസ്ഥയിലുള്ള പണിയ സമുദായക്കാർ വസിക്കുന്ന ചതിരൂർ-110 കോളനിയിൽ തൊഴിലില്ലാത്ത ദിവസങ്ങളിൽ കുടുംബം പട്ടിണിയിൽ ആവുന്നതാണ് അവസ്ഥ. | <u>ആറളം ഗ്രാമപഞ്ചായത്ത്</u><br><br>ആറളം ഗ്രാമപഞ്ചായത്തിലെ എസ്.ടി സങ്കേതമായ ചതിരൂർ-110 കോളനിയിലെ ആണുങ്ങളായ നിവാസികൾ വിവിധ കോൺട്രാക്ടർമാരുടെ കീഴിലും നാടൻ പണികളിലുമായി തൊഴിൽ |

| | | | |
|---|---|---|---|
| | | | എർപ്പെട്ടുവരുന്നവരാണ്. സ്ത്രീകൾ പൊതുവെ ജോലിക്ക് പോകാറില്ല. ഗ്രാമപഞ്ചായത്ത് ചതിരൂർ-110 കോളനിയിൽ തൊഴിൽകാർഡ് എടുപ്പിക്കുന്നതിന് പ്രത്യേക ക്യാമ്പ് നടത്തി 26 തൊഴിൽ കാർഡ് നൽകി.ആയതിൽ 2 പേർ മാത്രമെ 2016-17 വർഷത്തിൽ ജോലിക്ക് ഹാജരായിട്ടുള്ളൂ. കണ്ണൂർ കുടുംബശ്രീ ജില്ലാ മിഷന്റെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി.<br><br>1. മെഡിക്കൽ ക്യാമ്പ്<br>2. ആധാർകാർഡ് വിതരണം -56 ആധാർകാർഡ്<br>3. ബാങ്ക് അക്കൗണ്ട് - 56 അക്കൗണ്ടുകൾ<br>4. അന്ത്യോദന അന്നയോജന പദ്ധതി പ്രകാരം സൗജന്യ റേഷൻ വിതരണം<br>5. മുഴുവൻ കുട്ടികളുടെയും സ്കൂളിൽ എത്തിക്കുന്നതിന് ഭാഗമായുള്ള ജനന രജിസ്ട്രേഷൻ - 13.<br><br>ചതിരൂർ-110 കോളനിയിൽ നാളിതുവരെ പട്ടിണി മരണങ്ങളോ, പോഷകാഹാരകുറവ് മൂലമുള്ള രോഗങ്ങളോ റിപ്പോർട്ട് ചെയ്തിട്ടില്ല. ചതിരൂർ-110 കോളനി നിവാസികൾക്കുമാത്രമായി കശുമാവിൻകൃഷി വ്യാപിപ്പിക്കുന്നതിലേക്ക് 400000/- രൂപ 2017-18 വാർഷിക പദ്ധതിയിൽ പദ്ധതി തയ്യാറാക്കി അംഗീകാരത്തിന് നൽകിയിട്ടുമുണ്ട്. |
| കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് | | **കാസർഗോഡ് ജില്ല**<br>**കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത്**<br><br>കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ 115 കുടുംബങ്ങൾ ഓലപ്പുരയിൽ കഴിയുന്നവരാണ്.വൈദ്യുതി ലഭ്യമല്ലാത്ത 281 പട്ടികവർഗ്ഗ കുടുംബങ്ങളും കക്കൂസ് ഇല്ലാത്ത 212 | **കാസർഗോഡ് ജില്ല**<br><br>**കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത്**<br><br>1) കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം 80 പേർക്ക് ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിയിലും 2016-17 വർഷം 12 പേർക്ക് പി.എം.എ വൈ പദ്ധതി |

| | | | |
|---|---|---|---|
| | | കുടുംബങ്ങളും കുടിവെള്ളം ലഭ്യമല്ലാത്ത 550 കുടുംബങ്ങളും ഗ്രാമപഞ്ചായത്തിലുണ്ട്. ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗവും എസ്.ടി കോളനികളിലും മലമുകളിലും ഗതാഗതസൗകര്യം ഇല്ലാത്ത സ്ഥലങ്ങളിലും ആയതിനാൽ ധനസഹായമായി ലഭിക്കുന്ന തുക കൊണ്ട് നിർമ്മാണ സാധനങ്ങൾ എത്തിച്ച് സമയബന്ധിതമായി വീടുപണി പൂർത്തിയാക്കാൻ ഗുണഭോക്താക്കൾക്ക് കഴിയുന്നില്ല. | പ്രകാരവും 23 പേർക്ക് പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേനയും വീട് അനുവദിച്ചിട്ടുണ്ട്. വിദ്യാ സമ്പന്നരായ പട്ടികവർഗ്ഗ യുവതിയുവാക്കളെ വച്ച് ഗ്രാമ പഞ്ചായത്ത് നടത്തിയ സർവ്വേയിൽ ഇപ്പോൾ ആരും തന്നെ ഓല പുരയിൽ കഴിയുന്നവരായി ഗ്രാമ പഞ്ചായത്തിൽ ഇല്ല. ലൈഫ് സർവ്വേയുടെ അടിസ്ഥാനത്തിൽ അർഹരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം നൽകുന്നതാണ്.<br>2) 2016-17 സാമ്പത്തിക വർഷം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെടുത്തി മുഴുവൻ പട്ടിക ജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾക്കുംവൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്.<br>3) 2016-17 വർഷം മുഴുവൻ കുടുംബങ്ങൾക്കും ഒ.ഡി.എഫ് പദ്ധതി പ്രകാരം കക്കൂസ് ലഭ്യമാക്കിയിട്ടുണ്ട്.<br>4) ജലനിധി പദ്ധതിയിലുൾപ്പെടുത്തി ഗ്രാമ പഞ്ചായത്ത് സമ്പൂർണ്ണ കുടിവെള്ള പദ്ധതി ലക്ഷ്യമിടുന്നു. ഇതിൽ പട്ടികജാതി പട്ടിക വർഗ്ഗ മേഖലയിൽ ഗുണഭോക്തൃ വിഹിതം പഞ്ചായത്ത് നേരിട്ട് അടച്ച് നടപ്പിലാക്കിയിട്ടുണ്ട്. മുഴുവൻ കുടുംബങ്ങളെയും ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയിൽ ചേംബേന, കിളിയളം എന്നീ കോളനികളിലെ പദ്ധതികൾ ഇതിനകം കമ്മീഷൻ ചെയ്തു. ബാക്കി പദ്ധതികൾ നടപ്പു സാമ്പത്തിക വർഷം പൂർത്തീകരിച്ച് മുഴുവൻ ഗുണഭോക്താക്കൾക്കും കുടിവെള്ളം ലഭ്യമല്ലാത്ത എല്ലാ പട്ടിക ജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കും |

| | | | | |
|---|---|---|---|---|
| | പനത്തടി ഗ്രാമപഞ്ചായത്ത് | | **പനത്തടി ഗ്രാമപഞ്ചായത്ത്**<br>കുടിയ വിഭാഗത്തിലെ ആദിവാസികൾ അധിവസിക്കുന്ന കേരളത്തിലെ അപൂർവ്വം പ്രദേശങ്ങളിൽ ഒന്നാണ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിലുള്ള കമ്മാടി കോളനി .അടിസ്ഥാന സൗകര്യങ്ങൾ ഏറ്റവും കുറഞ്ഞ കേരളത്തിലെ പട്ടിക വർഗ്ഗകോളനികളിൽ ഒന്നാണിത്. കാർഷിക വൃത്തിയാണ് കമ്മാടി കോളനിക്കാരുടെ ഉപജീവനമാർഗ്ഗം . വിദ്യാഭ്യാസപരമായി കോളനി വളരെ പിന്നോക്കമാണ്. കോളനിയുടെ ഏറ്റവും അടുത്ത വിദ്യാലയമായ കല്ലപ്പള്ളി ഗവൺമെന്റ് എൽ.പി സ്കൂളിൽ എത്തിച്ചേരാൻ 7 കിലോമീറ്റർ സഞ്ചരിക്കണം.യാത്രാസൗകര്യം ഇല്ലാത്തതിനാൽ കുട്ടികൾ ഭൂരിഭാഗവും ഇടയ്ക്ക് വെച്ച് പഠനം നിർത്തുന്നു.ടാർ ചെയ്തിട്ടില്ലാത്ത കോളനി റോഡിലൂടെ കാൽനടയാത്രപോലും ദുഷ്കരമാണ്.ആകെ 60 ആദിവാസി കുടുംബങ്ങൾ ഇവിടെ കഴിയുന്നതിൽ ഒരു കുടുംബത്തിനും കുടിവെള്ളം ലഭ്യമല്ല. കക്കൂസ് ഉള്ളവ 10 എണ്ണം മാത്രമാണ്. | **പനത്തടി ഗ്രാമപഞ്ചായത്ത്**<br>നിലവിൽ കോളനിയിലെ ജനങ്ങൾ കാർഷിക വൃത്തിയെ പ്രധാനമായും ആശ്രയിച്ച് ഉപജീവനം കഴിക്കുന്നത്. എങ്കിലും ചുരുക്കം ചിലർ വാഴകൃഷി നടത്തുന്നുണ്ട്. വന്യ ജീവി ശല്യം കൃഷിക്ക് ഭീഷണി ഉയർത്തുന്നു. ഈ ഉൽപ്പന്നങ്ങൾ 20 കിലോമീറ്ററോളം അകലെയുള്ള കർണ്ണാടകത്തിലെ സുള്ള്യയിലാണ് വിൽപ്പന നടത്തുന്നത്. ഇതിനായി കോളനിയിൽ തന്നെയുള്ള നാലോ, അഞ്ചോ ജീപ്പുകളുടെ സേവനം വിനിയോഗിച്ചു വരുന്നു. ഗ്രാമ പഞ്ചായത്ത് നൽകുന്ന സബ്സിഡികൾ ഇവർ അപേക്ഷ നൽകി കൈപ്പറ്റുന്നുണ്ട്. മറ്റുള്ളവരിൽ കൂടുതലും തോട്ടം തൊഴിലാളികളാണ്. ഇവർക്കെല്ലാം സർക്കാർ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ കൂലിയേക്കാൾ ഉയർന്ന വരുമാനം ലഭിക്കുന്നുണ്ട്. സ്ഥിരമായി ജോലിയും വരുമാനവും ഉറപ്പാക്കാനും ആകുന്നുണ്ട്. സ്വന്തമായി സ്ഥലമുള്ള കോളനിയിലെ എല്ലാ കുടുംബങ്ങൾക്കും നിലവിൽ വാസയോഗ്യമായ വീടുകൾ ഉറപ്പുവരുത്തിയിട്ടുണ്ട്. കോളനിയിലെ കുടുംബങ്ങൾ ഒരു വലിയ പ്രദേശത്ത് ചിതറിക്കിടക്കുന്ന രീതിയിലാണ് ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. ഒ.ഡി.എഫ് പദ്ധതിയുടെ ഭാഗമായി ശുചിത്വ സൗകര്യങ്ങൾ പൂർണ്ണമായി ഏർപ്പെടുത്തി നൽകാനായിട്ടുണ്ട്. കോളനിക്കകത്തു തന്നെ ഒരു ഏകാധ്യാപക വിദ്യാലയം പ്രവർത്തിക്കുന്നുണ്ട്. ഇവിടത്തെ 32 കുട്ടികൾ എൽ.പി വിദ്യാഭ്യാസത്തിനായി പൂർണ്ണമായി ഈ സംവിധാനത്തെയാണ് ആശ്രയിക്കുന്നത്. ഇതിനു ശേഷം ആൺകുട്ടികൾ പനത്തടി ഗ്രാമ പഞ്ചായത്തിലെ പനത്തടിയിലുള്ള ബളാംതോട് പ്രീ-മെട്രിക് ഹോസ്റ്റലിലും പെൺകുട്ടികൾ പരപ്പയിലെ [illegible] സമുച്ചയത്തിലും താമസിച്ചു തുടർ പഠനം നടത്തിവരുന്നുണ്ട്. ഈ കാലഘട്ടത്തിലെ കൊഴിഞ്ഞു പോക്ക് തടയാനാവശ്യമായ ഇടപെടലുകൾ ജനപ്രതിനിധികളും പട്ടികവർഗ്ഗ വികസന വകുപ്പും പട്ടിക വർഗ്ഗ പ്രൊമോട്ടർമാരും നടത്തിവരുന്നു. ചുരുക്കം ചില കുട്ടികൾ കർണ്ണാടകയിലെ സുള്ള്യയിലും തുടർ പഠനം |

| | | | |
|---|---|---|---|
| | | | നടത്തുന്നുണ്ട്. ഏഴ് കിലോമീറ്റർ അകലെയുള്ള കൽപ്പള്ളി ഗവൺമെന്റ് എൽ.പി.സ്കൂളിൽ നിലവിൽ കോളനിയിലെ വിദ്യാർത്ഥികൾ പഠിക്കുന്നില്ല. ഇവിടെ വരെ ഗതാഗത സൗകര്യങ്ങൾ നിലവിലുണ്ട്. കോളനിയിൽ തന്നെയുള്ള കുടുംബങ്ങൾക്ക് സ്വന്തമായി തന്നെയുള്ള ജീപ്പുകളെ ഇവരുടെ പൊതു യാത്രാ ആവശ്യങ്ങൾക്ക് കൂട്ടായി ഉപയോഗപ്പെടുത്തി വരുന്നു. ബാക്കിയുള്ള ഭാഗം റോഡ് നിർമ്മാണം സാദ്ധ്യമായ രീതിയിലുള്ള പൊതു വഴിയാണ്. ഇവിടെ റോഡ് നിർമ്മിക്കുന്നതിന് എസ്റ്റേറ്റ് ഉടമയായ വ്യക്തിയുടെ അനുമതി വേണ്ടി വരും. ഏകദേശം 6.5 കോടി രൂപയോളം റോഡിനും ഇടയിലുള്ള ഒരു പാലത്തിനുമായി ചെലവ് പ്രതീക്ഷിക്കുന്നു. ഇക്കാര്യത്തിൽ സർക്കാരിന്റെ ഇടപെടലും വലിയ ഫണ്ടും ലഭ്യമാക്കേണ്ടതുമുണ്ട്. കുടിവെള്ള ലഭ്യത കോളനിയിൽ മതിയായ രീതിയിലുണ്ട്. പ്രത്യേക പദ്ധതികൾ നടപ്പിലാക്കേണ്ട സാഹചര്യം നിലവിലില്ല. വനപ്രദേശമായതിനാൽ ശുദ്ധജല ലഭ്യത സംബന്ധിച്ച ഒരു പരാതിയും പഞ്ചായത്തിന്റെ മുന്നിലില്ല. കോളനിയിലെ അർഹരായ എല്ലാവർക്കും സാമൂഹ്യ സുരക്ഷാ പെൻഷനുകളും ഗ്രാമ പഞ്ചായത്ത് ഉറപ്പാക്കിയിട്ടുണ്ട്. കോളനിയിൽ സ്വന്തമായി അംഗൻവാടി കെട്ടിടവും, കലുങ്ക് നിർമ്മാണവും 2015-16 വാർഷിക പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. കോളനിയിൽ വൈദ്യുതി ലഭ്യമായിട്ടുണ്ട്. വാർത്താ വിനിമയ ബന്ധങ്ങളും പരിമിതികളോടെ ലഭ്യമാണ്. മൊബൈൽ ഫോൺ സിഗ്നലുകളുടെ ലഭ്യത കോളനിയിൽ ഭാഗികമായി ലഭ്യമാകുന്നുണ്ട്. കുടുംബ പരമായ സാഹചര്യങ്ങളാൽ ദാരിദ്ര്യം അനുഭവിക്കുന്ന രണ്ട് കുടുംബങ്ങളാണുള്ളത്. ഈ കുടുംബങ്ങളിലെ വനിതകളുടെ വരുമാനത്തെ മാത്രം ആശ്രയിച്ചാണ് ഇവർ കഴിയുന്നത്. ഇവരിലും സർക്കാർ/പഞ്ചായത്ത് പദ്ധതികളുടെയും പരിപാടികളുടെയും സേവന ലഭ്യത ഉറപ്പാക്കാൻ എല്ലാ ശ്രമങ്ങളും നടത്തുന്നതാണെന്ന് ഗ്രാമ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി വിശദീകരണ പത്രിക

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 3.6.2 | **<u>അടിസ്ഥാന സൗകര്യ വികസനം</u>**<br><br>സ്വന്തമായി ഭവനം, കൂടാതെ കുടിവെള്ളം, ശൗചാലയം,വൈദ്യുതി, പ്രാഥമികാരോഗ്യ കേന്ദ്രം, 10 സെന്റിൽ കൂടുതൽകൃഷിഭൂമി, റോഡ്, കളിസ്ഥലം, ഡ്രെയിനേജ് സംവിധാനംഎന്നീഅടിസ്ഥാനസൗകര്യങ്ങൾ എല്ലാമുള്ള പട്ടികജാതി/പട്ടികവർഗ്ഗ കോളനികളോ, സങ്കേതങ്ങളോ ഇല്ല എന്ന് ഓഡിറ്റിന്റെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. കാലാകാലങ്ങളായി<br><br>പട്ടികജാതി/പട്ടികവർഗ്ഗഅധിവാസമേഖലകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കുന്നുണ്ടെങ്കിലും അവയൊന്നും<br><br>പൂർണ്ണമായ വിജയം കൈവരിച്ചിട്ടില്ല.<br><br>ആലപ്പുഴ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നൽകിയ കണക്കുകൾ പ്രകാരം മൂന്ന് കോളനികളിലെ 67 കുടുംബങ്ങളിലായി 176 പട്ടികവർഗ്ഗക്കാരാണ് നഗരസഭ പ്രദേശത്ത് താമസിക്കുന്നത്. നഗരമദ്ധ്യത്തിലുള്ള അവലൂക്കുന്ന് പട്ടികവർഗ്ഗ കോളനി ഓഡിറ്റ് | <u>ആലപ്പുഴ നഗരസഭ</u><br><br>ആലപ്പുഴ നഗരസഭയിൽ പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനത്തിനായി പ്രോജക്ട് നമ്പർ 270/18-19 പദ്ധതിയിൽ ഉൾപ്പെടുത്തി 18,65,000/- വകയിരുത്തിയിട്ടുള്ളതാണ്. ടി പ്രോജക്ട് ടെൻഡറാക്കി നിർവ്വഹണം നടത്തുന്ന ഘട്ടത്തിലെത്തിയിരിക്കുകയാണ്. 14/01/2019-ൽ ചേർന്ന ആലപ്പുഴ നഗരസഭയിലെ എസ്.റ്റി കോളനികളായ മാനിഷാദ, ചിറമുറിക്കൽ എന്നിവയുടെ സമഗ്രവികസനത്തിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചു. മുനിസിപ്പൽ ചെയർമാൻ അദ്ധ്യക്ഷനായിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ടത്തിലാണ് പദ്ധതി ആസൂത്രണം നടക്കുന്നത്. എസ്.സി.പി, റ്റി.എസ്.പി പദ്ധതികളുടെ നിരീക്ഷണത്തിന് എസ്.സി വിഭാഗത്തിലുള്ള കൗൺസിലർ ശ്രീ.ലക്ഷ്മണനെ അദ്ധ്യക്ഷനാക്കി കമ്മറ്റി നിലവിലുണ്ട്. ടി കമ്മറ്റി പദ്ധതികൾ മോണിറ്റർ ചെയ്യുന്നുണ്ട്. നഗരസഭയുടെ എസ്.സി.പി, റ്റി.എസ്.പി ഉൾപ്പെടെ എല്ലാ പദ്ധതികളും കൗൺസിലിൽ വെച്ച് പുരോഗതി വിലയിരുത്തുന്നുമുണ്ട്. ഇവ കൂടാതെ പി.എം.എ.വൈ ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി എസ്.റ്റി വിഭാഗത്തിലുള്ള 10 പേർക്ക് വീട് നൽകുന്നതിനുള്ള ഡി.പി.ആർ-ന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പദ്ധതി നടപ്പിലാക്കിവരികയാണ്. |

| | | | |
|---|---|---|---|
| | | ടീം സന്ദർശിക്കുകയുണ്ടായി. 34 പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഈ കോളനിയിൽ വസിക്കുന്നത്. ഇതിൽ ഭൂരിഭാഗം പേരുടെയും ജീവിത സാഹചര്യങ്ങൾ പരമദയനീയമാണ്. ജീർണ്ണിച്ച് ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഷീറ്റുകളാൽ മറച്ച കുടിലുകളിൽ കഴിയുന്നവരും തകർന്നുവീഴാറായ വീടുകളിൽ കഴിയുന്നവരും ഇവിടെ ഉണ്ട്. പ്ലാസ്റ്റിക് ഷീറ്റുകളാൽ മറച്ച കക്കൂസുകളാണ് മിക്ക വീടുകൾക്കുമുള്ളത്. കുടിവെള്ളം ഉൾപ്പടെയുള്ള എല്ലാവിധ ആവശ്യങ്ങൾക്കുമായി പൊട്ടിയ നിലയിലുള്ള ഒരു പൊതുടാപ്പാണ് ഉള്ളത്. വളരെ ദുഷ്കരമായ സാഹചര്യത്തിലാണ് പട്ടികവർഗ്ഗക്കാർ ഇവിടെ കഴിയുന്നതെങ്കിലും 2012–13, 2013–14, 2014–15 സാമ്പത്തികവർഷങ്ങളിൽ ഇവർക്കുവേണ്ടി ഒരുരൂപപോലും ചെലവഴിച്ചിട്ടില്ല. | അവലുക്കുന്ന് വാർഡിലെ പട്ടികവർഗ്ഗകോളനിയിലെ എല്ലാ വീടുകളിലും എം.പി ഫണ്ടിൽ ഉൾപ്പെടുത്തി കുടിവെള്ള പൈപ്പ് കണക്ഷൻ നൽകിയിട്ടുണ്ട്. റ്റി.എസ്.പി ഫണ്ടും പട്ടികവർഗ്ഗ വികസന ഡിപ്പാർട്ട്മെന്റ് ഫണ്ടും ഉപയോഗിച്ച് വീടുകളുടെ അറ്റകുറ്റ പണികൾ നടത്തിയിട്ടുണ്ട്.<br><br>2019–2020 റ്റി.എസ്.പി പ്രോജക്ടിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ ഭവനങ്ങളുടെ പുനരുദ്ധാരണം, പട്ടികവർഗ്ഗ വനിതകൾക്ക് സ്വയംതൊഴിൽ, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വാസസ്ഥലം, പട്ടികവർഗ്ഗക്കാർക്ക് ടോയ്‌ലെറ്റ്, പട്ടികവർഗ്ഗ ഭവനങ്ങളുടെ വൈദ്യുതീകരണം,പട്ടികവർഗ്ഗ ഭവനങ്ങളുടെ സമഗ്രവികസനം എന്നിവയ്ക്ക് തുക വകയിരുത്തിയിട്ടുണ്ട്. |
| | | വടകര നഗരസഭയിൽ 10 പട്ടികജാതി കുടുംബങ്ങൾവസിക്കുന്ന അറക്കിലാട് കോളനിയിലെ ഭൗതിക സാഹചര്യങ്ങൾ ശോചനീയമാണ്. ഇവിടെ 4 കുടുംബങ്ങൾക്കേ കക്കൂസ്ഉള്ളൂ. ബാക്കി 6 കുടുംബങ്ങൾ പൊതു ശൗചാലയത്തെ ആശ്രയിക്കുന്നു. | <u>വടകര നഗരസഭ</u><br><br>വടകര നഗരസഭയിലെ 10 പട്ടികജാതി കുടുംബങ്ങൾ വസിക്കുന്ന അറക്കിലാട് കോളനിയിലെ 6 കുടുംബാംഗങ്ങൾക്ക് ശുചിത്വമിഷൻ നടപ്പിലാക്കിവരുന്ന ODF പദ്ധതിയിൽ ഉൾപ്പെടുത്തി 1, 2 ഗഡു ധനസഹായം ആയ 13,000/- രൂപ അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ ടികുടുംബാംഗങ്ങൾ ശൗചാലയം പണിപൂർത്തീകരിക്കാത്തതിനാൽ അവസാന ഗഡു ധനസഹായം ആയ 2,400/അനുവദിച്ചു നൽകിയിട്ടില്ല. |
| | | കോട്ടയം നഗരസഭയിലെ 48 പട്ടിക ജാതി കോളനികളിലും അടിസ്ഥാനസൗകര്യങ്ങൾ | <u>കോട്ടയം നഗരസഭ</u> 1. കോട്ടയം നഗരസഭയിൽ 12 പട്ടികജാതി |

| | | | |
|---|---|---|---|
| | | അപൂർണ്ണമാണ്.കാക്കനാട്, പുളപ്പറമ്പ് ചെമ്മര കോളനി,കുമാരനല്ലൂർ പട്ടത്താനം കോളനി എന്നിവിടങ്ങളിൽ കുടിവെള്ളമില്ലാതെ ജീവിതം ദുസ്സഹമാണ്. മാലിന്യ നിർമ്മാർജ്ജനമാണ് കോളനി നിവാസികൾ നേരിടുന്ന വലിയ പ്രശ്നം . കോളനികളിലെ ഖരമാലിന്യ നിർമാർജനം ലക്ഷ്യമിട്ട് രണ്ട് ബയോഗ്യാസ് പ്ലാന്റുകൾ കോടിമത ,നാഗമ്പടം ഭാഗങ്ങളിൽ എസ് .സി.പി ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ചിട്ടുണ്ടെങ്കിലും കോളനി വാസികൾ ഇവയുടെ ഉപയോഗത്തെപ്പറ്റി അജ്ഞരാണ് പട്ടിക ജാതി കോളനികളും ഇവയ്ക്കു സമീപമുള്ള ചതുപ്പുകളും ജലാശയങ്ങളും മാലിന്യക്കൂമ്പാരമായി മാറിയിട്ടുണ്ട് . | കോളനികളാണ് നിലവിലുള്ളത്. 36 പട്ടികജാതി സങ്കേതങ്ങളാണ് നിലവിലുള്ളത്. പട്ടികജാതി കോളനികളിലുള്ള വഴികളുടെയും, ഫീസിബിലിറ്റി ലഭ്യമാക്കിയ മറ്റ് വഴികളുടെയും പുനരുദ്ധാരണത്തിനായും ടാറിംഗ്, കോൺക്രീറ്റിംഗ് എന്നീ വേലകൾക്കായും 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ഇതോടൊപ്പം ചേർക്കുന്നു.<br><br>2019-20 സാമ്പത്തിക വർഷം വിഭാവനം ചെയ്ത് ഡി.പി.സി അംഗീകാരം ലഭിച്ച പദ്ധതികളുടെ ലിസ്റ്റും ഇതോടൊപ്പം ചേർക്കുന്നു.<br><br>പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി തുടർ വർഷങ്ങളിൽ മെച്ചപ്പെട്ട പദ്ധതികൾ വിഭാവനം ചെയ്യുന്നതാണ്.<br><br>കോട്ടയം നഗരസഭ കുമാരനല്ലൂർ മേഖലയിൽ വാർഡ് 1 ഗാന്ധിനഗർ നോർത്തിലാണ് പട്ടത്താനം കോളനി സ്ഥിതി ചെയ്യുന്നത്. 29 വീടുകളാണ് ഇവിടെ ഉള്ളത്. എസ്.സി/എസ്.റ്റി വിഭാഗത്തിലുള്ള ഇവർക്ക് കുടിവെള്ളത്തിന് മഴക്കാലത്ത് കോളനിയ്ക്ക് താഴെയുള്ള വീടുകളിലെ കിണർ വെള്ളം ഉപയോഗിക്കുന്നു. മറ്റ് ആവശ്യങ്ങൾക്കായുള്ള വെള്ളം ESI കുളത്തിലെ വെള്ളം പമ്പ് ചെയ്ത് കോളനിയ്ക്കടുത്തുള്ള ടാങ്കിൽ ശേഖരിച്ച് ഉപയോഗിച്ച് വരുന്നു. വേനൽക്കാലത്ത് നഗരസഭ കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. ടി കോളനിയിലെ സ്ഥല ലഭ്യതയ്ക്കനുസൃതമായുള്ള മെച്ചപ്പെട്ട കുടിവെള്ള പദ്ധതി തയ്യാറാക്കുന്നതിന് വാർഡ് കൗൺസിലർക്കും നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിനും നിർദ്ദേശം നൽകുന്നതാണ്.<br><br>മാലിന്യ സംസ്കരണം - വീടുകളിൽ തന്നെ. ഉറവിട മാലിന്യ സംസ്കരണ രീതിയാണ് ടി ആളുകൾ സ്വീകരിക്കുന്നത്. മാലിന്യം അലക്ഷ്യമായി വലിച്ചെറിയപ്പെടുന്നില്ലാത്തതുമാണ്.<br><br>2019-20 വാർഷിക പദ്ധതി സ്പിൽ ഓവർ ഭാരത് മിഷൻ (നഗരം) ഖരമാലിന്യ സംസ്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി ബഹു വർഷ പദ്ധതിയായി നഗരസഭ നടപ്പിലാക്കുന്ന മാലിന്യ സംസ്കരണ പദ്ധതിയിൽ ബയോഗ്യാസ് പ്ലാന്റ്, ബയോബിൻ, വെർമി കമ്പോസ്റ്റ്, ബയോ ഡൈജസ്റ്റർ പോട്ട്, റിംഗ് കമ്പോസ്റ്റ്, ബക്കറ്റ് കമ്പോസ്റ്റ്, സ്ഥാപനതല മാലിന്യം സംസ്കരണം (തുമ്പൂർമുഴി), തുമ്പൂർമുഴി കമ്മ്യൂണിറ്റി ലെവൽ, MRF, RRF, നിലവിലുള്ള ബയോഗ്യാസ് |

| | | | |
|---|---|---|---|
| | | | പ്ലാന്റുകളുടെ പുനരുദ്ധാരണം എന്നിവകൾ ഉൾപ്പെട്ടിട്ടുണ്ട്. ടി പദ്ധതികളിൽ ഉൾപ്പെടുത്തി ടി കോളനികളിൽ മെച്ചപ്പെട്ട രീതിയിലുള്ള മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതുമാണ്.<br><br>നഗരസഭയിൽ ഹരിത കർമ്മ സേനയെ രൂപീകരിച്ചിട്ടുള്ളതും ഹരിത സഹായ സ്ഥാപനമായ റോയൽ അസോസിയേറ്റ്സിന്റെ സഹായം ലഭ്യമാക്കിയിട്ടുള്ളതുമായതിനാൽ മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് കോളനി നിവാസികളെ ബോധവൽക്കരിക്കുന്നതിന് ടിയാളുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നതുമാണ്. ഇത്തരത്തിലുള്ള തുടർ പ്രവർത്തനങ്ങളിലൂടെ പട്ടികജാതി/ പട്ടികവർഗ്ഗ കോളനികൾ മെച്ചപ്പെടുത്തുന്നതാണ്.<br><br>II. എസ്.സി.പി./ റ്റി.എസ്.പി. പദ്ധതികൾ നടപ്പിലാക്കുന്നതിനായി വാർഡ്സഭകൾ മുഖേന ഗുണഭോക്തൃ ലിസ്റ്റ് ലഭിക്കാറുണ്ടെങ്കിലും ജാതി സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാത്തത് മൂലവും ബന്ധപ്പെട്ട രേഖകൾ കൃത്യമായി സമർപ്പിക്കാത്തത് മൂലവും പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നതിന് സാധിക്കാറില്ല. ഭവനപദ്ധതികൾ നടപ്പിലാക്കുന്നതിന് കൃത്യമായ കൈവശരേഖ സമർപ്പിക്കുന്നതിന് പലപ്പോഴും ഗുണഭോക്താക്കൾക്ക് സാധിക്കുന്നതുമില്ലാത്തതുമാണ്.<br><br>എസ്.സി/എസ്.റ്റി പ്രൊമോട്ടർമാർ വഴി മെച്ചപ്പെട്ട വിവരശേഖരണം നടപ്പിലാക്കുന്നതാണ്.<br><br>കോടിമതയിൽ സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റിന്റെ പ്രവർത്തനത്തിൽ ഉണ്ടായ പോരായ്മ പരിഹരിക്കുന്നതിനും ജൈവ മാലിന്യങ്ങൾ ചെറിയ കഷണങ്ങളാക്കി മാറ്റുന്നതിനുള്ള ചോപ്പർ പുനസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഉറവിട മാലിന്യസംസ്കരണ പദ്ധതികൾ വീട്ട വിടാന്തരം ഏർപ്പെടുത്തുന്നതിനും സ്ഥാപിക്കുന്നതിനും ആവശ്യമായ പ്രചാരണവും തുടർനടപടികളും സ്വീകരിച്ചുവരികയാണ്. ബയോഗ്യാസ് സ്ഥാപിച്ചിട്ടുള്ള സ്ഥലത്തിന് സമീപത്തെ കോളനികളിൽ തരംതിരിച്ച് സൂക്ഷിക്കുന്ന ജൈവമാലിന്യങ്ങൾ ടി ബയോഗ്യാസ് പ്ലാന്റിൽ സംസ്കരിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ടി സ്ഥലങ്ങളിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക്കിതര |

| | | | |
|---|---|---|---|
| | | ചങ്ങനാശ്ശേരി നഗരസഭയുടെ 24-ാം വാർഡിലുള്ള മനയ്ക്കച്ചിറ കോളനിയിലെ 38 വീടുകളും പട്ടികജാതിക്കാരുടേതാണ്. നഗരമാലിന്യങ്ങൾ നിറഞ്ഞ എ.സി കനാലിന് അഭിമുഖമായി ചേറും, വെള്ളക്കെട്ടുള്ള പ്രദേശത്തോടു ചേർന്നാണ് വീടുകൾ അധികവും, തികച്ചും ശോചനീയമായ നിലയിലാണ് ഇവിടത്തെ ജനജീവിതം. പല വീടുകളുടെയും രണ്ടു വശങ്ങളിലും വെള്ളം കയറി പുറത്തേക്ക് ഇറങ്ങുവാൻ പോലും കഴിയാത്ത അവസ്ഥയുമുണ്ട്. ചതുപ്പിനും വീടുകൾക്കും ഇടയിൽ സംരക്ഷണഭിത്തി | അജൈവ മാലിന്യങ്ങൾ നഗരസഭ സ്ഥാപിക്കുന്ന എം ആർ എഫ് (Material Recovering Facility) സംവിധാനത്തിലൂടെ ശേഖരിച്ച് കയ്യൊഴിയുന്നതിനും നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. ടി പ്രവർത്തനങ്ങളെ സംയോജിപ്പിക്കുന്നതിന് വാർഡ് കൗൺസിലറുടെ അദ്ധ്യക്ഷതയിൽ യോഗങ്ങൾ വിളിച്ച് ചേർത്ത് ഓഡിറ്റ് പരാമർശ പ്രകാരമുള്ള ന്യൂനതകൾ പരിഹരിക്കുന്നതാണ്. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പട്ടികജാതി ഉപപദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കി പരിഹരിക്കുന്നതാണ്.<br>സൂചിത പരാമർശത്തിൽ ഉൾപ്പെടുത്തിയ ഫോട്ടോഗ്രാഫിൽ കാണുന്നത് പ്ലാസ്റ്റിക് ഇതര അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിച്ചിരുന്നതാണ്. ടി സാധനങ്ങൾ തൽസ്ഥാനത്ത് നിന്ന് നീക്കിയിട്ടുള്ളതാണ്.<br>**<u>ചങ്ങനാശ്ശേരി നഗരസഭ</u>**<br>24-ാം വാർഡിലെ മനയ്ക്കച്ചിറ കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എ.സി കനാലിന്റെ മുകളിലൂടെ നഗരസഭ കോൺക്രീറ്റ് റോഡ് നിർമ്മിച്ച് ഗതാഗത സൗകര്യം സൃഷ്ടിച്ചിട്ടുണ്ട്. കോളനി നിവാസികളുടെ വീടുകളുടെ ചുറ്റുമുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പുരയിടം മണ്ണിട്ട് നികത്തുകയോ ചതുപ്പിനും വീടിനും ഇടയിലുള്ള ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കുകയോ ചെയ്യേണ്ടതായിട്ടുണ്ട്. ടി വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി നിയമാനുസൃതമായി സാധ്യമായ എല്ലാ പ്രവർത്തനങ്ങളും നടത്തുന്നതാണ്. എന്നിരുന്നാലും സ്വകാര്യ വ്യക്തികളുടെ വസ്തുവിൽ മണ്ണിട്ടു നികത്തുന്നതിനോ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനോ പരിമിതിയുണ്ട്. 2005 ൽ ഏകദേശം 1.5 അടി ഉയരത്തിൽ കൽ ഭിത്തി നിർമ്മിച്ചിരുന്നു എങ്കിലും ആയത് നിലവിൽ |

| | | | |
|---|---|---|---|
| | | നിർമ്മിച്ചിട്ടില്ലാത്തത് പ്രധാന പോരായ്മയാണ്. | പൂർണ്ണമായും നശിച്ചുപോയിട്ടുള്ളതാണ്. കഴിഞ്ഞ 5 വർഷക്കാലമായി ടി കോളനി നിവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വിവിധ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി വീട് അറ്റകുറ്റപ്പണി, പൈപ്പ് കണക്ഷൻ,പി.വി.സി വാട്ടർ ടാങ്ക് എന്നിവയും കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ഗുണഭോക്തൃ ലിസ്റ്റ് മുഖേന ലാപ്ടോപ്പ്, ഫർണിച്ചർ, എന്നിവ നൽകിയിട്ടുണ്ട്. |
| 2 | 3.7 | <u>പദ്ധതി നിർവ്വഹണ ധനവിനിയോഗ കാര്യക്ഷമത</u><br><br>വ്യക്തമായ ആസൂത്രണ കാഴ്ചപ്പാടും, വിവരശേഖരണവും ഇല്ലാത്തതിനാൽ പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന പദ്ധതികൾ പൂർണ്ണമായും നടപ്പാക്കാൻ കഴിയുന്നില്ല. കൂടാതെ പദ്ധതികൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുന്ന ഒട്ടേറെ സംഭവങ്ങളുണ്ട്. പൊതുവിഭാഗവുമായി താരതമ്യം ചെയ്യുമ്പോൾ എസ്.സി/എസ്.ടി മേഖലകളിൽ ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ വീഴ്ച വരുന്നതായും വ്യക്തമാവുന്നു.<br><br>12-ാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം (സ.ഉ.(എം.എസ്) നമ്പർ | പട്ടികജാതി വികസന ഓഫീസർ കൺവീനറായ പട്ടികജാതി/പട്ടിക വർഗ്ഗ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ട്, വാർഡുസഭ, വികസന സെമിനാർ കൗൺസിൽ എന്നിവയിൽ നിന്നുള്ള നിർദ്ദേശങ്ങൾ, പദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ രേഖ എന്നിവ കൂടി അടിസ്ഥാനമാക്കിയാണ് പ്രൊജക്ടുകൾ തയ്യാറാക്കാറുള്ളതെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. അർഹത നിശ്ചയിച്ചുകൊണ്ടുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ എണ്ണത്തിൽ കുറവും, കൂടാതെ മതിയായ രേഖകൾ യഥാസമയം ബന്ധപ്പെട്ടവർക്ക് ഹാജരാക്കാൻ കഴിയാത്തതിനാലും പല പദ്ധതികളും പാതി വഴിയിൽ ഉപേക്ഷിക്കേണ്ടി വന്നിട്ടുള്ളത്. ഭാവിയിൽ ഇക്കാര്യത്തിൽ മതിയായ ശ്രദ്ധ ചെലുത്തിക്കൊണ്ട് മാത്രമേ പ്രൊജക്ടുകൾക്ക് രൂപം നൽകുകയുള്ളൂ. നഗരകാര്യ മേഖല ഓഫീസുകൾ നടത്തുന്ന പ്രതിമാസ അവലോകനയോഗങ്ങളിൽ ടി വിഷയങ്ങൾ ചർച്ച ചെയ്യുകയും മാർഗനിർദേശങ്ങൾ നൽകി വരികയും ചെയ്യുന്നു . |

157

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2015-16 വർഷത്തെ സമാഹൃത റിപ്പോർട്ടിൻമേൽ ആലപ്പുഴ ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| ക്രമ നം | സമാഹൃത റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നം. | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശ വിഷയത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2015-16 | 3.6.2 | <u>അടിസ്ഥാന സൗകര്യ വികസനം</u><br>സ്വന്തമായി ഭവനം കൂടാതെ കുടിവെള്ളം, ശൗചാലയം,വൈദ്യുതി, പ്രാഥമികാരോഗ്യകേന്ദ്രം 10 സെന്റിൽ കൂടുതൽ കൃഷിഭൂമി, റോഡ്, ,കളിസ്ഥലം,ഡ്രെയിനേജ് സംവിധാനം,എന്നീ അടിസ്ഥാന സൗകര്യങ്ങൾ എല്ലാമുള്ള പട്ടിക ജാതി/ പട്ടിക വർഗ്ഗ കോളനികളോ സങ്കേതങ്ങളോ ഇല്ല എന്ന് ആഡിറ്റിന്റെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. കാലാകാലങ്ങളിൽ പട്ടിക ജാതി/പട്ടിക വർഗ്ഗ അധിവാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കുന്നുണ്ടെങ്കിലും അവയൊന്നും പൂർണ്ണമായും വിജയം കൈവരിച്ചിട്ടില്ല.<br><br>ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ 14 കുടുംബങ്ങൾ വസിക്കുന്ന ഉഴുവ എസ്. സി കോളനിയിൽ കുടിവെള്ളമുള്ളത് ഒരു കുടുംബത്തിന് മാത്രമാണ്. കൊല്ലംവെളി, കാളിവീട് കോളനിയിൽ റോഡു സൗകര്യമില്ല. 11 | <u>പട്ടണക്കാട് ഗ്രാമപഞ്ചായത്ത്</u><br><br>ഉഴുവ എസ്.സി,കോളനിയിൽ ആകെ 14 കുടുംബങ്ങളാണുള്ളത്. ഇതിൽ 3 കുടുംബങ്ങൾക്ക് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഗാർഹിക കണക്ഷൻ ഉണ്ട്. നാല് കുടുംബങ്ങൾക്ക് കിണർ സൗകര്യം ഉണ്ട്. ബാക്കി 7 കുടുംബങ്ങൾ 100 മീറ്റർ ചുറ്റളവിലുള്ള ജപ്പാൻ കുടിവെള്ള കണക്ഷന്റെ പൊതു ടാപ്പിൽ നിന്നുള്ള വെള്ളം ഉപയോഗിക്കുന്നുണ്ട്. 3 സ്ഥലങ്ങളിലായി പൊതുടാപ്പുണ്ട്.<br>കൊല്ലംവെളി കോളനിയിൽ 2016-17 സാമ്പത്തിക വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 369332 രൂപ ചെലവഴിച്ച് 188 മീറ്റർ നീളത്തിൽ കോൺക്രീറ്റ് റോഡ് പൂർത്തീകരിച്ചിട്ടുണ്ട്. കാളിവീട് കോളനിയിൽ 2015-16 സാമ്പത്തിക വർഷം ബഹു. വയലാർ രവി എം.പി യുടെ പ്രാദേശിക വികസന ഫണ്ടിലുൾപ്പെടുത്തി 250 മീറ്റർ ഗ്രാവൽറോഡ് പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം തേങ്ങാപുരയ്ക്കൽ കാളീവീട് |

| | | | | |
|---|---|---|---|---|
| | | | കുടുംബങ്ങളുള്ള കാളിവീട് കോളനിയിൽ 3 കുടുംബങ്ങൾക്ക് മാത്രമേ കുടിവെള്ള ലഭ്യതയുള്ളു.. | റോഡിന്റെ മെറ്റലിംഗ് & ടാറിംഗിനായി 10 ലക്ഷം രൂപയ്ക്ക് ജില്ലാ പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ടി റോഡിന്റെ ടാറിംഗിനായി പഞ്ചായത്ത് 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>കാളിവീട് കോളനിയിൽ 11 കുടുംബങ്ങളാണ് ഉള്ളത്. ഇതിൽ 8 കുടുംബങ്ങൾക്ക് 100 മീറ്റർ ചുറ്റളവിൽ കുടിവെള്ളം ലഭ്യമാകുന്ന തരത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൊതുടാപ്പ് സ്ഥാപിച്ചിട്ടുണ്ട്. 2 വീടുകളിലേയ്ക്ക് ഗാർഹിക കണക്ഷൻ ലഭിച്ചിട്ടുണ്ട്. 2 പൊതുടാപ്പുകളുണ്ട്. എസ്.സി കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി 2016-17, 2017-18 വർഷങ്ങളിലായി എസ്.സി കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ (പ്രോജക്ട് നമ്പർ-155/16) എന്ന പദ്ധതി പ്രകാരം ഒരു കുടുംബത്തിന് 6000/- രൂപ സബ്സിഡി നിരക്കിൽ 41 കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. |
| | | | ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ പാറയിൽ ഭാഗം എസ്. സി കോളനിയുടെ അവസ്ഥ പരിതാപകരമാണ്. ആകെ 11 പട്ടിക ജാതി കുടുംബങ്ങളാണ് ഈ കോളനിയിൽ കഴിയുന്നത് . ഇതിൽ 4 കുടുംബങ്ങൾക്കു മാത്രമാണ് വാസയോഗ്യമായ വീടുള്ളത് 8 കുടുംബങ്ങൾക്ക് ശൗചാലയമില്ല. 6 കുടുംബങ്ങൾക്കേ കുടിവെള്ളസൗകര്യമുള്ളു. 5 കുടുംബങ്ങൾക്ക് വഴി സൗകര്യമില്ല. | പാറയിൽ ഭാഗം എസ്.സി.കോളനിയിൽ ഇപ്പോൾ താമസിക്കുന്ന 17 കുടുംബങ്ങളിൽ 12 കുടുംബങ്ങൾ നിലവിൽ വാസയോഗ്യമായ ചെറിയവീടിലാണ് താമസിക്കുന്നത്, സജീഷ് മഠത്തിൽ, അജിമോൻ, ഷഡ്ജാലയം, വാസന്തി , ഇന്ദിര പൊന്നപ്പൻ കരിത്തറ ,മിനി ബാബു എന്നിവരാണ് ഷെഡ്ഡുകളിൽ താമസിക്കുന്നത്. ടി കുടുംബങ്ങൾക്ക് വീട് ലഭിക്കുന്നതിന് സ്ഥലം സംബന്ധിച്ച റവന്യൂ രേഖകൾ, റേഷൻ കാർഡ് എന്നിവ ലഭ്യമായിട്ടില്ലാത്തതിനാലാണ് വീട് അനുവദിച്ച് നൽകുന്നതിന് സാധിച്ചിട്ടില്ലാത്തത്. |

| | | | | |
|---|---|---|---|---|
| | | | ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിലെ 19 പട്ടിക ജാതി കുടുംബങ്ങൾ വസിക്കുന്ന വള്ളാം കടവ് കോളനിയിൽ ഒരു വീട്ടിൽ പോലും കുടിവെള്ള കണക്ഷൻ ഇല്ല<br><br>ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനസംഖ്യയുടെ 15 ശതമാനത്തോളം പട്ടിക ജാതിക്കാരാണ്. ഗ്രാമപഞ്ചായത്തിലെ നിലങ്ങളിൽ ഒരുപ്പൂ കൃഷിയാണ്. പട്ടിക ജാതി വിഭാഗത്തിലെ ഭൂരിഭാഗം പേരും കാർഷിക വൃത്തി കൊണ്ട് ഉപജീവനം കഴിക്കുന്നവർ ആയതിനാൽ വർഷത്തിൽ 3 മാസങ്ങൾ മാത്രമാണ് ഇവർക്ക് തൊഴിൽ ലഭിക്കുന്നത് വർഷത്തിലെ വലിയൊരു കാലയളവിലും തൊഴിൽ ഇല്ലാത്തത് ഇവിടുത്തെ പട്ടിക ജാതി വിഭാഗത്തെ ദാരിദ്രത്തിലാഴ്ത്തുന്നു.<br>ഗ്രാമപഞ്ചായത്തിലെ വിവിധ പട്ടികജാതിക്കോളനികളിലായുള്ള 178 എസ് സി കുടുംബങ്ങളിൽ 121 എണ്ണത്തിന് മാത്രമാണ് റോഡ് സൗകര്യമുള്ളത്. ഇവയിൽത്തന്നെ 86 കുടുംബങ്ങൾക്ക് ഗ്രാവൽ റോഡുകൾ | ഭാഗത്ത് കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനായി 3 പൊതു ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>**<u>ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത്</u>**<br><br>ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിലെ 19 പട്ടികജാതി കുടുംബങ്ങൾ വസിക്കുന്ന വള്ളാംകടവ് കോളനിയിൽ ഇപ്പോൾ 13 കുടുംബങ്ങൾക്ക് സ്വന്തമായി കിണറും കൂടാതെ രണ്ട് പൊതുകിണറുകളും ഉണ്ട്. 2016/17, 2017/18, 2018/19 വർഷങ്ങളിൽ എസ് സി പി ഫണ്ട് ചെലവഴിച്ച് പട്ടിക വിഭാഗങ്ങൾക്ക് ഉതകുന്ന പലവിധത്തിലുള്ള പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. 2016/17 സാമ്പത്തിക വർഷം വള്ളാംകടവ് കോളനിയിലേക്ക് 850000 രൂപ ചെലവഴിച്ച് കുടിവെള്ള പൈപ്പ്ലൈൻ പദ്ധതി നടപ്പാക്കി. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ആൾക്കാർ ഭൂരിഭാഗവും തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെട്ട് ജോലി ചെയ്തു വരുന്നു. തൊഴിലുറപ്പ് പദ്ധതിയില്ലാത്ത സമയം നെൽകൃഷി ചെയ്ത് ഉപജീവനം നടത്തുന്നു. സമ്പൂർണ്ണ ശുചിത്വത്തിന്റെ ഭാഗമായി എല്ലാ വീടുകൾക്കും കക്കൂസ് അനുവദിച്ചിട്ടുണ്ട്. ഈ ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ട അംഗങ്ങൾ ആയ വൈസ് പ്രസിഡന്റ് ശ്രീമതി ജയകുമാരി, ശ്രീ ഉദയൻ ചെന്നിത്തല, ശ്രീ ഓമനക്കുട്ടൻ എന്നിവരടങ്ങുന്ന നിരീക്ഷണ സമിതിയാണ് പഞ്ചായത്തിലെ പട്ടികജാതി വികസന പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി വളരെ അകലെയായതിനാൽ കൂടുതൽ പട്ടിക ജാതിക്കാരുള്ള 1,17 എന്നീ വാർഡുകളിൽ പി.എച്ച്.സി യുടെ സബ്സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. 2017/18 വർഷം |

| | | | | |
|---|---|---|---|---|
| | | | | 17 പട്ടികജാതി കുടുംബങ്ങളിൽ 3 കുടുംബങ്ങൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് അനുവദിച്ചിട്ടുണ്ട്. 3 കുടുംബങ്ങൾക്ക് പി.എം.എ.വൈ , ഐ.എ.വൈ പദ്ധതി പ്രകാരം വീട് അനുവദിച്ചതിൽ സുശീല കൈത്തറ എന്നയാൾ പി.എം.എ.വൈ പദ്ധതി പ്രകാരം അടിത്തറ പൂർത്തീകരിച്ചിട്ടുണ്ട്. അജിമോൻ, ഷഡ്ജാലയം (പി.എം.എ.വൈ) എന്നയാൾക്ക് അഡ്വാൻസ് നൽകിയെങ്കിലും ടിയാൾ പണി ചെയ്യാൻ തയ്യാറായിട്ടില്ലാത്തതിനാൽ തുക തിരികെ ഒടുക്കിയിട്ടുണ്ട്. 2015-16 സാമ്പത്തികവർഷം ഒന്നാം ഗഡുവായ 37000 രൂപ നൽകിയെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് മൂലം ടിയാൻ പണി തുടങ്ങാതിരിക്കുകയും പിന്നീട് ആ തുക തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. തങ്കച്ചൻ നമ്പൂരിത്തറ എന്നയാൾ ഐ.എ.വൈ പദ്ധതി പ്രകാരം വീട് പണി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പാറയിൽ എസ്.സി കോളനിയിൽ ശൗചാലയ സൗകര്യമില്ലാത്ത 8 വീടുകൾക്ക് നിലവിൽ റിംഗ് കക്കൂസുണ്ട്. ടിയാളുകൾ ആധുനിക കക്കൂസ് ശൗചാലയ സൗകര്യം ഉപയോഗിക്കുന്നതിൽ വിമുഖത കാണിക്കുന്നതിനാലും പഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന തുക ഉപയോഗിച്ച് പണി നടത്തുന്നതിന് സാധ്യമല്ലാത്തതിനാലുമാണ് ഇപ്പോഴും കക്കൂസ് സൗകര്യം ഇല്ലാത്തതെന്നതിനാൽ ഇക്കാര്യങ്ങൾ പഞ്ചായത്ത് കമ്മറ്റിയിൽ വിശദമായി ചർച്ച ചെയ്തിട്ടുള്ളതും സാധ്യമായ ഏതെങ്കിലും പദ്ധതിയിൽപ്പെടുത്തി ശൗചാലയ സൗകര്യം അടിയന്തിരമായി ഏർപ്പെടുത്തുന്നതിന് ശ്രമിക്കുന്നതാണ്. പാറയിൽ ഭാഗം വെള്ളക്കെട്ടും തോടും ചിറകളും നിറഞ്ഞ പ്രദേശമാണ്. പാറയിൽ |

| | | | | |
|---|---|---|---|---|
| | | | മാത്രമാണാശ്രയം മഴക്കാലത്ത് വെള്ളം പൊങ്ങി ഈ റോഡുകൾ സഞ്ചാരയോഗ്യമല്ലാതായി മാറുന്നു. ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത ഭവനനിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുന്നു. നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള അധികച്ചെലവ് മൂലം കാരിക്കുഴി, പൊട്ടങ്കേരി, പരുവത്തറയിൽ എന്നീ പട്ടികജാതി കോളനികളിൽ പല വീടുകളും പണി പൂർത്തിയാവാത്ത നിലയിലാണ്. കോളനികളിലേയ്ക്കുള്ള വീടുകളിലേയ്ക്കൊന്നും ഗാർഹിക ജല വിതരണ സംവിധാനമില്ല. തൊട്ടടുത്തുള്ള ചെന്നിത്തല പ്രാഥമികാരോഗ്യകേന്ദ്രം കോളനികളിൽ നിന്നും 1 മുതൽ 4 കിലോമീറ്റർ അകലെയാണ്. | 650000 രൂപ ചെലവിട്ട് പഞ്ചായത്ത് എസ്.സി ശ്മശാനം പൂർത്തീകരിച്ചിട്ടുണ്ട്. 2018/19 വർഷം 100000 രൂപ ചെലവിട്ട് എസ്.സി കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചിട്ടുണ്ട്. അതേ വർഷം 80000 രൂപ ചെലവിട്ട് എസ്.സി കോളനിയിലേക്ക് പൈപ്പ് ലൈൻ സ്ഥാപിച്ചി ട്ടുണ്ട്. ചില്ലിത്തുരുത്ത് സ്വാമിത്തറ പൈപ്പ്ലൈൻ, ജില്ലാപഞ്ചായത്തിന്റെ വിഹിതമായി അഞ്ചുപറ പടി മുതൽ കൊച്ചാലുംമൂട് പൈപ്പ് ലൈൻ എന്നീ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. 2000000 രൂപക്ക് ചെറുകര കുരക്കലാർ റോഡ്, 149000 രൂപക്ക് കറുകകണ്ടം ചേനാത്ത് തറ റോഡ്, 800000 രൂപയുടെ എസ്.സി കമ്മ്യൂണിറ്റി ഹാൾ മറ്റം റോഡ് എന്നിവ പൂർത്തീകരിച്ചു. അഞ്ചുതറ പടി മുതൽ കൊച്ചാലും മൂട് പടി വരെയും എസ്.സി കമ്മ്യൂണിറ്റി ഹാൾ മുതൽ മറ്റം വരെയും സ്ട്രീറ്റ്മെൻ സ്ഥാപിച്ചിട്ടുണ്ട്. വാസയോഗ്യമായ വീടില്ലാത്ത എല്ലാ പട്ടിക വിഭാഗക്കാർക്കും വീടു നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2018/19 സാമ്പത്തിക വർഷത്തിൽ ലൈഫ്മിഷൻ (എസ്.സി.പി) ഉൾപ്പെടുത്തി 38,30000 രൂപ ചെലവഴിച്ച് വീട് നിർമ്മാണം നടത്തിയിട്ടുണ്ട്. ഉല്പാദന മേഖലയിൽ നെൽകൃഷി വികസനം, മുട്ടക്കോഴി വളർത്തൽ, ആട് വളർത്തൽ, പോത്തുകുട്ടി വളർത്തൽ തുടങ്ങിയ പദ്ധതികൾ ഏറ്റെടുത്ത് നടത്തി വരുന്നു.<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം, ലാപ്പ്ടോപ്പ് വിതരണം, പെൺകുട്ടികൾക്ക് വിവാഹ ധനസഹായം, വിദ്യാർത്ഥികൾക്ക് പഠനമുറി വൃദ്ധർക്ക് കട്ടിൽ തുടങ്ങിയ പദ്ധികളും പട്ടികജാതി വിഭാഗക്കാർക്കായി നടപ്പിലാക്കി വരുന്നു. ചെന്നിത്തല തൃപ്പെരുന്തുറ പഞ്ചായത്തിലെ പട്ടികജാതി കോളനിയിലേക്കുള്ള |

| | | | | |
|---|---|---|---|---|
| | | | ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനസംഖ്യയുടെ 9.46 ശതമാനം പട്ടികജാതിക്കാരാണ്. 10 പട്ടികജാതി കോളനികൾ, 6 സങ്കേതങ്ങൾ എന്നിവിടങ്ങളിലായി 2231 പട്ടികജാതിക്കാരാണ് ഗ്രാമപഞ്ചായത്തിലുള്ളത് . എസ്. സി കോളനികളും സങ്കേതങ്ങളും സ്ഥിതി ചെയ്യുന്നത് നെൽ വയലിനോട് ചേർന്നുള്ള ചിറകളിലോ വയലുകളുടെ നടുക്കുള്ള തുരുത്തുകളിലോ ആണ്. മിക്ക കോളനികളിലും പൊതു ടാപ്പുകൾ സ്ഥാപിച്ച് കുഴൽ കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് എത്തിക്കുന്നുണ്ടെങ്കിലും ഇത് കുടിക്കാനോ പാചകത്തിനോ ഉപയോഗിക്കാൻ കഴിയും വിധം ശുദ്ധമല്ല. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സംവിധാനങ്ങൾ പോലുമില്ലാത്ത വീടുകൾ പട്ടികജാതി സങ്കേതങ്ങളിലുണ്ട്. സാംസ്കാരിക നിലയം, കമ്മ്യൂണിറ്റി ഹാൾ, വായനശാല, വിനോദോപാധികൾ എന്നിവയൊന്നും തന്നെ ഒരു കോളനിയിലും ഇല്ല. | എല്ലാ റോഡുകളും പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയും പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ പട്ടികജാതി കോളനികളിലും ഗതാഗത സൗകര്യം എത്തിക്കുക എന്ന ലക്ഷ്യത്തോടെ എസ്.സി.പി ഫണ്ട് ഉപയോഗിച്ച് പശ്ചാത്തല മേഖലയിൽ വിവിധ റോഡുകളുടെ പണി പുതുതായി നടപ്പിലാക്കി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു.<br><br>**<u>എടത്വ ഗ്രാമപഞ്ചായത്ത്</u>**<br>എടത്വ ഗ്രാമപഞ്ചായത്തിൽ 10 പട്ടിക ജാതി കോളനികളും 6 സങ്കേതങ്ങളും ഉണ്ട്. ഈ സ്ഥലങ്ങളിൽ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുന്നതിനായി 16-17 കാലയളവിലെ പദ്ധതിയിൽ (പ്രോജക്ട് നം.220/17 -വാർഡ് 1 ൽ കൊച്ചുതറ കോളനി ജംഗ്ഷൻ മുതൽ ഗ്രാമോത്സവ കോളനി വരെ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ) 13.5 ലക്ഷം രൂപ വകയിരുത്തി തുക 31-03-2017 തീയതിയിൽ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ . പ്രവർത്തി ആരംഭിക്കുകയും എഗ്രിമെന്റ് കാലയളവിൽ പണി പൂർത്തീകരിച്ചിട്ടുമുണ്ട്. ഇതുവഴി കുടിവെള്ളത്തിനും പാചകത്തിനും ആവശ്യമായ ശുദ്ധജലം ലഭ്യമാകുന്നു. 2017-18 വർഷത്തിൽ 250 പട്ടിക ജാതി കുടുംബങ്ങളിൽ പൈപ്പുകളിൽ നിന്ന് കുടിവെള്ളം ശേഖരിക്കുന്നതിന് വാട്ടർ ടാങ്ക് നൽകുന്നതിനായി 1000000 രൂപ വകയിരുത്തിയിരുന്നു. ഈ പദ്ധതി 2017-18ൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 337500 രൂപ 45 കുടുംബങ്ങൾക്കായി ഗാർഹിക കണക്ഷൻ |

| | | | | |
|---|---|---|---|---|
| | | | | നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തെ പദ്ധതിയിൽ വകയിരുത്തുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എടത്വ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ജലസംഭരണിയ്ക്ക് സംഭരണ ശേഷി കുറവായതിനാൽ പഞ്ചായത്ത് അതിർത്തിയ്ക്കുള്ളിൽ നെൽവയലിനോടു ചേർന്നുള്ള ചിറകളിലും തുരുത്തുകളിലും ഉള്ള പട്ടികജാതി സങ്കേതങ്ങളിൽ കുടിവെള്ളം എത്തിയ്ക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് ജലഅതോറിറ്റി ചൂണ്ടികാട്ടിയിട്ടുണ്ട്. ആയതിനാൽ എടത്വ ജലഅതോറിറ്റിയുടെ കീഴിലുള്ള ജല സംഭരണിയുടെ സംഭരണശേഷി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ ബഹു:സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. സമ്പൂർണ്ണ വെളിയിട വിമുക്ത പദ്ധതി പ്രകാരം 2016-17 . വർഷത്തിൽ എല്ലാ കുടുംബങ്ങൾക്കും ശൗചാലയങ്ങൾ നൽകിയിട്ടുണ്ട്. സമ്പൂർണ്ണ വെളിയിട വിമുക്ത ഗ്രാമമായി പഞ്ചായത്തിനെ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 കാലയളവിൽ 4 വ്യക്തികൾക്ക് ഐ.എച്ച്.എച്ച്.എൽ . പദ്ധതി പ്രകാരം കക്കൂസ് നിർമ്മാണത്തിന് തുക നൽകുകയും ആയത് പൂർത്തീകരിച്ചിട്ടുള്ളതുമാണ്. നിലവിൽ എല്ലാ പട്ടികജാതി ഭവനങ്ങളിലും ശൗചാലയങ്ങൾ ഉണ്ട്. സാംസ്കാരിക നിലയം , കമ്മ്യൂണിറ്റി ഹാൾ , വായനശാല മുതലായവയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം പ്രസ്തുത കോളനിയിലോ സമീപത്തോ ലഭ്യമല്ലാത്തതിനാൽ ഈ സ്ഥാപനങ്ങൾ നിർമ്മിക്കുകയെന്നത് പഞ്ചായത്ത് ഭരണ സമിതിക്ക് ഒരു വെല്ലുവിളിയാണ്. കാരണം |

എടത്വാ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന എടത്വാ വില്ലേജിൽ നിലവിൽ ഭൂമിയുടെ റീസർവ്വേ നടക്കാത്തതിനാൽ കാടുപിടിച്ചു കിടക്കുന്ന ധാരാളം ഭൂമി, റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ സ്ഥലം ലഭിച്ചാലും മേൽ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനം നടത്തുവാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന കോളനികളിലെ ശുദ്ധജല ലഭ്യത. പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതും അതിലൂടെ ജലക്ഷാമം പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു.

| | | | |
|---|---|---|---|
| | | എത്തുന്ന വെള്ളം കുടിക്കുവാൻ യോഗ്യമല്ല. വേനൽക്കാലത്ത് കടുത്ത ജലക്ഷാമം കോളനിയെ ബാധിക്കുന്നു. പ്ലാസ്റ്റിക് ഷീറ്റുകൾ വലിച്ചുകെട്ടിയ നിലയിൽ താൽക്കാലിക മേൽക്കൂരയുള്ള 12 വീടുകൾ കോളനിയിലുണ്ട്. ശോചനീയ അവസ്ഥയിലുള്ള കക്കൂസുകൾ ജലദൗർലഭ്യം മൂലം ഉപയോഗിക്കാനാവുന്നില്ല. ഭൂമിക്ക് വ്യക്തമായ കൈവശാവകാശ രേഖയില്ലാത്തതാണ് മറ്റൊരു പ്രശ്നം കോളനിക്കുള്ളിലെ സാംസ്കാരിക നിലയത്തിന്റെ വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെട്ട നിലയിലാണ്. കോളനി റോഡിന്റെ ടാറിംഗും പൂർത്തിയായിട്ടില്ല. | വാണിമേൽ പഞ്ചായത്തിലെ 9-ാം വാർഡിൽ ഉൾപ്പെട്ട മാടാഞ്ചേരി പട്ടിക വർഗ്ഗ കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 8.10 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന പദ്ധതിയിൽ, ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുളം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട് .ടി പദ്ധതിയിലെ ടാങ്ക്,മോട്ടോർ എന്നിവ സ്ഥാപിച്ച് പൈപ്പ് ലൈനിലൂടെ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള രണ്ടാം ഘട്ടം പൂർത്തിയായി വരുന്നു. ഏകദേശം മുപ്പതോളം പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്ന പദ്ധതിയാണിത്.<br><br><u>ചിറ്റാരി കുടിവെള്ള പദ്ധതി</u><br><br>വാണിമേൽ ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ ഉൾപ്പെട്ട ചിറ്റാരി പട്ടിക വർഗ്ഗ കോളനികളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഘട്ടം ഘട്ടമായിട്ടാണ് കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത്. ഏകദേശം 2 ലക്ഷം രൂപ പദ്ധതിക്കായി ചെലവാക്കിയിട്ടുണ്ട്.. നിലവിൽ കിണർ കുഴിച്ച്, മോട്ടോർ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കി വരുന്നു.ഏകദേശം മുപ്പതോളം കുടുംബങ്ങൾക്ക് ആയതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.<br><br><u>കുറ്റല്ലൂർ കുടിവെള്ള പദ്ധതി</u><br><br>വാണിമേൽ ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽപ്പെട്ട കുറ്റല്ലൂർ പട്ടിക വർഗ്ഗ കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എസ്സ് ടി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് 2300000/- രൂപയുടെ കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട് . ഇതിന്റെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പാർട്ട് ബിൽ ഇനത്തിൽ 10,54120 /- രൂപ ചിലവഴിച്ചിട്ടുള്ളതാകുന്നു. ടി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു.<br><br><u>വാളാംതോട്-മലയങ്ങാട് കുടിവെള്ള പദ്ധതി</u><br><br>വാളാംതോട്, മലയങ്ങാട് മേഖലകളിലെ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രപ്പോസൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

നീരുറവകളെ ആശ്രയിക്കുന്ന പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ളം ശേഖരിക്കുന്നതിന് വാട്ടർ ടാങ്ക് നൽകുന്നതിന് 2017-18 വർഷം 300000/- രൂപ വകയിരുത്തുകയും, 178 പേർക്ക് 500 ലിറ്ററിന്റെ ടാങ്കുകൾ നൽകുന്നതിന് 267000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പരിമിതമായ ഫണ്ടും ,പ്രദേശത്തെ ഭൂമിക്കടിയിലെ ജല ലഭ്യതക്കുറവും കാരണം ഈ കോളനികളിലെ കുടിവെള്ള ക്ഷാമം പൂർണ്ണമായും മാറ്റാൻ കഴിയുന്നില്ലെങ്കിലും, ഗ്രാമപഞ്ചായത്തിന്റെ ലഭ്യമായ വിഭവങ്ങളും പട്ടിക വർഗ്ഗ വികസന വകുപ്പിന്റെയും മറ്റും സഹായങ്ങൾ ഏകോപിപ്പിച്ച് മുഴുവൻ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകി നടപ്പിലാക്കുന്നതാണെന്ന വിവരം അങ്ങയുടെ അറിവിലേക്കായി ബോധിപ്പിക്കുന്നു.

<u>പേരാമ്പ്ര ഗ്രാമപഞ്ചായത്ത്</u>

പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ 30 പട്ടികജാതി കുടുംബങ്ങൾ വസിക്കുന്ന ചേർമല സാംബവ കോളനിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ജില്ലാ ഭരണകൂടത്തിന്റെ ശ്രദ്ധയിൽപെടുത്തുകയും, ജില്ലാ കലക്ടറുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് വിവിധ മേഖലകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനും ക്ഷേമത്തിനും പ്രോജക്ട് തയ്യാറാക്കി ഇപ്പോൾ നടപ്പിലാക്കി വരുകയാണ്. കോഴിക്കോട് ജില്ലാ പഞ്ചായത്ത്, പേരാമ്പ്ര ഗ്രാമപഞ്ചായത്ത്, പട്ടികജാതി വികസന വകുപ്പ്, റവന്യൂ വകുപ്പ്, കേരളാ സംസ്ഥാന വൈദ്യുതി ബോർഡ്, ഗ്രാമ വികസന വകുപ്പ് തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നത്. കഴിഞ്ഞ വേനൽകാലത്ത് ഈ കോളനിയിൽ കുടിവെള്ള വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ കുടിവെള്ള പദ്ധതി 2018 മാർച്ച് മാസം കമ്മീഷൻ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുള്ളതിനാൽ കുടിവെള്ളത്തിന് സ്ഥിരം സംവിധാനമായിട്ടുണ്ട്. കോളനിയിൽ ODF പദ്ധതിയുടെ ഭാഗമായി 17 എണ്ണം വ്യക്തിഗത കക്കൂസുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. വ്യക്തമായ കൈവശാവകാശ രേഖയില്ലാത്ത കുടുംബങ്ങൾക്ക് റവന്യൂ വകുപ്പുമായി ചേർന്ന് കൈവശാവകാശ രേഖകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 13 വീടുകളുടെ നിർമ്മാണത്തിന് 2017-18 വർഷം തുക

| | | | |
|---|---|---|---|
| | | | വകയിരുത്തി. 6 ഗുണഭോക്താക്കൾ ഒന്നാം ഗഡു തുക കൈപ്പറ്റി തറ നിർമ്മാണം പൂർത്തീകരിച്ചതിനാൽ ചുമർ നിർമ്മിക്കുന്നതിനുള്ള രണ്ടാം ഗഡു അനുവദിച്ചു. 6 ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റി തറ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചു. ബാക്കി വരുന്ന ഒരു ഗുണഭോക്താവ് മരണപ്പെട്ടതിനാൽ അവകാശികൾ അവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. കോളനിയിലെ സാംസ്കാരിക നിലയത്തിന്റെ വൈദ്യുതി കണക്ഷൻ പുനസ്ഥാപിച്ചിട്ടുണ്ട്. വീടുകൾക്ക് ഗ്രാമപഞ്ചായത്ത് താൽകാലിക നമ്പർ നൽകി വൈദ്യുത കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. 2016 വർഷം എം.പി ഫണ്ടിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപ ചെലവഴിച്ച് കോളനിയിലേക്ക് റോഡ് നിർമ്മിച്ചിട്ടുണ്ട് |
| 2. | 3.7.6 | <u>കൃഷി, മൃഗസംരക്ഷണം</u><br><br>കോഴിക്കോട് ജില്ലയിൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വട്ടച്ചിറ കോളനിയിലുള്ള എൺപത്തഞ്ചോളം പട്ടികവർഗ്ഗ കുടുംബങ്ങൾ ഒരേക്കറിൽ കൂടുതൽ കൃഷിഭൂമി ഉള്ളവരാണെങ്കിലും പന്ത്രണ്ടാം പദ്ധതിക്കാലയളവിൽ മേൽ കൃഷി ഭൂമി പ്രസ്തുത വിഭാഗത്തിന് സാമ്പത്തിക ഉന്നമനത്തിനുതകുന്ന രീതിയിൽ ഉപയോഗപ്രദമാക്കുവാനുള്ള പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. നിലവിൽ കോളനിയിലെ ഭൂരിഭാഗം പ്രദേശവും കാടുമൂടി കിടക്കുകയാണ്. | <u>കോടഞ്ചേരി ഗ്രാമപഞ്ചായത്ത്</u><br>കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വട്ടച്ചിറ കോളനിയിൽ ഏകദേശം 100 ഏക്കറോളം ഭൂമി ഉപയോഗപ്രദമല്ലാതെ കിടക്കുകയായിരുന്നു. 12–ാം പഞ്ചവത്സര പദ്ധതിക്കാലകത്ത് ടി പ്രദേശം കൃഷിയോഗ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. പ്രാഥമിക നടപടി എന്ന നിലയിൽ സ്ഥലം കാട് വെട്ടിത്തെളിച്ച് കിളച്ച് മറിക്കുന്നതിന് തീരുമാനിച്ചെങ്കിലും ഭൂവുടമകൾ സഹകരിക്കാത്തത് കാരണം പ്രവൃത്തി നീണ്ടുപോവുകയായിരുന്നു. തുടർന്ന് ഈ സ്ഥലം കൃഷി യോഗ്യമാക്കിയെങ്കിലും ശക്തമായ കാലവർഷത്തെത്തുടർന്ന് കൃഷി ചെയ്യാൻ സാധിച്ചില്ല. മേൽ ഭൂമിയിൽ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് സാമ്പത്തിക ഉന്നമനത്തിനുതകുന്ന രീതിയിൽ ഉപയോഗപ്രദമാക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ശരിയായ നേതൃത്വം ഇല്ലാത്തതും വീഴ്ചക്ക് കാരണമാകുന്നു.<br>നിലവിൽ മേൽ ഭൂമി കൃഷി ഭൂമിയാക്കി ഒരുക്കുന്നതിനുള്ള പ്രവൃത്തനങ്ങൾ നടന്നു വരികയാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി കാട് വെട്ടിത്തെളിച്ച് കിളച്ച് കാർഷികയോഗ്യമാക്കിയിട്ടുണ്ട്. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് കാപ്പി, കൊക്കോ, കശുമാവ് എന്നീ വിളകൾ കൃഷി ചെയ്യുന്നതിന് തൈകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാനപ്രകാരം വട്ടച്ചിറ കോളനിയിലെ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് സാമ്പത്തിക ഉന്നമനത്തിനുതകുന്ന രീതിയിൽ മുഴുവൻ ഭൂമിയിലും ആദായകരമായി രീതിയിൽ കൃഷി നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. |

സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2015-16 നിയമസഭാസമിതി മുമ്പാകെ സമർപ്പിക്കുന്ന ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള നടപടി പരിഹാര പത്രിക - എറണാകുളം ജില്ല

| നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2015-16 | 3.7 | ***പദ്ധതി നിർവ്വഹണം ധനവിനിയോഗ കാര്യക്ഷമത***<br><br>പട്ടികജാതി പട്ടികവർഗ്ഗ പദ്ധതികൾ നടപ്പിലാക്കുന്നതിന് സമഗ്ര സർവ്വേ നടത്തുന്നില്ല. നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കുന്നില്ല. | ***എറണാകുളം ജില്ല*** :-എറണാകുളം ജില്ലയിലെ ഭൂരിപക്ഷം ഗ്രാമ പഞ്ചായത്തുകളിലും പട്ടികജാതി പട്ടികവർഗ്ഗ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വർക്കിംഗ് ഗ്രൂപ്പിനെത്തന്നെ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ചു വരുന്നു. കൂടാതെ 16/11/2013 ലെ സ. ഉ. (എം.എസ്.) നം. 362/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പട്ടികവർഗ്ഗക്കാരായ ജനപ്രതിനിധികളെ ഉൾപ്പെടുത്തി നിരീക്ഷണ കമ്മിറ്റി രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഗ്രാമസഭയിലെയും ഊരുകൂട്ടങ്ങളിലെയും നിർദ്ദേശ പ്രകാരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ നിർവ്വഹണ സമയത്ത് പല വിധത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടേണ്ടതായി വരുന്നു. പൊതുവായ പദ്ധതികളിൽ പലപ്പോഴും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതെ പോകുന്നത്, വ്യക്തിഗത ആനുകൂല്യങ്ങളിൽ യഥാസമയം അപേക്ഷകൾക്കൊപ്പം അനുബന്ധ രേഖകൾ ഹാജരാക്കാത്തത്, ഗുണഭോക്തൃവിഹിതം അടക്കാത്തത് എന്നിവയെല്ലാം പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നു. കൂടാതെ ടി. എസ്. പി. പദ്ധതികൾ ഗുണഭോക്താക്കളായിട്ടുള്ള ഭൂരിഭാഗം ആദിവാസി വിഭാഗത്തിൽപെടവരും സർക്കാർ |

| | | | | |
|---|---|---|---|---|
| | | | | ആനുകൂല്യങ്ങൾ കൈപ്പറ്റി ജീവിത നിലവാരം ഉയർത്തുന്നതിന് വിമുഖത കാണിക്കുന്നവരാണ്. എന്നിരുന്നാലും ജില്ലയ്ക്ക്, വിവിധ മേഖലകളിൽ നിന്നുള്ള ഇടപെടലുകളുടെ ഭാഗമായി 2018-19 സാമ്പത്തിക വർഷം എസ്. സി. പി. വിഭാഗത്തിൽ 81.56% വും , ടി. എസ്. പി. വിഭാഗത്തിൽ 70% വും ചെലവ് കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | നിർമ്മിച്ചിട്ടില്ലാത്തത് പ്രധാന പോരായ്മയാണ്. | പൂർണ്ണമായും നശിച്ചുപോയിട്ടുള്ളതാണ്. കഴിഞ്ഞ 5 വർഷക്കാലമായി ടി കോളനി നിവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വിവിധ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി വീട് അറ്റകുറ്റപ്പണി, പൈപ്പ് കണക്ഷൻ,പി.വി.സി വാട്ടർ ടാങ്ക് എന്നിവയും കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ഗുണഭോക്തൃ ലിസ്റ്റ് മുഖേന ലാപ്പ്ടോപ്പ്, ഫർണിച്ചർ, എന്നിവ നൽകിയിട്ടുണ്ട്. |
| 2 | 3.7 | <u>പദ്ധതി നിർവ്വഹണ ധനവിനിയോഗ കാര്യക്ഷമത</u><br><br>വ്യക്തമായ ആസൂത്രണ കാഴ്ചപ്പാടും, വിവരശേഖരണവും ഇല്ലാത്തതിനാൽ പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന പദ്ധതികൾ പൂർണ്ണമായും നടപ്പാക്കാൻ കഴിയുന്നില്ല. കൂടാതെ പദ്ധതികൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുന്ന ഒട്ടേറെ സംഭവങ്ങളുണ്ട്. പൊതുവിഭാഗവുമായി താരതമ്യം ചെയ്യുമ്പോൾ എസ്.സി/എസ്.ടി മേഖലകളിൽ ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ വീഴ്ച വരുന്നതായും വ്യക്തമാവുന്നു.<br><br>12-ാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം (സ.ഉ.(എം.എസ്) നമ്പർ | പട്ടിജാതി വികസന ഓഫീസർ കൺവീനറായ പട്ടികജാതി/പട്ടിക വർഗ്ഗം വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ട്, വാർഡുസഭ, വികസന സെമിനാർ കൗൺസിൽ എന്നിവയിൽ നിന്നുള്ള നിർദ്ദേശങ്ങൾ, പദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ രേഖ എന്നിവ കൂടി അടിസ്ഥാനമാക്കിയാണ് പ്രൊജക്ടുകൾ തയ്യാറാക്കാറുള്ളതെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. അർഹത നിശ്ചയിച്ചുകൊണ്ടുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ എണ്ണത്തിൽ കുറവും, കൂടാതെ മതിയായ രേഖകൾ യഥാസമയം ബന്ധപ്പെട്ടവർക്ക് ഹാജരാക്കാൻ കഴിയാത്തതിനാലും പല പദ്ധതികളും പാതി വഴിയിൽ ഉപേക്ഷിക്കേണ്ടി വന്നിട്ടുള്ളത്. ഭാവിയിൽ ഇക്കാര്യത്തിൽ മതിയായ ശ്രദ്ധ ചെലുത്തിക്കൊണ്ട് മാത്രമേ പ്രൊജക്ടുകൾക്ക് രൂപം നൽകുകയുള്ളൂ. നഗരകാര്യ മേഖല ഓഫീസുകൾ നടത്തുന്ന പ്രതിമാസ അവലോകനയോഗങ്ങളിൽ ടി വിഷയങ്ങൾ ചർച്ച ചെയ്യുകയും മാർഗനിർദേശങ്ങൾ നൽകി വരികയും ചെയ്യുന്നു . |

362/2013/ത.സ്വ.ഭ.വ തീയതി 16/11/2013) എസ്.സി.പി/ടി.എസ്.പി പദ്ധതികൾ തയ്യാറാക്കേണ്ട രീതി വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയുടെ ഖണ്ഡിക 93(1) വ്യക്തമാക്കുന്നത് എസ്.സി./എസ്.റ്റി സമഗ്ര സർവ്വെയുടെ ഡാറ്റ അടിസ്ഥാനപ്പെടുത്തിയാവണം എന്ന് എസ്.സി.പി/ടി.എസ്.പി പദ്ധതികൾ തയ്യാറാക്കേണ്ടത് എന്നാണ്. കൂടാതെ എസ്.സി.പി/ടി.എസ്.പി മേഖലകളിൽ കുടുംബകേന്ദ്രീകൃത സമീപനത്തിലൂടെ ഒരോ കുടുംബത്തിന്റെയും സാമൂഹിക സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകണമെന്നും മാർഗ്ഗരേഖ നിർദ്ദേശിക്കുന്നു. ഇത് സാദ്ധ്യമാകണമെങ്കിൽ എസ്.സി/എസ്.റ്റി വിഭാഗത്തിലെ ഓരോ കുടുംബത്തിന്റെയും സാമൂഹിക സാമ്പത്തിക വിശദാംശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പക്കൽ ഉണ്ടാകേണ്ടതുണ്ട്. എന്നാൽ ഇത്തരം വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കില്ല. പട്ടിക ജാതി/പട്ടിക വർഗ്ഗ മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പല പദ്ധതികളിലും ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തതും പണം ചെലവഴിക്കാൻ കഴിയാത്തതും, ശരിയായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം

ലോക്കൽ ഫണ്ട് ഡയറക്ടറുടെ 2015-16 ലെ സമാഹൃത റിപ്പോർട്ടിൻ മേൽ ഖണ്ഡിക 3.7 പരാമർശത്തിൽ സ്വീകരിച്ച നടപടി വിശദീകരണ പത്രിക ( കൊല്ലം , ആലപ്പുഴ , കോട്ടയം , എറണാകുളം , ഇടുക്കി , തൃശ്ശൂർ , മലപ്പുറം , പാലക്കാട് കോഴിക്കോട് ജില്ലകൾ )

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൻ മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2015-16 | 3.7 | <u>പദ്ധതി നിർവ്വഹണ ധനവിനിയോഗ കാര്യക്ഷമത</u><br>വ്യക്തമായ ആസൂത്രണ കാഴ്ചപ്പാടും വിവരശേഖരണവും ഇല്ലാത്തതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന പദ്ധതികൾ പൂർണ്ണമായി നടപ്പാക്കാൻ കഴിയുന്നില്ല. കൂടാതെ പദ്ധതികൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുന്ന ഒട്ടേറെ സംഭവങ്ങളുണ്ട്. പൊതുവിഭാഗ വുമായി താരതമ്യം ചെയ്യുമ്പോൾ എസ്.സി/എസ്.റ്റി മേഖലകളിൽ ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ വീഴ്ച വരുന്നതായി വ്യക്തമാകുന്നു.<br>12-ാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ടിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം | നിലവിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും അവരവരുടെ പഞ്ചായത്തുകളിലെ എസ്.സി/ എസ്.റ്റി വിഭാഗങ്ങളുടെ സ്ഥിതി വിവര കണക്കുകളുടെ ഡേറ്റാ ലഭ്യമാണ്. എസ്.സി/എസ്.റ്റി പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് നിലവിലുള്ള കൃത്യമായ പദ്ധതിമാർഗ്ഗരേഖയുടെ നിർദ്ദേശാനുസരണ മാണ്. നിലവിൽ പട്ടികജാതി/പട്ടികവർഗ്ഗ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കുന്നതും പദ്ധതി രൂപീകരണ- നിർവ്വഹണ - മോണിറ്ററിംഗ് വരെയുള്ള എല്ലാ പ്രവർത്തനങ്ങളിലും സജീവമായും ഇടപെട്ടു വരുന്നു. ടി മേഖലയിലെ അടിസ്ഥാന പശ്ചാത്തല സൗകര്യ വികസന കാര്യങ്ങളിൽ ബ്ലോക്ക് |

(സ.ഉ(എം.എസ്) നം. 362/2013/തസ്വഭവ.തീയതി. 16.11.2013 ) എസ്.സി.പി/റ്റി.എസ്.പി പദ്ധതികൾ തയ്യാറാക്കേണ്ട രീതി വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയുടെ ഖണ്ഡിക 9.3 (I) വ്യക്തമാക്കുന്നത് എസ്.സി/എസ്.റ്റി സമഗ്ര സർവ്വേയുടെ ഡേറ്റാ അടിസ്ഥാനപ്പെടുത്തിയാകണം എസ്.സി.പി/റ്റി.എസ്.പി പദ്ധതികൾ തയ്യാറാക്കേണ്ടത്. കൂടാതെ എസ്.സി.പി/ റ്റി.എസ്.പി മേഖലകളിൽ കുടുംബകേന്ദ്രീകൃത സമീപനത്തിലൂടെ ഓരോ കുടുംബത്തിന്റെയും സാമൂഹ്യസാമ്പത്തിക വികസനത്തിന് ഊന്നൽ നൽകണമെന്നും മാർഗ്ഗരേഖ നിർദ്ദേശിക്കുന്നു. ഇത് സാധ്യമാകണമെങ്കിൽ എസ്.സി/ എസ്.റ്റി വിഭാഗത്തിന്റെ ഓരോ കുടുംബത്തിന്റെയും സാമൂഹ്യ സാമ്പത്തിക വിശദാംശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പക്കൽ ഉണ്ടാകേണ്ടതുണ്ട്.എന്നാൽ ഇത്തരം വിവരങ്ങൾതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കില്ല. പട്ടികജാതി/പട്ടിക വർഗ്ഗ മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പല പദ്ധതികളിലും ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തതും പണം ചെലവഴിക്കാൻ കഴിയാത്തതും ശരിയായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം നടക്കാത്തതിനാലാണ്.

പട്ടികജാതി വികസന ഓഫീസിൽ നിന്നുള്ള കൃത്യമായ ഡേറ്റാ ലഭിച്ചതിനു ശേഷമാണ് പദ്ധതികൾ തയ്യാറാക്കുന്നത്. കൂടാതെ എസ്.സി/എസ്.റ്റി പ്രമോട്ടർമാർ മുഖേന വിവരശേഖരണം നടത്തുകയും രേഖകൾ കാലികമാക്കി സൂക്ഷിച്ചു വരുകയും ചെയ്യുന്നു. ഓരോ കുടുംബത്തിന്റെയും സാമൂഹ്യസാമ്പത്തിക വികസനത്തിന് ഊന്നൽ നൽകി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി/ പട്ടിക വർഗ്ഗ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുന്നതും എസ്.സി/എസ്.റ്റി പദ്ധതികളുടെ ചെലവ് പുരോഗതി പ്രത്യേകം നിരീക്ഷിച്ചു വരുന്നതുമാണെന്ന വിവരം ബോധിപ്പിക്കുന്നു.

തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾ

| | | | |
|---|---|---|---|
| | 3.7 | <u>പദ്ധതി നിർവ്വഹണത്തെ ധനവിനിയോഗ കാര്യക്ഷമത</u><br><br>വ്യക്തമായ ആസൂത്രണ കാഴ്ചപ്പാടും വിവരശേഖരണവും ഇല്ലാത്തതിനാൽ പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ പൂർണ്ണമായും നടപ്പാക്കാൻ കഴിയുന്നില്ല. കൂടാതെ പദ്ധതികൾ പാതി വഴിയിൽ ഉപേക്ഷിക്കപ്പെടുന്ന ഒട്ടേറെ സംഭവങ്ങളുണ്ട് പൊതുവിഭാഗവുമായി താരതമ്യം ചെയ്യുമ്പോൾ എസ്.സി/ എസ്.ടി മേഖലയിൽ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തുന്നതായും വ്യക്തമാവുന്നു.<br><br>12-ാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്ക്കരിച്ച മാർഗ്ഗരേഖ പ്രകാരം എസ്.സി.പി/ടി എസ് പി പദ്ധതികൾ തയ്യാറാക്കേണ്ട രീതി വ്യക്താമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയുടെ ഖണ്ഡിക 9.3(1) വ്യക്തമാക്കുന്നത് എസ്.സിഎസ്. റ്റി സമഗ്ര സർവ്വെയുടെ ഡാറ്റ അടിസ്ഥാനപ്പെടുത്തിയാവണം എസ്. സി.പി/ടി. എസ്.പി പദ്ധതികൾ തയ്യാറാക്കേണ്ടത് എന്നാണ്. കൂടാതെ എസ്.സി.പി/ടി എസ് പി മേഖലകളിൽ കുടുംബ കേന്ദ്രീകൃത സമീപനങ്ങളിലൂടെ ഓരോ കുടുംബത്തിന്റെയും സാമൂഹിക സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകണമെന്നും മാർഗ്ഗരേഖ നിർദ്ദേശിക്കുന്നു. ഇത് സാദ്ധ്യമാകണമെങ്കിൽ എസ്.സി.പി/ടി എസ് പി വിഭാഗങ്ങളിലെ ഓരോ കുടുംബത്തിന്റെയും സാമൂഹിക സാമ്പത്തിക വിശദാംശങ്ങൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പക്കൽ ഉണ്ടാകേണ്ടതുണ്ട്. എന്നാൽ ഇത്തരം വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കില്ല. പട്ടിക ജാതി/ പട്ടിക വർഗ്ഗ മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പല പദ്ധതികളിലും ഗുണഭോക്താക്കളെ | |

| | | | |
|---|---|---|---|
| | | കണ്ടെത്താൻ കഴിയാത്തതും പണം ചെലവഴിക്കാൻ കഴിയാത്തതും ശരിയായ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം നടക്കാത്തതിനാലാണ്. ഇവയിൽ പ്രധാനപ്പെട്ടവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. | |
| <u>തിരുനെല്ലി ഗ്രാമപഞ്ചായത്ത്</u> | 3.7.1 | <u>**ഭൂമി വാങ്ങൽ , ഭവന നിർമ്മാണം**</u><br><br><u>തിരുനെല്ലി ഗ്രാമപഞ്ചായത്ത്</u><br>തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ ഭൂരഹിതരായ ധാരാളം പട്ടികവർഗ്ഗക്കാർ വിവിധ കോളനികളിലായി കഴിയുന്നു. അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ 242 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയില്ല. വൈത്തിരി ഗ്രാമപഞ്ചായത്തിലെ 6 പട്ടിക ജാതിക്കാർക്ക് ഭൂമി വാങ്ങാൻ സബ്സിഡി നല്കിയിട്ടുണ്ട് ഇതൊഴിച്ചാൽ ഗ്രാമപഞ്ചായത്ത് സ്ഥലം വാങ്ങി നൽകുന്ന പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. | <u>തിരുനെല്ലി ഗ്രാമപഞ്ചായത്ത്</u><br><br>വയനാട് ജില്ലയിൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗകുടുംബങ്ങൾ താമസിക്കുന്ന പഞ്ചായത്താണ് തിരുനെല്ലി. 2014-15 വർഷത്തിൽ ഐ.എ.വൈ പദ്ധതി പ്രകാരം 169 കുടുംബങ്ങൾക്കും പഞ്ചായത്തിന്റെ ടി എസ് പി ഫണ്ടിൽ ഉൾപ്പെടുത്തി 124 കുടുംബങ്ങൾക്കും ഭവനം നൽകിയിട്ടുണ്ട്. 2015-16 വർഷത്തിൽ ഐ എ വൈ പദ്ധതി പ്രകാരവും പഞ്ചായത്തിന്റെ ടി എസ് പി ഫണ്ട് പ്രകാരവും 216 കുടുംബങ്ങൾക്കും ഭവനം നൽകിയിട്ടുണ്ട് 2016-17 വർഷത്തിൽ ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ ഫണ്ടുപയോഗിച്ച് 545 കുടുംബങ്ങൾക്കും വീട് അനുവദിച്ചിട്ടുണ്ട്. എന്നാൽ കൂട്ടുകുടുംബങ്ങളിൽ താമസിക്കുന്നവർക്ക് സ്ഥലമില്ല എന്നത് യാഥാർത്ഥ്യമാണ്.. സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമിയും വീടും അനുവദിക്കുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട് സർവ്വേയിൽ നിന്നും 621 കുടുംബങ്ങളെയാണ് കണ്ടെത്തിയത് അടുത്ത<br><br>രണ്ട് വർഷത്തിനുള്ളിൽ പഞ്ചായത്ത് വിഹിതവും ലൈഫ് പദ്ധതിയുമായി ലിങ്ക് ചെയ്ത് കൊണ്ട് എല്ലാവർക്കും ഭവനം നൽകുന്ന നടപടി സ്വീകരിക്കുന്നതാണ്.<br><br><u>അമ്പലവയൽ ഗ്രാമപഞ്ചായത്ത്</u><br><br>കേരളാ സർക്കാ രിന്റെ സമ്പൂർണ്ണ പാർപ്പിട |

| | | | | |
|---|---|---|---|---|
| | | | | പദ്ധ തി യായ ലൈഫിൽ പ്രസ്തുത കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഗ്രാപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| | <u>ആറന്മുള ഗ്രാമപഞ്ചായത്ത്</u> | | പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിൽ 192 പേർ തകരഷീറ്റ് പ്ലാസ്റ്റിക് എന്നിവ കൊണ്ടുള്ള മേൽക്കൂരയുള്ള വീടുകളിലാണ് താമസിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഐ.എ.വൈ ഭവനപദ്ധതി മാത്രമാണ് നടപ്പാക്കിവരുന്നത്. | <u>ആറന്മുള ഗ്രാമപഞ്ചായത്ത്</u><br>ആറന്മുള ഗ്രാമപഞ്ചായത്തിൽ 2012-13 മുതൽ 2016-17 വരെ എസ്.സി വിഭാഗത്തിന് 183 വീടുകൾ നിർമ്മിക്കുന്നതിനും 236 വീട് അറ്റകുറ്റപ്പണി ചെയ്യുന്നതിനും ധനസഹായം നൽകിയിട്ടുണ്ട്. ലൈഫ് പദ്ധതി പ്രകാരം സർവ്വേ നടത്തിയതിൽ പഞ്ചായത്തിലാകെ 280 ഭൂരഹിതരെയും 743 ഭവനരഹിതരെയും കണ്ടെത്തിയിട്ടുണ്ട് ഇവർക്കെല്ലാം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. |
| | <u>പട്ടണക്കാട് ഗ്രാമപഞ്ചായത്ത്</u> | | <u>പട്ടണക്കാട് ഗ്രാമപഞ്ചായത്ത്</u><br>ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ വിവിധ പട്ടികജാതി കോളനികളിലായി 17 കുടുംബങ്ങൾക്കും പട്ടിക വർഗ്ഗ കോളനികളിൽ 2 കുടുംബങ്ങൾക്കും പട്ടിക ജാതി സങ്കേതങ്ങളിൽ 9 കുടുംബങ്ങൾക്കും വാസയോഗ്യമായ വീടുകളില്ല. പാറയിൽഭാഗം കോളനിയിൽ ആകെയുള്ള 11 കുടുംബങ്ങളിൽ 7 എണ്ണത്തിനും താൽകാലിക ഷെഡ്ഡുകൾ മാത്രമാണുള്ളത്. | <u>പട്ടണക്കാട് ഗ്രാമപഞ്ചായത്ത്</u><br>2016-17 ലെ 110/2016 നമ്പരായി എസ്.സി വീട് പുനരുദ്ധാരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 8 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ 32 പേർ 10000 രൂപ അഡ്വാൻസ് കൈപ്പറ്റി വീട് അറ്റകുറ്റപണി ആരംഭിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ കോളനിയിൽ ഒരു കുടുംബത്തിന്റെ വീട് നിർമ്മാണം ഐ.എ.വൈ.സ്കീമിൽ ആരംഭിച്ചിട്ടുണ്ട്. ഒരു കുടുംബത്തിലെ ഒരെയൊരു താമസക്കാരിയായ കുടുംബനാഥ മരിച്ചു. ടിയാൾക്ക് അനന്തരാവകാശികൾ ഇല്ല. താൽക്കാലിക ഷെഡ്ഡിൽ താമസക്കാരായ 6 കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവന നിർമ്മാണം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഒരു കുടുംബത്തിന് പി.എം.എ.വൈ പദ്ധതിയിൽ 3 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | വിനിയോഗിച്ചുള്ള വീട് നിർമ്മാണത്തിന് അഡ്വാൻസ് തുക 40000 രൂപ നൽകിയിട്ടുണ്ട്. |
| <u>മീനങ്ങാടി ഗ്രാമപഞ്ചായത്ത്</u> | | <u>മീനങ്ങാടി ഗ്രാമപഞ്ചായത്ത്</u><br>വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ 2010-11-ൽ പട്ടികവർഗ്ഗക്കാർക്കായി ആരംഭിച്ച ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയിൽ 80 ഗുണഭോക്താക്കൾ ഉണ്ടായിരുന്നുവെങ്കിലും നാളിതുവരെ 33 വീടുകൾ മാത്രമാണ് പൂർത്തീകരിച്ചത്. പദ്ധതിയ്ക്കായി 75,58,750/- രൂപ ചെലവഴിച്ചിട്ടുണ്ട്. | <u>മീനങ്ങാടി ഗ്രാമപഞ്ചായത്ത്</u><br>2010-11 വർഷത്തിൽ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ നിന്നും പട്ടികവർഗ്ഗക്കാരായ 80 പേരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളതും അതിൽ 3 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതും അവർക്ക് ഭവന നിർമ്മാണ ഗ്രാന്റ് അനുവദിച്ചിട്ടില്ലാത്തതുമാണ്. ശേഷിക്കുന്ന 77 ഗുണഭോക്താക്കളിൽ ഇതുവരെ നിർമ്മാണം പൂർത്തീകരിച്ച 34 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ഗ്രാന്റ് ഇനത്തിൽ 1,25,000/- രൂപ വീതം അനുവദിച്ചിട്ടുള്ളതുമാണ്. ശേഷിക്കുന്ന 43 ഗുണഭോക്താക്കളിൽ 3 ഗുണഭോക്താക്കൾ നിലവിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 40 ഗുണഭോക്താക്കളിൽ 8 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു ധനസഹായവും 12 ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു ധനസഹായവും 20 ഗുണഭോക്താക്കൾക്ക് മൂന്നാം ഗഡു ധനസഹായവും അനുവദിച്ചിട്ടുള്ളതും ആയത് നിർമ്മാണത്തിന്റെ വിവിധ ഘട്ടത്തിലുമാണ്.<br><br>ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ടി ഗുണഭോക്താക്കൾക്ക് ഈ നിരക്കിൽ നിലവിലെ സാഹചര്യത്തിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. 2010-11 വർഷത്തിൽ 1,25,000/- രൂപയായിരുന്നു ടി പദ്ധതി പ്രകാരം |

| | | | | |
|---|---|---|---|---|
| | മീനങ്ങാടി ഗ്രാമപഞ്ചായത്ത് | | **മീനങ്ങാടി ഗ്രാമപഞ്ചായത്ത്**<br>വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ 2010-11-ൽ പട്ടികവർഗ്ഗക്കാർക്കായി ആരംഭിച്ച ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയിൽ 80 ഗുണഭോക്താക്കൾ ഉണ്ടായിരുന്നുവെങ്കിലും നാളിതുവരെ 33 വീടുകൾ മാത്രമാണ് പൂർത്തീകരിച്ചത്. പദ്ധതിയ്ക്കായി 75,58,750/- രൂപ ചെലവഴിച്ചിട്ടുണ്ട്. | വിനിയോഗിച്ചുള്ള വീട് നിർമ്മാണത്തിന് അഡ്വാൻസ് തുക 48000 രൂപ നൽകിയിട്ടുണ്ട്.<br><br>**മീനങ്ങാടി ഗ്രാമപഞ്ചായത്ത്**<br>2010-11 വർഷത്തിൽ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ നിന്നും പട്ടികവർഗ്ഗക്കാരായ 80 പേരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളതും അതിൽ 3 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതും അവർക്ക് ഭവന നിർമ്മാണ ഗ്രാന്റ് അനുവദിച്ചിട്ടില്ലാത്തതുമാണ്. ശേഷിക്കുന്ന 77 ഗുണഭോക്താക്കളിൽ ഇതുവരെ നിർമ്മാണം പൂർത്തീകരിച്ച 34 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ഗ്രാന്റ് ഇനത്തിൽ 1,25,000/- രൂപ വീതം അനുവദിച്ചിട്ടുള്ളതുമാണ്. ശേഷിക്കുന്ന 43 ഗുണഭോക്താക്കളിൽ 3 ഗുണഭോക്താക്കൾ നിലവിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 40 ഗുണഭോക്താക്കളിൽ 8 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു ധനസഹായവും 12 ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു ധനസഹായവും 20 ഗുണഭോക്താക്കൾക്ക് മൂന്നാം ഗഡു ധനസഹായവും അനുവദിച്ചിട്ടുള്ളതും ആയത് നിർമ്മാണത്തിന്റെ വിവിധ ഘട്ടത്തിലുമാണ്.<br><br>ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ടി ഗുണഭോക്താക്കൾക്ക് ഈ നിരക്കിൽ നിലവിലെ സാഹചര്യത്തിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. 2010-11 വർഷത്തിൽ 1,25,000/- രൂപയായിരുന്നു ടി പദ്ധതി പ്രകാരം |

ഭവന നിർമ്മാണ ധനസഹായം അനുവദിച്ചത്. എന്നാൽ 2011-12 വർഷത്തിൽ പട്ടികവർഗ്ഗ വകുപ്പിന്റെയും ഭവന നിർമ്മാണ ധനസഹായം 2,50,000/- രൂപയായും 2015-16 വർഷത്തിൽ ഭവന നിർമ്മാണ ധനസഹായം 3,50,000/- രൂപയായും വർദ്ധിപ്പിച്ചിരുന്നു. ഈ പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണ ഗ്രാന്റ് തുക വർദ്ധിപ്പിക്കാത്ത സാഹചര്യത്തിൽ ടി ഗുണഭോക്താക്കൾക്ക് കെട്ടിട നിർമ്മാണ സാധന സാമഗ്രികളുടെ വില വർദ്ധനവും കൂലിയിലുള്ള വർദ്ധനവും കാരണവും നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ആയതിനാലാണ് ടി പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം ഇതുവരെ പൂർത്തീകരിക്കാൻ കഴിയാത്തതെന്ന വിവരം ബോധിപ്പിക്കുന്നു.

| | |
|---|---|
| ആകെ ഭവന നിർമ്മാണ ഗുണഭോക്താക്കൾ | 80 |
| ഭവന നിർമ്മാണം ആരംഭിക്കാത്തവർ | 3 |
| ഭവന നിർമ്മാണം പൂർത്തീകരിച്ച തുക അനുവദിച്ചവർ | 34 |
| ബാക്കി | 43 |
| പൂർത്തിയാക്കിയവർ | 3 |
| ഒന്നാം ഗഡു അനുവദിച്ചവർ | 8 |
| രണ്ടാം ഗഡു അനുവദിച്ചവർ | 12 |
| മൂന്നാം ഗഡു അനുവദിച്ചവർ | 20 |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2015-16 സമാഹൃത റിപ്പോർട്ടിന്മേൽ കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക (Action Taken Report)

| ക്രമ നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ. | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2015-16 | 3.7.1 | **ഭൂമി വാങ്ങൽ, ഭവനനിർമ്മാണം**<br><br>കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ 1359 എസ്.സി കുടുംബങ്ങളിൽ 75 എണ്ണവും, 210 എസ്.ടി കുടുംബങ്ങളിൽ 4 എണ്ണവും ഭൂരഹിതരാണ്. എന്നാൽ 2012-13 മുതൽ 2014-15 വരെയുള്ള കാലയളവിൽ ഭൂമി നൽകാനുള്ള പദ്ധതികളൊന്നും ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടില്ല.<br><br>കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ 1359 എസ്.സി കുടുംബങ്ങളിൽ 40 പേർ ഭവനരഹിതരാണ്. എന്നാൽ ഭവന പദ്ധതികൾ നടപ്പാക്കുന്നതിൽ ഗ്രാമപഞ്ചായത്തിൽ കാര്യമായ പുരോഗതിയില്ല. | **ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്**<br>മലയോര ഗ്രാമപഞ്ചായത്താണ് ആര്യങ്കാവ്. ആകെ 194.ച.മീ ഭൂവിസ്തൃതിയിൽ ഭൂരിഭാഗവും വനം ഭൂമിയും, ദേശീയ പാതാ പുറമ്പോക്കും, റെയിൽവേ പുറമ്പോക്കും, ഹാരിസൺ മലയാളം, ട്രാവൻകൂർ റബ്ബർ & ടി കമ്പനി ഉടമസ്ഥതയിലുള്ള എസ്റ്റേറ്റ് ഭൂമിയാണ്. പട്ടയ ഭൂമി നന്നേ കുറവായ ഗ്രാമപഞ്ചായത്തിൽ സ്വകാര്യ ഭൂമി ലഭിക്കാനുള്ള ബുദ്ധിമുട്ടുകൾ കൊണ്ടാണ് ഭൂമി വാങ്ങൽ പ്രോജക്ടുകൾ ഏറ്റെടുക്കാതിരുന്നത്. ഭൂമിയുടെ ലഭ്യത ഇല്ലായ്മ മൂലം പൊതു സ്ഥാപനങ്ങളായ ആയുർവേദ ആശുപത്രി, അംഗനവാടികൾ എന്നിവ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്നു. നിരവധി തവണ പരസ്യം ചെയ്തിട്ടും ഭൂമി ലഭിക്കുകയുണ്ടായിട്ടില്ല. എന്നിരുന്നാലും 2017-18 വാർഷിക പദ്ധതിയിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂരഹിത-ഭവന രഹിത പട്ടികജാതി വിഭാഗത്തിന് ഭൂമിയും വീടും ലഭിക്കുന്നതിനായി 2200000/- രൂപ വകയിരുത്തിയിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതി നിർദ്ദേശങ്ങൾക്ക് അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ആര്യങ്കാവ് ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായി 2012-13 വർഷം 17 പേർക്കും 13-14 വർഷം 30 പേർക്കും, 14-15 വർഷം 17 പേർക്കും ധനസഹായം നൽകി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 2017-18 വർഷം ഭവന നിർമ്മാണത്തിനായി 2300000/- രൂപ വകയിരുത്തുകയും തുടർവർഷങ്ങളിലെ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ടി വിഭാഗങ്ങൾക്ക് |

| | | | |
|---|---|---|---|
| | | നടക്കാത്തതിനാലാണ്. | |
| 3 | 3.7.1 | *ഭൂമി വാങ്ങൽ, ഭവന നിർമ്മാണം:*<br><br>ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി പ്രകാരം പട്ടികജാതി കുടുംബങ്ങൾ വീട് വെക്കുവാനായി കൊല്ലം കോർപ്പറേഷനിൽ വാങ്ങിയ ഭൂമികളിൽ ഏറെയും അതിന് അനുയോജ്യമല്ലാത്തവയും വഴിയും കുടിവെള്ള സൗകര്യവും ഇല്ലാത്തതുമാണ്. മേൽ പദ്ധതി പ്രകാരം ആദിച്ചനല്ലൂർ വില്ലേജിൽ- 17 പട്ടികജാതി കുടംബങ്ങൾക്കുമായി വാങ്ങിയ 46.75 സെന്റ് സ്ഥലം പാരിസ്ഥിതിക ദുർബല പ്രദേശമാണ്. ഇരവിപുരം വില്ലേജിൽ 11 പട്ടികജാതി കുടുംബങ്ങൾക്കായി വാങ്ങിയ 22 സെന്റ് സ്ഥലം മങ്ങാട് വില്ലേജിൽ 7 പട്ടികജാതി കുടുംബങ്ങൾക്ക് വാങ്ങിയ 14 സെന്റ് സ്ഥലം എന്നിവ നിലങ്ങളാണ്. മേൽ കാരണങ്ങളാൽ ഈ സ്ഥലങ്ങളിൽ ഭവന നിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനുമതി ലഭിക്കാത്ത സാഹചര്യമാണ് ഉള്ളത്. വസ്തു സംബന്ധമായ വ്യവഹാരങ്ങളിൽ വേണ്ടത്ര പരിജ്ഞാനം ഇല്ലാത്ത പട്ടികജാതിക്കാർ | <u>കൊല്ലം</u><br><br>ഇ.എം.എസ് ഭൂരഹിത/ഭവന രഹിത പദ്ധതി പ്രകാരം കൊല്ലം കപ്പലണ്ടിമുക്ക് കോളനിയിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽ ചക്കിലിയ സമുദായത്തിൽപ്പെട്ട 17 കുടുംബങ്ങൾക്ക് വാസ യോഗ്യമല്ലാത്ത ഭൂമി നൽകി കബിളിപ്പിച്ച ശ്രീ.നവാസുദ്ദീനോട് ഭൂമിയുടെ വിലയായി കൈപ്പറ്റിയ തുകയും 18% നാളിതുവരെയുള്ള പലിശ സഹിതം തിരികെ ഒടുക്കണമെന്നു അറിയിച്ചു കൊണ്ട് രജിസ്റ്റേർഡ് കത്ത് വഴി അറിയിപ്പ് നൽകിയിരുന്നു.<br><br>ശ്രീ.നവാസുദ്ദീൻ ഭൂമി നൽകിയ ഇനത്തിൽ കൈപ്പറ്റിയ തുകയും പലിശയും സഹിതം തിരികെ ഒടുക്കുന്നതിനായി പട്ടികജാതി വികസന ഡയറക്ടറുടെ 20.12.2016 തീയതിയിലെ 2451/15 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ റിക്വിസിഷൻ നമ്പർ 6361/02/18 തീയതി 17.09.18 പ്രകാരം ബഹു.ജില്ലാ കളക്ടർ മുഖാന്തരം റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിരുന്നു. എന്നാൽ ടിയാൻ WP(C)No.38612/18 പ്രകാരം ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കോടതി താൽക്കാലികമായി റവന്യൂ റിക്കവറി നടപടി സ്റ്റേ ചെയ്തിരിക്കുകയാണെന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br><br>ശ്രീ.നവാസുദ്ദീനെതിരെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമ നിവാരണ നിയമ പ്രകാരം കേസെടുക്കുന്നതിനു വേണ്ടി ജില്ലാ പോലീസ് മേധാവിക്ക് SCDOKCNO-992/16 നമ്പർ പ്രകാരം 19/01/2017 ൽ കത്തും 15/07/2017,04/06/2018 എന്നീ തീയതികളിൽ ഓർമ്മക്കുറിപ്പും അയച്ചിരുന്നു ജില്ലാ പോലീസ് മേധാവിയുടെ 14/08/2018 തീയതിയിലെ ദ3(c)-33559/2018ഠc നമ്പർ കത്തു് പ്രകാരം പരാതിയുടെയും കണ്ണുകളുടെയും പകർപ്പുകൾ അയച്ചുകൊടുക്കുകയും 25/09/2018 ൽ വീണ്ടും ഓർമ്മക്കുറിപ്പ് അയക്കുകയും |

| | | | |
|---|---|---|---|
| | | വാങ്ങുന്ന ഭൂമി ഭവന നിർമ്മാണത്തിന് അനുയോജ്യമാണോ എന്ന് ഉറപ്പാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. മേൽ പദ്ധതിക്ക് അനുയോജ്യമല്ലാത്ത ഭൂമി വാങ്ങാൻ ഇടയായത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.<br><br>തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങാൻ 2013-14 ൽ 130 പേർക്കും, 2014-15 ൽ 43 പേർക്കും യഥാക്രമം 3.90 കോടി രൂപ, 1.29 കോടി എന്നിങ്ങനെ തുകകൾ ചെലവഴിച്ചിട്ടുണ്ട്. ഇത്തരത്തിൽ വാങ്ങിയ ഭൂമികൾ ഓഡിറ്റ് സംഘം നേരിട്ട് പരിശോധിച്ചു. മിക്ക ഭൂമികളും പാടശേഖരങ്ങളോട് ചേർന്നുള്ള താഴ്ന്ന പ്രദേശങ്ങളിൽ ഉള്ളതും, ഭവനനിർമ്മാണം നടത്താൻ കഴിയാത്തവയുമാണ്. പദ്ധതി പ്രകാരം വാങ്ങിയ ഭൂമികളിലെ കുടിവെള്ള ലഭ്യത, വെള്ളക്കെട്ട്, വഴി സൗകര്യം എന്നിവ സംബന്ധിച്ചുള്ള മുൻപരിശോധനകൾ ഒന്നുംതന്നെ നഗരസഭ നടത്തിയിട്ടില്ല.<br><br>നഗരസഭ വാങ്ങിയ നൽകിയ സ്ഥലങ്ങളിൽ പരിശോധന നടത്തിയതിൽ നിന്നും | ചെയ്തിട്ടുള്ളതാണ്<br><br>മങ്ങാട് വില്ലേജിൽ വാങ്ങിയ ഭൂമിയിൽ ഭവന നിർമ്മാണത്തിന് അനുമതി ലഭിക്കും എന്ന നിഗമനത്തിലും പ്രമാണത്തിൽ കരപുരയിടം എന്ന് രേഖപ്പെടുത്തിയതിനാലും പാരിസ്ഥിതിക ദുർബ്ബല പ്രദേശം അല്ലാത്തതിനാലുമാണ് ടി ഭൂമി വാങ്ങുവാൻ അനുമതി നൽകിയത്,<br><br>ഇരവിപുരം വില്ലേജിൽ ഗുണഭോക്താക്കൾ സ്വന്തം താൽപര്യ പ്രകാരം കണ്ടു ഇഷ്ടപ്പെടുകയും പ്രമാണത്തിൽ കരപുരയിടം എന്ന് രേഖപ്പെടുത്തുകയും അടുത്ത സ്ഥലങ്ങളിൽ ഭവന നിർമ്മാണത്തിന് അനുമതി ലഭിക്കുകയും അടുത്ത് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുകയും പാരിസ്ഥിതിക ദുർബ്ബല പ്രദേശം അല്ലാത്തതിനാലുമാണ് ടി ഭൂമി വാങ്ങുവാൻ അനുമതി നൽകിയത്. മേലിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണ്.<br><br><u>തൃശൂർകോർപ്പറേഷൻ</u> തൃശ്ശൂർ കോർപ്പറേഷന്റെ വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങൽ പദ്ധതി 2013–2014 വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2013–2014 വർഷത്തിൽ 130 പേർക്കും 2014–2015 വർഷത്തിൽ 43 പേർക്കും ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 1, 2 ഘട്ടങ്ങളിലായി 488 പട്ടികജാതി വിഭാഗക്കാർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br><br>പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012–2017) സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് സർക്കാരിന്റെ മാർഗ്ഗരേഖ- സ.ഉ (എം.എസ്) നമ്പർ 362/13 തസ്വഭവ തിരുവനന്തപുരം തീയതി 16.11.2013 അനുസരിച്ചാണ് ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ആയത് പ്രകാരം വീടിന് സ്ഥലം (ഗുണഭോക്താക്കൾ സ്ഥലം സ്വയം കണ്ടെത്തി) സ്വയം വാങ്ങൽ രീതിയാണ് അവലംബിച്ചിട്ടുള്ളത്. ആയത് മാർഗ്ഗരേഖയിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ തങ്ങളുടെ വീട് |

| | | | |
|---|---|---|---|
| | | ഗുണഭോക്താക്കളാരും അവിടെ ഭവന നിർമ്മാണം നടത്തിയിട്ടില്ല എന്ന വ്യക്തമായി. പല സ്ഥലങ്ങളും വെള്ളം നിറഞ്ഞുകിടക്കുന്ന പാടങ്ങളോ, താഴ്ന്ന പ്രദേശങ്ങളോ ആയതിനാൽ ഗുണഭോക്താക്കൾക്ക് അവരുടെ ഭൂമി കൃത്യമായി ചൂണ്ടിക്കാട്ടുവാൻ പോലും കഴിഞ്ഞില്ല. | പണിയുന്നതിന് അനുയോജ്യമായ ഭൂമി സ്വയം കണ്ടെത്തുകയാണ് ചെയ്യുന്നത്. അവർ കണ്ടെത്തിയ സ്ഥലം അവരുടെ പേരിൽ രജിസ്റ്റർ ചെയ്യുമ്പോൾ വിറ്റ ആളിന് ആധാരത്തിൽ രേഖപ്പെടുത്തിയ തുകയോ സബ്സിഡി തുകയോ ഏതാണ് കുറവ് എങ്കിൽ ആയത് അനുവദിക്കുകയാണ് ചെയ്യുന്നത്. ഗുണഭോക്താക്കൾ സ്വയം കണ്ടെത്തിയ സ്ഥലങ്ങൾ ഭവന നിർമ്മാണത്തിന് അനുയോജ്യമാണോ എന്നും കുടിവെള്ള ലഭ്യത, വെള്ളക്കെട്ട് വഴി സൗകര്യം തുടങ്ങിയവ സംബന്ധിച്ച് പരിശോധന നടത്തുന്നതിനും മാർഗ്ഗരേഖയിൽ നിർദ്ദേശം ഉണ്ടായിരുന്നില്ല. നിലവിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഗുണഭോക്താക്കൾ കണ്ടെത്തുന്ന ഭൂമി എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് ഭവന നിർമ്മാണത്തിന് അനുയോജ്യമാണെന്നുള്ള റിപ്പോർട്ട് ലഭിച്ചതിനു ശേഷം മാത്രമേ ആനുകൂല്യം അനുവദിക്കുന്നുള്ളൂ എന്ന വിവരം അറിയിച്ചു കൊള്ളുന്നു. ഭൂമി വാങ്ങുന്നതിന് നഗരസഭ നേരിട്ട് സ്ഥലം വാങ്ങി നൽകുന്ന പദ്ധതികൾ ഒന്നും തന്നെ ഈ കാലയളവിൽ നഗരസഭ ഏറ്റെടുത്ത് നടത്തിയിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. സർക്കാർ ഉത്തരവുകൾക്കും മാനദണ്ഡങ്ങൾക്കും വിരുദ്ധമായി ഒന്നും തന്നെ പ്രവർത്തിച്ചിട്ടില്ല എന്ന് അറിയിക്കുന്നു.<br><br>2013–14, 2014–15 വർഷങ്ങളിൽ പട്ടികജാതി വിഭാഗക്കാർക്കായുള്ള സ്ഥലം വാങ്ങൽ പദ്ധതി പ്രകാരം 173 പേർക്ക് സ്ഥലം വാങ്ങുന്നതിനുള്ള ധനസഹായം നൽകിയിട്ടുണ്ട്. ടി 173 ഗുണഭോക്താക്കളും ഭൂമി വാങ്ങിയിട്ടുള്ളതിനാൽ അനുവദിച്ച തുക പാഴ്ചെലവായിട്ടില്ല. ഭൂമി വാങ്ങലും ഭവനനിർമ്മാണവും രണ്ട് പദ്ധതികളായാണ് രൂപീകരിച്ചിട്ടുള്ളത്. ആയതിനാൽ രണ്ടിനും പ്രത്യേകം പ്രത്യേകം ഗുണഭോക്തൃ ലിസ്റ്റുകളാണ് ഡിവിഷൻ സഭ മുഖേന തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. ഭവന നിർമ്മാണത്തിനുള്ള പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് മാത്രമേ ടി പദ്ധതി പ്രകാരം ധനസഹായം നൽകുവാൻ സാധിക്കുകയുള്ളൂ. പല ഗുണഭോക്താക്കളും കോർപ്പറേഷൻ പരിധിയിൽ ഭൂമി ലഭ്യമല്ലാത്തതിനാൽ കോർപ്പറേഷന് പുറത്താണ് സ്ഥലം വാങ്ങിയിട്ടുള്ളത്. അങ്ങനെയുള്ള ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം |

നൽകുന്നതിന് സാധിക്കുകയില്ല . എന്നാൽ ജനകീയാസൂത്രണം, പി.എം.എ.വൈ, പട്ടികജാതി വകുപ്പ് എന്നിവയിലൂടെ മേൽ പദ്ധതിയിൽ ഉൾപ്പെട്ട 40 പേർ ഭവനനിർമ്മാണം നടത്തിയിട്ടുള്ളതാണ്. അവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | മേൽവിലാസം | ഡിവിഷൻ | പദ്ധതി |
|---|---|---|---|---|
| 1 | ശ്രീജ കെ.ര | പെരിഞ്ചേരി ഹൗസ്,കുർക്കഞ്ചേരി | 32 | 2014-15 ജനകീയാസൂത്രണം |
| 2 | ലിജ കൃഷ്ണൻ | പുളിയക്കോട്ടിൽ ഹൗസ്, നെടുപുഴ | 44 | 2014-15 ജനകീയാസൂത്രണം |
| 3 | സുഭദ്ര രാധാകൃഷ്ണൻ | പാറക്കൽ ഹൗസ്, പൂങ്കുന്നം | 3 | 2015-16 ജനകീയാസൂത്രണം |
| 4 | സംഗീത സുരേന്ദ്രൻ | കുന്നത്ത് ഹൗസ്, ചെറമുക്ക്, ചെമ്പുക്കാവ് | 3 | 2015-16 ജനകീയാസൂത്രണം |
| 5 | കുഞ്ഞുമോൾ [illegible] | വാകയിൽ ഹൗസ്, മൈലിപ്പാടം | 12 | 2014-15 ജനകീയാസൂത്രണം |
| 6 | അമ്മിണി ശങ്കരൻ | അടരി ഹൗസ്, നെടുപ്പുഴ | 43 | 2014-15 ജനകീയാസൂത്രണം |
| 7 | കമല | തെക്കെയിൽ ഹൗസ്, | 43 | 2014-15 ജനകീയാസൂത്രണം |

| | | | | |
|---|---|---|---|---|
| | | കണിമംഗലം | | |
| 8 | സതീഷൻ | ആറുതല ഹൗസ്, കുറ്റുമുക്ക് | 8 | 2014-15 ജനകീയാസൂത്രണം |
| 9 | സുഭദ്ര | കുന്നംപ്പിള്ളി ഹൗസ്, തൃക്കുമാരകുടം, അയ്യന്തോൾ | 52 | 2015-16 ജനകീയാസൂത്രണം |
| 10 | ഷൺമുഖൻ | വാഴവളപ്പിൽ ഹൗസ്, ചേറ്റുപ്പുഴ | 49 | 2015-16 ജനകീയാസൂത്രണം |
| 11 | സുരേഷ് | കുട്ടാല ഹൗസ്, മണ്ണുത്തി | 18 | 2014-15 ജനകീയാസൂത്രണം |
| 12 | പ്രസാദ് | പള്ളിയിൽ ഹൗസ്, കണിമംഗലം | 42 | 2014-15 ജനകീയാസൂത്രണം |
| 13 | വിനോദ് | കിഴക്കുമുറി ഹൗസ്, നെടുപ്പുഴ | 44 | 2015-16 ജനകീയാസൂത്രണം |
| 14 | ഷീന സുരപരമേശ്വരൻ | മഞ്ഞാട്ട് ഹൗസ്, കാച്ചേരി | 21 | 2014-2015 ജനകീയാസൂത്രണം |
| 15 | രമ | പിച്ചാംപുള്ളി ഹൗസ്, വടൂക്കര | 40 | 2015-2016ജനകീയാസൂത്രണം |
| 16 | മനു | കൊട്ടിപ്പറമ്പിൽഹൗസ് ലാലൂർ, | 60 | 2014-2015 ജനകീയാസൂത്രണം |

| | | | | |
|---|---|---|---|---|
| | | എൽത്തുരുത്ത് | | |
| 17 | പത്മിനി | മഠത്ത ഹൗസ്, എച്ച്.എൻ.സി, നെടുപുഴ | 43 | 2015-2016ജനകീയാസൂത്രണം |
| 18 | വിനോദ് | ചിറ്റു ഹൗസ്, നെടുപുഴ | 44 | 2014-2015 ജനകീയാസൂത്രണം |
| 19 | സുമൻ | കുർക്കപ്പറമ്പിൽ ഹൗസ്, അരണാട്ടുകര | 26 | 2015-2016 ജനകീയാസൂത്രണം |
| 20 | രാജീവ് | കണിയത്ത് ഹൗസ്, പാടുക്കാട്, വിയ്യൂർ | 4 | 2014-2015 ജനകീയാസൂത്രണം |
| 21 | ലീല | ഇടപ്പിള്ളി ഹൗസ്, പൂങ്കുന്നം | 49 | 2014-2015 ജനകീയാസൂത്രണം |
| 22 | തൈ സുരേഷ് | ഉള്ളാട്ടിൽ ഹൗസ്, മുല്ലക്കര തൊട്ടപ്പടി, തൃശ്ശൂർ | 17 | എസ് സി |
| 23 | ലീല വേലായുധൻ | തുരുത്ത്, ഹൗസ്, നെടുപുഴ | 44 | 2014-2015 ജനകീയാസൂത്രണം |

| | | | | |
|---|---|---|---|---|
| 24 | ലില | മുഴിക്കുളം ഹൗസ്, മണ്ണുത്തി മുല്ലക്കര | 17 | എസ് സി |
| 25 | രവി | വെപ്പുള്ളി ഹൗസ്, പുല്ലഴി ഓളരിക്കര കടവാല് | 45 | പിഎംഎവൈ |
| 26 | മഞ്ജുഷ | മയിനാം പാടത്ത് ഹൗസ്, കുണ്ടുവാറ, ചെമ്പൂക്കാവ് | 11 | 2015-2016ജനകീയാസൂത്രണം |
| 27 | ഉത്തമ | വെള്ളാക്കല്ലുക്കാരന് ഹൗസ്, (പി. ഓ) മണ്ണുത്തി, പട്ടാളക്കുന്ന് | 18 | 2014-2015 ജനകീയാസൂത്രണം |
| 28 | നിഷി | പ്ലാക്കൂട്ടത്തില് ഹൗസ്, (പി.ഓ) മണ്ണുത്തി, പട്ടാളക്കുന്ന് | 18 | 2015-2016ജനകീയാസൂത്രണം |
| 29 | ഭാനു അജിത് കുമാർ | കാര്യാടന് ഹൗസ്, നെല്ലുപ്പുഴ | 44 | 2015-2016ജനകീയാസൂത്രണം |

| | | | | |
|---|---|---|---|---|
| 30 | രാജീവ് | കണിയത്ത് ഹൗസ്, വിയ്യൂര് | | 2014-2015 ജനകീയാസൂത്രണം |
| 31 | വത്സൻ | കൊക്കിണി ഹൗസ്, കണിമംഗലം | 41 | പിഎംഎവൈ |
| 32 | രാമൻ | മുരിങ്ങത്തട ൻ ഹൗസ്, വില്വട്ടം | 6 | പിഎംഎവൈ |
| 33 | ഷീജ സതീഷ് | ഇടുത്തം പറമ്പിൽ, തലോർ പി ഒ | 30 | പിഎംഎവൈ |
| 34 | രാധാമണി കുമാരൻ, | പുത്തൻ മഠത്തിൽ, മുല്ലക്കര, ഓറം കോളനി, മണ്ണുത്തി | 17 | 2015-2016ജനകീയാസൂത്രണം |
| 35 | സുബ്രൻ ഇന്ദിര | ചാക്കേരി ഹൗസ്, ചേറൂർ പി ഒ | 9 | പിഎംഎവൈ |
| 36 | അനിൽ ദിവ്യ | കുറ്റിച്ചിറ ഹൗസ്, മണ്ണുത്തി, പട്ടാളക്കുന്ന് | 18 | പിഎംഎവൈ |
| 37 | സുരേഷ് വിഷ്ണുപ്രിയ | മണലേത്ത് ഹൗസ്, മുല്ലക്കര, മണ്ണുത്തി | 17 | 2015-2016ജനകീയാസൂത്രണം |

| | | | | |
|---|---|---|---|---|
| 38 | സനീഷ് ജിത | പ്ലാവളപ്പിൽ ഹൗസ്, പട്ടിക്കാട് | 17 | എസ് സി |
| 39 | ശശി സുമ | നെടുംവീട്ടിൽ, തൃക്കുമാരകുടം | 53 | 2014-2015 ജനകീയാസൂത്രണം |
| 40 | മിനി സുകുമാരൻ | പുത്തൂക്കാരൻ ഹൗസ്, മണ്ണുത്തി, മുല്ലക്കര, തോട്ടപ്പടി | 17 | 2015-2016ജനകീയാസൂത്രണം |
| | | | | |

ഭൂമി വാങ്ങൽ, ഭവന നിർമ്മാണം

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയിൽ2014-15 ൽ ഭവന നിർമ്മാണത്തിന് 1 കോടി രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പാക്കിയില്ല.

<u>ഷൊർണ്ണൂർ നഗരസഭ</u>

11/3/2013-ലെ സ.ഉ. (എം.എസ്) നമ്പർ 83/13/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട് കരാർ വെയ്ക്കാത്തവരും, അപ്പോഴും, സ്ഥലവും വീടും ഇല്ലാത്തവരും പുറമെ 2011-ലും 2013 ലും കൗൺസിൽ അംഗീകരിച്ച ഭൂരഹിതരും ഭവന രഹിതരുമായ 25 പട്ടികജാതി ഗുണഭോക്താക്കൾക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കി സഹായം അനുവദിയ്ക്കുന്നതിന് ഉദ്ദേശിച്ചാണ് 20/3/14-ൽ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാകാത്ത സാഹചര്യത്തിൽ ആയത് 20/4/15 വർഷത്തിൽ സ്പിൽ ഓവർ ആവുകയും, തുടർന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ

| | | | | |
|---|---|---|---|---|
| 2 | 2015-16 | 3.7.1 | <u>ഭൂമി വാങ്ങൽ ഭവന നിർമ്മാണം</u><br><br>പട്ടിക ജാതിക്കാർക്ക് ഫ്ളാറ്റ് നിർമ്മിക്കുന്നതിനായി 2012-13 ൽ 37.60 സെന്റ് സ്ഥലം വാങ്ങിയെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. | ***<u>കോട്ടവള്ളി :-</u>*** പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷം ടി സ്ഥലത്ത് എസ്.സി വിഭാഗക്കാർക്ക് ഫ്ളാറ്റ് നിർമ്മിച്ച് നൽകുവാൻ പദ്ധതി ആവിഷ്കരിക്കുകയും 48 ലക്ഷം രൂപ വകയിരുത്തുകയും പദ്ധതിക്ക് ഗവ.അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ടി പ്രൊപ്പോസൽ നിരസിക്കുകയുമാണുണ്ടായത്. പദ്ധതിക്ക് വകയിരുത്തിയ തുക ഫ്ളാറ്റ് നിർമ്മിക്കുകയാണെങ്കിൽ 3 കുടുംബങ്ങൾക്ക് മാത്രമെ ഭവനത്തിന് ഉതകുകയുള്ളൂ എന്നും ടി തുക വ്യക്തിഗത ഭവനങ്ങൾക്ക് നൽകുകയാണെങ്കിൽ (3 ലക്ഷം വീതം) 16 കുടുംബങ്ങൾക്ക് ഉപകരിക്കും എന്ന കാരണത്താൽ ആണ് നിരസിച്ചത്. ഇപ്പോൾ ഈ സ്ഥലം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഭൂരഹിത ഭവന രഹിതർക്ക് ഉതകുന്ന വിധത്തിലുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 3 | 2015-16 | 3.7.6 | എരുമ വളർത്തൽ പദ്ധതി 08.05.2012 ലെ ഊരുക്കൂട്ടത്തിൽ ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല | ***<u>കോട്ടവള്ളി :-</u>*** കോട്ടവള്ളി ഗ്രാമ പഞ്ചായത്തിൽ ഊരുക്കൂട്ടത്തിൽ എരുമ വളർത്തൽ പദ്ധതി നടപ്പിലാക്കണമെന്ന് അഭിപ്രായം ഉന്നയിച്ചത് കണക്കിലെടുത്ത് 2017-18, 2018-19 വർഷങ്ങളിൽ എസ്.ടി വിഭാഗക്കാർക്ക് പോത്തുകുട്ടി വിതരണം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എരുമ വളർത്തൽ പദ്ധതി ഏറ്റെടുത്താൽ ഗുണഭോക്താക്കൾക്ക് എരുമകളെ വളർത്തുവാനും പാലുല്പാദനം നടത്തുവാനും ഉള്ള ഭൗതിക സാഹചര്യം (സ്ഥലസൗകര്യം) ഇല്ലാത്തതിനാലാണ് പകരം പോത്തുകുട്ടികളെ വളർത്തി മാംസത്തിന്റെ ആവശ്യത്തിന് വില്ക്കാമെന്നതിനാൽ |

| | | | | | |
|---|---|---|---|---|---|
| 3 | 2015-16 | 3.7.1 | **1.മലമ്പുഴ ഗ്രാമപഞ്ചായത്ത്**<br>മലമ്പുഴ ഗ്രാമപഞ്ചായത്തിൽ 2009-10 ൽ 12 ഗുണഭോക്താക്കൾക്കായി നൽകിയ ഭൂമി നാളിതുവരെ അതിർത്തി തിരിച്ച് അളന്നു നൽകിയിട്ടില്ല. ഇതുമൂലം ഭവന നിർമ്മാണം ആരംഭിക്കുവാന് ഗുണഭോക്താക്കൾക്ക് കഴിഞ്ഞിട്ടില്ല.<br><br>**2.മലമ്പുഴ ഗ്രാമപഞ്ചായത്ത്**<br>മലമ്പുഴ ഗ്രാമപഞ്ചായത്ത് 2014-15 ല് 21 ലക്ഷം രൂപ അടങ്കലിൽ 14 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും ഒരാൾക്കുമാത്രമാണ് ആനുകൂല്യം നൽകിയത്. | **1.മലമ്പുഴ ഗ്രാമപഞ്ചായത്ത്**<br>2009-10 സാമ്പത്തിക വർഷത്തില് 12 ഗുണഭോക്താക്കൾക്കായി നൽകിയ ഭൂമി അതിർത്തി തിരിച്ച് 2016 വർഷത്തിൽ അളന്ന് നൽകിയിട്ടുണ്ട്.<br><br>**2.മലമ്പുഴ ഗ്രാമപഞ്ചായത്ത്**<br>2014-15 സാമ്പത്തിക വർഷത്തിൽ ഒരു ഗുണഭോക്താവിന് മാത്രം ആനുകൂല്യം നല്കിയിരുന്നുള്ളുവെങ്കിലും 2015-16 ൽ സ്പിൽ ഓവറായി 19.5 ലക്ഷം രൂപ വകയിരുത്തുകയും അതിൽ 9 പേർക്കായി 13.5 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. | |
| 4 | 2015-16 | 3.7.4 | **മലമ്പുഴ ഗ്രാമപഞ്ചായത്ത്**<br>എലകുത്താംപാറ പട്ടികവർഗ്ഗ കോളനിയില് പട്ടികവർഗ്ഗ വികസന വകുപ്പ് ഒരു പൊതു കക്കൂസിന്റെ നിർമ്മാണം സംബന്ധിച്ച്. | **മലമ്പുഴ ഗ്രാമപഞ്ചായത്ത്**<br>എലകുത്താംപാറ പട്ടികവർഗ്ഗ കോളനിയില് പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ 2 പൊതു കക്കൂസുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. | |
| 5 | 2015-16 | 3.7.8 | പരമ്പരാഗത കുലത്തൊഴിൽ മേഖലകൾ<br>പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിലെ കവറ സമുദായത്തിൽപ്പെട്ടവരുടെ ഉപജീവനമാർഗ്ഗ മുള ഉൽപ്പന്നങ്ങളുടെ നിർമ്മാണമാണ്. എന്നാൽ | **കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്**<br>കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിലെ കവറ സമുദായ അംഗങ്ങളുടെ പരമ്പരാഗത കൈത്തൊഴിലാണ് മുള, ഈറ എന്നി അസംസ്കൃത വസ്തുകൾ കൊണ്ടുള്ള ഉൽപന്നങ്ങള് ഉണ്ടാക്കുന്നത്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവ് മൂലവും ഉണ്ടാക്കുന്ന ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്താനുള്ള ബുദ്ധിമുട്ടും മൂലവും പ്രസ്തുത തൊഴിൽ മേഖല പ്രതിസന്ധിയിലാണ്. കൂടാതെ പുതുതലമുറയിൽപ്പെട്ട ടി സമുദായത്തിലെ അംഗങ്ങൾ പരമ്പരാഗത തൊഴിലുപേക്ഷിച്ച് | |

| | | | | |
|---|---|---|---|---|
| | | | | എടത്വാ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന എടത്വ വില്ലേജിൽ നിലവിൽ ഭൂമിയുടെ റീസർവ്വേ നടക്കാത്തതിനാൽ കരഭൂമിയായി കിടക്കുന്ന ധാരാളം ഭൂമി, റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ സ്ഥലം ലഭിച്ചാലും മേൽ ഇത്തരത്തിലുള്ള നിർമ്മാണ പ്രവർത്തനം നടത്തുവാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഓഡിറ്റിൽ ചൂണ്ടി കാണിച്ചിരിക്കുന്ന കോളനികളിലെ ശുദ്ധജല ലഭ്യത പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതും ആയതിലൂടെ ജലക്ഷാമം പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു. |
| 2 | 2015-16 | 3.7.1 | <u>ഭൂമി വാങ്ങൽ, ഭവന നിർമ്മാണം</u><br><br>ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ വിവിധ പട്ടികജാതി കോളനികളിലായി 17 കുടുംബങ്ങൾക്കും പട്ടിക വർഗ്ഗ കോളനികളിൽ 2 കുടുംബങ്ങൾക്കും പട്ടിക ജാതി സങ്കേതങ്ങളിൽ 9 കുടുംബങ്ങൾക്കും വാസയോഗ്യമായ വീടുകളില്ല. പാറയിൽഭാഗം കോളനിയിൽ ആകെയുള്ള 11 കുടുംബങ്ങളിൽ 7 എണ്ണത്തിനും താൽകാലിക ഷെഡ്ഡുകൾ മാത്രമാണുള്ളത് | <u>പട്ടണക്കാട് ഗ്രാമപഞ്ചായത്ത്</u><br><br>പട്ടികജാതി വിഭാഗം വീട് സംബന്ധിച്ച് - ഭൂമിയുള്ള ഭവന രഹിതർക്കു വേണ്ടി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടണക്കാട് പഞ്ചായത്തിലെ 12 എസ്.സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ 2 പേർ ഭവന നിർമ്മാണം പൂർത്തിയാക്കുകയും 4 ലക്ഷം രൂപ വീതം ആനുകൂല്യം കൈപ്പറ്റിയിട്ടുമുണ്ട്. ബാക്കി 10 പേർ 3-ാം ഗഡു വരെയുള്ള ആനുകൂല്യം ആയ 360000 രൂപ വീതം കൈപറ്റി വാർക്കൽ പൂർത്തിയിക്കിയിട്ടുണ്ട്. ഇപ്രകാരം ആകെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 4400000 രൂപ 2018-19 സാമ്പത്തിക വർഷം എസ്.സി മേഖലയിൽ ഭവന നിർമ്മാണത്തിനായി |

| | | | | |
|---|---|---|---|---|
| | | | | ചെലവഴിച്ചിട്ടുണ്ട്. 2016-17 ലെ 110/2016 നമ്പരായി എസ്.സി വീട് പുനരുദ്ധാരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 320000 രൂപ യും 2017-18 ൽ 775000 രൂപയും 2018-19 ൽ 375000 രൂപയും ഉൾപ്പെടെ 3 വർഷങ്ങളിലായി ആകെ 1470000 രൂപ ചെലവഴിച്ച് 30 ഗുണഭോക്താക്കൾക്ക് വീട് റിപ്പയറിംഗിന് ആനുകൂല്യം നൽകി ആയത് പൂർത്തീകരിച്ചിട്ടുണ്ട്. സുശീല കൈതതറ , കോതമംഗലത്ത് കോളനി എന്നയാൾക്ക് പി.എം.എ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 48000 രൂപ കേന്ദ്രാവിഷ്കൃത ഫണ്ടും പഞ്ചായത്ത് വിഹിതം 45000 രൂപയും ഉൾപ്പെടുത്തി ആകെ 95000 രൂപ അനുവദിച്ചിട്ടുണ്ട്. അടിത്തറ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടിയാൾ 2019 ആഗസ്റ്റ് 30 നകം വീട് നിർമ്മാണം പൂർത്തീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ വിഭാഗം വീട് സംബന്ധിച്ച് - കോതകുളങ്ങര പട്ടിക വർഗ്ഗ കോളനിയിൽ ലീല ശശി എന്നയാളുടെ വീട് നിർമ്മാണം ഐ.എ.വൈ സ്കീമിൽ ആരംഭിച്ചിരുന്നുവെങ്കിലും പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ലൈഫ് ഫേയ്സ് - 1 ൽ ഉൾപ്പെടുത്തി മുഴുവൻ തുകയും നൽകി പൂർത്തീകരിച്ചിട്ടുണ്ട്.<br>പാറയിൽ ഭാഗം എസ്.സി.കോളനിയിൽ ഇപ്പോൾ താമസിക്കുന്ന 17 കുടുംബങ്ങളിൽ 12 കുടുംബങ്ങൾ നിലവിൽ വാസയോഗ്യമായ ചെറിയവീടിലാണ് താമസിക്കുന്നത്. സജീഷ് മഠത്തിൽ , അജിമോൻ , ഷഡ്ജാലയം , വാസന്തി , ഇന്ദിര പൊന്നപ്പൻ കരീത്തറ , മിനി ബാബു എന്നിവരാണ് ഷെഡ്ഡുകളിൽ താമസിക്കുന്നത്. ടി കുടുംബങ്ങൾക്ക് വീട് ലഭിക്കുന്നതിന് സ്ഥലം സംബന്ധിച്ച റവന്യൂ |

| | | | | |
|---|---|---|---|---|
| | | | | രേഖകൾ , റേഷൻ കാർഡ് എന്നിവ ലഭ്യമായിട്ടില്ലാത്തതിനാലാണ് വീട് അനുവദിച്ച് നൽകുന്നതിന് സാധിച്ചിട്ടില്ലാത്തത്. |
| 3 | 2015-16 | 3.7.7 | **മറ്റുള്ളവ**<br><br>ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ പല്ലനയിൽ 1982 ആഗസ്റ്റ് മാസത്തിൽ പ്രവർത്തനമാരംഭിച്ച കുമാരകോടി ഹരിജൻ വ്യവസായ കേന്ദ്രം നിർജ്ജീവമാണ്. പരമ്പരാഗത കുടിൽ വ്യവസായങ്ങളെ പരിപോഷിപ്പിക്കാനുള്ള നടപടികളൊന്നും തന്നെ 2012-13,2013-14,2014-15വർഷങ്ങളിൽ സംഘം കൈക്കൊണ്ടിട്ടില്ല. സംഘത്തെ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതികൾ തയ്യാറാക്കുവാൻ പട്ടികജാതി കർമ്മ സമിതികളിൽ നിന്നും വർഷങ്ങളായി നിർദ്ദേശങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. | **തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്**<br>കുമാരകോടി ഹരിജൻ വ്യവസായ കേന്ദ്രത്തിൽ പ്രധാനമായി ഉൽപാദിപ്പിച്ചിരുന്നത് ചകിരി മെത്തയാണ്. വിപണി കണ്ടെത്തുന്നതിനുള്ള സാങ്കേതിക തടസ്സം മൂലം ഉത്പന്നങ്ങൾ വിറ്റഴിക്കാതെ വന്നതിനാൽ സ്ഥാപനം സ്തംഭനാവസ്ഥയിലായി. പ്രസ്തുത സഹകരണ സംഘം ഏകദേശം 5 വർഷത്തിൽ അധികമായി പൂട്ടികിടക്കുകയാണ്. പ്രസിഡന്റും സെക്രട്ടറിയും ഉൾപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി അംഗങ്ങൾ സംഘത്തിൽ ഉണ്ടായിരുന്നെങ്കിലും വിപണി സാദ്ധ്യതകൾ കണ്ടെത്തി കാര്യക്ഷമമാക്കി പ്രവർത്തനം നടത്തി ലാഭം വർദ്ധിപ്പിക്കുന്നതിനും മറ്റുമുള്ള കാര്യമായ പരിശ്രമം പ്രസ്തുത ഭരണ സമിതിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുമില്ല. പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകളോ സഹായങ്ങളോ ലഭ്യമാക്കുന്നതിനുള്ള യാതൊരു നിവേദനങ്ങളും ശ്രമങ്ങളും സംഘത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ലായെന്നും പ്രസ്തുത സംഘം പ്രസിഡന്റിന്റെ മരണ ശേഷം സംഘത്തിന്റെ പ്രവർത്തനം നിർജ്ജീവമാവുകയും ചെയ്തു. 2010 വരെ മാത്രമേ സംഘം പ്രവർത്തിച്ചിരുന്നുള്ളൂ. വ്യവസായ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന കുമരകോടി ഹരിജൻ വ്യവസായ കേന്ദ്രത്തിന് സഹകരണ ചട്ടങ്ങൾ പ്രകാരം അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുന്നതിനായി കാർത്തികപ്പള്ളി |

| | | | |
|---|---|---|---|
| 3 | 3.6.2 | **അടിസ്ഥാന സൗകര്യ വികസനം.**<br>ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമ പഞ്ചായത്തിൽ 27 പട്ടിക വർഗ്ഗ കോളനികളിലായി 2047 കുടുംബങ്ങൾ ഉള്ളതില് 672 എണ്ണത്തിന് മാത്രമാണ് കുടിവെള്ളം ലഭ്യമായിട്ടുള്ളത്. കക്കൂസ് ഉള്ള കുടുംബങ്ങൾ 699 എണ്ണം മാത്രം | **അടിമാലി ഗ്രാമ പഞ്ചായത്ത്**<br><br>അടിമാലി ഗ്രാമ പഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. 31 കോടി രൂപ ആകെ ചെലവ് വരുന്ന പദ്ധതിയിൽ ഭൂരിഭാഗവും ആദിവാസി മേഖലയിലാണ്. 1346 പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കി. ഒ ഡി എഫ് പദ്ധതിയില് ശുചിത്വ കക്കൂസ് മുഴുവൻ പട്ടിക വർഗ്ഗക്കാർക്കും കക്കൂസ് നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 4 | 3.7.1 | ഭൂമി വാങ്ങൽ, ഭവന നിർമ്മാണം.<br><br>ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമ പഞ്ചായത്തിൽ വാസയോഗ്യമായ വീടില്ലാത്ത പട്ടിക വിഭാഗക്കാരുടെ എണ്ണം വളരെ കൂടുതലാണ്. 545 പട്ടിക വർഗ്ഗ കുടുംബങ്ങളും 22 പട്ടിക ജാതി കുടുംബങ്ങളും പുല്ല് തകര ഷീറ്റ്, പ്ലാസ്റ്റിക് എന്നിവ കൊണ്ട് നിർമ്മിച്ച കുടിലുകളിൽ കഴിയുന്ന വരാണ്. 2012-13, 2013-14 വർഷങ്ങളിൽ പട്ടികജാതിക്കാർക്കായി ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിച്ചിരുന്നു എങ്കിലും നിർവ്വഹണത്തിൽ പുരോഗതി ഉണ്ടായില്ല. ഒരു ഗുണഭോക്താവ് മാത്രമാണ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. 2014-15 ല് പത്ത് ലക്ഷം രൂപ അടങ്കലിൽ പട്ടിക ജാതി ഭവന പദ്ധതി രൂപീകരിച്ചെങ്കിലും നടപ്പിലാക്കിയില്ല, ഈ മൂന്ന് വർഷങ്ങളിലും പട്ടികവർഗവിഭാഗത്തിന് ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല | **അടിമാലി ഗ്രാമ പഞ്ചായത്ത്**<br><br>ഭവന നിർമ്മാണത്തിന് മതിയായ യൂണിറ്റ് കോസ്റ്റ് ഇല്ലാതിരുന്നതിനാലാണ് പലരും കരാർ വച്ച് വീട് നിർമ്മാണം ഏറ്റെടുക്കാതിരുന്നത്. ഇവർ പിന്നീട് ലൈഫ് മിഷന് പദ്ധതിയിലുൾപ്പെടുത്തി ആനുകൂല്യം വാങ്ങി വീട് നിർമ്മാണം നടത്തിയിട്ടുണ്ടെന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 5 | 3.7.11 | **എസ്.സി/ എസ്.റ്റി മേഖലയിലെ കർമ്മസമിതികളുടെ പ്രവർത്തനം** | **അടിമാലി ഗ്രാമ പഞ്ചായത്ത്.** |

| | | | |
|---|---|---|---|
| | | | കൂടുതൽ താല്പര്യം കാണിച്ചിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു. സർക്കാർ സഹകരണത്തോടെ നടപ്പിലാക്കുന്ന പി.എം.എ.വൈ, ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഭവനവും അനുബന്ധ ജീവിത സാഹചര്യങ്ങൾ ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണെന്നുള്ള വിവരം സവിനയം അറിയിക്കുന്നു. |
| 4 | 3.6.2(2) | തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ ഭൂരിഭാഗം എസ്.സി കോളനികളിലും ഡ്രെയിനേജ് സൗകര്യമില്ല. പൊട്ടിപ്പൊളിഞ്ഞ ഓടകളും, അഴുക്കുചാലുകളും ഈ കോളനികളെ മലീമസമാക്കുന്നു. മുറിഞ്ഞപാലം തോടിനു സമീപത്തുള്ള എസ്‌സി കുടുംബങ്ങൾ, കരിമഠം-ചെങ്കൽ ചൂള-കണ്ണമ്മൂല ബണ്ട് കോളനികളിലെ ഭവനസമുച്ചയങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ ടാങ്കുകൾമഴക്കാലത്ത് നിറഞ്ഞൊഴുകുന്നത് പതിവാണ്. പട്ടികജാതി കുടുംബങ്ങൾ ഇടതിങ്ങി വസിക്കുന്ന പ്രദേശങ്ങളിൽ മാലിന്യ ടാങ്കുകൾക്കു പകരം ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തുവാനുള്ള പദ്ധതികൾ അടിയന്തിരമായി നടപ്പാക്കണം. | മുറിഞ്ഞപാലം തോടിന് സമീപമുള്ള കുടുംബങ്ങൾക്ക് കക്കൂസ് സംവിധാനം എല്ലാ കുടുംബങ്ങൾക്കും ഉണ്ട്. ഇല്ലാത്ത 1 എസ് സി കുടുംബത്തിന് ODF ൽ ഉൾപ്പെടുത്തി ടോയിലറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. COMMUNITY LATERINE സൗകര്യവും ലഭ്യമാണ്. കരിമഠം, ചെങ്കൽചൂള കോളനികളിലെ ഡ്രെയിനേജ് വാട്ടർ അതോറിറ്റിയുടെ സ്വീവേജ് നെറ്റ്‌വർക്കും ആയിട്ട് കണക്ട് ചെയ്തിട്ടുണ്ട്. 2015-16 വർഷത്തിൽ 2 കോടി രൂപ വാട്ടർ അതോറിറ്റിക്ക് നൽകിട്ടുള്ളതും, 2017-18 വർഷത്തിൽ 6,25 കോടി രൂപ പ്ലാൻ ഫണ്ടിൽ നിന്നും ഡ്രെയിനേജ് സംവിധാനത്തിനായി വാട്ടർ അതോറിറ്റിക്ക് നീക്കിവച്ചിട്ടുണ്ട്. കണ്ണമ്മൂല ബണ്ട് കോളനിയിൽ നിലവിൽ എല്ലാ വീടുകളിലും സെപ്റ്റിക്ക് ടാങ്ക് സൗകര്യം ഉണ്ട്. നിലവിൽ സാധ്യമായ എല്ലാ കോളനികളിലും ഡ്രെയിനേജ് സംവിധാനം വാട്ടർ അതോറിറ്റിയുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതാണ്. |
| 5 | 3.7.1 | തലശ്ശേരി നഗരസഭയിൽ ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങാൻ ധനസഹായം നൽകുന്നതിന് തയ്യാറാക്കിയ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ 2013-14 ൽ 24 പേരും 2014-15 ൽ 26 പേരും ഉൾപ്പെട്ടിരുന്നു. എന്നാൽ 2013-14 ൽ 3 പേർക്കും 2014-15 ൽ 5 പേർക്കും മാത്രമാണ് ഭൂമി വാങ്ങാൻ | 2013-14 ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം പട്ടിക ജാതി ഭൂമി വാങ്ങൽ ധനസഹായത്തിന് 24 പേർ അപേക്ഷിച്ചിരുന്നു മാനദണ്ഡ പ്രകാരം പട്ടികജാതിക്കാരായിരിക്കണമെന്നും രണ്ട് സെന്റ് സ്ഥലം സ്വന്തമായോ പൈതൃകമായോ ലഭിക്കാത്തവരും നഗരസഭാ പരിധിയിൽ താമസിക്കുന്നവരും വരുമാന പരിധി 25000/- രൂപയ്ക്ക് വിധേയമായി ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരും ആയരിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് ആയത് പ്രകാരം അർഹരായ നാലുപേർക്ക് മാത്രമാണ് ആനുകൂല്യം നൽകുന്നതിന് പദ്ധതി |

| | | | |
|---|---|---|---|
| | | ധനസഹായം നൽകിയിട്ടുള്ളത്. | തയ്യാറാക്കിയത്. മേൽപ്പടി നാലുപേരിൽ 3 പേർക്ക് മാത്രമെ നഗരസഭ അനുവദിക്കുന്ന തുക കൊണ്ട് ഭൂമിവാങ്ങാൻ കഴിഞ്ഞിരുന്നുള്ളൂ. നഗരസഭ നൽകുന്ന തുകയ്ക്ക് മൂന്ന് സെന്റ് ഭൂമി നഗരസഭാ പ്രദേശത്ത് കണ്ടെത്തുവാൻ മറ്റൊരാൾക്ക് കഴിഞ്ഞിരുന്നില്ല. ആകയാ ൽ 8 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 6 ലക്ഷം രൂപ മാത്രമാണ് വിനിയോഗിക്കുവാനായത്. ബാക്കിയായ ഒരു ഗുണഭോക്താവിനെ 2016-17 LIFE പദ്ധതിയിൽ ഗുണഭോക്താവായി ഉൾപ്പെടുത്തിയിട്ടുണ്ട്.<br>2014-15 വാർഷിക പദ്ധതിയിൽ എസ്.സി ഭൂമി വാങ്ങൽ പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ 26 പേർ ഉൾപ്പെട്ടിരുന്നു. എങ്കിലും നഗരസഭ നൽകുന്ന തുകയ്ക്ക് നഗരസഭാ പ്രദേശത്ത് ഭൂമി കണ്ടെത്തുവാൻ കഴിഞ്ഞതും രേഖകൾ ഹാജരാക്കാൻ കഴിഞ്ഞതും 5 പേർക്ക് മാത്രമാണ്. യഥാസമയം രേഖകൾ സമർപ്പിച്ചത് 5 പേർ മാത്രമാണ് ആയത് പ്രകാരം ടി അഞ്ച് പേർക്ക് മാത്രമായി 10 ലക്ഷം രൂപയാക്കി പ്രോജക്ട് ഭേദഗതി വരുത്തിയിരുന്നു. ആയത് പൂർണ്ണമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട്. മറ്റ് ഗുണഭോക്താക്കളെ 2016-17 ലെ LIFE പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| | | തലശ്ശേരി നഗരസഭയിൽ ഭവന പദ്ധതിക്ക് 12 ലക്ഷം രൂപ വകയിരുത്തിയെങ്കിലും (പ്രോജക്ട് നമ്പർ 184/13-14) ഒരാൾക്ക് മാത്രമാണ് ആനുകൂല്യം ലഭിച്ചത്. | പ്രോജക്ട് നമ്പർ 184/13-14 പ്രകാരം പട്ടിക ജാതി വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതിയിൽ 6 ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ തോതിൽ 12 ലക്ഷം രൂപ അനുവദിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഒരു ഗുണഭോക്താവ് മാത്രമാണ് പദ്ധതി നടപ്പിലാക്കുന്ന സമയത്ത് ആവശ്യമായ രേഖകൾ സമർപ്പിച്ച് ആനുകൂല്യം വാങ്ങിയിട്ടുള്ളത്. ബാക്കിയുള്ള 5 പേരിൽ 2 പേർ പട്ടികജാതി വകുപ്പിൽനിന്നും ആനുകൂല്യം കൈപ്പറ്റിയതിനാലാണ് നഗരസഭയിൽനിന്നും ആനുകൂല്യം കൈപ്പറ്റാതിരുന്നത്. അവശേഷിച്ച 3 പേർ 2016-17 വർഷം PMAY പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെട്ടിട്ടുണ്ട്. |
| 6 | 2015-16<br>3.7.2 | കാസറഗോഡ് നഗരസഭ പട്ടികജാതി കുടുംബങ്ങളുടെ വികസനത്തിനായി | കാസറഗോഡ് നഗരസഭയിൽ പട്ടികജാതിയിൽപ്പെട്ട 35 ഓളം ഭൂരഹിത ഭവന രഹിത കുടുംബങ്ങൾ ഉണ്ട്. അതിൽ |

| | | | |
|---|---|---|---|
| പുത്തിഗെ ഗ്രാമപഞ്ചായത്ത് | 3.7.1 | **പുത്തിഗെ ഗ്രാമപഞ്ചായത്ത്**<br><br>കാസർഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമപഞ്ചായത്തിൽ പുതിയ ഭവനപദ്ധതികളൊന്നും തന്നെ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. ഐ.എ.വൈ വിഹിതം കൈമാറിയെങ്കിലും പദ്ധതിയിൽ ആരംഭിച്ച വീടുകളിൽ 21 എണ്ണം പൂർത്തിയാവാതെ അവശേഷിക്കുന്നു. | **പുത്തിഗെ ഗ്രാമപഞ്ചായത്ത്**<br><br>പുത്തിഗെ ഗ്രാമപഞ്ചായത്തിൽ 21 പേർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചതിൽ 15 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 6 പേർ സാമ്പത്തിക പരാധീനതകൾ മൂലം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| മീനഞ്ചാടി ഗ്രാമപഞ്ചായത്ത് | 3.7.3 | **മീനഞ്ചാടി ഗ്രാമപഞ്ചായത്ത്**<br><br>മീനഞ്ചാടി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ഭവന നവീകരണ പദ്ധതികൾ കോളനി നവീകരണ പദ്ധതികളോടൊപ്പമാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം വീട് റിപ്പയർ പ്രവൃത്തിയ്ക്ക് ഓരോ ഗുണഭോക്താവിനും അർഹമായതിലും അധികം തുക നൽകിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിൽ ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രധാന തടസ്സം സ്വന്തം പേരിൽ ഭൂമിയില്ലാത്തതാണ്. ഭവനരഹിതരായ ഇത്തരം കുടുംബങ്ങൾ വർഷങ്ങളായി തങ്ങളുടെ പൂർവ്വികരുടെ സ്വത്ത് കൈവശം വച്ച് അതിൽ കൂടിൽ കെട്ടി കഴിയുന്നവരാണ്. കൈവശ ഭൂമിയ്ക്ക് പട്ടയം ലഭിക്കാത്ത സാഹചര്യവും ഒഴിവാക്കുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്. | **മീനഞ്ചാടി ഗ്രാമപഞ്ചായത്ത്**<br><br>മീനഞ്ചാടി ഗ്രാമപഞ്ചായത്തിൽ 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ കോളനി നവീകരണ പദ്ധതിയോടനുബന്ധിച്ച് ചപ്പാളി. വിളിമൂല പട്ടികവർഗ്ഗ കോളനികളിലെ 12 വ്യക്തിഗത ഗുണഭോക്താക്കൾക്കായും ചക്കപൊടി പട്ടികവർഗ്ഗ കോളനിയിലെ 4 വ്യക്തിഗത ഗുണഭോക്താക്കൾക്കായും പട്ടികജാതി കോളനിയിലെ 2 ഗുണഭോക്താക്കൾക്കായും ഭവന പുനരുദ്ധാരണത്തിനും കോളനിയുടെ വികസനത്തിനുമായി പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ: |

കുടുംബങ്ങളുടെ വിവരണത്തിനായി) ഭൂരഹിത ഭവന രഹിത കുടുംബങ്ങൾക്ക് ... അതിൽ

| | | | |
|---|---|---|---|
| 2015-16 | 3-7-2 | എം.ജി. കോളനിയിൽ ഫ്ളാറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ട് ഫ്ളാറ്റുകളിലായി 12 കുടുംബങ്ങൾക്ക് താമസിക്കുന്നതിന് സൗകര്യമുണ്ട്. ഇവയുടെ നിർമ്മാണവും ഉദ്ഘാടനവും കഴിഞ്ഞിട്ടും ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടില്ല. രണ്ട് ഫ്ളാറ്റുകളും നിർമ്മിച്ചിരിക്കുന്ന പ്രദേശം കാട് മൂടി കിടക്കുകയും ഫ്ളാറ്റ് നശിച്ചു കൊണ്ടിരിക്കുകയുമാണ്. | ഏറ്റവും പരിഗണനാർഹമായവരുടെ മുൻഗണനാ ക്രമം നിശ്ചയിച്ച് താലൂക്ക് പട്ടികജാതി വികസന ഓഫീസർ നഗരസഭയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ഇവർക്ക് താൽക്കാലിക പുനരധിവാസം നൽകുന്നതിനും സ്ഥിരമായ താമസസൗകര്യം ലഭിക്കുന്ന മുറയ്ക്ക് അവരെ മാറ്റി തൊട്ടടുത്ത അർഹതപ്പെട്ട ആളെ താൽക്കാലികമായി പുനരധിവസിപ്പിക്കുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നഗരസഭാ കൗൺസിലിന്റെ 22.08.2003 ലെ 40 -ാം നമ്പർ തീരുമാനപ്രകാരമാണ് സ്ഥലം അക്വയർ ചെയ്ത് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ടി പദ്ധതിക്കായി 70 സെന്റ് സ്ഥലമാണ് നഗരസഭ അക്വയർ ചെയ്തിട്ടുള്ളത്. ആയതിനായി 2004-05 വർഷത്തിൽ 7 ലക്ഷം രൂപയും 2009-10 വർഷത്തിൽ 15,30,000/-രൂപയും 2010-11 വർഷത്തിൽ 2184192/- രൂപയും 2012-13 വർഷത്തിൽ 9,25,000/- രൂപയും ഉൾപ്പെടെ ആകെ 53,39,192/- രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്. 70 സെന്റ് സ്ഥലത്തിന്റെ അക്വിസിഷൻ നടപടി 2010-11 വർഷത്തിലാണ് പൂർത്തിയായിട്ടുള്ളത്. പിന്നീട് സ്വലേഷൻ ചാർജ്ജ് ഇനത്തിലാണ് 2012-13 വർഷത്തിൽ 9,25,000/- രൂപ ചിലവഴിച്ചിട്ടുള്ളത്.<br>2010-11 വർഷത്തിൽ സ്ഥലത്തിന്റെ അക്വിസിഷൻ നടപടി പൂർത്തിയായ ഉടൻതന്നെ ഫ്ളാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നഗരസഭ ആരംഭിച്ചിരുന്നു. 12 ഫ്ളാറ്റുകളുടെ നിർമ്മാണത്തിനായി 2010-11 വർഷം മുതൽ 2015-16 വർഷം വരെ ആകെ 1,05,14,018/- രൂപയാണ് നഗരസഭ ചിലവഴിച്ചിട്ടുള്ളത്. ഫ്ളാറ്റുകളുടെ നിർമ്മാണ പ്രവൃത്തി 2015-16 വർഷത്തിലാണ് പൂർത്തിയായിട്ടുള്ളത്. നിലവിൽ 4 ഫ്ളാറ്റുകളുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി മാത്രമാണ് പൂർത്തിയാവാൻ ബാക്കിയുള്ളത്. ആയതിനായി നടപ്പു വർഷ പദ്ധതിയിൽ നഗരസഭ 3,75,000/- രൂപ വകയിരുത്തിയിട്ടുള്ളത്. നഗരസഭയുടെ സാമ്പത്തിക സ്ഥിതിയും പദ്ധതിവിഹിതത്തിന്റെ ലഭ്യതയും കണക്കി |

| | | | |
|---|---|---|---|
| | 3.7.2 | | ലെടുത്ത് പ്രവൃത്തി ഘട്ടംഘട്ടമായിട്ടാണ് മേൽപ്രകാരം നടപ്പിലാക്കിയിട്ടുള്ളത്.<br><br>ഫ്ളാറ്റുകളിൽ താമസിക്കുന്നതിന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി നഗരസഭ 2017 മാർച്ച് മാസത്തിൽ അപേക്ഷ ക്ഷണിക്കുകയും, ലഭ്യമായ അപേക്ഷകൾ 2017 മാർച്ച് 22 മുതൽ 28 വരെ നടന്ന പ്രത്യേക വാർഡുസഭാ യോഗങ്ങളുടെ പരിഗണനയ്ക്കുമായി സമർപ്പിച്ചതുമാണ്. വാർഡ് സഭ തിരഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്നതിനായി 29/06/2017-ന് കൂടുന്ന നഗരസഭാ കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. മുഴുവൻ പ്രവർത്തികളും പൂർത്തിയായ 8 ഫ്ളാറ്റുകൾ 2017 ജൂലൈ 25 നകം ഗുണഭോക്താക്കൾക്ക് താമസിക്കാനായി കൈമാറുന്നതാണ്. ബാക്കി 4 ഫ്ളാറ്റുകൾ ഇലക്ട്രിഫിക്കേഷൻ പ്രവർത്തി പൂർത്തീകരിച്ചാലുടൻ കൈമാറുന്നതാണ്. ടി ഫ്ളാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറുന്നത് സംബന്ധിച്ച് നഗരസഭ ബൈലോ തയ്യാറാക്കിയിട്ടുള്ളതാണ്.<br><br>ഫ്ളാറ്റുകൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ കാടുകൾ നീക്കം ചെയ്ത് പ്രസ്തുത സ്ഥലം നഗരസഭ വൃത്തിയാക്കിയിട്ടുണ്ട്. ഫ്ളാറ്റ് വൃത്തിയായി സംരക്ഷിക്കുന്നതിന് നഗരസഭ പ്രതിജ്ഞാബന്ധമാണ് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. |
| 7 | 3.7.2 | തിരുവനന്തപുരം നഗരസഭയുടെ ബി.എസ്.യു.പി പദ്ധതി പ്രകാരം വിവിധ ഘട്ടങ്ങളിലായി പട്ടികജാതിക്കാർക്കായുള്ള 9 ഭവന/ഫ്ളാറ്റ്/ചേരി പരിഷ്ക്കരണ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കണ്ണമ്മൂല ബണ്ട് കോളനിയിൽ 116 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിലും 27 കുടുംബ | ബി.എസ്.യു.പി ഫ്ളാറ്റ് - കണ്ണമ്മൂല ബണ്ട് കോളനി<br>200708 കാലയളവിൽ തയ്യാറാക്കിയ ഡി.പി.ആർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കാണ് കണ്ണമ്മൂല ബണ്ട് കോളനിയിൽ ബി.എസ്.യു.പി പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച 115 ഫ്ളാറ്റുകളിൽ 75 ഫ്ളാറ്റുകൾ അനുവദിച്ച് നൽകിയിട്ടുള്ളത്. നഗരസഭ അനുവദിച്ച് നൽകിയിട്ടുള്ള 75 ഫ്ളാറ്റുകളിൽ ഗുണഭോക്താക്കൾ താമസിച്ചു വരുകയാണ്. 7 ഗുണഭോക്താക്കൾ ഫ്ളാറ്റ് ലഭ്യമാക്കുന്നതിന് അപേക്ഷ |

| | | | |
|---|---|---|---|
| | • | ങ്ങൾ മാത്രമാണ് താമസിച്ചു വരുന്നത്. കരിമഠം കോളനിയിൽ 140 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്. 5 യൂണിറ്റുകളുടെ പദ്ധതി ഇപ്പോഴും തുടരുന്നതേയുള്ളു. | നൽകിയിട്ടുണ്ട്. എന്നാൽ മതിയായ രേഖകൾ (ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർ മരണപ്പെട്ടതിനാൽ തുടർന്നുള്ള അവകാശികളെ സംബന്ധിച്ചുള്ള അവകാശ സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ്, അവകാശികൾക്ക് സ്വന്തമായി വസ്തുവോ, വീടോ ഇല്ലായെന്നുള്ള വില്ലേജ് ഓഫീസിൽ നിന്നുള്ള സാക്ഷ്യപത്രം) ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഫ്ളാറ്റ് അനുവദിച്ചു നൽകിയിട്ടില്ല. ബാക്കിയുള്ള 33 ഗുണഭോക്താക്കൾക്ക് (1) റേഷൻകാർഡ് (2) തിരിച്ചറിയൽ കാർഡ് (3) അപേക്ഷകനോ കുടുംബത്തിനോ സ്വന്തമായി വസ്തുവോ, വീടോ ഇല്ലായെന്നുള്ള വില്ലേജ് ഓഫീസിൽ നിന്നുള്ള സാക്ഷ്യപത്രം എന്നീ രേഖകൾ ഹാജരാക്കാൻ നോട്ടീസ് നൽകിയിരുന്നു. എന്നാൽ ടിയാളുകൾ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>തുടർന്ന് പദ്ധതി പ്രദേശത്ത് ടി വിഷയം സംബന്ധിച്ച് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ രേഖകൾ ഹാജരാക്കുന്നതിന് നോട്ടീസ് പതിക്കുകയും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരിൽ ഇനിയും കരാർ വയ്ക്കാത്തവർ 15 ദിവസത്തിനകം നഗരസഭയുമായി കരാറിൽ ഏർപ്പെടണമെന്നും അല്ലാത്തപക്ഷം ഗുണഭോക്തൃ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതാണെന്നും കാണിച്ച് മാതൃഭൂമി, മലയാള മനോരമ, ദേശാഭിമാനി, കേരളകൗമുദി എന്നീ പ്രമുഖ ദിനപ്പത്രങ്ങളിൽ 16.05.2017 ന് പത്രക്കുറിപ്പുകൾ നൽകുകയും ചെയ്തിരുന്നു. എന്നാൽ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട മേൽ പരാമർശിച്ചിട്ടുള്ള 33 പേർ ഫ്ളാറ്റ് ലഭ്യമാക്കുന്നതിന് അപേക്ഷ നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആകയാൽ ശേഷിക്കുന്ന ഫ്ളാറ്റുകൾക്കായുള്ള അലോട്ട്മെന്റ് നടത്തുന്നതിനായി അർഹതയുള്ളവരെ കണ്ടെത്തുന്നതിന് സർവ്വേ നടത്തുന്നതിന് കൗൺസിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br>ബി.എസ്.യു.പി ഫ്ളാറ്റ് - കരിമഠം കോളനി<br>13.09.2010 ൽ കൂടിയ കൗൺസിൽ തീരുമാനം നമ്പർ 3 |

| | | | |
|---|---|---|---|
| | | | സി (12) പ്രകാരം അംഗീകരിച്ച 560 പേർ ഉൾപ്പെട്ട ഗുണഭോക്തൃ പട്ടികയിൽപ്പെട്ടവർക്കാണ് കരിമഠം കോളനിയിൽ ഒന്നും രണ്ടും ഘട്ടങ്ങളിലായി നിർമ്മാണം പൂർത്തീകരിച്ച 140 ഫ്ളാറ്റുകൾ അനുവദിച്ചു നൽകിയിട്ടുള്ളത്. നഗരസഭ അനുവദിച്ച് നൽകിയിട്ടുള്ള 140 ഫ്ളാറ്റുകളിൽ ഗുണഭോക്താക്കൾ താമസിച്ചു വരികയാണ്. മൂന്നാം ഘട്ടം നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന 9 ബ്ലോക്കുകളിൽ 4 ബ്ലോക്കുകളിലായി 80 ഫ്ളാറ്റുകൾ പൂർത്തിയായി വരുന്നു. തുടർന്ന് 5 ബ്ലോക്കുകളിലായി 100 ഫ്ളാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. പൂർത്തിയാവുന്ന മുറയ്ക്ക് ഫ്ളാറ്റുകൾ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്.<br>കണ്ണമ്മൂല ബണ്ട് കോളനിയിൽ 75 ഗുണഭോക്താക്കൾക്കും കരിമഠം കോളനിയിൽ 140 ഗുണഭോക്താക്കൾക്കും ഫ്ളാറ്റുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ടി ഗുണഭോക്താക്കളുടെ പേര്, മേൽവിലാസം, ടിയാളുകൾ ഫ്ളാറ്റ് ലഭ്യമാക്കുന്നതിനായി നഗരസഭയുമായി കരാറിൽ ഏർപ്പെട്ട് ഫ്ളാറ്റിന്റെ താക്കോൽ കൈപ്പറ്റിയ തീയതി എന്നിവ ഉൾപ്പെട്ട പട്ടികയും അനുബന്ധം-2 ആയി ഇതോടൊപ്പം ചേർക്കുന്നു. ഫ്ളാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ നഗരസഭ തുടർന്നുവരികയാണ്. |

| | | | |
|---|---|---|---|
| | | | ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രൊജക്ട് നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥിതിയിലാകുകയും ചെയ്തതാണ്. എന്നിരുന്നാലും അർഹരായ ഗുണഭോക്താക്കൾക്ക് എസ്.സി. വികസന ഓഫീസ് വഴി സഹായം ലഭ്യമാക്കിയിട്ടുള്ളതാണ്. കൂടാതെ വികസന ഫണ്ട്, നഗരസഭ തനത് ഫണ്ട്, മറ്റു സർക്കാർ ഫണ്ടുകൾ എന്നിവ ഒന്നും തന്നെ ഈയിനത്തിൽ ലാപ്സാവുകയോ, വകമാറ്റുകയോ ചെയ്തിട്ടില്ലാത്തതുമാകുന്നു. |
| 4 | 3.7.2 | കോഴിക്കോട് നഗരസഭയിൽ സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത പട്ടികജാതി കുടുംബ ങ്ങൾക്ക് ഫ്ളാറ്റ് നിർമ്മാണ ത്തിനായി 5,29,68,322/-രൂപ വികസന അതോറിറ്റിക്ക് കൈ മാറിയിരുന്നെങ്കിലും നാളിതുവരെയായിട്ടും പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിട്ടില്ല. | **<u>കോഴിക്കോട് കോർപ്പറേഷൻ</u>**<br><br>പട്ടികജാതി കുടുംബങ്ങൾക്ക് വീട് വെക്കുന്നതിനായി എസ്.ഐ.1783/15 നമ്പർ വള്ളിയേക്കാട്ട് കോളനി ഫ്ളാറ്റ് നിർമ്മാണം എന്ന പേരിൽ ഒരു പ്രൊജക്ട് സി.ഡി.എ.ക്ക് കൈമാറിയിരിക്കുന്നു. എന്നാൽ പ്രസ്തുത സ്ഥലത്ത് ഫ്ളാറ്റ് നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുവാൻ സാധിക്കാത്തതിനാൽ പ്രൊജക്ട് റിവൈസ് ചെയ്യേണ്ടതായി വന്നു. അപ്രകാരം തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും 27.12.2016 ലെ 44-ാം നമ്പർ തീരുമാനപ്രകാരം നഗരസഭാ കൗൺസിൽ അംഗീകരിക്കുകയും സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.<br><br>കോളനി നിർമ്മാണത്തിന് പ്രദേശവാസികളും രാഷ്ട്രീയ സംഘടനകളും എതിർപ്പുമായി രംഗത്ത് വന്നതിനാലാണ് നിർമ്മാണത്തിന് കാലതാമസം നേരിട്ടത്. പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാതെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ പ്രയാസമാണ്.<br><br>10.3.17 ലെ ജി.ഒ.(എം.എസ്. 54/2017/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം സി.ഡി.എ. പിരിച്ചുവിടുകയും 30.3.17 ലെ ജി.ഒ.(എം.എസ്. 73/2017/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം കോഴിക്കോട് നഗരസഭക്ക് ആസ്തി ബാധ്യതകൾ കൈമാറുകയും ചെയ്തപ്പോൾ ടി പ്രൊജക്ടിന്റെ നിർവ്വഹണ ചുമതല ഇപ്പോൾ നഗരസഭക്കാണ് പദ്ധതി നടത്തിപ്പിനായി സി.ഡി.എ.ക്ക് കൈമാറിയിട്ടുള്ള 5,29,68,332/- രൂപ കോഴിക്കോട് നഗരസഭ സെക്രട്ടറിക്ക് കൈമാറി കിട്ടിയിട്ടുള്ള ടി.പി.എ. 123 നമ്പർ ട്രഷറി അക്കൗണ്ടിൽ നിലവിൽ ഉണ്ട്. ഈ പദ്ധതിക്ക് കോർപ്പറേഷന്റെ സുലേഖ സോഫ്റ്റ് വെയർ മുഖേന അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. ഹിയറിംഗിന് കോ ഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം |

442/2023.

| | | | |
|---|---|---|---|
| | | കോട്ടയം നഗരസഭാപരിധിയിലുള്ള മുള്ളൻ കുഴി കോളനിയിൽ പഴയ കെട്ടിടത്തിൽ താമസിക്കുന്നവരെ പുതിയ ഫ്ലാറ്റ് നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന നഗരസഭ 2011-12 ൽ പദ്ധതി തയ്യാറാക്കുകയും, ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിക്കുകയും ചെയ്തു. ഫ്ലാറ്റിന്റെ നിർമ്മാണം ഭാഗികമായി മാത്രമേ പൂർത്തിയായിട്ടുള്ളൂ . | ലഭിക്കുന്ന മുറക്ക് പദ്ധതി നിർവ്വഹണം നടത്തുന്നതാണ്.<br>**കോട്ടയം നഗരസഭ**<br>കോട്ടയം നഗരസഭ മുള്ളൻകുഴിയിൽ 2011-12 ൽ പട്ടികജാതി ഫണ്ടുപയോഗിച്ച് 24 കുടുംബങ്ങൾക്കായി ഒന്നാംഘട്ട ഫ്ലാറ്റ് നിർമ്മാണത്തിന് വേണ്ടി 1,96,55,000/- രൂപ അടങ്കൽ തുക നിശ്ചയിച്ച് പ്രവൃത്തി കെ എസ് എച്ച് ബി യെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. ആയത് പ്രകാരം പ്രവൃത്തികൾ കെ എസ് എച്ച് ബി പൂർത്തീകരിച്ചിട്ടുള്ളതാണ്. തുടർന്ന് പ്ലംബിംഗ് സാനിട്ടറി വർക്കുകൾ ഉൾപ്പെടെ ബാക്കിയുള്ള പ്രവൃത്തികൾ നടത്തുന്നതിന് പ്രോജക്ട് നം. 73/15-16 (എസ് സി പി) പ്രകാരം 29,95,259/- രൂപ കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുകയും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്ക് 72/15-16 (എസ് സി പി) പ്രകാരം 17,37,500/- രൂപ പി ഡബ്ല്യു ഡി ഇലക്ട്രിക്കൽ വിഭാഗത്തെയും ഏൽപ്പിക്കുകയുണ്ടായി. ജില്ലാ നിർമ്മിതി കേന്ദ്രവും പി ഡബ്ല്യു ഡി ഇലക്ട്രിക്കൽ വിഭാഗവും അവരവരെ ഏൽപ്പിച്ച പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. ആകെ 64 ഗുണഭോക്താക്കളെയാണ് മുള്ളൻകുഴിയിൽ പുനരധിവസിപ്പിക്കാനുള്ളത്. എന്നാൽ ലഭ്യമായ സ്ഥലത്ത് പൂർത്തിയാക്കിയ ഫ്ലാറ്റിൽ 24 കുടുംബങ്ങൾക്ക് മാത്രമെ താമസിക്കാൻ സൗകര്യപ്രദമായിട്ടുള്ളൂ. ഈ 64 പേരിൽ നിന്നും 24 പേരെ കണ്ടെത്തുന്നതിനുള്ള തർക്കം നിലനിൽക്കുന്നതിനാൽ പുനരധിവാസം നീണ്ടുപോകുകയാണുണ്ടായത്. 03/06/2017 ന് നഗരസഭയിൽ വിളിച്ച് ചേർത്ത ഗുണഭോക്തൃ യോഗത്തിൽ പ്രശ്നപരിഹാരമുണ്ടാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 24 ഗുണഭോക്താക്കളുടെ പുനരധിവസിപ്പിക്കേണ്ട പട്ടിക അംഗീകാരത്തിനായി ബഹു. കൗൺസിലിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. ഈ പുനരധിവാസത്തിന്റെ രണ്ടാം ഘട്ടമെന്ന നിലയിൽ 12 ഗുണഭോക്താക്കൾക്കുള്ള പദ്ധതി തയ്യാറാക്കി നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ടി വിവരങ്ങൾ റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. ഒന്നാംഘട്ടം പൂർത്തീകരിച്ച ഫ്ലാറ്റിൽ അർഹതയുള്ളവരെ |

| | | | |
|---|---|---|---|
| | | | പുനരധിവസിപ്പിച്ച ശേഷം നിലവിലുള്ള കെട്ടിടം പൊളിച്ച് നീക്കം ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതാണ്.<br>സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് ഭൂരഹിത ഭവന രഹിത ഗുണഭോക്തൃ പട്ടികയിൽ കോട്ടയം നഗരസഭയുടെ 14-ാം വാർഡായ മുള്ളൻകുഴി കോളനിയിലെ അർഹരായിട്ടുള്ള ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട് എന്നുള്ള വിവരം അറിയിക്കുന്നു. |
| 5 | 3.7.4 | ശുചിമുറി നിർമ്മാണം<br>പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയിൽ പന്ത്രണ്ടാം പദ്ധതി കാലയളവിൽ കക്കൂസ് നിർമ്മാണത്തിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ ഓഡിറ്റിന്റെ പ്രാദേശിക പരിശോധനയിൽ നഗരസഭ പരിധിയിലെ ധാരാളം കുടുംബങ്ങൾക്ക് കക്കൂസ് സംവിധാനം ഇല്ലായെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു | **ഷൊർണ്ണൂർ നഗരസഭ**<br>ഷൊർണ്ണൂർ നഗരസഭയിൽ ILCS- ന്റെ ഭാഗമായി 1310 കക്കൂസുകൾ നിർമ്മിച്ചു നൽകിയിട്ടുള്ളതാണ്. ആയതുകൊണ്ടു തന്നെ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ 12-13, 13-14 വർഷങ്ങളിൽ പദ്ധതികളൊന്നും വകയിരുത്തിയിട്ടില്ലാത്തതാണ്. 14-15-ൽ 3,76,000/-രൂപ വകയിരുത്തുകയും, തുകയൊന്നും തന്നെ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്.<br>2015-16 വർഷം കക്കൂസ് നിർമ്മാണത്തിനായി ഷൊർണ്ണൂർ നഗരസഭ "സ്വച്ഛ് ഭാരത് മിഷൻ പദ്ധതി 2015-16 " എന്ന പേരിൽ 18,17,200/-രൂപയുടെ പദ്ധതി തയ്യാറാക്കിയിരുന്നു. എന്നാൽ ടി പദ്ധതിക്ക് ടി സാമ്പത്തിക വർഷത്തിന്റെ അവസാനമാണ് ഡി.പി.സി (29/2/16) അംഗീകാരം ലഭിച്ചിരുന്നത്. തുക ചെലവഴിക്കാൻ കഴിഞ്ഞില്ലെങ്കിലും ശൗചാലയങ്ങൾ ഇല്ലാത്ത കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സർവ്വെ ടി സാമ്പത്തിക വർഷം തന്നെ ആരംഭിക്കാൻ കഴിഞ്ഞു. 2016-17 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ ആയ ടി പദ്ധതിയിൽ 118 കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള തുകയാണ് വകയിരുത്തിയിരുന്നത്. സർവ്വെ നടത്തിയതിൽ കക്കൂസുകൾ ഇല്ലാത്ത 581 കുടുംബങ്ങളെ കണ്ടെത്തുകയും, എന്നാൽ എസ്.ബി.എം പദ്ധതി പ്രകാരം ടോയ്‌ലറ്റ് ആവശ്യമുള്ളവർ അക്ഷയ കേന്ദ്രം വഴി അപേക്ഷ സമർപ്പിച്ചപ്പോൾ |

| | | | |
|---|---|---|---|
| <u>പുത്തിഗെ ഗ്രാമപഞ്ചായത്ത്</u> | | <u>പുത്തിഗെ ഗ്രാമപഞ്ചായത്ത്</u><br><br>കാസർഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമപഞ്ചായത്തിൽ പുതിയ ഭവനപദ്ധതികളൊന്നും തന്നെ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. ഐ.എ.വൈ വിഹിതം കൈമാറിയെങ്കിലും പദ്ധതിയിൽ ആരംഭിച്ച വീടുകളിൽ 21 എണ്ണം പൂർത്തിയാവാതെ അവശേഷിക്കുന്നു. | <u>പുത്തിഗെ ഗ്രാമപഞ്ചായത്ത്</u><br><br>പുത്തിഗെ ഗ്രാമപഞ്ചായത്തിൽ 21 പേർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചതിൽ 15 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 9 പേർ സാമ്പത്തിക പരാധീനതകൾ മൂലം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| <u>മീനങ്ങാടി ഗ്രാമപഞ്ചായത്ത്</u> | 3.7.3 | <u>മീനങ്ങാടി ഗ്രാമപഞ്ചായത്ത്</u><br><br>മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ഭവന നവീകരണ പദ്ധതികൾ കോളനി നവീകരണ പദ്ധതികളോടൊപ്പമാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം വീട് റിപ്പയർ പ്രവൃത്തിയ്ക്ക് ഓരോ ഗുണഭോക്താവിനും അർഹമായതിലും അധികം തുക നൽകിയിട്ടുണ്ട്.<br>പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിൽ ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രധാന തടസ്സം സ്വന്തം പേരിൽ ഭൂമിയില്ലാത്തതാണ്. ഭവനരഹിതരായ ഇത്തരം കുടുംബങ്ങൾ വർഷങ്ങളായി തങ്ങളുടെ പൂർവ്വികരുടെ സ്വത്ത് കൈവശം വച്ച് അതിൽ കുടിൽ കെട്ടി കഴിയുന്നവരാണ്. കൈവശ ഭൂമിയും പട്ടയം ലഭിക്കാത്ത സാഹചര്യവും ഒഴിവാക്കുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്. | <u>മീനങ്ങാടി ഗ്രാമപഞ്ചായത്ത്</u><br><br>മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ കോളനി നവീകരണ പദ്ധതിയോടനുബന്ധിച്ച് ചണ്ണാളി. വിളളിമൂല പട്ടികവർഗ്ഗ കോളനികളിലെ 12 വ്യക്തിഗത ഗുണഭോക്താക്കൾക്കായും ചക്കംപാടി പട്ടികവർഗ്ഗ കോളനിയിലെ 4 വ്യക്തിഗത ഗുണഭോക്താക്കൾക്കായും പട്ടികജാതി കോളനിയിലെ 2 ഗുണഭോക്താക്കൾക്കായും ഭവന പുനരുദ്ധാരണത്തിനും കോളനിയുടെ വികസനത്തിനുമായി പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്: ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ: |

| | | | |
|---|---|---|---|
| | | | 1. പ്രൊജക്ട് നമ്പർ.348/13 – ചണ്ണാളി, വില്ലിമുല കോളനി നവീകരണം – അടങ്കൽ – 10,00,000/–<br><br>ഈ പദ്ധതി ബഹുവർഷ പദ്ധതിയായിട്ടാണ് നടപ്പിലാക്കിയത്. 2012-13 വർഷം 4,68,157/- രൂപയും 2013-14 ൽ 5,31,843/- രൂപയും പട്ടികവർഗ്ഗ വിഭാഗം വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. രണ്ട് വർഷങ്ങളിലായി 9,05,666/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോ കോളനിയുടെയും നവീകരണത്തിനായി പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങി ടെണ്ടർ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്. ടി പദ്ധതിക്ക് വ്യക്തിഗത ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് ആവശ്യമായിരുന്നില്ല. 12 ഗുണഭോക്താക്കളുടെ പുനരുദ്ധാരണം നടത്തിയിട്ടുണ്ട്.<br><br>ഭവനപുനഃരുദ്ധാരണത്തിനായി 8,27,669/- രൂപയും കോളനിയിലെ പാർശ്വഭിത്തി നിർമ്മാണം, പൊതുകിണറിന് നെറ്റ് സ്ഥാപിക്കൽ എന്നിവയ്ക്കായി 77,997/- രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>2. പ്രൊജക്ട് നം.364/13 – ചക്കംപാടി കോളനി നവീകരണം – അടങ്കൽ – 5,72,458/–<br><br>ഈ പദ്ധതി പ്രകാരം 5,39,854/- രൂപ 2013-14 വർഷം ചെലവഴിച്ചിട്ടുണ്ട്. 4 വീടുകളുടെ മെയിന്റനൻസും ഒരു വീടിന്റെ ബാത്ത് റൂം നവീകരണവും നടത്തിയിട്ടുണ്ട്. കൂടാതെ കോളനി |

| | | | |
|---|---|---|---|
| | | | നടപ്പാത കോൺക്രീറ്റിംഗും നടത്തിയിട്ടുണ്ട്. 3 വീടുകൾക്കും മെയിന്റനൻസിനായി 1,25,278/- രൂപ വീതം 3,75,834/- രൂപയും ബാത്ത് റൂം നവീകരണം നടത്തിയ വീടിന് 1,30,631/- രൂപയും കോളനി നടപ്പാത കോൺക്രീറ്റിംഗിന് 33,329/- രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>3. **പ്രോജക്ട് നമ്പർ 369/13 – എസ്.സി. കോളനി നവീകരണം – – അടങ്കൽ – 2,70,226/-**<br><br>ഈ പദ്ധതി പ്രകാരം 2013-14 വർഷത്തിൽ 2,70.226/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2 വീടുകളുടെ മെയിന്റനൻസാണ് നടത്തിയിട്ടുള്ളത്. ഒരു വീടിന് 1,48,833/- രൂപയും രണ്ടാമത്തെ വീടിന് 1,21,433/- രൂപയും മേൽക്കൂര കോൺക്രീറ്റിംഗ്, പെയിന്റിംഗ്. നിലം കോൺക്രീറ്റിംഗ്, വാതിൽ, ജനൽ എന്നിവ മാറ്റി സ്ഥാപിക്കൽ ഇനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | <u>പനവൂർ ഗ്രാമപഞ്ചായത്ത്</u> | 3.7.4 | <u>ശുചിമുറി നിർമ്മാണം</u><br><br><u>പനവൂർ ഗ്രാമപഞ്ചായത്ത്</u><br>പനവൂർ ഗ്രാമപഞ്ചായത്തിൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തി 10 പട്ടികജാതി വിഭാഗക്കാർക്കും 30 പട്ടികവർഗ്ഗ വിഭാഗക്കാർക്കും ശുചിത്വ കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. പഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും സ്വന്തമായി കക്കൂസ് ഉണ്ട് എന്നാൽ 11 പട്ടികജാതി വിഭാഗക്കാർക്ക് ശുചിത്വ കക്കൂസ് ഇല്ല. | <u>പനവൂർ ഗ്രാമപഞ്ചായത്ത്</u><br>പനവൂർ ഗ്രാമപഞ്ചായത്തിപനവൂർ ഗ്രാമപഞ്ചായത്തിൽ 601 പട്ടികജാതി 12 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 39 ശുചിത്വ കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. ഒ.ഡി.എഫ്.പദ്ധതി നടപ്പാക്കുന്നതിനായി നടത്തിയ സർവ്വേയിൽ 50 പട്ടികജാതി കുടുംബങ്ങൾക്കും, 15 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ശുചിത്വ കക്കൂസ് ഇല്ല എന്ന് കണ്ടെത്തുകയും ഒ.ഡി.എഫ്.പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 50 പട്ടികജാതി കുടുംബങ്ങൾക്കും, 15 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ശുചിത്വ കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ മുഴുവൻപട്ടികജാതി കുടുംബങ്ങൾക്കും, പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ശുചിത്വ കക്കൂസ് ഉള്ളതും ഗ്രാമപഞ്ചായത്തിനെ ഒ.ഡി.എഫ്.ആയി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. |
| | <u>പാങ്ങോട്</u> ഗ്രാമപഞ്ചായത്ത് | | <u>പാങ്ങോട് ഗ്രാമപഞ്ചായത്ത്</u><br><br>പാങ്ങോട് ഗ്രാമപഞ്ചായത്തിൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തി 58 പട്ടികജാതി വിഭാഗക്കാർക്കും 18 പട്ടികവർഗ്ഗ വിഭാഗക്കാർക്കും ശുചിത്വ കക്കൂസ് നിർമ്മിക്കുന്നതിന് | <u>പാങ്ങോട് ഗ്രാമപഞ്ചായത്ത്</u><br><br>പാങ്ങോട് ഗ്രാമപഞ്ചായത്തിൽ 1361 പട്ടികജാതി കുടുംബങ്ങളും, 420 പട്ടിക വർഗ്ഗ കുടുംബങ്ങളുമാണ് ഉള്ളത്. 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ 40 പട്ടികജാതി |

| | | | |
|---|---|---|---|
| | | ധനസഹായം നൽകിയിട്ടുണ്ട്. ലഭ്യമാക്കിയിട്ടുള്ള കണക്കുകൾ പ്രകാരം 309 പട്ടികജാതി കുടുംബങ്ങൾക്കും 87 പട്ടികവർഗ്ഗ വിഭാഗക്കാർക്കും ശുചിത്വ കക്കൂസ് ഇല്ല | കുടുംബങ്ങൾക്കും, 29 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീടിനോടൊപ്പം ശുചിത്വ കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. ഒ.ഡി.എഫ്.പദ്ധതി നടപ്പാക്കുന്നതിനായി നടത്തിയ സർവ്വേയിൽ 73 പട്ടികജാതി കുടുംബങ്ങൾക്കും, 17 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ശുചിത്വ കക്കൂസ് ഇല്ല എന്ന് കണ്ടെത്തുകയും ഒ.ഡി.എഫ്.പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 73 പട്ടികജാതി കുടുംബങ്ങൾക്കും, 17 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ശുചിത്വ കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ മുഴുവൻപട്ടികജാതി കുടുംബങ്ങൾക്കും പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ശുചിത്വ കക്കൂസ് ഉള്ളതും ഗ്രാമപഞ്ചായത്തിനെ ഒ.ഡി.എഫ്.ആയി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. |
| വൈത്തിരി ഗ്രാമപഞ്ചായത്ത് | | വയനാട് ജില്ല<br><br>വൈത്തിരി ഗ്രാമപഞ്ചായത്തിലെയും അമ്പലവയൽ ഗ്രാമപഞ്ചായത്തിലെയും കോളനികളിൽ സാനിട്ടറി യൂണിറ്റുകൾ ഇല്ല. പല കോളനികളും വയൽ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നതിനാൽ കക്കൂസ് മാലിന്യങ്ങൾ കിണറുകളിൽ കലരുന്ന സംഭവങ്ങൾ ഉണ്ട്.<br><br>അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ പെരുമ്പാടിക്കുന്ന് | വയനാട് ജില്ല<br><br>വൈത്തിരി ഗ്രാമപഞ്ചായത്ത്<br>ഉപയോഗ യോഗ്യമായ സാനിറ്ററി യൂണിറ്റുകൾ ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും സാനിറ്ററി യൂണിറ്റുകൾ അനുവദിക്കുന്നതിനായി നടത്തിയ സർവ്വേ പ്രകാരം ശുചിമുറികളില്ലാത്ത 75പട്ടികവർഗ്ഗ കുടുംബങ്ങൾ ഉൾപ്പെടെയുള്ള 292 കുടുംബങ്ങളെ<br><br>കണ്ടെത്തിയിട്ടുണ്ട്. മേൽ 75 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉൾപ്പെടെയുള്ള എല്ലാ കുടുംബങ്ങൾക്കും ശുചിമുറികൾ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, പട്ടികവർഗ്ഗ |

| | | | | |
|---|---|---|---|---|
| | | | കോളനി, നെല്ലാറച്ചാൽ കോളനി, ചുമല കോളനി എന്നിവടങ്ങളിൽ 2012-13 പൊതുസാനിട്ടറി യൂണിറ്റുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്ലംബിംഗ് നടത്തിയിട്ടില്ല. | കോളനികളിൽ ശുദ്ധമായ കുടിവെള്ളം നൽകുന്നതിന് ഗ്രാമപഞ്ചായത്ത് അതീവ ശ്രദ്ധ പുലർത്തുന്നുണ്ടെന്നും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറക്ക് ആയത് അടിയന്തിരമായി അറിയിക്കുന്നതിന് ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ച വിവരം സമർപ്പിക്കുന്നു.<br><br>__അമ്പലവയൽ ഗ്രാമപഞ്ചായത്ത്__<br>പ്രസ്തുത കോളനികളിൽ ടോയ്ലറ്റ് ബ്ലോക്ക് നിർമ്മിച്ചപ്പോൾ അവിടെ കിണറോ മറ്റു തരത്തിലുള്ള ജലലഭ്യതയോ ഇല്ലാതിരുന്നതിനാൽ എസ്റ്റിമേറ്റിൽ പ്ലംബിംഗ് ഉൾപ്പെടുത്തിയിരുന്നില്ല. ആയത് കൊണ്ടാണ് പ്ലംബ്ബിംഗ് നടത്താതിരുന്നത്. നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതികളിൽ ഫീസിബിലിറ്റി ലഭ്യമല്ലാത്ത പ്രൊജക്ടുകൾ റിവിഷൻ സമയത്ത് മാറ്റി അസി.എഞ്ചിനിയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ഓരോ കോളനികൾക്കും 150000 രൂപ വീതം വകയിരുത്തി പ്ലംബിംഗ് പൂർത്തീകരിക്കുന്നതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| | __അമ്പലവയൽ ഗ്രാമപഞ്ചായത്ത്__ | | | |
| | __ആറളം ഗ്രാമപഞ്ചായത്ത്__ | 1.7.5 | __ആറളം ഗ്രാമപഞ്ചായത്ത്__<br><br>ആറളം ഫാമിലെ 3060 ഹെക്ടർ ഭൂമി 2004 ൽ പട്ടിക വർഗ്ഗ പുനരധിവാസമിഷന് കൈമാറി ഇതിനെ തുടർന്ന് ആറളം ഗ്രാമ പഞ്ചായത്തിന്റെ 6-ാം വാർഡിലുള്ള ആറളം ഫാം പുനരധിവാസ മേഖലയിൽ 3004 പട്ടിക വർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിച്ചു. ഇതു മൂലം ഗ്രാമ പഞ്ചായത്തിന്റെ പട്ടിക വർഗ്ഗ ജനസംഖ്യയിൽ വൻവർദ്ധനയാണ് സംഭവിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്തിന് മുമ്പ് ലഭിച്ചുകൊണ്ടിരിക്കുന്ന ടി.എസ്.പി. ഫണ്ട് വ്യത്യാസമില്ലാതെ ഇതിന് ആനുപാതികമായി വർദ്ധന | __ആറളം ഗ്രാമപഞ്ചായത്ത്__<br><br>ആറളം ഗ്രാമ പഞ്ചായത്തിൽ 18 പട്ടിക വർഗ്ഗ കോളനികളാണുള്ളത്. ആറളംഫാം പട്ടിക വർഗ്ഗ പുനരധിവാസ പ്രദേശത്ത് നിലവിൽ 1693 കുടുംബങ്ങളിലായി 7845 പേർ താമസിച്ചുവരുന്നു. 2007-08. സാമ്പത്തിക വർഷത്തിന് ആരംഭിച്ചതും ഇപ്പോഴും തുടർന്നുവരുന്നതുമായ പുനരധിവാസ പ്രവർത്തനങ്ങൾ നടക്കുമ്പോഴും ഈ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പെ പട്ടിക വർഗ്ഗ സങ്കേതങ്ങൾ കണക്കാക്കി നൽകിയിരുന്ന ടി.എസ്.പി ഫണ്ടിന്റെ ആനുപാതികമായി ലഭിച്ചുവരുന്ന തുകയാണ് നിലവിലും ലഭിക്കുന്നത്. പുനരധിവാസത്തിന് ശേഷമുള്ള ജനസംഖ്യക്ക് |

| | | | |
|---|---|---|---|
| | | | പുനരധിവസിപ്പിച്ച ശേഷം നിലവിലുള്ള കെട്ടിടം പൊളിച്ച് നീക്കം ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതാണ്.<br>സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് ഭൂരഹിത ഭവന രഹിത ഗുണഭോക്തൃ പട്ടികയിൽ കോട്ടയം നഗരസഭയുടെ 14-ാം വാർഡായ മുള്ളൻകുഴി കോളനിയിലെ അർഹരായിട്ടുള്ള ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട് എന്നുള്ള വിവരം അറിയിക്കുന്നു. |
| 5 | 3.7.4 | ശുചിമുറി നിർമ്മാണം<br>പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയിൽ പന്ത്രണ്ടാം പദ്ധതി കാലയളവിൽ കക്കൂസ് നിർമ്മാണത്തിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ ഓഡിറ്റിന്റെ പ്രാദേശിക പരിശോധനയിൽ നഗരസഭ പരിധിയിലെ ധാരാളം കുടുംബങ്ങൾക്ക് കക്കൂസ് സംവിധാനം ഇല്ലായെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു | <u>ഷൊർണ്ണൂർ നഗരസഭ</u><br>ഷൊർണ്ണൂർ നഗരസഭയിൽ ILCS- ന്റെ ഭാഗമായി 1310 കക്കൂസുകൾ നിർമ്മിച്ചു നൽകിയിട്ടുള്ളതാണ്. ആയതുകൊണ്ടു തന്നെ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ 12-13, 13-14 വർഷങ്ങളിൽ പദ്ധതികളൊന്നും വകയിരുത്തിയിട്ടില്ലാത്തതാണ്. 14-15-ൽ 3,76,000/-രൂപ വകയിരുത്തുകയും, തുകയൊന്നും തന്നെ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്.<br>2015-16 വർഷം കക്കൂസ് നിർമ്മാണത്തിനായി ഷൊർണ്ണൂർ നഗരസഭ "സ്വച്ഛ് ഭാരത് മിഷൻ പദ്ധതി 2015-16 " എന്ന പേരിൽ 18,17,200/-രൂപയുടെ പദ്ധതി തയ്യാറാക്കിയിരുന്നു. എന്നാൽ ടി പദ്ധതിക്ക് ടി സാമ്പത്തിക വർഷത്തിന്റെ അവസാനമാണ് ഡി.പി.സി (29/2/16) അംഗീകാരം ലഭിച്ചിരുന്നത്. തുക ചെലവഴിക്കാൻ കഴിഞ്ഞില്ലെങ്കിലും ശൗചാലയങ്ങൾ ഇല്ലാത്ത കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സർവ്വെ ടി സാമ്പത്തിക വർഷം തന്നെ ആരംഭിക്കാൻ കഴിഞ്ഞു. 2016-17 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ ആയ ടി പദ്ധതിയിൽ 118 കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള തുകയാണ് വകയിരുത്തിയിരുന്നത്. സർവ്വെ നടത്തിയതിൽ കക്കൂസുകൾ ഇല്ലാത്ത 581 കുടുംബങ്ങളെ കണ്ടെത്തുകയും, എന്നാൽ എസ്.ബി.എം പദ്ധതി പ്രകാരം ടോയ്ലറ്റ് ആവശ്യമുള്ളവർ അക്ഷയ കേന്ദ്രം വഴി അപേക്ഷ സമർപ്പിച്ചപ്പോൾ |

| | | | |
|---|---|---|---|
| | | | ലഭ്യമായ അപേക്ഷകളിൽ ജെ.എച്ച്.ഐ.മാർ പരിശോധന നടത്തിയതിൽ 75 ഗുണഭോക്താക്കളെ മാത്രമേ അപേക്ഷകരിൽ നിന്നും തിരഞ്ഞെടുക്കാനായുള്ളു. 75 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുള്ളതാണ്. ഷൊർണ്ണൂർ നഗരസഭയെ ഒ.ഡി.എഫ്. ആയി 19/05/18-ന് പ്രഖ്യാപിച്ചിട്ടുള്ളതുമാണ്.<br><br>പന്ത്രണ്ടാം പദ്ധതി കാലയളവിൽ തന്നെ കക്കൂസില്ലാത്ത അവശേഷിക്കുന്ന കുടുംബങ്ങളെ കണ്ടെത്തി അവർക്ക് കക്കൂസ് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു |
| 6 | 3.7.9 | നഗരസഭയുടെ മെരിട്ടോറിയസ് മികവു കാട്ടുന്ന വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗ് എന്ന പദ്ധതിയ്ക്ക്തുക വകയിരുത്തിയെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. | <u>ചങ്ങനാശ്ശേരി നഗരസഭ</u><br>2018-19 വർഷം എസ്.സി വിഭാഗത്തിലുള്ള മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗിന് ധനസഹായം പ്രോജക്ട് നം. 232/2019 പ്രകാരം 100000/- രൂപ വകയിരുത്തിയിട്ടുള്ളതാണ്. (20 പേർക്ക് 5000/- രൂപ വീതം 100000/- രൂപ വകയിരുത്തിയിട്ടുണ്ട്.)<br><br>മുൻവർഷങ്ങളിൽ ടി ധനസഹായത്തിന് ആരും അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതാണ്.<br><br>2018-19 വർഷം എസ്.സി വിഭാഗത്തിലുള്ള മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗിന് ധനസഹായം പദ്ധതി നം.232/2019 എന്ന പ്രോജക്ടിൽ തുക വകയിരുത്തിയിരുന്നു. ടി പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ആകെ 4 പേർ മാത്രമാണ് ഉണ്ടായിരുന്നത്. ടി ഗുണഭോക്താക്കൾക്ക് രേഖാമൂലം കത്ത് നൽകുകയും എസ്.സി പ്രൊമോട്ടർമാർ മുഖേന അറിയിപ്പ് നൽകുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ടി ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ (എൻട്രൻസ് കോച്ചിംഗ് സ്ഥാപനത്തിൽ നിന്നുള്ള |

| | | | | | |
|---|---|---|---|---|---|
| 3 | 2015-16 | 3.7.1 | **1.മലമ്പുഴ ഗ്രാമപഞ്ചായത്ത്**<br>മലമ്പുഴ ഗ്രാമപഞ്ചായത്തിൽ 2009-10 ൽ 12 ഗുണഭോക്താക്കൾക്കായി നൽകിയ ഭൂമി നാളിതുവരെ അതിർത്തി തിരിച്ച് അളന്നു നൽകിയിട്ടില്ല. ഇതുമൂലം ഭവന നിർമ്മാണം ആരംഭിക്കുവാന് ഗുണഭോക്താക്കൾക്ക് കഴിഞ്ഞിട്ടില്ല.<br><br>**2.മലമ്പുഴ ഗ്രാമപഞ്ചായത്ത്**<br><br>മലമ്പുഴ ഗ്രാമപഞ്ചായത്ത് 2014-15 ല് 21 ലക്ഷം രൂപ അടങ്കലിൽ 14 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും ഒരാൾക്കുമാത്രമാണ് ആനുകൂല്യം നൽകിയത്. | **1.മലമ്പുഴ ഗ്രാമപഞ്ചായത്ത്**<br>2009-10 സാമ്പത്തിക വർഷത്തില് 12 ഗുണഭോക്താക്കൾക്കായി നൽകിയ ഭൂമി അതിർത്തി തിരിച്ച് 2016 വർഷത്തിൽ അളന്ന് നൽകിയിട്ടുണ്ട്.<br><br>**2.മലമ്പുഴ ഗ്രാമപഞ്ചായത്ത്**<br>2014-15 സാമ്പത്തിക വർഷത്തിൽ ഒരു ഗുണഭോക്താവിന് മാത്രം ആനുകൂല്യം നല്കിയിരുന്നുള്ളുവെങ്കിലും 2015-16 ൽ സ്പിൽ ഓവറായി 19.5 ലക്ഷം രൂപ വകയിരുത്തുകയും അതിൽ 9 പേർക്കായി 13.5 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. | |
| 4 | 2015-16 | 3.7.4 | **മലമ്പുഴ ഗ്രാമപഞ്ചായത്ത്**<br>എലകുത്താംപാറ പട്ടികവർഗ്ഗ കോളനിയില് പട്ടികവർഗ്ഗ വികസന വകുപ്പ് ഒരു പൊതു കക്കൂസ്സിന്റെ നിർമ്മാണം സംബന്ധിച്ച്. | **മലമ്പുഴ ഗ്രാമപഞ്ചായത്ത്**<br>എലകുത്താംപാറ പട്ടികവർഗ്ഗ കോളനിയില് പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ 2 പൊതു കക്കൂസുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. | |
| 5 | 2015-16 | 3.7.8 | പരമ്പരാഗത കുലത്തൊഴിൽ മേഖലകൾ<br>പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിലെ കവറ സമുദായത്തിൽപ്പെട്ടവരുടെ ഉപജീവനമാർഗ്ഗ മുള ഉൽപ്പന്നങ്ങളുടെ നിർമ്മാണമാണ്. എന്നാൽ | **കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്**<br>കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിലെ കവറ സമുദായ അംഗങ്ങളുടെ പരമ്പരാഗത കൈത്തൊഴിലാണ് മുള, ഈറ എന്നി അസംസ്കൃത വസ്തുകൾ കൊണ്ടുള്ള ഉൽപന്നങ്ങള് ഉണ്ടാക്കുന്നത്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവ് മൂലവും ഉണ്ടാക്കുന്ന ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്താനുള്ള ബുദ്ധിമുട്ടും മൂലവും പ്രസ്തുത തൊഴിൽ മേഖല പ്രതിസന്ധിയിലാണ്. കൂടാതെ പുതുതലമുറയിൽപ്പെട്ട ടി സമുദായത്തിലെ അംഗങ്ങൾ പരമ്പരാഗത തൊഴിലുപേക്ഷിച്ച് | |

| | | | |
|---|---|---|---|
| 2 | 3.7.5 | <u>**പട്ടികവർഗ്ഗക്കാർ ഉണ്ടായിട്ടും ഗ്രാമപഞ്ചായത്തിന് ടി.എസ്.പി ഫണ്ട് ലഭിക്കുന്നില്ല.**</u><br><br>എടപ്പറ്റ ഗ്രാമ പഞ്ചായത്തിലെ പറയൻമാട് വനഭൂമിയുടെ താഴ്‌വാരത്തുള്ള മൂനാടി കോളനിയിൽ 24 പട്ടികവർഗ്ഗ കുടുംബങ്ങൾ വസിക്കുന്നു. പറയൻമാട് വനത്തിൽ കഴിഞ്ഞിരുന്ന പ്രാക്തന ആദിവാസി ഗോത്രത്തിൽപ്പെടുന്ന കാട്ടുനായ്ക്കർ വിഭാഗത്തിൽപ്പെട്ടവരെ ഇവിടേക്കു പുനരധിവസിപ്പിക്കുകയായിരുന്നു. എന്നാൽ സംസ്ഥാന സർക്കാരിന്റെ വികസന ഫണ്ടിലെ ടി.എസ്.പി ഫണ്ടിൽ നിന്നും തുകയൊന്നും ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്നില്ല. | എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡായ മൂനാടിയിൽ സ്ഥിതി ചെയ്യുന്ന മൂനാടി പട്ടികവർഗ്ഗ കോളനിയിൽ 23 കുടുംബങ്ങളിലായി 80 പട്ടികവർഗ്ഗക്കാർ താമസിക്കുന്നു. 2016-17 വരെ എടപ്പറ്റ ഗ്രാമപഞ്ചായത്തിന് ടി.എസ്.പി ഫണ്ട് ലഭിച്ചിട്ടില്ല. എന്നാൽ 2017-18 മുതൽ ടി.എസ്.പി ഫണ്ട് ലഭ്യമാകുന്നുണ്ട്. എടപ്പറ്റ ഗ്രാമപഞ്ചായത്തിന് ലഭ്യമായ ടി.എസ്.പി ഫണ്ടിന്റെ വിവരവും ചെലവ് വിവരവും താഴെച്ചേർക്കുന്നു. |

| വർഷം | പദ്ധതിയിൽ വകയിരുത്തിയ തുക | ലഭിച്ച തുക | ചിലവ് | |
|---|---|---|---|---|
| 2016–17 | 0 | 0 | 0 | 2017–18ൽ വിഹിതം അനുവദിച്ചത് വർഷാന്ത്യത്തിലായതിനാൽ പദ്ധതിയിലുൾപ്പെടുത്തിയിട്ടില്ല |
| 2017–18 | 0 | 333743 | 0 | |
| 2018–19 | 222000 | 222000 | 148550 | |
| 2019–20 | 225000 | 75000 | 0 | |

| | | | |
|---|---|---|---|
| 3 | 3.7.5 | മങ്കട ഗ്രാമപഞ്ചായത്തിലെ ചേരിയംമലയിൽ കാട്ടുനായ്ക്കർ ഗോത്രത്തിൽപ്പെടുന്ന 6 ആദിവാസി കുടുംബങ്ങൾ കഴിയുന്നുണ്ട്. ഇതിൽ 3 കുടുംബങ്ങൾ പാറമടകളിലാണ് വസിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിനു ടി.എസ്.പി ഫണ്ടു ലഭിക്കുന്നില്ല | മങ്കട ഗ്രാമ പഞ്ചായത്തിൽ നിലവിൽ 6 പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിച്ചു വരുന്നുണ്ട്. അവരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി 2018-19 വർഷം മുതൽ ടി എസ് പി ഫണ്ട് ലഭ്യമാക്കുന്നുണ്ടെന്നും ടി ഫണ്ട് ഉപയോഗിച്ച് 2018-19 വർഷം മുതൽ പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ടെന്നും അറിയിച്ചുകൊള്ളുന്നു |

| | | | |
|---|---|---|---|
| <u>അമ്പലവയൽ ഗ്രാമപഞ്ചായത്ത്</u> | | കോളനി, നെല്ലാറച്ചാൽ കോളനി, ചുരിമല കോളനി എന്നിവടങ്ങളിൽ 2012-13 പൊതുസാനിട്ടറി യുണിറ്റുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്ലംബിംഗ് നടത്തിയിട്ടില്ല. | കോളനികളിൽ ശുദ്ധമായ കുടിവെള്ളം നൾകുന്നതിന് ഗ്രാമപഞ്ചായത്ത് അതീവ ശ്രദ്ധ പുലർത്തുന്നുണ്ടെന്നും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറക്ക് ആയത് അടിയന്തിരമായി അറിയിക്കുന്നതിന് ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ച വിവരം സമർപ്പിക്കുന്നു.<br><br><u>അമ്പലവയൽ ഗ്രാമപഞ്ചായത്ത്</u><br>പ്രസ്തുത കോളനികളിൽ ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മിച്ചപ്പോൾ അവിടെ കിണറോ മറ്റു തരത്തിലുള്ള ജലലഭ്യതയോ ഇല്ലാതിരുന്നതിനാൽ എസ്റ്റിമേറ്റിൽ പ്ലംബിംഗ് ഉൾപ്പെടുത്തിയിരുന്നില്ല. ആയത് കൊണ്ടാണ് പ്ലംബിംഗ് നടത്താതിരുന്നത്. നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതികളിൽ ഫീസിബിലിറ്റി ലഭ്യമല്ലാത്ത പ്രോജക്ടുകൾ റിവിഷൻ സമയത്ത് മാറ്റി അസി.എഞ്ചിനിയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ഓരോ കോളനികൾക്കും 150000 രൂപ വീതം വകയിരുത്തി പ്ലംബിംഗ് പൂർത്തീകരിക്കുന്നതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. |
| <u>ആറളം ഗ്രാമപഞ്ചായത്ത്</u> | J.7.5 | <u>ആറളം ഗ്രാമപഞ്ചായത്ത്</u><br><br>ആറളം ഫാമിലെ 3060 ഹെക്ടർ ഭൂമി 2004 ൽ പട്ടിക വർഗ്ഗ പുനരധിവാസമിഷന് കൈമാറി ഇതിനെ തുടർന്ന് ആറളം ഗ്രാമ പഞ്ചായത്തിന്റെ 6-ാം വാർഡിലുള്ള ആറളം ഫാം പുനരധിവാസ മേഖലയിൽ 3004 പട്ടിക വർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിച്ചു. ഇതു മൂലം ഗ്രാമ പഞ്ചായത്തിന്റെ പട്ടിക വർഗ്ഗ ജനസംഖ്യയിൽ വൻവർദ്ധനയാണ് സംഭവിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്തിന് മുമ്പ് ലഭിച്ചുകൊണ്ടിരിക്കുന്ന ടി.എസ്.പി. ഫണ്ട് ലഭ്യതയിൽ ഇതിന് ആനുപാതികമായി വർദ്ധന | <u>ആറളം ഗ്രാമപഞ്ചായത്ത്</u><br><br>ആറളം ഗ്രാമ പഞ്ചായത്തിൽ 18 പട്ടിക വർഗ്ഗ കോളനികളാണുള്ളത്. ആറളംഫാം പട്ടിക വർഗ്ഗ പുനരധിവാസ പ്രദേശത്ത് നിലവിൽ 1693 കുടുംബങ്ങളിലായി 7945 പേർ താമസിച്ചുവരുന്നു. 2007-08 സാമ്പത്തിക വർഷത്തിന് ആരംഭിച്ചതും ഇപ്പോഴും തുടർന്നുവരുന്നതുമായ പുനരധിവാസ പ്രവർത്തനങ്ങൾ നടക്കുമ്പോഴും ഈ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുൻപേ പട്ടിക വർഗ്ഗ സങ്കേതങ്ങൾ കണക്കാക്കി നൽകിയിരുന്ന ടി.എസ്.പി ഫണ്ടിന്റെ, ആനുപാതികമായി ലഭിച്ചുവരുന്ന തുകയാണ് നിലവിലും ലഭിക്കുന്നത്. പുനരധിവാസത്തിന് ശേഷമുള്ള ജനസംഖ്യക്ക് |

ഉണ്ടായിട്ടില്ല.

ആനുപാതികമായി ടി.എസ്.പി ഫണ്ട് ലഭ്യമാക്കുന്നതിന് നയപരമായ തീരുമാനം ആവശ്യമാണ്

| | | | |
|---|---|---|---|
| | | | വകയിരുത്തി. 6 ഗുണഭോക്താക്കൾ ഒന്നാം ഗഡു തുക കൈപ്പറ്റി തറ നിർമ്മാണം പൂർത്തീകരിച്ചതിനാൽ ചുമർ നിർമ്മിക്കുന്നതിനുള്ള രണ്ടാം ഗഡു അനുവദിച്ചു. 6 ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റി തറ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചു. ബാക്കി വരുന്ന ഒരു ഗുണഭോക്താവ് മരണപ്പെട്ടതിനാൽ അവകാശികൾ അവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. കോളനിയിലെ സാംസ്കാരിക നിലയത്തിന്റെ വൈദ്യുതി കണക്ഷൻ പുനസ്ഥാപിച്ചിട്ടുണ്ട്. വീടുകൾക്ക് ഗ്രാമപഞ്ചായത്ത് താൽകാലിക നമ്പർ നൽകി വൈദ്യുത കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. 2016 വർഷം എം.പി ഫണ്ടിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപ ചെലവഴിച്ച് കോളനിയിലേക്ക് റോഡ് നിർമ്മിച്ചിട്ടുണ്ട് |
| 2. | 3.7.6 | **കൃഷി, മൃഗസംരക്ഷണം**<br><br>കോഴിക്കോട് ജില്ലയിൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വട്ടച്ചിറ കോളനിയിലുള്ള എൺപത്തഞ്ചോളം പട്ടികവർഗ്ഗ കുടുംബങ്ങൾ ഒരേക്കറിൽ കൂടുതൽ കൃഷിഭൂമി ഉള്ളവരാണെങ്കിലും പന്ത്രണ്ടാം പദ്ധതിക്കാലയളവിൽ മേൽ കൃഷി ഭൂമി പ്രസ്തുത വിഭാഗത്തിന് സാമ്പത്തിക ഉന്നമനത്തിനുതകുന്ന രീതിയിൽ ഉപയോഗപ്രദമാക്കുവാനുള്ള പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. നിലവിൽ കോളനിയിലെ ഭൂഭാഗം പ്രദേശവും കാടുമൂടി കിടക്കുകയാണ്. | **കോടഞ്ചേരി ഗ്രാമപഞ്ചായത്ത്**<br>കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വട്ടച്ചിറ കോളനിയിൽ ഏകദേശം 100 ഏക്കറോളം ഭൂമി ഉപയോഗപ്രദമല്ലാതെ കിടക്കുകയായിരുന്നു. 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ടി പ്രദേശം കൃഷിയോഗ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. പ്രാഥമിക നടപടി എന്ന നിലയിൽ സ്ഥലം കാട് വെട്ടിത്തെളിച്ച് കിളച്ച് മറിക്കുന്നതിന് തീരുമാനിച്ചെങ്കിലും ഭൂവുടമകൾ സഹകരിക്കാത്തത് കാരണം പ്രവൃത്തി നിന്നുപോവുകയായിരുന്നു. തുടർന്ന് ഈ സ്ഥലം കൃഷി യോഗ്യമാക്കിയെങ്കിലും ശക്തമായ കാലവർഷം തുടർന്ന് കൃഷി ചെയ്യാൻ സാധിച്ചില്ല. മേൽ ഭൂമിയിൽ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് സാമ്പത്തിക ഉന്നമനത്തിനുതകുന്ന രീതിയിൽ ഉപയോഗപ്രദമാക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ശരിയായ നേതൃത്വം ഇല്ലാത്തതും വീഴ്ചക്ക് കാരണമാകുന്നു.<br>നിലവിൽ മേൽ ഭൂമി കൃഷി ഭൂമിയാക്കി മാറ്റുന്നതിനുള്ള പ്രവൃത്തനങ്ങൾ നടന്നു വരികയാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി കാട് വെട്ടിത്തെളിച്ച് കിളച്ച് കാർഷികയോഗ്യമാക്കിയിട്ടുണ്ട്. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് കാപ്പി, കൊക്കോ, കശുമാവ് എന്നീ വിളകൾ കൃഷി ചെയ്യുന്നതിന് തൈകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാനപ്രകാരം വട്ടച്ചിറ കോളനിയിലെ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് സാമ്പത്തിക ഉന്നമനത്തിനുതകുന്ന രീതിയിൽ മുഴുവൻ ഭൂമിയിലും ആദായകരമായി രീതിയിൽ കൃഷി നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്ത വിവരം ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| 2 | 2015-16 | 3.7.1 | <u>ഭൂമി വാങ്ങൽ ഭവന നിർമ്മാണം</u><br><br>പട്ടിക ജാതിക്കാർക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി 2012-13 ൽ 37.60 സെന്റ് സ്ഥലം വാങ്ങിയെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല | ***<u>കൊടുവള്ളി</u>*** :- പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷം ടി സ്ഥലത്ത് എസ്.സി വിഭാഗക്കാർക്ക് ഫ്ലാറ്റ് നിർമ്മിച്ച് നൽകുവാൻ പദ്ധതി ആവിഷ്കരിക്കുകയും 48 ലക്ഷം രൂപ വകയിരുത്തുകയും പദ്ധതിക്ക് ഗവ.അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ടി പ്രൊപോസൽ നിരസിക്കുകയുമാണുണ്ടായത്. പദ്ധതിക്ക് വകയിരുത്തിയ തുക ഫ്ലാറ്റ് നിർമ്മിക്കുകയാണെങ്കിൽ 3 കുടുംബങ്ങൾക്ക് മാത്രമെ ഭവനത്തിന് ഉപകരിക്കുകയുള്ളൂ എന്നും ടി തുക വ്യക്തിഗത ഭവനങ്ങൾക്ക് നൽകുകയാണെങ്കിൽ (3 ലക്ഷം വീതം) 16 കുടുംബങ്ങൾക്ക് ഉപകരിക്കും എന്ന കാരണത്താൽ ആണ് നിരസിച്ചത്. ഇപ്പോൾ ഈ സ്ഥലം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഭൂരഹിത ഭവന രഹിതർക്ക് ഉതകുന്ന വിധത്തിലുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 3 | 2015-16 | 3.7.6 | എരുമ വളർത്തൽ പദ്ധതി 08.05.2012 ലെ ഊരുകൂട്ടത്തില് ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല | ***<u>കൊടുവള്ളി</u>*** :- കൊടുവള്ളി ഗ്രാമ പഞ്ചായത്തിൽ ഊരുകൂട്ടത്തിൽ എരുമ വളർത്തൽ പദ്ധതി നടപ്പിലാക്കണമെന്ന് അഭിപ്രായം ഉന്നയിച്ചത് കണക്കിലെടുത്ത് 2017-18, 2018-19 വർഷങ്ങളിൽ എസ്.ടി വിഭാഗക്കാർക്ക് പോത്തുകുട്ടി വിതരണം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എരുമ വളർത്തൽ പദ്ധതി ഏറ്റെടുത്താൽ ഗുണഭോക്താക്കൾക്ക് എരുമകളെ വളർത്തുവാനും പാലുല്പാദനം നടത്തുവാനും ഉള്ള ഭൗതിക സാഹചര്യം (സ്ഥലസൗകര്യം) ഇല്ലാത്തതിനാലാണ് പകരം പോത്തുകുട്ടികളെ വളർത്തി മാംസത്തിന്റെ ആവശ്യത്തിന് വില്ക്കാമെന്നതിനാൽ |

442/2023.

| | | | | |
|---|---|---|---|---|
| | | | ഉണ്ടായിട്ടില്ല. | ആനുപാതികമായി ടി.എസ്.പി ഫണ്ട് ലഭ്യമാക്കുന്നതിന് സർക്കാർതലത്തിൽ തീരുമാനം ആവശ്യമാണെന്നുമുള്ള വിവരം സമർപ്പിക്കുന്നു.<br>[illegible] |
| | <u>പനവൂർ ഗ്രാമപഞ്ചായത്ത്</u> | 3.7.6 | <u>കൃഷി, മൃഗസംരക്ഷണം</u><br><br><u>പനവൂർ ഗ്രാമപഞ്ചായത്ത്</u><br><br>തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിൽ കാർഷിക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. | <u>പനവൂർ ഗ്രാമപഞ്ചായത്ത്</u><br><br>പട്ടിക വർഗ്ഗ ഊരുകളിൽ മൃഗങ്ങളുടെ ശല്യം അതിരൂക്ഷമായിട്ടുള്ള സാഹചര്യത്തിൽ കാർഷിക വൃത്തിയിൽ ഏർപ്പെടുന്നതിന് പട്ടിക വർഗ്ഗക്കാർ തയ്യാറാവാത്തതിനാലാണ് കാർഷിക പദ്ധതികൾ എസ്.സി./എസ്.റ്റി വിഭാഗത്തിന് പ്രത്യേകമായി തയ്യാറാക്കാതിരുന്നത്. സോളാർ ഫെൻസിംഗ് ഉൾപ്പെടെ വന്യമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനായി വനം വകുപ്പിനോടും, മേൽതട്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളോടും ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.<br>ഗ്രാമപഞ്ചായത്ത് 2016-17 വാർഷിക പദ്ധതിയിൽ പൊതുവിഭാഗത്തിനായി തയ്യാറാക്കിയിട്ടുള്ള പച്ചക്കറി കൃഷി ഗ്രോബാഗ്,ഫലവൃക്ഷ തൈകൾ, ഇടവിളകൃഷി,വാഴകൃഷി എന്നീ പദ്ധതികൾക്കായി എസ്.സി./എസ്.റ്റി വിഭാഗക്കാരിൽ നിന്നും ലഭിക്കുന്ന അപേക്ഷകളിന്മേൽ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രഥമ പരിഗണന നൽകി പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളതാണ്.<br>പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബശ്രീ വനിതകൾക്ക് 2016-17 വാർഷിക പദ്ധതിയിൽ ആടുവളർത്തൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട് എങ്കിലും ആവശ്യമായ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെ കാലതാമസവും മാനദണ്ഡ പ്രകാരമുള്ള ഗുണഭോക്തൃ വിഹിതം ഒടുക്കുവരുത്തുന്നതിൽ ഗുണഭോക്താക്കൾ വീഴ്ചവരുത്തുന്നതുമൂലവുമാണ് ആട് വളർത്തൽ പദ്ധതി പൂർണ്ണമായും നടപ്പിലാക്കുവാൻ കഴിയാതെ വന്നത്. കുടുംബശ്രീ വനിതകൾക്ക് കറവ പശു ലഭ്യമാക്കൽ പദ്ധതി 2017-18 വാർഷിക പദ്ധതിയിൽ |

| | | | | |
|---|---|---|---|---|
| | <u>ആറളം ഗ്രാമപഞ്ചായത്ത്</u> | | <u>ആറളം ഗ്രാമപഞ്ചായത്ത്</u><br><br>ആറളം ഗ്രാമ പഞ്ചായത്തിലെ ആറളം ഫാം പുനരധിവാസ മേഖലയിൽ 3304 കുടുംബങ്ങൾക്കായി 3288 ഏക്കർ കൃഷി ഭൂമിയുണ്ട്. എന്നാൽ ഈ മേഖലയിൽ പേരിനുപോലും കാർഷിക/മൃഗസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. | ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br><u>ആറളം ഗ്രാമപഞ്ചായത്ത്</u><br><br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന കാർഷിക മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതിനാലാണ് ഗ്രാമപഞ്ചായത്ത് സേവന-പശ്ചാത്തല മേഖലകളിൽ ഊന്നൽ നൽകി ഫണ്ട് ചെലവഴിച്ചിട്ടുള്ളത്. നടപ്പുസാമ്പത്തിക വർഷത്തിൽ കാർഷിക മൃഗസംരക്ഷണ മേഖലയിൽ പട്ടികവർഗ്ഗ മേഖലക്കായി താഴെ പറയുന്ന പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br><br>1. വനിതകൾക്ക് പശുവിതരണം – 320000/- രൂപ<br>2. പട്ടികവർഗ്ഗ വിഭാഗത്തിന് കുരുമുളക് തൈ വിതരണം – 200000/- രൂപ<br><br>പട്ടിക വർഗ്ഗ വികസന വകുപ്പ്, ടി.ആർ.ഡി.എം(ട്രൈബൽ റിസെറ്റിൽമെന്റ് ഡെവലപ്മെന്റ് മിഷൻ), ഗ്രാമപഞ്ചായത്ത് എന്നിവർ സംയുക്തമായാണ് പുനരധിവാസമേഖലയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. നബാർഡിന്റെ നേതൃത്വത്തിൽ 40 കോടിയുടെ ചെലവ് പ്രതീക്ഷിക്കുന്ന സമഗ്രവികസന പദ്ധതിയുടെ മാസ്റ്റർ പ്ലാൻ ബ്ലോക്ക് 11,12,13 എന്നി മേഖലകളിലായി ആസൂത്രണം ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് | | **ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്**<br><br>ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കായി 2012-13ൽ മാത്രമാണ് കാർഷിക പദ്ധതികൾ നടപ്പിലാക്കിയത്. | **ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്**<br><br>2015-16 വർഷം കാർഷിക മേഖലയിൽ ടി എസ് പി ഫണ്ടുകൾ വകയിരുത്തിയിട്ടില്ല. എന്നാൽ 2016-17 വർഷം ഇത്തരം പദ്ധതിക്കായി എസ് ടി മേഖലയിൽ 30000/രൂപയും എസ് സി മേഖലയിൽ 6760/- രൂപയും ചെലവഴിച്ചിട്ടുണ്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിൽ 2015-16 വർഷം 982500 രൂപ നടപ്പിലാക്കി ചെലവഴിച്ചിട്ടുണ്ട് .2017-18 വർഷത്തിൽ എസ് ടി മേഖലയിൽ ഇടവിളകൃഷി വികസനത്തിന് 50,000/- രൂപ വകയിരുത്തിയിട്ടുണ്ട് |
| പടിയൂർ ഗ്രാമ പഞ്ചായത്ത് | | **പടിയൂർ ഗ്രാമ പഞ്ചായത്ത്**<br><br>പടിയൂർ ഗ്രാമ പഞ്ചായത്തിൽ 79% പട്ടിക ജാതി വിഭാഗത്തിൽപ്പെടവരും, 5% പട്ടിക വർഗ്ഗത്തിൽപ്പെടവരും കൃഷി ഉപജീവനമായി സ്വീകരിച്ചവരുമാണ്. എന്നാൽ കാർഷിക മേഖലയിൽ പദ്ധതികൾ യാതൊന്നും നടപ്പിലാക്കിയിട്ടില്ല. 2012-13 വർഷത്തിൽ പട്ടിക വർഗ്ഗ വിഭാഗത്തിനുവേണ്ടി തരിശ്ശു ഭൂമിയിൽ നാണ്യവിള കൃഷി ചെയ്യുന്നതിന് കശുമാവിൻ തൈ സബ്സിഡിയായി നൽകാൻ പദ്ധതി തയ്യാറാക്കിയെങ്കിലും നടപ്പിലാക്കിയിട്ടില്ല | **പടിയൂർ ഗ്രാമ പഞ്ചായത്ത്**<br><br>2016-2017 വർഷത്തിൽ എസ്.ടി ഗുണഭോക്താക്കൾക്ക് മുട്ടക്കോഴി വിതരണം നടപ്പിലാക്കിയിട്ടുണ്ട്.ഈ പദ്ധതിയിൽ 31500 രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>2017-2018 വർഷത്തെ വാർഷിക പദ്ധതിയിൽ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പെണ്ണാട് വളർത്തൽ പദ്ധതിക്ക് 120000 രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>പട്ടിക വർഗ്ഗ യുവതി യുവാക്കൾക്ക് സ്വയം തൊഴിലിന് ഇരുചക്ര വാഹനത്തിന് 120000 രൂപയും വകയിരുത്തിയിട്ടുണ്ട്.തുടർന്നുള്ള വർഷങ്ങളിൽ പട്ടിക ജാതി/വർഗ്ഗ വിഭാഗത്തിന് ഉത്പാദന മേഖലയിൽ കൂടുതൽ പ്രൊജക്ടുകൾ ഉൾപ്പെടുത്തുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | 2012-2013 ൽ പട്ടികവർഗ്ഗ വിഭാഗത്തിന് വേണ്ടി തരിശ് ഭൂമിയിൽ നാണ്യവിള കൃഷി ചെയ്യുന്നതിന് കശുമാവിൻ തൈ സബ്സിഡിയായി നൽകുന്നതിന് പദ്ധതി തയ്യാറാക്കിയെങ്കിലും ഗുണമേന്മ വിഹിതം ലഭ്യമല്ലാത്തതിനാൽ പ്രോജക്ട് നടപ്പാക്കാൻ കഴിഞ്ഞില്ല.<br><br>മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടിക വർഗ്ഗത്തിലുള്ള കുടുംബങ്ങൾക്ക് 2 ഏക്കർ ഭൂമി കൃഷിക്ക് അനുയോജ്യമാക്കി നൽകിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട എല്ലാ കുടുംബങ്ങൾക്കും കൈവശ ഭൂമി ഉണ്ട്. പശ്ചിമ ഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽ കൃഷി(അടങ്കൽ 43200 രൂപ),ആട് വളർത്തൽ (അടങ്കൽ 288000 രൂപ),പശു വളർത്തൽ (അടങ്കൽ 120000) എന്നീ പദ്ധതികൾക്ക് തുക അനുവദിച്ചെങ്കിലും ഗുണമേന്മ വിഹിതം ലഭ്യമല്ലാത്തതിനാൽ ഈ പ്രോജക്ട്കൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം കൂടി അറിയിക്കുന്നു |
| | <u>പനവൂർ ഗ്രാമ പഞ്ചായത്ത്</u> | | <u>പനവൂർ ഗ്രാമ പഞ്ചായത്ത്</u><br><br>പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ 2012-13 ൽ മാത്രമാണ് പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ മൃഗസംരക്ഷണ പദ്ധതി നടപ്പിലാക്കിയത്. ഈ രണ്ടു വിഭാഗങ്ങൾക്കായും ആട് വളർത്തൽ പദ്ധതി നടപ്പിലാക്കിയെങ്കിലും ആയത് പൂർണ്ണമാക്കാൻ കഴിഞ്ഞില്ല | <u>പനവൂർ ഗ്രാമ പഞ്ചായത്ത്</u><br><br>പട്ടികജാതി പട്ടിവർഗ്ഗത്തിൽപ്പെട്ട കുടുംബശ്രീ വനിതകൾക്ക് ആടുവളർത്തൽ എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. എങ്കിലും ആവശ്യമായ മേകൾ ലഭിക്കുന്നതിലെ കാലതാമസം,മാനദണ്ഡ പ്രകാരമുള്ള ഗുണമേന്മ വിഹിതം ഒടുക്കുവരുത്തുന്നതിൽ |

| | | | | |
|---|---|---|---|---|
| | | | | ഗുണഭോക്താക്കൾ വിഴ്ചവരുത്തുന്നത് എന്നിവമൂലവുമാണ് ആട് വളർത്തൽ പദ്ധതി പൂർണ്ണമായും നടപ്പിലാക്കുവാൻ കഴിയാതെ വന്നത്. കുടുംബശ്രീ വനിതകൾക്ക് കറവ പശു ലഭ്യമാക്കൽ,ആടുവളർത്തൽ എന്നീ പദ്ധതികൾ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ട്. തനത് വർഷാപദ്ധതി തയ്യാറാക്കുമ്പോൾ ഓഡിറ്റ് നിർദ്ദേശങ്ങൾക്ക് വിധേയമായി പദ്ധതികൾ തയ്യാറാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | മുരിയും വീടും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. |
| | 2015-16 | 3.7.6 | **കൃഷി, മൃഗസംരക്ഷണം**<br>കൊല്ലം ജില്ലയിലെ നീണ്ടകര ഗ്രാമപഞ്ചായത്തിൽ ഉൽപ്പാദന മേഖലയിൽ പദ്ധതികൾ വിഭാവനം ചെയ്തെങ്കിലും ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല. | **നീണ്ടകര ഗ്രാമപഞ്ചായത്ത്**<br>നീണ്ടകര ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മണ്ണ് ലവണാംശം ഉള്ളതായതിനാൽ കൃഷിയ്ക്ക് പൂർണ്ണമായും അനുയോജ്യമല്ല. ആയത് കാരണം ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം ഒടുക്കി ആനുകൂല്യം കൈപ്പറ്റുവാൻ തയ്യാറാകുന്നില്ല. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും അനുബന്ധ മത്സ്യതൊഴിലുമായി ബന്ധപ്പെട്ട വിവിധ ജോലികളിൽ ഏർപ്പെടുന്നവരാണ് എന്നതിനാൽ എല്ലാവർക്കും കാർഷികവൃത്തിയിൽ താല്പര്യമില്ല. മുട്ടക്കോഴി വിതരണം, താറാവ് വിതരണം, ആട് വിതരണം എന്നീ പദ്ധതികൾ 2013-14, 2014-15 വർഷങ്ങളിലും പിന്നീട് തുടർന്നുള്ള വർഷങ്ങളിലും നടപ്പാക്കിയിട്ടുണ്ട്. 2017-18, 2018-19 വർഷങ്ങളിൽ തെങ്ങ് കൃഷിക്ക് ജൈവവളം, തെങ്ങ് വെട്ടി മാറ്റി തെങ്ങിൻതൈ വിതരണം, ഗ്രോബാഗ് പച്ചക്കറി കൃഷി, വാഴകൃഷി, എള്ള് കൃഷിയ്ക്ക് വിത്ത് വിതരണം എന്നീ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ഉപ്പ് കലർന്ന വെള്ളമാണ് ലഭിക്കുന്നത് എന്നതിനാൽ പഞ്ചായത്ത് പരിധിയിൽ കിണറുകൾ തീരെയില്ലാത്ത അവസ്ഥയാണ്. കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണത്തെയാണ് പഞ്ചായത്തിലെ ജനങ്ങൾ പൂർണ്ണമായും ആശ്രയിക്കുന്നതും വെള്ളത്തിന്റെ ദൗർലഭ്യവും കൃഷിയുടെ പ്രോത്സാഹനത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ടി വസ്തുതകൾ പരിഗണിച്ച് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. |
| | 2015-16 | 3.7.8 | **പരമ്പരാഗത കുലത്തൊഴിൽ മേഖലകൾ**<br>29.09.2012-ലെ സ.ഉ(എം.എസ്)നം.248/2012/തസ്വഭവ പ്രകാരമുള്ള പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരമ്പരാഗത കൈത്തൊഴിലുകളിൽ പ്രോത്സാഹനം നൽകാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ പഠന വിധേയമാക്കിയവയിൽ [illegible] ചില പഞ്ചായത്തുകളിൽ മാത്രമാണ് പരമ്പരാഗത | **ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്**<br>ഗ്രാമപഞ്ചായത്തുകൾക്ക് നിലവിൽ ബാങ്ക് സഹായത്തോടെ വിപണന ശൃംഖല സൃഷ്ടിച്ചാൽ മാത്രമേ വായ്പ സബ്സിഡി നൽകുവാൻ സാധിക്കുകയുള്ളൂ. എസ്.ജി.എസ്.ആർ വൈ മാനദണ്ഡ പ്രകാരമുള്ള വിപണന പരിശീലന പദ്ധതികൾക്കും, മറ്റു പ്രവർത്തനങ്ങൾക്കും ഏർപ്പെടുന്നതിന് ശേഷം മാത്രമേ നിലവിൽ വാണിജ്യ ബാങ്കുകൾ വിപണന |

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2015- 2016 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ (തൃശ്ശൂർ ) ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികളുടെ ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2015-2016 | 3.7.6 | കൃഷി - മൃഗസംരക്ഷണം<br>തെക്കുംകര ഗ്രാമപഞ്ചായത്ത്- - കാർഷിക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. | തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്ത് കാർഷിക ഉൽപ്പാദന മേഖലയ്ക്ക് വളരെയധികം പ്രാധാന്യം നൽകുന്ന ഒരു ഗ്രാമപഞ്ചായത്താണ്. കൃഷിയും കാർഷിക വൃത്തിയും വളരെയധികം പ്രാധാന്യം നൽകുന്ന ഒരു ജനവിഭാഗമാണ് ഇവിടെയുള്ളത്. അതുകൊണ്ട് തന്നെ തെക്കുംകര ഗ്രാമപഞ്ചായത്ത് കൃഷി -മൃഗസംരക്ഷണ മേഖലയിൽ ധാരാളം നല്ലപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br>2012-13 വർഷത്തിൽ ജനറൽ വിഭാഗത്തിൽ ഉത്പാദന മേഖലയിൽ 64,01,256/- രൂപാ അടങ്കൽ വകയിരുത്തി 30,60,422/- രൂപാ ചിലവഴിച്ചിട്ടുള്ളതും അതിൽ കാർഷിക പദ്ധതികൾക്കായി 10,00,000/- രൂപാ അടങ്കൽ വകയിരുത്തിയിട്ടുള്ളതും . 10,00,000/- ചിലവഴിച്ചിട്ടുള്ളതുമാണ്. 2013-2014 വർഷത്തിൽ ജനറൽ വിഭാഗത്തിൽ ഉൽപാദന മേഖലയിൽ 1,06,68,803/- രൂപാ അടങ്കൽ വകയിരുത്തി 83,89,852/- രൂപാ ചിലവഴിച്ചിട്ടുള്ളതും അതിൽ കാർഷിക പദ്ധതികൾക്കായി 27,70,689/- രൂപാ അടങ്കൽ വകയിരുത്തിയിട്ടുള്ളതും 21,33,556/- ചിലവഴിച്ചിട്ടുള്ളതുമാണ്. 2014 - 15 വർഷത്തിൽ ജനറൽ വിഭാഗത്തിൽ ഉല്പാദന മേഖലയിൽ 60,65,907/- രൂപാ അടങ്കൽ വകയിരുത്തി 61,60,569/- രൂപ ചിലവഴിച്ചിട്ടുള്ളതും അതിൽ കാർഷിക പദ്ധതികൾക്കായി 38,72,415/- രൂപാ അടങ്കൽ വകയിരുത്തിയിട്ടുള്ളതും 24,63,235/- രൂപ ചിലവഴിച്ചിട്ടുള്ളതുമാണ്. 2012-13 മുതൽ തുടർച്ചയായി 3 വർഷങ്ങളിലായി തെക്കുംകര ഗ്രാമപഞ്ചായത്തിൽ കാർഷിക പദ്ധതികൾക്കായി 76,43,084/- രൂപ വകയിരുത്തുകയും 55,96,791/- രൂപ ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2015-16 വർഷത്തിൽ ഉല്പാദന മേഖലയിൽ 74,12,208/- രൂപാ അടങ്കൽ വകയിരുത്തിയിട്ടുള്ളതും 55,05,553/- ചിലവഴിച്ചിട്ടുള്ളതുമാണ്. കൃഷി ഭൂമിയുടെ തരവും [illegible] |

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2015-16 വർഷത്തെ സമഗ്രത ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശ വിധേയമായ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ ന്യൂനതാ പരിഹാര പത്രിക

| ക്രമ നം. | ഓഡിറ്റ് ഖണ്ഡിക | പരാമർശം | മറുപടി |
|---|---|---|---|
| 1 | 3.6.2 | പട്ടികജാതിക്കാർ ഒറ്റപ്പെട്ട കഴിയുന്ന വാഴമന ഭാഗത്തെ കുടുംബങ്ങൾക്ക് റോഡ് സൗകര്യമില്ല | ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാഴമന ഭാഗത്തേക്കുള്ള നടത്തോട്ടിൽ ബണ്ട് റോഡ് ഫില്ലിംഗും 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കലശക്കരി റോഡ് ഫില്ലിംഗ് എന്നീ പ്രവൃത്തികൾ ചെയ്തിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2 | 3.7.6 | എസ്.സി.പി. ഫണ്ടുപയോഗിച്ച് ക്ഷീര വികസന ഓഫീസ് നടത്തിയ ഗോദാൻ പദ്ധതി, കാലിത്തീറ്റ സബ്സിഡി, കാലിത്തൊഴുത്ത് നിർമ്മാണം എന്നീ പദ്ധതികൾ മൂലം തൊഴിൽപരവും സാമ്പത്തികവുമായ നേട്ടം ഉണ്ടായിട്ടുണ്ട്. മേൽ പദ്ധതികൾ നടപ്പിലാക്കിയുള്ള വഴി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 3 ക്ഷീര സംഘങ്ങളിൽ പാലുൽപ്പാദനവും ക്ഷീരോൽപ്പാദകരുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്. | ഇതര വർഷങ്ങളിലും കാലിത്തീറ്റ സബ്സിഡി, കാലിത്തൊഴുത്ത് നിർമ്മാണം, ഗോദാൻ എന്നീ പദ്ധതികൾ നടപ്പിൽ വരുത്തുകയും, പാൽ ഉൽപാദനത്തിലും ക്ഷീരോൽപ്പാദകരുടെ എണ്ണത്തിലും വർദ്ധനവുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 3 | 3.7.11 | കർമ്മസമിതി, സാമൂഹ്യക്ഷേമം, പൊതുമരാമത്ത് മേഖലകളിൽ പുതിയ പദ്ധതികൾ തയ്യാറാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് അവ നടപ്പാക്കിയിട്ടില്ല | 2015-16 വർഷം എസ്.സി.പി., ടി.എസ്.പി. ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിന് സാധിച്ചില്ലായെങ്കിലും 2016-17, 2017-18, 2018-19 വർഷത്തിൽ എസ്.സി.പി., ടി.എസ്.പി. ഫണ്ട് പൂർണ്ണമായും ഫലവത്തായി വിനിയോഗിച്ചിട്ടുണ്ടെങ്കിലും വരും വർഷങ്ങളിലും ടി ഫണ്ട് പൂർണ്ണമായും ഫലവത്തായ രീതിയിൽ ചെലവഴിക്കുന്നതാണ് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 4 | 3.7.11 | കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമ പഞ്ചായത്തിന് എസ് സി എസ് ടി നിർദ്ദേശങ്ങൾ അനുസരണമായി പദ്ധതി | എരുമേലി ഗ്രാമപഞ്ചായത്തിലെ പദ്ധതി രൂപീകരണ സമയത്ത് സർക്കാർ നിബന്ധനകൾക്ക് അനുസൃതമായ പദ്ധതി നിർദ്ദേശങ്ങൾ കർമ്മ സമിതിയിൽ നിന്നും ലഭ്യമാകുന്നില്ല. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വകുപ്പിൽ നിന്നും നടപ്പിലാക്കുന്ന |

442/2023.

| | | | | |
|---|---|---|---|---|
| | | | | പ്രകൃതിയും അനുസരിച്ചാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത് എന്നതിനാൽ എസ്.സി. വിഭാഗത്തിൽ കാർഷിക മേഖലയിൽ പദ്ധതികളൊന്നും പ്രസ്തുത വർഷങ്ങളിൽ ആവിഷ്കരിച്ചിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു. |
| | | 3.7.7 | നെന്മണിക്കര ഗ്രാമപഞ്ചായത്ത്- - നെന്മണിക്കര ഗ്രാമ പഞ്ചായത്തിലെ പുലക്കാട്ടുകര എസ്.സി കോളനി സാംസ്കാരിക നിലയത്തിന്റെ പണി പൂർത്തിയാക്കിയെങ്കിലും പ്രവർത്തിക്കുന്നില്ല. | പുലക്കാട്ടുകര എസ്.സി കോളനി സാംസ്കാരിക നിലയത്തിന്റെ പണി പൂർണ്ണമായും പൂർത്തിയാക്കുകയും എല്ലാ സാംസ്കാരിക പ്രവർത്തനങ്ങൾക്കുവേണ്ടി ഇപ്പോൾ പ്രവർത്തിച്ചു വരുകയും ചെയ്യുന്നുണ്ട്. 2018 ൽ ഉണ്ടായ പ്രളയത്തിൽ ടി കെട്ടിടത്തിൽ ദുരിതാശ്വാസ ക്യാമ്പ് പ്രവർത്തിച്ചിരുന്നു. |
| | | 3.7.13 | തെക്കുംകര ഗ്രാമപഞ്ചായത്ത്-<br>എസ്.സി.പി/ടി.എസ്.പി പദ്ധതികളുടെ നിർവ്വഹണവും വിനിയോഗവും -നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല<br>പട്ടികജാതിവികസനത്തിന് നീക്കി വെക്കുന്ന തുകകളുടെ ചിലവ് വിവരം<br>ഗ്രാമപഞ്ചായത്തുകൾ പട്ടിക വർഗ്ഗ മേഖലയിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകൾ | <u>തെക്കുംകര ഗ്രാമപഞ്ചായത്ത്-</u><br>16.04.2013 തീയതിയിലെ സർക്കാർ ഉത്തരവ് 362/2013, പ്രകാരം മൂന്നിൽ കുറവ് എസ്.സി./ എസ്.ടി വിഭാഗം ജന പ്രതിനിധികൾ മാത്രമുള്ള തദ്ദേശ സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട വിഭാഗങ്ങളുടെ പദ്ധതി ചെലവ് പുരോഗതി നിരീക്ഷണ ചുമതല എസ്.സി., എസ്.ടി. വർക്കിങ് ഗ്രൂപ്പുകൾ നിർവഹിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 17.08.2015 തീയതിയിലെ കെ.എസ്.എ.ടി.എസ്.ആർ(എസ് 1) 1201/15 നമ്പർ റിപ്പോർട്ടിലെ എസ്.സി./എസ്.ടി. പദ്ധതി പുരോഗതി വിലയിരുത്തുന്നതിന് നിരീക്ഷണ സമിതി രൂപീകരിച്ചിട്ടില്ലായെന്ന പരാമർശം 11.12.2015 തീയതി ചേർന്ന ഭരണസമിതി യോഗത്തിൽ അജണ്ട (1) ആയി ചർച്ച ചെയ്യുകയും പഞ്ചായത്തിലെ പട്ടികവിഭാഗം അംഗങ്ങളുടെ എണ്ണം 3 ൽ കുറവായതിനാൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതി ചെലവ് പുരോഗതി അവലോകനം നടത്തുന്നതിന് എസ് സി/ എസ്.ടി വർക്കിംഗ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും ആയത് പ്രകാരം ചർച്ച |

| | | | | |
|---|---|---|---|---|
| | | | | രേഖകൾ , റേഷൻ കാർഡ് എന്നിവ ലഭ്യമായിട്ടില്ലാത്തതിനാലാണ് വീട് അനുവദിച്ച് നൽകുന്നതിന് സാധിച്ചിട്ടില്ലാത്തത്. |
| 3 | 2015-16 | 3.7.7 | <u>മറ്റുള്ളവ</u><br><br>ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ പല്ലനയിൽ 1982 ആഗസ്റ്റ് മാസത്തിൽ പ്രവർത്തനമാരംഭിച്ച കുമാരകോടി ഹരിജൻ വ്യവസായ കേന്ദ്രം നിർജ്ജീവമാണ്. പരമ്പരാഗത കുടിൽ വ്യവസായങ്ങളെ പരിപോഷിപ്പിക്കാനുള്ള നടപടികളൊന്നും തന്നെ 2012-13,2013-14,2014-15വർഷങ്ങളിൽ സംഘം കൈക്കൊണ്ടിട്ടില്ല. സംഘത്തെ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതികൾ തയ്യാറാക്കുവാൻ പട്ടികജാതി കർമ്മ സമിതികളിൽ നിന്നും വർഷങ്ങളായി നിർദ്ദേശങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. | <u>തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്</u><br>കുമാരകോടി ഹരിജൻ വ്യവസായ കേന്ദ്രത്തിൽ പ്രധാനമായി ഉൽപാദിപ്പിച്ചിരുന്നത് ചകിരി മെത്തയാണ്. വിപണി കണ്ടെത്തുന്നതിനുള്ള സാങ്കേതിക തടസ്സം മൂലം ഉത്പന്നങ്ങൾ വിറ്റഴിക്കാതെ വന്നതിനാൽ സ്ഥാപനം സ്തംഭനാവസ്ഥയിലായി. പ്രസ്തുത സഹകരണ സംഘം ഏകദേശം 5 വർഷത്തിൽ അധികമായി പൂട്ടികിടക്കുകയാണ്. പ്രസിഡന്റും സെക്രട്ടറിയും ഉൾപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി അംഗങ്ങൾ സംഘത്തിൽ ഉണ്ടായിരുന്നെങ്കിലും വിപണി സാദ്ധ്യതകൾ കണ്ടെത്തി കാര്യക്ഷമമാക്കി പ്രവർത്തനം നടത്തി ലാഭം വർദ്ധിപ്പിക്കുന്നതിനും മറ്റുമുള്ള കാര്യമായ പരിശ്രമം പ്രസ്തുത ഭരണ സമിതിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുമില്ല. പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകളോ സഹായങ്ങളോ ലഭ്യമാക്കുന്നതിനുള്ള യാതൊരു നിവേദനങ്ങളും ശ്രമങ്ങളും സംഘത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ലായെന്നും പ്രസ്തുത സംഘം പ്രസിഡന്റിന്റെ മരണ ശേഷം സംഘത്തിന്റെ പ്രവർത്തനം നിർജ്ജീവമാവുകയും ചെയ്തു. 2010 വരെ മാത്രമേ സംഘം പ്രവർത്തിച്ചിരുന്നുള്ളൂ. വ്യവസായ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന കുമരകോടി ഹരിജൻ വ്യവസായ കേന്ദ്രത്തിന് സഹകരണ ചട്ടങ്ങൾ പ്രകാരം അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുന്നതിനായി കാർത്തികപ്പള്ളി |

| | | | | |
|---|---|---|---|---|
| | | | | താലൂക്ക് വ്യവസായ ആഫീസർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് ശുപാർശ ചെയ്തിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. അഡ്മിനിസ്ട്രേറ്ററെ നിയമിച്ച ശേഷം തിരഞ്ഞെടുപ്പിലൂടെ സഹകരണ സംഘം ഭരണ സമിതി പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. ടി സംഘത്തിന് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്ക് വാർഡ് 17 കുമാരകോടി ഹരിജൻ വ്യവസായ സഹകരണ സംഘത്തിന് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പുനരുജ്ജീവനം എന്ന പേരിൽ തനത് ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വകയിരുത്തി 2019–20 വർഷം തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് പദ്ധതി ഏറ്റെടുത്തിട്ടുണ്ട് . ടി സംഘത്തിന്റെ ഭരണ സമിതി നിലവിൽ വന്നതിന് ശേഷം മാർഗ്ഗരേഖയ്ക്ക് അനുസൃതമായി തുടർന്നും പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. |
| 4. | 2015–16 | 3.7.8 | <u>പരമ്പരാഗത – കുലത്തൊഴിൽ മേഖലകൾ</u><br>തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗക്കാരുടെ പരമ്പരാഗത തൊഴിലുകൾ ഈറ,മുള എന്നിവ കൊണ്ടുള്ള ഉപകരണങ്ങളുടെ നിർമ്മാണം, തെങ്ങ് കയറ്റം എന്നിവയാണ്. പട്ടികജാതിയിൽപ്പെടുന്ന തണ്ടാൻ വിഭാഗത്തിന്റെ പരമ്പരാഗത തൊഴിൽ തെങ്ങ് കയറ്റമാണ്. എന്നാൽ അപകട സാദ്ധ്യത കൂടിയ ഈ തൊഴിൽ ചെയ്യുന്നവർക്ക് ഇൻഷുറൻസ് പരിരക്ഷയോ, ക്ഷേമനിധി പെൻഷനോ ഇല്ല. മുള, ഈറ്റ എന്നിവയുടെ ലഭ്യതക്കുറവ് ഉയർന്ന വില എന്നിവ ഈ മേഖലയിലെ കൈത്തൊഴിലുകാർക്ക് | <u>തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്</u><br>ഈറ,മുള എന്നിവ ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ പരമ്പരാഗത തൊഴിൽ ചെയ്തിരുന്ന പട്ടികജാതി വിഭാഗക്കാരിൽ ഭൂരിഭാഗവും തങ്ങളുടെ പരാമ്പരാഗത തൊഴിൽ മേഖല ഉപേക്ഷിച്ച് മറ്റ് തൊഴിൽ മേഖലയിൽ വ്യാപൃതരായിരിക്കുകയാണ്. പരാമ്പരാഗത തൊഴിലിൽ നിന്നുള്ള വരുമാന ലഭ്യത കുറവും ഇവർ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് സമാനമായി പ്ലാസ്റ്റിക് പോലെയുള്ള വസ്തുക്കൾ കൊണ്ടുള്ള സാധനസാമഗ്രികളുടെ കടന്നുകയറ്റവും അവയുടെ ഈടുനില്പും പരാമ്പരാഗത ഈറ, മുള എന്നിവ കൊണ്ടുള്ള |

| | | | | |
|---|---|---|---|---|
| | | | പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. | ഉല്പന്നങ്ങൾ ഉപയോഗിച്ചിരുന്ന ഉപഭോക്താക്കളെ പുതിയ ഉല്പന്നങ്ങൾ ഉപയോഗിക്കുവാൻ പ്രേരിപ്പിച്ചതും പരാമ്പരാഗത തൊഴിൽ മേഖലയ്ക്ക് ഭീഷണി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ വിദ്യാസമ്പന്നരായ പുതുതലമുറ പരമ്പരാഗത തൊഴിലിനോട് ആഭിമുഖ്യം കാണിക്കാത്തതും ഇതിന് ഭീഷണിയായിട്ടുണ്ട്. തണ്ടാൻ സമുദായത്തിൽ പെട്ടവരുടെ പരാമ്പരാഗത തൊഴിൽ ആയ തെങ്ങ് കയറ്റം ഇന്ന് വരുമാന ദായകമായ ഒരു തൊഴിൽ മേഖലയാണ്. ഈ മേഖലയിലിപ്പോൾ യന്ത്രവത്ക്കരണം ഏർപ്പെടുത്തിയത് കാരണം മറ്റ് വിഭാഗങ്ങളിൽപ്പെട്ടവരും ഈ തൊഴിൽമേഖല ഉപജീവനമാർഗ്ഗമാക്കിയിട്ടുണ്ട്. ഈ രണ്ടു വിഭാഗത്തിൽ പെട്ട പുതു തലമുറ വിദ്യാഭ്യാസം നേടി പുതിയതൊഴിൽ മേഖല തേടിപ്പോയത് പരാമ്പരാഗത തൊഴിൽ ചെയ്യുന്നവരുടെ എണ്ണത്തിൽ കുറവു വരുത്തിയിട്ടുണ്ട്. എങ്കിലും പരമ്പരാഗത തൊഴിൽ മേഖല സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ഈ വിഭാഗത്തിലെ പുതുതലമുറയ്ക്ക് പരമ്പരാഗത തൊഴിലിൽ പരിശീലനം നൽകുന്നതിനും വിപണി, തൊഴിൽ മേഖല എന്നിവ ലഭിക്കുന്നതിനും ഉതകുന്ന വിധത്തിൽ 2016-17 വാർഷിക പദ്ധതിയിൽ പരമ്പരാകത കൈതൊഴിലുകളുടെ പ്രോത്സാഹനം (തഴപായ, കുട്ട, വട്ടി, നിർമ്മാണം ) 30195/17 എന്ന പേരിൽ എസ് സി പി ഫണ്ട് 50000 രൂപ വകയിരുത്തി അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് 2 ഗ്രൂപ്പുകൾക്കായി പദ്ധതി ഏറ്റെടുത്തിരുന്നു എങ്കിലും ഗുണഭോക്താക്കളുടെ താൽപര്യമില്ലായ്മ മൂലം പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വന്നിട്ടുള്ളതാണ്. നിലവിൽ ടി തൊഴിൽ ചെയ്ത് ജീവിക്കുന്ന പട്ടികജാതി കുടുംബങ്ങൾ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ഇല്ല എന്ന് ഹരിപ്പാട് |

| | | | | |
|---|---|---|---|---|
| | | | | പട്ടികജാതി വികസന ആഫീസറുടെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു. |
| | | | പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗമായ ഉള്ളാട സമുദായത്തിന്റെ പരമ്പരാഗത തൊഴിലുകൾ മരം മുറിയ്ക്കൽ, വള്ളം നിർമ്മാണം പച്ചമരുന്നുകളുടെ ശേഖരണം എന്നിവയാണ്. എന്നാൽ ഇവരുടെ പാരമ്പര്യതൊഴിലുകളുടെ പോഷണത്തിനായി ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല. ശേഖരിക്കുന്ന പച്ചമരുന്നുകൾ ചേർത്തലയിൽ കൊണ്ട്പോയി വിൽക്കുമ്പോൾ തുച്ഛമായ വിലയാണ് ലഭിക്കുന്നത്. | പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ പട്ടിക വർഗ്ഗ വിഭാഗമായ ഉള്ളാട സമുദായത്തിന്റെ പരമ്പരാഗത തൊഴിലുകൾ മരം മുറിക്കൽ, വള്ളം നിർമ്മാണം, പച്ചമരുന്ന് ശേഖരണം എന്നിവയാണ്. എന്നാൽ ഇത്തരം തൊഴിലുകൾ സംബന്ധിച്ച് ഊരു കൂട്ടങ്ങളിൽ നിന്നും വ്യക്തമായ തീരുമാനങ്ങളൊന്നും ഉണ്ടായിട്ടില്ലാത്ത സാഹചര്യത്തിൽ ടി വിഭാഗത്തിലെ ആളുകൾക്ക് വിദ്യാഭ്യാസത്തിനും തൊഴിൽ ലഭ്യത യുണ്ടാകുന്നതിനും സാമൂഹ്യപരമായി ഉന്നമനം ഉണ്ടാകുന്നതിനും ഉതകുന്ന മറ്റ് പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നുണ്ട്.ഓട്ടോറിക്ഷാ വിതരണം എന്ന പദ്ധതി പ്രകാരം ഒരാൾക്ക് 50000/- രൂപ നൽകിയിട്ടുണ്ട്. എരുമക്കുട്ടി വളർത്തൽ(2016-17) എന്ന പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 6000/- രൂപ വീതം 54000/- രൂപ നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തികവർഷം സ്വയംതൊഴിൽ ലഭ്യമാക്കുന്നതിന് വേണ്ടി 50000/- രൂപ അടങ്കലിൽ മൊബൈൽ സെയിൽസ് & സർവീസ് യൂണിറ്റ് എന്ന പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസപരമായ ഉന്നമനത്തിന് വേണ്ടി 2016-17 വർഷം മുതൽ പഠനോപകരണങ്ങൾ വാങ്ങുന്നതിന് 50950/-രൂപയും മേശ, കസേര എന്നിവ വാങ്ങി നൽകുന്നതിന് 30000/- രൂപയും സൈക്കിൾ വാങ്ങി നൽകുന്നതിന് 29325/- രൂപയും ചെലവഴിച്ച് പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| | • | | കൈത്തൊഴിലുകൾക്ക് പ്രോത്സാഹനം നൽകിയിട്ടുള്ളത്.<br>കൊല്ലം ജില്ലയിലെ ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ ആര്യങ്കാവ്, അച്ചൻകോവിൽ എന്നിവിടങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും, തദ്ദേശീയമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന സാമഗ്രികൾ/വനവിഭവങ്ങൾ എന്നിവ സംഭരിച്ച് വിപണനം നടത്തുന്നതിലും, ചെറുകിട സംരംഭങ്ങൾക്ക് സഹായങ്ങൾ ലഭ്യമാക്കുന്നതിലും അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും ഗ്രാമപഞ്ചായത്തിന്റെ കാര്യമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല. | പ്രക്രിയയ്ക്കായി വായ്പ അനുവദിക്കുകയുള്ളൂ. പലപ്പോഴും ഇത്തരത്തിലുള്ള ക്രമപ്രശ്നങ്ങൾ ഉണ്ടാകുന്നതിനാൽ വായ്പാധിഷ്ഠിതമായ പ്രവർത്തനങ്ങൾ സൃഷ്ടിക്കുവാൻ ഗ്രാമപഞ്ചായത്തിന് പരിമിതി നേരിടുന്നുണ്ട്. ആയതിനാലാണ് പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും ചെറുകിട സംരംഭകൾക്ക് സഹായം ലഭ്യമാക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും ഇടപെടലുകൾ നടത്തുവാൻ സാധിക്കാത്തത് എങ്കിലും കുടുംബശ്രീ ഉൾപ്പെടെയുള്ള സന്നദ്ധ സംഘടനകളുടെ പ്രവർത്തനം മൂലം ഈ മേഖലയിൽ വ്യത്യാസം ഉണ്ടാകാനായിട്ടുണ്ട്. 2012-13 വർഷം മുതൽ 13 പട്ടികജാതി ഗ്രൂപ്പുകൾക്കായി 60 ലക്ഷം രൂപയിൽ കൂടുതൽ തുക കുടുംബശ്രീ ബാങ്ക് ലിങ്കേജ് മുഖേന വായ്പയായി അനുവദിച്ചിട്ടുണ്ട്. |
| | 2015-16 | 3.7.9 | <u>വിദ്യാഭ്യാസം</u><br>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികളും പ്രാദേശിക സർക്കാരുകൾക്ക് ആവിഷ്ക്കരിക്കാവുന്നതാണ്. പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേകമായി ക്ലാസ്സുകൾ സംഘടിപ്പിക്കുക, വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കാം. എന്നാൽ പഠനവിധേയമാക്കിയ ഭൂരിഭാഗം പഞ്ചായത്തുകളിലും ഇത്തരത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല. മിക്ക പഞ്ചായത്തുകളും വിദ്യാർത്ഥികൾക്ക് പഠന സാമഗ്രികളും ഫർണിച്ചറും വിതരണം ചെയ്യുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. പഠന നിലവാരം വിലയിരുത്തുന്നതിനും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും കൊഴിഞ്ഞു പോക്ക് തടയുന്നതിനും സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പ്രവർത്തനങ്ങളും പദ്ധതികളും കൂടി ഉണ്ടായെങ്കിൽ | <u>നീണ്ടകര ഗ്രാമപഞ്ചായത്ത്</u><br>2012-13, 2013-14 സാമ്പത്തിക വർഷത്തിൽ അംഗനവാടി പോഷകാഹാര പദ്ധതി എസ് എസ് എ വിഹിതം (എസ് സി) എന്നീ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. 2014-15-ൽ ഏറ്റെടുത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്ന പ്രോജക്ട് പ്രകാരം 64350/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതേ വർഷത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട മെറിറ്റോറിയസ് ആയ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സിലേക്കുള്ള എൻട്രസ് കോച്ചിംഗിന് ധനസഹായം, പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്നീ പ്രോജക്ടുകൾ തനത് ഫണ്ട് വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടുകളാണ്. 2015-16 മുതലുള്ള വർഷങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ, സ്റ്റഡിടേബിളും, കസേരയും, പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, സ്കോളർഷിപ്പ് മുതലായ പ്രോജക്ടുകൾ ഏറ്റെടുക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. 2016-17 മുതൽ 2018-19 വരെയുള്ള വർഷങ്ങളിൽ വിദ്യാഭാസ മേഖലയിൽ ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകൾക്കടക്കം പട്ടികജാതി വിഭാഗക്കാർക്കുള്ള ഫണ്ട് 70 ശതമാനത്തിലേറെ ചെലവഴിച്ചിട്ടുണ്ട്. ആയത് |

| | | | | |
|---|---|---|---|---|
| | | | മാത്രമേ വിദ്യാഭ്യാസ രംഗത്ത് പട്ടിക വിഭാഗങ്ങളെ മുൻനിരയിൽ എത്തിക്കാൻ കഴിയൂ.കൊല്ലം ജില്ലയിലെ നീണ്ടകര ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് 2012-13, 2013-14 എന്നീ വർഷങ്ങളിൽ യാതൊരു പദ്ധതികളും ആവിഷ്ക്കരിച്ചിട്ടില്ല. 2014-15-ൽ പട്ടികജാതി വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി 3 പദ്ധതികൾ ആവിഷ്ക്കരിച്ചുവെങ്കിലും നടപ്പിലാക്കിയിട്ടില്ല. | പരിഗണിച്ച് ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. |
| | 2015-16 | 3.7.13 | <u>പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു</u><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 12-ാം പദ്ധതി ആസൂത്രണവും സബ്സിഡിയും, അനുബന്ധ വിഷയങ്ങളും സംബന്ധിച്ച 16.04.2013-ലെ സ.ഉ (എം.എസ്)- 362/13/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പരിഷ്ക്കരിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക 9(3) ഉപഖണ്ഡിക (10) അനുസരിച്ച് എസ്.സി.പി/ടി.എസ്.പി പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ എസ്.റ്റി വിഭാഗക്കാരായ ജനപ്രതിനിധികൾ മാത്രമായിരിക്കും നിരീക്ഷണ കമ്മിറ്റിയിലെ അംഗങ്ങൾ. പദ്ധതി നിർവ്വഹണ പുരോഗതിയിൽ ഫണ്ടിന്റെ വിനിയോഗവും ഈ കമ്മിറ്റി മാസംതോറും യോഗം ചേർന്ന് വിലയിരുത്തണം. കൂടാതെ നിരീക്ഷണ കമ്മിറ്റികൾ നടത്തുന്ന നിർവ്വഹണ പുരോഗതി യോഗത്തിന്റെ മിനിട്സ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ യോഗത്തിൽ അജണ്ടയായി വച്ച് ചർച്ച് ചെയ്ത് ആവശ്യമെങ്കിൽ നടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒന്നും തന്നെ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല. | <u>ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്</u><br>ആര്യങ്കാവ് ഗ്രാമപഞ്ചായത്തിൽ ടി മാർഗ്ഗ രേഖയിൽ നിർദ്ദേശിക്കും പ്രകാരം എസ്.റ്റി വിഭാഗത്തിൽപെട്ട ജനപ്രതിനിധികൾ ഇല്ലാത്തതിനാൽ 2019/20 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.സി ജനപ്രതിനിധികളെ ഉൾപ്പെടുത്തി നിരീക്ഷണ സമിതി രൂപീകരിക്കുന്നതും,ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.<br><u>നീണ്ടകര ഗ്രാമപഞ്ചായത്ത്</u><br>നീണ്ടകര ഗ്രാമപഞ്ചായത്തിൽ എസ്.ടി വിഭാഗത്തിലുള്ള ജനപ്രതിനിധികൾ ഇല്ലാത്തതിനാലാണ് എസ്.സി.പി പദ്ധതികളുടെ നിർവ്വഹണത്തിനായുള്ള നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കാതെയിരുന്നത്. എന്നാൽ നിലവിൽ എസ്.സി വിഭാഗത്തിൽപ്പെട്ട ജനപ്രതിനിധിയെ ഉൾപ്പെടുത്തി നിരീക്ഷണ സമിതി 2019-20 രൂപീകരിക്കുന്നതാണ്. പരാമർശം ഒഴിവാക്കി തരണമെന്നപേക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | ലഭ്യമായ അപേക്ഷകളിൽ ജെ.എച്ച്.ഐ.മാർ പരിശോധന നടത്തിയതിൽ 75 ഗുണഭോക്താക്കളെ മാത്രമേ അപേക്ഷകരിൽ നിന്നും തിരഞ്ഞെടുക്കാനായുള്ളൂ. 75 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുള്ളതാണ്. ഷൊർണ്ണൂർ നഗരസഭയെ ഒ.ഡി.എഫ്. ആയി 19/05/18-ന് പ്രഖ്യാപിച്ചിട്ടുള്ളതുമാണ്.<br><br>പന്ത്രണ്ടാം പദ്ധതി കാലയളവിൽ തന്നെ കക്കൂസില്ലാത്ത അവശേഷിക്കുന്ന കുടുംബങ്ങളെ കണ്ടെത്തി അവർക്ക് കക്കൂസ് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു |
| 6 | 3.7.6 | നഗരസഭയുടെ മെരിട്ടോറിയസ് മികവു കാട്ടുന്ന വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗ് എന്ന പദ്ധതിയ്ക്ക്തുക വകയിരുത്തിയെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. | <u>ചങ്ങനാശ്ശേരി നഗരസഭ</u><br>2018-19 വർഷം എസ്.സി വിഭാഗത്തിലുള്ള മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗിന് ധനസഹായം പ്രോജക്ട് നം. 232/2019 പ്രകാരം 100000/- രൂപ വകയിരുത്തിയിട്ടുള്ളതാണ്. (20 പേർക്ക് 5000/- രൂപ വീതം 100000/- രൂപ വകയിരുത്തിയിട്ടുണ്ട്.)<br>മുൻവർഷങ്ങളിൽ ടി ധനസഹായത്തിന് ആരും അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതാണ്.<br><br>2018-19 വർഷം എസ്.സി വിഭാഗത്തിലുള്ള മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗിന് ധനസഹായം പദ്ധതി നം.232/2019 എന്ന പ്രോജക്ടിൽ തുക വകയിരുത്തിയിരുന്നു. ടി പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ആകെ 4 പേർ മാത്രമാണ് ഉണ്ടായിരുന്നത്. ടി ഗുണഭോക്താക്കൾക്ക് രേഖാമൂലം കത്ത് നൽകുകയും എസ്.സി .. പ്രൊമോട്ടർമാർ മുഖേന അറിയിപ്പ് നൽകുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ടി ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ , (എൻട്രൻസ് കോച്ചിംഗ് സ്ഥാപനത്തിൽ നിന്നുള്ള |

| | | | |
|---|---|---|---|
| | | | സാക്ഷ്യപത്രം) ഹാജരാക്കിയിട്ടില്ലത്തതിനാൽ പ്രസ്തുത തുക വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി എസ്.സി കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികളിലായി താഴെ പറയും വിധം ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളതാണ്.<br>2017–18 ൽ എസ്.സി കുട്ടികൾക്ക്<br>52 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്<br>50 വിദ്യാർത്ഥികൾക്ക് സൈക്കിൾ<br>75 വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ<br>2018–19 ൽ എസ്.സി കുട്ടികൾക്ക്<br>15 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്<br>10 വിദ്യാർത്ഥികൾക്ക് പഠനമുറി<br>കൂടാതെ ഫർണ്ണീച്ചർ വാങ്ങൽ എന്ന പദ്ധതിയും ഉൾപ്പെടുത്തിയിട്ടുള്ളതാണ് |
| 7 | 3,7,11 | എസ്.സി/എസ് .ടി .മേഖയിലെ കർമസമിതികളുടെ പ്രവർത്തനം ഊർജിതമല്ല .<br>ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ രണ്ടുവർഷമായി എസ്.സി. പ്രമോട്ടർമാർ ഇല്ല | ഏറ്റുമാനൂർ നഗരസഭ<br>9/05/2016 മുതൽ ശ്രീമതി അമ്പിളി ബേബി, തോപ്പിൽ എന്ന വ്യക്തിയും, 13/12/2016 മുതൽ ശ്രീമതി ശാരിമോൾ എം.എസ്. കണിയാകുന്നേൽ എന്ന വ്യക്തിയും 13/12/2016 മുതൽ ശ്രീമതി ആശാമോൾ റ്റി.എം. കരിയാറ്റപ്പുഴ എന്ന വ്യക്തിയും ഏറ്റുമാനൂർ നഗരസഭയിൽ എസ്.സി. പ്രമോട്ടർമാരായി നിലവിൽ സേവനം ചെയ്തുവരുന്നതാണ് |

| | | | | | |
|---|---|---|---|---|---|
| | | | അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും, വിപണി കണ്ടെത്താനുള്ള ബുദ്ധിമുട്ടും കാരണം ഈ തൊഴിൽ മേഖല പ്രതിസന്ധിയിലാണ് | മറ്റ് തൊഴിൽ മേഖലകളിൽ ഏർപ്പെട്ടതും ടി തൊഴിൽ മേഖലയുടെ പ്രതിസന്ധിക്ക് ആക്കം കൂട്ടിയിരിക്കുകയാണ്. കൂടാതെ പദ്ധതി ആസൂത്രണ വർക്കിംഗ് ഗ്രൂപ്പിലോ, ഗ്രാമസഭകളിലോ പ്രസ്തുത തൊഴിൽ മേഖലയുടെ ഉന്നമനത്തിനുതകുന്ന നിർദേശങ്ങളൊന്നും തന്നെ ഉയർന്നുവരാത്തതിനാലും ഈ പഞ്ചായത്തിന്റെ വാർഷിക പദ്ധതികളിൽ പ്രത്യേകം ഊന്നൽ നൽകുന്ന പദ്ധതി കളൊന്നും 2015-16 നു ശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. | |
| 6 | 2015-16 | 3.7.9 | പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടി വിദ്യാഭ്യാസ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് പട്ടിക ജാതി /പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് ധാരാളം പദ്ധതികൾ ഉണ്ടായിരുന്നിട്ടും ആസൂത്രണത്തിലെ പാളിച്ച മൂലം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല. | <u>മലമ്പുഴ ഗ്രാമപഞ്ചായത്ത്</u><br><br>പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷമായ 2016-17 ൽ എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ .പദ്ധതിക്ക് 330000/- രൂപയും, എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ പദ്ധതിക്ക് 310000/- രൂപയും വകയിരുത്തിയിരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷമായ 2017-18 ല് എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ എന്ന പദ്ധതിക്ക് 1 ലക്ഷം രൂപയും, എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്ന പദ്ധതിക്ക് 1 ലക്ഷം രൂപയും, എസ്.ടി വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്ന പദ്ധതിക്ക് 1 ലക്ഷം രൂപയും വകയിരുത്തി ഡിപിസി അംഗീകാരം നേടിയിട്ടുണ്ടെന്നുള്ള വിവരം സവിനയം അങ്ങയെ അറിയിക്കുന്നു. തുടർന്ന് വരുന്ന വർഷങ്ങളിലും എസ്.സി/എസ്.ടി വിഭാഗക്കാർക്ക് വിദ്യാഭ്യാസപരമായി പ്രയോജനപ്പെടുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള നടപടികള് സ്വീകരിക്കുന്നതാണെന്ന് അങ്ങയെ അറിയിക്കുന്നു. ആയതിനാൽ ഓഡിറ്റ് തടസ്സങ്ങള് ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു. | |
| 7 | 2015-16 | 3.7.11 | എസ്.സി/എസ്.റ്റി മേഖലയിലെ കർമ്മ സമിതികളുടെ പ്രവർത്തനം ഊർജ്ജിതമല്ല പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിൽ 2013-14, 2014-15 വർഷങ്ങളില് കർമ്മസമിതികളില് നടന്ന ചർച്ചകളുടെ വിശദാംശങ്ങൾ കൃത്യമായി | <u>കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്</u><br>എസ്.സി/എസ്.റ്റി മേഖലയിൽ ഫീസിബിലിറ്റി പ്രശ്നം നിലനിൽക്കുന്ന പ്രദേശമാണ് കൊല്ലങ്കോട് ഗ്രാമ പഞ്ചായത്ത് ആയതിനാൽ കർമ്മസമിതി കൂടുമ്പോൾ ആവശ്യത്തിന് ഹാജർ ഇല്ലാതിരിക്കയും കമ്മിറ്റികൂടുന്നതിന് സാഹചര്യം ഉണ്ടാകാതിരിക്കുകയും ചെയ്തതാണ് കർമ്മസമിതി തീരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്താൻ കഴിയാതത് എന്ന വിവരം അറിയിക്കുന്നു. | |

| | | | | | |
|---|---|---|---|---|---|
| | | | അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും, വിപണി കണ്ടെത്താനുള്ള ബുദ്ധിമുട്ടും കാരണം ഈ തൊഴിൽ മേഖല പ്രതിസന്ധിയിലാണ് | മറ്റ് തൊഴിൽ മേഖലകളിൽ ഏർപ്പെട്ടതും ടി തൊഴിൽ മേഖലയുടെ പ്രതിസന്ധിക്ക് ആക്കം കൂട്ടിയിരിക്കുകയാണ്. കൂടാതെ പദ്ധതി ആസൂത്രണ വർക്കിംഗ് ഗ്രൂപ്പിലോ, ഗ്രാമസഭകളിലോ പ്രസ്തുത തൊഴിൽ മേഖലയുടെ ഉന്നമനത്തിനുതകുന്ന നിർദേശങ്ങളൊന്നും തന്നെ ഉയർന്നുവരാത്തതിനാലും ഈ പഞ്ചായത്തിന്റെ വാർഷിക പദ്ധതികളിൽ പ്രത്യേകം ഊന്നൽ നൽകുന്ന പദ്ധതി കളൊന്നും 2015-16 നു ശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. | |
| 6 | 2015-16 | 3.7.9 | പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടി വിദ്യാഭ്യാസ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് പട്ടിക ജാതി /പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് ധാരാളം പദ്ധതികൾ ഉണ്ടായിരുന്നിട്ടും ആസൂത്രണത്തിലെ പാളിച്ച മൂലം പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. | <u>മലമ്പുഴ ഗ്രാമപഞ്ചായത്ത്</u><br><br>പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷമായ 2016-17 ൽ എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ പദ്ധതിക്ക് 330000/- രൂപയും, എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ പദ്ധതിക്ക് 310000/- രൂപയും വകയിരുത്തിയിരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷമായ 2017-18 ല് എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ എന്ന പദ്ധതിക്ക് 1 ലക്ഷം രൂപയും, എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്ന പദ്ധതിക്ക് 1 ലക്ഷം രൂപയും, എസ്.ടി വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്ന പദ്ധതിക്ക് 1 ലക്ഷം രൂപയും വകയിരുത്തി ഡിപിസി അംഗീകാരം നേടിയിട്ടുണ്ടെന്നുള്ള വിവരം സവിനയം അങ്ങയെ അറിയിക്കുന്നു. തുടർന്ന് വരുന്ന വർഷങ്ങളിലും എസ്.സി/എസ്.ടി വിഭാഗക്കാർക്ക് വിദ്യാഭ്യാസപരമായി പ്രയോജനപ്പെടുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള നടപടികള് സ്വീകരിക്കുന്നതാണെന്ന് അങ്ങയെ അറിയിക്കുന്നു. ആയതിനാൽ ഓഡിറ്റ് തടസ്സങ്ങള് ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു. | |
| 7 | 2015-16 | 3.7.11 | എസ്.സി/എസ്.റ്റി മേഖലയിലെ കർമ്മ സമിതികളുടെ പ്രവർത്തനം ഫലപ്രദമല്ല പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിൽ 2013-14, 2014-15 വർഷങ്ങളില് കർമ്മസമിതികളില് നടന്ന ചർച്ചകളുടെ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല | <u>കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്</u><br>എസ്.സി/എസ്.റ്റി മേഖലയിൽ ഫിസിബിലിറ്റി പ്രശ്നം നിലനിൽക്കുന്ന പ്രദേശമാണ് കൊല്ലങ്കോട് ഗ്രാമ പഞ്ചായത്ത് ആയതിനാൽ കർമ്മസമിതി കൂടുമ്പോൾ ആവശ്യത്തിന് ഹാജർ ഇല്ലാതിരിക്കയും കമ്മിറ്റികൂടുന്നതിന് സാഹചര്യം ഉണ്ടാകാതിരിക്കുകയും ചെയ്തതാണ് കർമ്മസമിതി തീരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്താൻ കഴിയാത്തത് എന്ന വിവരം അറിയിക്കുന്നു. | |

അടിമാലി

| | | | |
|---|---|---|---|
| | 3.7.11 | ഊർജ്ജിതമല്ല.<br><br>ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തില് എസ്.സി / എസ്.ടി മേഖലകളിൽ വരുമാനദായകവും, ഉൽപ്പാദന വർദ്ധന ലക്ഷ്യമിടുന്നതുമായ പല പദ്ധതി നിർദ്ദേശങ്ങളും ഗ്രാമസഭ ഊരുകൂട്ടങ്ങളിൽ ഉയർന്ന് വരികയും, കർമ്മ സമിതി ചർച്ച നടത്തുകയും ചെയ്യുതായി രേഖകളിൽ കാണുന്നുണ്ടെങ്കിലും വാർഷിക പദ്ധതികളിൽ ഇവയൊന്നും ഇടംപിടിച്ചിട്ടില്ല | എസ്.സി ,എസ്.റ്റി മേഖലയിൽ സ്വയം തൊഴിൽ പദ്ധതി മുൻ വർഷങ്ങളിലുൾപ്പെടെ ഏറ്റെടുത്തെങ്കിലും സബ്സിഡി മാർഗ്ഗരേഖയും എസ് ജി എസ് വൈ മാനദണ്ഡവും പാലിച്ച് വായ്പ എടുത്ത് മുതൽ മുടക്കുൾപ്പെടെ നടത്തുന്നതിന് ഗ്രൂപ്പുകൾ തയ്യാറാകാത്തതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതെ പോയത്. മതിയായ പിന്തുണാ സംവിധാനം നല്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞതുമില്ല. 2012-13 ല് 1,38,311 /-രൂപ എസ്.സി പി വിഭാഗത്തിൽ വകയിരുത്തിയെങ്കിലും ഗുണഭോക്താക്കളുടെ താത്പര്യമില്ലായ്മ മൂലം പദ്ധതി നടപ്പിലാക്കാനായില്ല എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 6 | 3.7.13 | പദ്ധതി മാർഗ്ഗ രേഖ അവഗണിച്ചു<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 12- പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച 16/04/2013 ലെ സ.ഉ (എം എസ്) 362/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പരിഷ്കരിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക 9(3) ഉപഖണ്ഡിക 9(3) ഉപഖണ്ഡിക (10) അനുസരിച്ച് എസ് സി പി / റ്റി എസ് പി പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപ നങ്ങളിൽ ഒന്നും തന്നെ നിരീക്ഷണ കമ്മറ്റികൾ രൂപീകരിച്ചിട്ടില്ല. 2012-13, 2013-14, 2014-15 വർഷങ്ങളിൽ അടിമാലി ഗ്രാമ പഞ്ചായത്ത് വകയിരുത്തിയ 2.49 കോടി രൂപയിൽ 1.97 കോടി രൂപ മാത്രമാണ് | അടിമാലി ഗ്രാമ പഞ്ചായത്ത്<br><br>നിരീക്ഷണ കമ്മറ്റികൾ രൂപീകരിച്ചതായി കാണുന്നില്ല. എസ് സി പി പദ്ധതിയിലേറ്റെടുത്ത വീട് നിർമ്മാണത്തിന് യൂണിറ്റ് കോസ്റ്റ് ഭാവിയിൽ വർദ്ധിക്കും എന്ന കണക്ക് കൂട്ടലിൽ ഗുണഭോക്താക്കൾ ആനുകൂല്യത്തിന് കരാർ വക്കുന്നതിന് തയ്യാറായില്ല. കിണർ സബ്സിഡി ഉൾപ്പെടെ മറ്റ് വ്യക്തിഗത ആനുകൂല്യങ്ങളും കൈപ്പറ്റുന്നതിന് ഗുണഭോക്താക്കൾ താത്പര്യം കാണിച്ചില്ല. ഫീസിബിലിറ്റി ലഭിക്കാതെ പോകുന്നതും തുക വിനിയോഗിക്കാന് കഴിയാത്തതിന് കാരണമായി. ഭാവിയിൽ ഫീസിബിലിറ്റി ഉറപ്പാക്കിയാണ് പദ്ധതി ഏറ്റെടുത്തിട്ടുള്ളത് എന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സാക്ഷ്യപത്രം) ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി എസ്.സി കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികളിലായി താഴെ പറയും വിധം ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളതാണ്.<br><br>2017-18 ൽ എസ്.സി കുട്ടികൾക്ക്<br><br>52 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്<br><br>50 വിദ്യാർത്ഥികൾക്ക് സൈക്കിൾ<br><br>75 വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ<br><br>2018-19 ൽ എസ്.സി കുട്ടികൾക്ക്<br><br>15 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്<br><br>10 വിദ്യാർത്ഥികൾക്ക് പഠനമുറി<br><br>കൂടാതെ ഫർണ്ണീച്ചർ വാങ്ങൽ എന്ന പദ്ധതിയും ഉൾപ്പെടുത്തിയിട്ടുള്ളതാണ് |
| 7 | 3.7.11 | എസ്.സി/എസ് .ടി .മേഖലയിലെ കർമസമിതികളുടെ പ്രവർത്തനം ഊർജിതമല്ല .<br><br>ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ രണ്ടുവർഷമായി എസ്.സി. പ്രമോട്ടർമാർ ഇല്ല | <u>ഏറ്റുമാനൂർ നഗരസഭ</u><br>9/05/2016 മുതൽ ശ്രീമതി അമ്പിളി ബേബി, തോപ്പിൽ എന്ന വ്യക്തിയും, 13/12/2016 മുതൽ ശ്രീമതി ശാരിമോൾ എം.എസ്. കണിയാകുന്നേൽ എന്ന വ്യക്തിയും 13/12/2016 മുതൽ ശ്രീമതി ആശാമോൾ റ്റി.എം. കരിയാറ്റപ്പുഴ എന്ന വ്യക്തിയും ഏറ്റുമാനൂർ നഗരസഭയിൽ എസ്.സി. പ്രമോട്ടർമാരായി നിലവിൽ സേവനം ചെയ്തുവരുന്നതാണ് |

| | | | | | |
|---|---|---|---|---|---|
| | | | രേഖപ്പെടുത്തിയിട്ടില്ല. | | |
| 8 | 2015-16 | 3.7.12 | ഗ്രാമ പഞ്ചായത്ത് ഊരുകൂട്ടങ്ങളുടെ നിർദ്ദേശങ്ങള് പദ്ധതി രൂപീകരണത്തിൽ പരിഗണിക്കാത്തതുമൂലം ഊരുക്കൂട്ടങ്ങളുടെ ആവശ്യങ്ങൾ ഗ്രാമസഭ, കർമ്മ സമിതി എന്നിവയിൽ ചർച്ച ചെയ്യുന്നില്ല. ഇതുകൊണ്ട് തന്നെ പട്ടിക വർഗ്ഗ കോളനികളിലെ താമസക്കാർക്ക് ആവശ്യമായ പല പദ്ധതികളും ആവിഷ്കരിക്കപ്പെടുന്നില്ല. | <u>ഷോളയൂർ ഗ്രാമപഞ്ചായത്ത്</u><br>നിലവിൽ ഊരുക്കൂട്ടങ്ങൾ സമയബന്ധിതമായി ചേരുകയും ഊരുക്കൂട്ട നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിച്ച് മാർഗരേഖാ പരിധിക്കുള്ളിൽ വരുന്ന നിർദ്ദേശങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കി വരുന്നുണ്ട്. | |
| 9 | 2015-16 | 3.7.13 | എസ്.സി.പി/ടി.എസ്.പി പദ്ധതികളുടെ നിർവ്വഹണവും ഫണ്ടു വിനിയോഗവും കാര്യക്ഷമമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. | <u>മലമ്പുഴ ഗ്രാമപഞ്ചായത്ത്</u><br><br>ഒരേ ഒരു എസ് റ്റി മെമ്പർ മാത്രമേ ഭരണ സമിതിയിൽ ഉണ്ടായിരുന്നത് ആയതിനാലാണ് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കാതിരുന്നത്.പട്ടിക വർഗ്ഗ വിഭാഗക്കാരായ ജനപ്രതിനിധികൾ ഉൾപ്പെടുന്ന നിരീക്ഷണകമ്മിറ്റികൾ രൂപീകരിച്ച് എസ്.സി.പി/ ടി.എസ്.പി പദ്ധതികളുടെ നിർവഹണവും വിനിയോഗവും കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.<br><br><u>ഷോളയൂർ ഗ്രാമപഞ്ചായത്ത്</u><br><br>എസ്.സി.പി/ടി.എസ്.പി പദ്ധതികളുടെ നിർവഹണവും വിനിയോഗവും കാര്യക്ഷമമാക്കുവാൻ പട്ടിക വർഗ വിഭാഗക്കാരായ ജനപ്രതിനിധികൾ മാത്രമുള്ള നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കുന്നതാണ്. | |

| | | | | |
|---|---|---|---|---|
| | | | മാത്രമേ വിദ്യാഭ്യാസ രംഗത്ത് പട്ടിക വിഭാഗങ്ങളെ മുൻനിരയിൽ എത്തിക്കാൻ കഴിയൂ. കൊല്ലം ജില്ലയിലെ നീണ്ടകര ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് 2012-13, 2013-14 എന്നീ വർഷങ്ങളിൽ യാതൊരു പദ്ധതികളും ആവിഷ്ക്കരിച്ചിട്ടില്ല. 2014-15-ൽ പട്ടികജാതി വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി 3 പദ്ധതികൾ ആവിഷ്ക്കരിച്ചുവെങ്കിലും നടപ്പിലാക്കിയിട്ടില്ല. | പരിഗണിച്ച് ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. |
| | 2015-16 | 3.7.13 | <u>പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു</u><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 12-ാം പദ്ധതി ആസൂത്രണവും സബ്സിഡിയും, അനുബന്ധ വിഷയങ്ങളും സംബന്ധിച്ച 16.04.2013-ലെ സ.ഉ (എം.എസ്)- 362/13/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പരിഷ്ക്കരിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക 9(3) ഉപഖണ്ഡിക (10) അനുസരിച്ച് എസ്.സി.പി/ടി.എസ്.പി പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. അതായത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ എസ്.റ്റി വിഭാഗക്കാരായ ജനപ്രതിനിധികൾ മാത്രമായിരിക്കും നിരീക്ഷണ കമ്മിറ്റിയിലെ അംഗങ്ങൾ. പദ്ധതി നിർവ്വഹണ പുരോഗതിയിൽ ഫണ്ടിന്റെ വിനിയോഗവും ഈ കമ്മിറ്റി മാസംതോറും യോഗം ചേർന്ന് വിലയിരുത്തണം. കൂടാതെ നിരീക്ഷണ കമ്മിറ്റികൾ നടത്തുന്ന നിർവ്വഹണ പുരോഗതി യോഗത്തിന്റെ മിനിട്സ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ യോഗത്തിൽ അജണ്ടയായി വച്ച് ചർച്ച് ചെയ്ത് ആവശ്യമെങ്കിൽ നടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒന്നും തന്നെ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല. | <u>ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്</u><br>ആര്യങ്കാവ് ഗ്രാമപഞ്ചായത്തിൽ ടി മാർഗ്ഗ രേഖയിൽ നിർദ്ദേശിക്കും പ്രകാരം എസ്.റ്റി വിഭാഗത്തിൽപെട്ട ജനപ്രതിനിധികൾ ഇല്ലാത്തതിനാൽ 2019/20 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.സി ജനപ്രതിനിധികളെ ഉൾപ്പെടുത്തി നിരീക്ഷണ സമിതി രൂപീകരിക്കുന്നതും,ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.<br><br><u>നീണ്ടകര ഗ്രാമപഞ്ചായത്ത്</u><br>നീണ്ടകര ഗ്രാമപഞ്ചായത്തിൽ എസ്.ടി വിഭാഗത്തിലുള്ള ജനപ്രതിനിധികൾ ഇല്ലാത്തതിനാലാണ് എസ്.സി.പി പദ്ധതികളുടെ നിർവ്വഹണത്തിനായുള്ള നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കാതെയിരുന്നത്. എന്നാൽ നിലവിൽ എസ്.സി വിഭാഗത്തിൽപ്പെട്ട ജനപ്രതിനിധിയെ ഉൾപ്പെടുത്തി നിരീക്ഷണ സമിതി 2019-20 രൂപീകരിക്കുന്നതാണ്. പരാമർശം ഒഴിവാക്കി തരണമെന്നപേക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | 3.7.13 | **പദ്ധതി മാർഗ രേഖ അവഗണിച്ചു:**<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 12–ാം പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച 16.04.2013–ലെ സ.ഉ (എം.എസ്)–362/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പരിഷ്കരിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക 9 (3) ഉപഖണ്ഡിക (10) അനുസരിച്ച് എസ്.സി.പി/ടി.എസ്.പി പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എസ്. ടി വിഭാഗക്കാരായ ജനപ്രതിനിധികൾ മാത്രമായിരിക്കും നിരീക്ഷണ കമ്മിറ്റിയിലെ അംഗങ്ങൾ. പദ്ധതി നിർവ്വഹണ പുരോഗതിയിൽ ഫണ്ടിന്റെ വിനിയോഗവും ഈ കമ്മിറ്റി മാസംതോറും യോഗം ചേർന്ന് വിലയിരുത്തണം. കൂടാതെ നിരീക്ഷണ കമ്മിറ്റികൾ നടത്തുന്ന നിർവ്വഹണ പുരോഗതി യോഗത്തിന്റെ മിനിറ്റ്സ് തദ്ദേശ സ്ഥാപനത്തിന്റെ യോഗത്തിൽ അജണ്ടയായി വച്ച് ചർച്ച ചെയ്ത് ആവശ്യമെങ്കിൽ നടപടി | **കൊല്ലം**<br><br>2017–18 വർഷം മുതൽ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി കോർപ്പറേഷനിൽ ആസൂത്രണ സമിതി രൂപീകരിച്ചിട്ടുള്ളതാണ്. ബഹു.മേയർ അദ്ധ്യക്ഷതയുള്ള ടി സമിതിയിൽ 20 അംഗങ്ങളാണുള്ളത്. സമിതിയുടെ നേതൃത്വത്തിൽ എല്ലാ മാസവും നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് SCP/TSP പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതി പുരോഗതി വിലയിരുത്തി വരുന്നുണ്ട്. എസ്.ടി വിഭാഗക്കാരായ ജനപ്രതിനിധികളാരും തന്നെ കൊല്ലം കോർപ്പറേഷനിൽ നിലവിൽ ഇല്ലാത്തതിനാൽ ആസൂത്രണ സമിതി നിരീക്ഷണ കമ്മിറ്റിയായി പ്രവർത്തിച്ചുവരുന്നു.<br><br>**തൃശൂർ കോർപ്പറേഷൻ**<br><br>തൃശ്ശൂർ കോർപ്പറേഷനിലെ പട്ടിക ജാതിക്കാർക്കായുള്ള പദ്ധതികൾ പട്ടികജാതി വർക്കിംഗ് ഗ്രൂപ്പാണ് മോണിറ്ററിംങ് നടത്തി വരുന്നത്. ഈ വർഷം മുതൽ പട്ടികജാതി വിഭാഗക്കാരായ ജന പ്രതിനിധികളെ ഉൾപ്പെടുത്തി നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി മാസം തോറും അവലോകനം നടത്തുന്നുണ്ട്.<br><br>**ഷൊർണ്ണൂർ നഗരസഭ**<br><br>എസ്.സി.പി പ്രൊജക്ടുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗം വർക്കിംഗ് ഗ്രൂപ്പിനെ നിരീക്ഷണ കമ്മിറ്റിയായി ചുമതലപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് കൗൺസിൽ പരിഗണനയ്ക്ക് വിഷയം സമർപ്പിച്ചിട്ടുള്ളതാണ്. കൗൺസിൽ തീരുമാനം എടുക്കുന്ന മുറയ്ക്ക് കമ്മിറ്റികൾ യോഗം ചേരുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.<br><br>**ചങ്ങനാശ്ശേരി**<br><br>നഗരസഭയിൽ – 12–ാം പദ്ധതി ആസൂത്രണവും സബ്സിഡിയും, |

| | | | |
|---|---|---|---|
| | | സ്വീകരിക്കേണ്ടതുമാണ്. എന്നാൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ ഒന്നും തന്നെ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല. | അനുബന്ധ വിഷയങ്ങളും സംബന്ധിച്ച (16.04.2013 ലെ സ.ഉ(എം.എസ്)-362/2013/തസ്വഭവ നമ്പർ) ഉത്തരവ് പ്രകാരം എസ്.സി.പി പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാൻ എസ്.സി വിഭാഗക്കാരായ ജനപ്രതിനിധികളെ മാത്രം ഉൾപ്പെടുത്തി നിരീക്ഷണ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കൊണ്ട് തുടർന്നുള്ള പദ്ധതി നിർവ്വഹണ പുരോഗതി, ഫണ്ടിന്റെ വിനിയോഗവും ടി യോഗം വിലയിരുത്തി നിർവ്വഹണ പുരോഗതി മിനുട്സ് ബുക്കിൽ രേഖപ്പെടുത്തി നഗരസഭാ കൗൺസിൽ യോഗത്തിൽ അജണ്ടയായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്.<br><br>**<u>ആലപ്പുഴ നഗരസഭ</u>**<br><br>ആലപ്പുഴ നഗരസഭയിൽ 2015-16 കാലയളവിൽ എസ്.റ്റി ഫണ്ട് ലഭിച്ചിരുന്നില്ല. നഗരസഭ കൗൺസിലിന്റെയും സ്റ്റാന്റിംഗ് കമ്മറ്റികളുടെയും നേതൃത്വത്തിലാണ് എസ്.സി ഫണ്ടുകളുടെ നിർവ്വഹണം സംബന്ധിച്ച മേൽനോട്ടം നടന്നുവന്നിരുന്നത്. 2018-2019 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്രവികസനത്തിനായി 1865000/- രൂപ വകയിരുത്തിയിട്ടുള്ളതാണ് പദ്ധതി നടപ്പിലാക്കുന്നതിലെയ്ക്കായുള്ള ടെൻഡർ നടപടികൾ ആരംഭിച്ചുവെങ്കിലും പൂർത്തിയായിട്ടില്ലാത്തതാണ് എസ്.റ്റി വിഭാഗത്തിലുള്ള കൗൺസിലർമാർ നഗരസഭയിൽ ഇല്ലാത്തതിനാൽ എസ്.സി, എസ്.റ്റി പദ്ധതികളുടെ നിരീക്ഷണത്തിനായി എസ്.സി വിഭാഗത്തിലുള്ള കൗൺസിലർമാരെ ഉൾപ്പെടുത്തി ഒൻപതംഗ കമ്മറ്റി രൂപീകരിച്ചിട്ടുള്ളതാണ്. തുടർന്നുള്ള വർഷങ്ങളിലെ പദ്ധതികളുടെ മേൽ നോട്ടത്തിനായി മേൽ കമ്മറ്റി പ്രവർത്തിക്കുന്നതാണ്.<br><br>**<u>ആലുവ നഗരസഭ</u>**<br><br>കേരള സർക്കാർ ഉത്തരവ് നം.362/2013/തസ്വഭവ ഉത്തരവ് പ്രകാരം SCP/TSP പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും സംബന്ധിച്ച് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്നും നിരീക്ഷണ കമ്മിറ്റിയിലെ അംഗങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ |

എസ്.സി., എസ്.ടി. വിഭാഗത്തിലെ ജനപ്രതിനിധികൾ മാത്രമായിരിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ മൂന്നിൽ കുറവ് എസ്.സി., എസ്.ടി. വിഭാഗം ജനപ്രതിനിധികൾ മാത്രമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിരീക്ഷണ കമ്മിറ്റിയുടെ ചുമതല ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിക്കേണ്ടതാണെന്നും ടി ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. ആലുവ നഗരസഭ കൗൺസിലിൽ എസ്.സി.വിഭാഗക്കാരായ ജനപ്രതിനിധികൾ 2 പേരാണുള്ളത്. ആയതിൽ പട്ടിക ജാതി സംവരണപ്രകാരം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് ഒരാൾ മാത്രമാണ്. എസ്.ടി. വിഭാഗത്തിൽ നിന്നും ആർക്കും പ്രാതിനിധ്യം ഇല്ലാത്തതാണ്. കൂടാതെ ടി.എസ്.പി ഫണ്ട് ആലുവ നഗരസഭയ്ക്ക് ലഭിക്കുന്നുമില്ല. ആയതിനാലാണ് നിരീക്ഷണ കമ്മിറ്റി രൂപീകരിക്കാത്തത്. എന്നാൽ നിരീക്ഷണ കമ്മറ്റിയുടെ ചുമതലപൂർണ്ണമായും പട്ടികജാതി വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിക്കുന്നുണ്ട്. ആയതിന്റെ ചെയർമാൻ പട്ടികജാതി സംവരണത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിയാണെന്നുള്ള വസ്തുതയും ബോധിപ്പിക്കുന്നു.

**<u>ഏലൂർ നഗരസഭ</u>**

16.04.2013–ലെ സ. ഉ ( എം. എസ്) 362/2013/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിർദ്ദേശ പ്രകാരം എസ് സി. പി / ടി. എസ്. പി വിഭാഗം പ്രൊജക്ടുകളുടെ നിർവ്വഹണ പുരോഗതിയും, ഫണ്ടുവിനിയോഗവും വിലയിരുത്തുന്നതിനുള്ള നിരീക്ഷണ കമ്മറ്റിയായി ബന്ധപ്പെട്ട (എസ് സി /എസ്. ടി ) വർക്കിംഗ് ഗ്രൂപ്പുകളെ 14.09.2017 തീയതിയിലെ 4–ാം നമ്പറായി കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്.

ഏലൂർ നഗരസഭയിൽ പട്ടികവർഗ്ഗ ജനപ്രതിനിധികൾ ഇല്ലാത്തതിനാൽ പട്ടിക വർഗ്ഗ വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സന്റെയും ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിൽ ചേരുകയും പദ്ധതികൾ വിലയിരുത്തുകയും ചെയ്യാറുണ്ട്. എസ്.സി. വർക്കിംഗ് ഗ്രൂപ്പുകൾ മേൽപ്പറഞ്ഞ രീതിയിൽ ചേരുകയും പദ്ധതികൾ വിലയിരുത്തുകയും ചെയ്യാറുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2017–18, 2018–19 വാർഷിക പദ്ധതിയിൽ എസ്.സി.പി., ടി.എസ്.പി ഫണ്ട് വിനിയോഗത്തിൽ പുരോഗതിയുണ്ടായിട്ടുണ്ട്. പദ്ധതി നിർവ്വഹണ പുരോഗതിയും ഫണ്ട് വിനിയോഗവും വിലയിരുത്തുന്നതിനുമായി മാസം തോറും കൗൺസിൽ അജണ്ടയായി ചർച്ച ചെയ്യുന്നതിനുവേണ്ടിയുള്ള

നടപടികൾ സ്വീകരിക്കുന്നതാണ്

**പെരുമ്പാവൂർനഗരസഭ**

പെരുമ്പാവൂർ നഗരസഭയിൽ ബഹു. സർക്കാരിന്റെ 16.4.2013–ലെ സ.ഉ(എം.എസ്.)362/2013 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം SCP/TSP പദ്ധതികളുടെ നിർവ്വഹണ ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

പെരുമ്പാവൂർ നഗരസഭയിലെ SCP/TSP പദ്ധതികളുടെ നിർവ്വഹണത്തിന് കഴിഞ്ഞ വർഷം SCDO-യുടെ സേവനം ലഭ്യമായിരുന്നില്ല. ടി മേഖലയിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എസ്.സി പ്രൊമോട്ടർമാരെ നിയമിച്ചിരുന്നെങ്കിലും ടി പ്രൊമോട്ടർമാരുടെയും സേവനം സമയാസമയങ്ങളിൽ ലഭിച്ചിരുന്നില്ല. എന്നിരുന്നാലും നഗരസഭയിലെ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും സഹായത്തോടെ ടി മേഖലയിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്.

G.O(MS) No.79/2017 തസ്വഭവ, തീയതി: 03/04/2017 ഖണ്ഡിക 13(1)(15) പട്ടികജാതി പദ്ധതി നിർവ്വഹണം ആരംഭിച്ചു കഴിഞ്ഞ പട്ടിക ജാതി വികസന വർക്കിംഗ് ഗ്രൂപ്പ് ഉപപദ്ധതി നിരീക്ഷണ സമിതിയായി പരിവർത്തനം ചെയ്യപ്പെടണമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വർക്കിംഗ് ഗ്രൂപ്പിലുൾപ്പെട്ടവരുടെ പേര് വിവരങ്ങൾ താഴെ ചേർക്കുന്നു.

അധ്യക്ഷൻ – ശ്രീമതി. ഉഷ ദിവാകരൻ

| | | | |
|---|---|---|---|
| | | | (കൗൺസിലർ)<br>ഉപാധ്യക്ഷൻ - ശ്രീ. ഗോപി ദാസൻ<br>കൺവീനർ - ശ്രീ. ആർ.രാജീവ് (പട്ടികജാതി വികസന ഓഫീസർ)<br>അംഗങ്ങൾ - ശ്രീ.ഇമ്പിച്ചിക്കോയ.എം.എം. കൗൺസിലർ<br>ശ്രീ. രാജൻ പി.എ.<br>ശ്രീ. ലാലു പി.കെ.<br>ശ്രീ. എ.കൃഷ്ണൻ<br>ശ്രീ. സുബ്രഹ്മണ്യൻ<br>ശ്രീ. പി.സി.ബേബി<br>ശ്രീ. സുമേഷ്ക്കുട്ടൻ (എസ്.സി.പ്രൊമോട്ടർ)<br>ശ്രീ. ടി അശോകൻ<br>ശ്രീ. ബിജു<br>ശ്രീ. വി. ഗോപി<br>ശ്രീമതി. ശ്രീവല്ലി സോമൻ<br>ശ്രീ. രജി കുഞ്ഞൻ<br>ശ്രീ. ഗിരി ബേബി (എസ്.സി. പ്രൊമോട്ടർ)<br>ശ്രീ. സുബിൻ (എസ്.സി. |

| | | | |
|---|---|---|---|
| | | | പ്രൊമോട്ടർ)<br>ശ്രീ. പ്രശാന്ത് (ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ)<br>ശ്രീമതി. അംബിക (എസ്.സി. പ്രൊമോട്ടർ)<br>ശ്രീമതി. സരിത സി.എ.<br>ശ്രീമതി. സിന്ധു ജയകൃഷ്ണൻ<br>ശ്രീ. പി.കെ.ശിവൻ<br><br>**<u>കൊച്ചി നഗരസഭ</u>** കൊച്ചി നഗരസഭയിൽ ടി കാലയളവിൽ TSP ഫണ്ട് ലഭിച്ചിട്ടില്ലാത്തതാകുന്നു. S.C.P ഫണ്ട് മാത്രമേ ടി കാലയളവിൽ നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ളൂ. നഗരസഭയിൽ പദ്ധതി രൂപീകരണ പ്രവൃത്തികൾക്കു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചുവരുന്നതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്തുവരുന്നതാണ്. |



മിനിമോൾ എബ്രഹാം
[illegible] സെക്രട്ടറി &
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
തദ്ദേശസ്വയംഭരണ വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം, ഫോൺ: 0471-2518535

| | | | | |
|---|---|---|---|---|
| 5. | 2015-16 | 3.7.13 | <u>പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു.</u> പഞ്ചായത്തുകളിലെ 12-ാം പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് 16/04/13-ലെ സ.ഉ.എം.എസ്. 362/2013 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പരിഷ്ക്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 9(3) ഉപഖണ്ഡിക (10) അനുസരിച്ച് എസ്.സി.പി/ റ്റി.എസ്.പി പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാൻ പഞ്ചായത്തുകളിൽ നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കേണ്ടതാണെന്നും മാസംതോറും യോഗം ചേർന്ന് പദ്ധതി നിർവ്വഹണ പുരോഗതിയിൽ ഫണ്ടിന്റെ വിനിയോഗവും വിലയിരുത്തണം എന്ന് ഉത്തരവുള്ളതാണ്. എന്നാൽ പഞ്ചായത്തുകൾ ഒന്നും തന്നെ നിരീക്ഷണ കമ്മറ്റികൾ രൂപീകരിച്ചിട്ടില്ല | ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്.സി.പി/ റ്റി.എസ്.പി പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിനായി മൂന്നോ അതിൽക്കൂടുതലോ എസ്.സി/എസ്.റ്റി വിഭാഗക്കാരായ ജനപ്രതിനിധികളുള്ള പഞ്ചായത്തുകളിൽ നിരീക്ഷണ കമ്മറ്റി രൂപീകരിക്കേണ്ടതാണെന്നും മാസംതോറും യോഗം ചേർന്ന് പദ്ധതി നിർവ്വഹണ പുരോഗതിയിൽ ഫണ്ടിന്റെ വിനിയോഗവും വിലയിരുത്തണമെന്നും, മൂന്നിൽ കുറവ് എസ്.സി/എസ്.റ്റി വിഭാഗക്കാരായ ജനപ്രതിനിധികളുള്ള പഞ്ചായത്തുകളിൽ നിരീക്ഷണ കമ്മറ്റിയുടെ ചുമതല ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിക്കേണ്ടതാണെന്നും കാണിച്ച് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകുകയും, ജില്ലയിലെ 35 ഗ്രാമപഞ്ചായത്തുകളിൽ നിരീക്ഷണ കമ്മറ്റി രൂപീകരിച്ചിട്ടുള്ളതും ബാക്കി പഞ്ചായത്തുകളിൽ ആയത് അടിയന്തിരമായി രൂപീകരിക്കുന്നതാണെന്നും ബോധിപ്പിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | ഉൾപ്പെടുത്തിയിട്ടില്ല. | | |
| 8 | 2015-16 | 3.7.12 | ഗ്രാമ പഞ്ചായത്ത് ഊരുകൂട്ടങ്ങളുടെ നിർദ്ദേശങ്ങള് പദ്ധതി രൂപീകരണത്തിൽ പരിഗണിക്കാത്തതുമൂലം ഊരുക്കൂട്ടങ്ങളുടെ ആവശ്യങ്ങൾ ഗ്രാമസഭ, കർമ്മ സമിതി എന്നിവയിൽ ചർച്ച ചെയ്യുന്നില്ല. ഇതുകൊണ്ട് തന്നെ പട്ടിക വർഗ്ഗ കോളനികളിലെ താമസക്കാർക്ക് ആവശ്യമായ പല പദ്ധതികളും ആവിഷ്ക്കരിക്കപ്പെടുന്നില്ല. | **<u>ഷോളയൂർ ഗ്രാമപഞ്ചായത്ത്</u>**<br>നിലവിൽ ഊരുക്കൂട്ടങ്ങൾ സമയബന്ധിതമായി ചേരുകയും ഊരുക്കൂട്ട നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിച്ച് മാർഗരേഖാ പരിധിക്കുള്ളിൽ വരുന്ന നിർദ്ദേശങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കി വരുന്നുണ്ട്. | |
| 9 | 2015-16 | 3.7.13 | എസ്.സി.പി/ടി.എസ്.പി പദ്ധതികളുടെ നിർവ്വഹണവും എണ്ടു വിനിയോഗവും കാര്യക്ഷമമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. | **<u>മലമ്പുഴ ഗ്രാമപഞ്ചായത്ത്</u>**<br>ഒരേ ഒരു എസ് റ്റി മെമ്പർ മാത്രമേ ഭരണ സിമിതിയിൽ ഉണ്ടായിരുന്നത് ആയതിനാലാണ് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കാതിരുന്നത്.പട്ടിക വർഗ്ഗ വിഭാഗക്കാരായ ജനപ്രതിനിധികൾ ഉൾപ്പെടുന്ന നിരീക്ഷണകമ്മിറ്റികൾ രൂപീകരിച്ച് എസ്.സി.പി/ ടി.എസ്.പി പദ്ധതികളുടെ നിർവഹണവും വിനിയോഗവും കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.<br><br>**<u>ഷോളയൂർ ഗ്രാമപഞ്ചായത്ത്</u>**<br>എസ്.സി.പി/ടി.എസ്.പി പദ്ധതികളുടെ നിർവഹണവും വിനിയോഗവും കാര്യക്ഷമമാക്കുവാൻ പട്ടിക വർഗ വിഭാഗക്കാരായ ജനപ്രതിനിധികൾ മാത്രമുള്ള നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കുന്നതാണ്. | |

| | | | |
|---|---|---|---|
| | | നിർ വ്വഹണം നടത്താന് കഴിയുന്നില്ല | പദ്ധതികൾ പഞ്ചായത്ത് ആവിഷ്കരിച്ചാൽ ആ പദ്ധതികൾക്ക് അനുമതി ലഭ്യമാകുന്നില്ല. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചാൽ അത്തരം പദ്ധതികളിൽ ഗുണഭോക്താക്കൾ താൽപ്പര്യപ്പെടുന്നില്ല. ഗുണഭോക്തൃ വിഹിതം അടയ്ക്കുവാൻ ഗുണഭോക്താക്കൾ വിമുഖത കാട്ടുകയും ചില ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടക്കുവാൻ നിർവ്വാഹമില്ലാത്തതായും കാണുന്നു. ആയതിനാൽ പദ്ധതി നിർവ്വഹണം തന്നെ നടപ്പിലാക്കുവാൻ സാധിക്കാതെ വരുന്നു. അറ്റകുറ്റപ്പണികൾക്ക് ഡിപ്പാർട്ടുമെന്റിൽ നിന്നും നൽകുന്ന തുക പഞ്ചായത്തിൽ നിന്നും നൽകുന്ന തുകയേക്കാൾ കൂടുതലായതിനാൽ പഞ്ചായത്ത് തയ്യാറാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്താക്കളെ ലഭിക്കുവാൻ സാധിക്കുന്നില്ല. എങ്കിലും മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് 2016-17, 2017-18, 2018-19 വർഷങ്ങളിൽ പ്രൊജക്ട് തയ്യാറാക്കി നടപ്പിൽ വരുത്തിയിട്ടുള്ളതാണ്. മേൽ സൂചിപ്പിച്ച വർഷങ്ങളിലെ പദ്ധതി നിർവ്വഹണ പുരോഗതി ചുവടെ ചേർത്ത് സമർപ്പിച്ചുകൊള്ളുന്നു. 2016-17 എസ്.സി.പി.-46.6%, റ്റി.എസ്.പി. 52.9%, 2017-18 എസ്.സി.പി.-57%, റ്റി.എസ്.പി.-46%, 201819. എസ്.സി.പി.-85%, റ്റി.എസ്.പി.-84%. ഈ റിപ്പോർട്ട് പരിഗണിച്ചുകൊണ്ട് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. |
| 4 | 3.7.13 | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | എരുമേലി ഗ്രാമപഞ്ചായത്തിലെ 12-ാം പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് 16.04.2013 ലെ സ.ഉ.(എം.എസ്.)362/2013 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പരിഷ്കരിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക 9/3 ഉപഖണ്ഡിക 10 അനുസരിച്ച് എസ്.സി.പി., റ്റി.എസ്.പി. പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുവാൻ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ എല്ലാ മാസവും വാർഷിക പദ്ധതി അവലോകന മീറ്റിംഗുകളിൽ എസ്.സി./എസ്.റ്റി. പദ്ധതികളുടെ പുരോഗതിയും ഫണ്ടിന്റെ വിനിയോഗവും വിലയിരുത്തുന്നുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

442/2023.

| | | | | |
|---|---|---|---|---|
| | | | | പോത്തുക്കുട്ടി വളർത്തൽ എന്ന പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. |
| 4 | 2015-16 | 3.7.13 | <u>പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു</u><br>SC/ST പദ്ധതികളിൽ വിനിയോഗ ശതമാനം കുറവ്. പദ്ധതികളുടെ നടത്തിപ്പിൽ നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടില്ല<br><br><u>പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു</u> | <u>*കട്ടപ്പന:-*</u> പദ്ധതി തുക 3.45 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും ആകെ 1.97 കോടി രൂപ മാത്രമേ ചെലവഴിക്കുന്നതിന് സാധിച്ചുള്ളൂ. ഗ്രാമസഭ/ഊരുകൂട്ടം മുഖേന തെരഞ്ഞെടുത്തിരുന്ന പല ഗുണഭോക്താക്കളും ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് ഹാജരാകുന്നില്ല. കൂടാതെ ഹാജരായ പല ഗുണഭോക്താക്കൾക്കും ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് കഴിഞ്ഞിട്ടില്ല. കട്ടപ്പന ഗ്രാമ പഞ്ചായത്ത് ആദിവാസി വിഭാഗത്തിലെ ഗുണഭോക്താക്കൾ കൂടുതലായി ഉൾപ്പെടുന്നതിനാൽ സർക്കാർ ആനുകൂല്യങ്ങൾ കൈപ്പറ്റി ജീവിതനിലവാരം ഉയർത്തുന്നതിന് വിമുഖത കാണിക്കുന്നവരാണ്. ആയതും പദ്ധതി ചെലവ് കുറയുന്നതിന് കാരണമായിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പട്ടികജാതി പട്ടികവർഗ്ഗ പദ്ധതികളുടെ ചെലവ് 80% ത്തിന് മുകളിലാണ്. |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുന്നതാണ്<br><br>**പെരുമ്പാവൂർനഗരസഭ**<br><br>പെരുമ്പാവൂർ നഗരസഭയിൽ ബഹു. സർക്കാരിന്റെ 16.4.2013–ലെ സ.ഉ(എം.എസ്.)362/2013 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം SCP/TSP പദ്ധതികളുടെ നിർവ്വഹണ ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.<br><br>പെരുമ്പാവൂർ നഗരസഭയിലെ SCP/TSP പദ്ധതികളുടെ നിർവ്വഹണത്തിന് കഴിഞ്ഞ വർഷം SCDO-യുടെ സേവനം ലഭ്യമായിരുന്നില്ല. ടി മേഖലയിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എസ്.സി പ്രൊമോട്ടർമാരെ നിയമിച്ചിരുന്നെങ്കിലും ടി പ്രൊമോട്ടർമാരുടെയും സേവനം സമയാസമയങ്ങളിൽ ലഭിച്ചിരുന്നില്ല. എന്നിരുന്നാലും നഗരസഭയിലെ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും സഹായത്തോടെ ടി മേഖലയിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്.<br><br>G.O(MS) No.79/2017 തസ്വഭവ, തീയതി: 03/04/2017 ഖണ്ഡിക 13(1)(15) പട്ടികജാതി പദ്ധതി നിർവ്വഹണം ആരംഭിച്ചു കഴിഞ്ഞ പട്ടിക ജാതി വികസന വർക്കിംഗ് ഗ്രൂപ്പ് ഉപപദ്ധതി നിരീക്ഷണ സമിതിയായി പരിവർത്തനം ചെയ്യപ്പെടണമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വർക്കിംഗ് ഗ്രൂപ്പിലുൾപ്പെട്ടവരുടെ പേര് വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br>അധ്യക്ഷൻ – ശ്രീമതി. ഉഷ ദിവാകരൻ |

| | | | |
|---|---|---|---|
| | | | (കൗൺസിലർ)<br>ഉപാധ്യക്ഷൻ - ശ്രീ. ഗോപി ദാസൻ<br>കൺവീനർ - ശ്രീ. ആർ.രാജീവ് (പട്ടികജാതി വികസന ഓഫീസർ)<br>അംഗങ്ങൾ - ശ്രീ.ഇമ്പിച്ചിക്കോയ.എം.എം. കൗൺസിലർ<br>ശ്രീ. രാജൻ പി.എ.<br>ശ്രീ. ലാലു പി.കെ.<br>ശ്രീ. എ.കൃഷ്ണൻ<br>ശ്രീ. സുബ്രഹ്മണ്യൻ<br>ശ്രീ. പി.സി.ബേബി<br>ശ്രീ. സുമേഷ്ക്കുട്ടൻ (എസ്.സി.പ്രൊമോട്ടർ)<br>ശ്രീ. ടി അശോകൻ<br>ശ്രീ. ബിജു<br>ശ്രീ. വി. ഗോപി<br>ശ്രീമതി. ശ്രീവല്ലി സോമൻ<br>ശ്രീ. രജി കുഞ്ഞൻ<br>ശ്രീ. ഗിരി ബേബി (എസ്.സി. പ്രൊമോട്ടർ)<br>ശ്രീ. സുബിൻ (എസ്.സി. |

| | | | |
|---|---|---|---|
| | | | പ്രൊമോട്ടർ)<br>ശ്രീ. പ്രശാന്ത് (ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ)<br>ശ്രീമതി. അംബിക (എസ്.സി. പ്രൊമോട്ടർ)<br>ശ്രീമതി. സരിത സി.എ.<br>ശ്രീമതി. സിന്ധു ജയകൃഷ്ണൻ<br>ശ്രീ. പി.കെ.ശിവൻ<br><br><u>കൊച്ചി നഗരസഭ</u> കൊച്ചി നഗരസഭയിൽ ടി കാലയളവിൽ TSP ഫണ്ട് ലഭിച്ചിട്ടില്ലാത്തതാകുന്നു. S.C.P ഫണ്ട് മാത്രമേ ടി കാലയളവിൽ നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ളൂ. നഗരസഭയിൽ പദ്ധതി രൂപീകരണ പ്രവൃത്തികൾക്കു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചുവരുന്നതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്തുവരുന്നതാണ്. |



മിനിമോൾ എബ്രഹാം
[illegible] സെക്രട്ടറി &
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
തദ്ദേശസ്വയംഭരണ വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്
തിരുവനന്തപുരം, ഫോൺ: 0471-2518535

| | | | | |
|---|---|---|---|---|
| 5. | 2015-16 | 3.7.13 | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു. പഞ്ചായത്തുകളിലെ 12-ാം പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് 16/04/13-ലെ സ.ഉ.എം.എസ്. 362/2013 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പരിഷ്ക്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 9(3) ഉപഖണ്ഡിക (10) അനുസരിച്ച് എസ്.സി.പി/ ടി.എസ്.പി പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാൻ പഞ്ചായത്തുകളിൽ നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കേണ്ടതാണെന്നും മാസംതോറും യോഗം ചേർന്ന് പദ്ധതി നിർവ്വഹണ പുരോഗതിയിൽ ഫണ്ടിന്റെ വിനിയോഗവും വിലയിരുത്തണം എന്ന് ഉത്തരവുള്ളതാണ്. എന്നാൽ പഞ്ചായത്തുകൾ ഒന്നും തന്നെ നിരീക്ഷണ കമ്മറ്റികൾ രൂപീകരിച്ചിട്ടില്ല | ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്.സി.പി/ ടി.എസ്.പി പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിനായി മൂന്നോ അതിൽക്കൂടുതലോ എസ്.സി/എസ്.ടി വിഭാഗക്കാരായ ജനപ്രതിനിധികളുള്ള പഞ്ചായത്തുകളിൽ നിരീക്ഷണ കമ്മറ്റി രൂപീകരിക്കേണ്ടതാണെന്നും മാസംതോറും യോഗം ചേർന്ന് പദ്ധതി നിർവ്വഹണ പുരോഗതിയിൽ ഫണ്ടിന്റെ വിനിയോഗവും വിലയിരുത്തണമെന്നും, മൂന്നിൽ കുറവ് എസ്.സി/എസ്.ടി വിഭാഗക്കാരായ ജനപ്രതിനിധികളുള്ള പഞ്ചായത്തുകളിൽ നിരീക്ഷണ കമ്മറ്റിയുടെ ചുമതല ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിക്കേണ്ടതാണെന്നും കാണിച്ച് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകുകയും, ജില്ലയിലെ 35 ഗ്രാമപഞ്ചായത്തുകളിൽ നിരീക്ഷണ കമ്മറ്റി രൂപീകരിച്ചിട്ടുള്ളതും ബാക്കി പഞ്ചായത്തുകളിൽ ആയത് അടിയന്തിരമായി രൂപീകരിക്കുന്നതാണെന്നും ബോധിപ്പിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | ഉൾപ്പെടുത്തിയിട്ടില്ല. | | |
| 8 | 2015-16 | 3.7.12 | ഗ്രാമ പഞ്ചായത്ത് ഊരുകൂട്ടങ്ങളുടെ നിർദ്ദേശങ്ങള് പദ്ധതി രൂപീകരണത്തിൽ പരിഗണിക്കാത്തതുമൂലം ഊരുക്കൂട്ടങ്ങളുടെ ആവശ്യങ്ങൾ ഗ്രാമസഭ, കർമ്മ സമിതി എന്നിവയിൽ ചർച്ച ചെയ്യുന്നില്ല. ഇതുകൊണ്ട് തന്നെ പട്ടിക വർഗ്ഗ കോളനികളിലെ താമസക്കാർക്ക് ആവശ്യമായ പല പദ്ധതികളും ആവിഷ്ക്കരിക്കപ്പെടുന്നില്ല. | <u>ഷോളയൂർ ഗ്രാമപഞ്ചായത്ത്</u><br>നിലവിൽ ഊരുക്കൂട്ടങ്ങൾ സമയബന്ധിതമായി ചേരുകയും ഊരുക്കൂട്ട നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിച്ച് മാർഗരേഖാ പരിധിക്കുള്ളിൽ വരുന്ന നിർദ്ദേശങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കി വരുന്നുണ്ട്. | |
| 9 | 2015-16 | 3.7.13<br><br>\# | എസ്.സി.പി/ടി.എസ്.പി പദ്ധതികളുടെ നിർവ്വഹണവും ഫണ്ടു വിനിയോഗവും കാര്യക്ഷമമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. | <u>മലമ്പുഴ ഗ്രാമപഞ്ചായത്ത്</u><br><br>ഒരേ ഒരു എസ് റ്റി മെമ്പർ മാത്രമേ ഭരണ സിമിതിയിൽ ഉണ്ടായിരുന്നത് ആയതിനാലാണ് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കാതിരുന്നത്.പട്ടിക വർഗ്ഗ വിഭാഗക്കാരായ ജനപ്രതിനിധികൾ ഉൾപ്പെടുന്ന നിരീക്ഷണകമ്മിറ്റികൾ രൂപീകരിച്ച് എസ്.സി.പി/ ടി.എസ്.പി പദ്ധതികളുടെ നിർവഹണവും വിനിയോഗവും കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.<br><br><u>ഷോളയൂർ ഗ്രാമപഞ്ചായത്ത്</u><br><br>എസ്.സി.പി/ടി.എസ്.പി പദ്ധതികളുടെ നിർവഹണവും വിനിയോഗവും കാര്യക്ഷമമാക്കുവാൻ പട്ടിക വർഗ വിഭാഗക്കാരായ ജനപ്രതിനിധികൾ മാത്രമുള്ള നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കുന്നതാണ്. | |

| | | | |
|---|---|---|---|
| | | നിർ വ്വഹണം നടത്താന് കഴിയുന്നില്ല | പദ്ധതികൾ പഞ്ചായത്ത് ആവിഷ്കരിച്ചാൽ ആ പദ്ധതികൾക്ക് അനുമതി ലഭ്യമാകുന്നില്ല. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചാൽ അത്തരം പദ്ധതികളിൽ ഗുണഭോക്താക്കൾ താൽപ്പര്യപ്പെടുന്നില്ല. ഗുണഭോക്തൃ വിഹിതം അടയ്ക്കുവാൻ ഗുണഭോക്താക്കൾ വിമുഖത കാട്ടുകയും ചില ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടക്കുവാൻ നിർവ്വാഹമില്ലാത്തതായും കാണുന്നു. ആയതിനാൽ പദ്ധതി നിർവ്വഹണം തന്നെ നടപ്പിലാക്കുവാൻ സാധിക്കാതെ വരുന്നു. അറ്റകുറ്റപ്പണികൾക്ക് ഡിപ്പാർട്ടുമെന്റിൽ നിന്നും നൽകുന്ന തുക പഞ്ചായത്തിൽ നിന്നും നൽകുന്ന തുകയേക്കാൾ കൂടുതലായതിനാൽ പഞ്ചായത്ത് തയ്യാറാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്താക്കളെ ലഭിക്കുവാൻ സാധിക്കുന്നില്ല. എങ്കിലും മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് 2016-17, 2017-18, 2018-19 വർഷങ്ങളിൽ പ്രൊജക്ട് തയ്യാറാക്കി നടപ്പിൽ വരുത്തിയിട്ടുള്ളതാണ്. മേൽ സൂചിപ്പിച്ച വർഷങ്ങളിലെ പദ്ധതി നിർവ്വഹണ പുരോഗതി ചുവടെ ചേർത്ത് സമർപ്പിച്ചുകൊള്ളുന്നു. 2016-17 എസ്.സി.പി.-46.6%, റ്റി.എസ്.പി. 52.9%, 2017-18 എസ്.സി.പി.-57%, റ്റി.എസ്.പി.-46%, 201819. എസ്.സി.പി.-85%, റ്റി.എസ്.പി.-84%. ഈ റിപ്പോർട്ട് പരിഗണിച്ചുകൊണ്ട് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. |
| 4 | 3.7.13 | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | എരുമേലി ഗ്രാമപഞ്ചായത്തിലെ 12-ാം പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് 16.04.2013 ലെ സ.ഉ.(എം.എസ്.)362/2013 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പരിഷ്കരിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക 9/3 ഉപഖണ്ഡിക 10 അനുസരിച്ച് എസ്.സി.പി., റ്റി.എസ്.പി. പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുവാൻ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ എല്ലാ മാസവും വാർഷിക പദ്ധതി അവലോകന മീറ്റിംഗുകളിൽ എസ്.സി./എസ്.റ്റി. പദ്ധതികളുടെ പുരോഗതിയും ഫണ്ടിന്റെ വിനിയോഗവും വിലയിരുത്തുന്നുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | പോത്തുകുട്ടി വളർത്തൽ എന്ന പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. |
| 4 | 2015-16 | 3.7.13 | <u>പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു.</u><br>SC/ST പദ്ധതികളിൽ വിനിയോഗ ശതമാനം കുറവ്. പദ്ധതികളുടെ നടത്തിപ്പിൽ നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടില്ല<br><br><u>പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു</u> | <u>*കുട്ടമ്പുഴ:-*</u> പദ്ധതി തുക 3.45 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും ആകെ 1.97 കോടി രൂപ മാത്രമേ ചെലവഴിക്കുന്നതിന് സാധിച്ചുള്ളു. ഗ്രാമസഭ/ഊരുകൂട്ടം മുഖേന തെരഞ്ഞെടുത്തിരുന്ന പല ഗുണഭോക്താക്കളും ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് ഹാജരാകുന്നില്ല. കൂടാതെ ഹാജരായ പല ഗുണഭോക്താക്കൾക്കും ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് കഴിഞ്ഞിട്ടില്ല. കുട്ടമ്പുഴ ഗ്രാമ പഞ്ചായത്ത് ആദിവാസി വിഭാഗത്തിലെ ഗുണഭോക്താക്കൾ കൂടുതലായി ഉൾപ്പെടുന്നതിനാൽ സർക്കാർ ആനുകൂല്യങ്ങൾ കൈപ്പറ്റി ജീവിതനിലവാരം ഉയർത്തുന്നതിന് വിമുഖത കാണിക്കുന്നവരാണ്. ആയതും പദ്ധതി ചെലവ് കുറയുന്നതിന് കാരണമായിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പട്ടികജാതി പട്ടികവർഗ്ഗ പദ്ധതികളുടെ ചെലവ് 80% ത്തിന് മുകളിലാണ് . |

| | | | | |
|---|---|---|---|---|
| 5 | 2015-16 | 3.7.13<br><br>3.7.13 | SC/ST പദ്ധതികളിൽ വിനിയോഗ ശതമാനം കുറവ്. പദ്ധതികളുടെ നടത്തിപ്പിൽ നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടില്ല<br><br>**<u>പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു:-</u>**<br>SC/ST പദ്ധതികളിൽ വിനിയോഗ ശതമാനം കുറവ്. പദ്ധതികളുടെ | ***<u>കമ്പളം:-</u>***SC/ST പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം തുടർന്നുള്ള വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ചുവരുന്നു. പട്ടികജാതി പട്ടികവർഗ്ഗ പദ്ധതിയുടെ നിർവ്വഹണത്തിനായി രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടുമ്പോൾ ടി ഗുണഭോക്താക്കൾക്ക് രേഖകൾ ഹാജരാക്കാൻ കഴിയാതിരിക്കുന്നത് ചെലവ് ശതമാനം കുറയാൻ കാരണമായി.<br>കമ്പളം ഗ്രാമ പഞ്ചായത്തിൽ ആകെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആറ് കുടുംബങ്ങൾ മാത്രമാണുള്ളത്. ടി കുടുംബങ്ങളിൽ 4 എണ്ണം സാമ്പത്തികമായി മെച്ചപ്പെട്ട നിലയിലുള്ളതും സർക്കാർ ജോലിയുള്ളവരുമാണ്. ആയതിനാൽ തന്നെ ടി കുടുംബങ്ങൾക്ക് പദ്ധതി തുക അനുവദിക്കാൻ സാധിക്കാത്തതിനാലാണ് TSP ഇനത്തിൽ ചെലവ് ശതമാനം കുറഞ്ഞിരിക്കുന്നത്. |

| | | | | |
|---|---|---|---|---|
| 6. | 2015-16 | | നടത്തിപ്പിൽ നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടില്ല | ***കോട്ടവള്ളി*** :-കോട്ടവള്ളി ഗ്രാമ പഞ്ചായത്തിൽ മുൻ വർഷങ്ങളിൽ വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭകൾ, ഊരുകൂട്ടം എന്നിവയുടെ നിർദ്ദേശ പ്രകാരമുള്ള പദ്ധതികൾ ഏറ്റെടുക്കുന്നുവെങ്കിലും പലപ്പോഴും നിർവ്വഹണ സമയത്ത് നേരിടുന്ന പല പ്രായോഗിക ബുദ്ധിമുട്ടുകൾ, എതിർപ്പുകൾ എന്നിവ (റോഡ് പ്രവർത്തികളിൽ നാട്ടുകാർ ഉന്നയിക്കുന്ന അതിർത്തി തർക്കങ്ങൾ, പ്രതിഷേധങ്ങൾ എന്നീ കാരണങ്ങളാലും വ്യക്തിഗത പ്രൊജക്ടുകളിൽ ഗുണഭോക്തൃ വിഹിതം അടക്കുവാനും രേഖകൾ ഹാജരാക്കുവാനും വ്യക്തികൾ കാണിക്കുന്ന വിമുഖതകളും) മൂലം പലപ്പോഴും പല പദ്ധതികളും ഭേദഗതി ചെയ്യേണ്ടി വരാറുള്ളതും വർഷാവസാനം ഭേദഗതി വരുത്തുമ്പോൾ പല പദ്ധതികളും സ്പിൽ ഓവറാക്കേണ്ടി വരുന്നതും പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. പദ്ധതി രൂപീകരണ സമയത്തെ വർക്കിംഗ് ഗ്രൂപ്പുകളാണ് പദ്ധതി അംഗീകാരം ലഭിച്ച് പദ്ധതിനിർവ്വഹണസമയത്ത് നിരീക്ഷണ സമിതികളായി പ്രവർത്തിക്കേണ്ടത് എന്നിരുന്നാലും ടി സേവനം പഞ്ചായത്തിന് ലഭിക്കുന്നില്ലായിരുന്നു. നിലവിൽ ടി നിരീക്ഷണ കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ശ്രമിക്കുന്നതാണ്. പരാമർശ പ്രകാരമുള്ള കാലയളവിൽ എസ്.സി ഫണ്ടുകൾ പലപ്പോഴും പൂർണ്ണമായും വിനിയോഗിക്കുവാൻ സാധിക്കാത്തത് പലവിധ കാരണങ്ങളാലാണ്. പൊതുവായ പദ്ധതികളിൽ പലപ്പോഴും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതെ പോകുന്നത്, വ്യക്തിഗത ആനുകൂല്യങ്ങളിൽ യഥാസമയം അപേക്ഷകൾ |

| | | | | |
|---|---|---|---|---|
| | | | | അനുബന്ധ രേഖകൾ ഹാജരാക്കാത്തത്, ഗുണഭോക്തൃവിഹിതം അടക്കാത്തത് എന്നിവയെല്ലാം വിവിധ കാരണങ്ങളാണ്. എസ്.സി കോഡിനേറ്ററുടെ പ്രവർത്തനമികവും ഒരുപരിധിവരെ വ്യക്തിഗത ആനുകൂല്യങ്ങളെ ബാധിക്കുന്നവയാണ്. എന്നാൽ ടി വർഷങ്ങളിൽ സ്പിൽ ഓവറായി ലഭിച്ച തുക ഉപയോഗിച്ച്<br><br>എസ്.സി വിഭാഗക്കാർക്കായി 37.60 സെൻറ് സ്ഥലം വാങ്ങുകയും ആയത് ലൈഫ് ഭവന പദ്ധതിയുമായി ബന്ധിപ്പിച്ച് വിനിയോഗിക്കുവാനും ശ്രമിച്ചു വരികയാണ്. എസ്.ടി വിഭാഗക്കാർ ഊരുകൂട്ടത്തിൽ ഉന്നയിക്കുന്ന ആവശ്യങ്ങൾ പ്രകാരം ലഭ്യമായ ഫണ്ടുപയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രമിക്കുമെങ്കിലും പല പ്രായോഗികബുദ്ധിമുട്ടുകൾ മൂലം പദ്ധതി ഭേദഗതി ചെയ്യേണ്ടതായും വരുകയാണ്. എസ്.ടി വിഭാഗക്കാരുടെ അറിവില്ലായ്മയും സമയബന്ധിതമായി അപേക്ഷകളും അനുബന്ധ രേഖകളും ഹാജരാക്കാത്തതും ആയതിന് ഉത്തരവാദിത്വപ്പെട്ട എസ്.ടി പ്രമോട്ടർമാരായി നിയോഗിക്കുന്നവർ ദൂരദേശങ്ങളിൽ നിന്നുള്ളവരായതിനാലും ഇവർ അടിക്കടി മാറുന്നതും ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ വിഘാതം സൃഷ്ടിക്കുന്നവയാണ്. ഇപ്രകാരം സ്പിൽ ഓവറായി വന്ന തുക ഉപയോഗിച്ച് പഞ്ചായത്തിൽ 2015-16 കാലയളവിൽ ഒരു ഊരുകൂട്ട [illegible] |

| | | | | |
|---|---|---|---|---|
| | | | | ചെയ്തിട്ടുണ്ട്. ഈ കഴിഞ്ഞ വർഷങ്ങളിൽ ടി.എസ്.പി പദ്ധതികൾ 100% വും എസ്.സി.പി പദ്ധതികൾ 90% അധികവും പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 5. | 2015-16 | 3.7.13 | <u>പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു.</u><br>പഞ്ചായത്തുകളിലെ 12-ാം പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് 16/04/13-ലെ സ.ഉ.എം.എസ്. 362/2013 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പരിഷ്ക്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 9(3) ഉപഖണ്ഡിക (10) അനുസരിച്ച് എസ്.സി.പി/ റ്റി.എസ്.പി പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാൻ പഞ്ചായത്തുകളിൽ നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കേണ്ടതാണെന്നും മാസംതോറും യോഗം ചേർന്ന് പദ്ധതി നിർവ്വഹണ പുരോഗതിയിൽ ഫണ്ടിന്റെ വിനിയോഗവും വിലയിരുത്തണം എന്ന് ഉത്തരവുള്ളതാണ്. എന്നാൽ പഞ്ചായത്തുകൾ ഒന്നും തന്നെ നിരീക്ഷണ കമ്മറ്റികൾ രൂപീകരിച്ചിട്ടില്ല | ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എസ്.സി.പി/ റ്റി.എസ്.പി പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിനായി മൂന്നോ അതിൽക്കൂടുതലോ എസ്.സി/എസ്.റ്റി വിഭാഗക്കാരായ ജനപ്രതിനിധികളുള്ള പഞ്ചായത്തുകളിൽ നിരീക്ഷണ കമ്മറ്റി രൂപീകരിക്കേണ്ടതാണെന്നും മാസംതോറും യോഗം ചേർന്ന് പദ്ധതി നിർവ്വഹണ പുരോഗതിയിൽ ഫണ്ടിന്റെ വിനിയോഗവും വിലയിരുത്തണമെന്നും, മൂന്നിൽ കുറവ് എസ്.സി/എസ്.റ്റി വിഭാഗക്കാരായ ജനപ്രതിനിധികളുള്ള പഞ്ചായത്തുകളിൽ നിരീക്ഷണ കമ്മറ്റിയുടെ ചുമതല ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിക്കേണ്ടതാണെന്നും കാണിച്ച് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകുകയും, ജില്ലയിലെ 35 ഗ്രാമപഞ്ചായത്തുകളിൽ നിരീക്ഷണ കമ്മറ്റി രൂപീകരിച്ചിട്ടുള്ളതും ബാക്കി പഞ്ചായത്തുകളിൽ ആയത് അടിയന്തിരമായി രൂപീകരിക്കുന്നതാണെന്നും ബോധിപ്പിക്കുന്നു. |

442/23

| | | | |
|---|---|---|---|
| | | നിർ വ്വഹണം നടത്താന് കഴിയുന്നില്ല | പദ്ധതികൾ പഞ്ചായത്ത് ആവിഷ്കരിച്ചാൽ ആ പദ്ധതികൾക്ക് അനുമതി ലഭ്യമാകുന്നില്ല. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചാൽ അത്തരം പദ്ധതികളിൽ ഗുണഭോക്താക്കൾ താത്പര്യപ്പെടുന്നില്ല. ഗുണഭോക്തൃ വിഹിതം അടയ്ക്കുവാൻ ഗുണഭോക്താക്കൾ വിമുഖത കാട്ടുകയും ചില ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടക്കുവാൻ നിർവ്വാഹമില്ലാത്തതായും കാണുന്നു. ആയതിനാൽ പദ്ധതി നിർവ്വഹണം തന്നെ നടപ്പിലാക്കുവാൻ സാധിക്കാതെ വരുന്നു. അറ്റകുറ്റപ്പണികൾക്ക് ഡിപ്പാർട്ടുമെന്റിൽ നിന്നും നൽകുന്ന തുക പഞ്ചായത്തിൽ നിന്നും നൽകുന്ന തുകയെക്കാൾ കൂടുതലായതിനാൽ പഞ്ചായത്ത് തയ്യാറാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്താക്കളെ ലഭിക്കുവാൻ സാധിക്കുന്നില്ല. എങ്കിലും മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് 2016-17, 2017-18, 2018-19 വർഷങ്ങളിൽ പ്രോജക്ട് തയ്യാറാക്കി നടപ്പിൽ വരുത്തിയിട്ടുള്ളതാണ്. മേൽ സൂചിപ്പിച്ച വർഷങ്ങളിലെ പദ്ധതി നിർവ്വഹണ പുരോഗതി ചുവടെ ചേർത്ത് സമർപ്പിച്ചുകൊള്ളുന്നു. 2016-17 എസ്.സി.പി.-46.6%, റ്റി.എസ്.പി. 52.9%, 2017-18 എസ്.സി.പി.-57%, റ്റി.എസ്.പി.-46%, 201819 എസ്.സി.പി.-85%, റ്റി.എസ്.പി.-84%. ഈ റിപ്പോർട്ട് പരിഗണിച്ചുകൊണ്ട് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. |
| 4 | 3.7.13 | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | എരമല്ലൂർ ഗ്രാമപഞ്ചായത്തിലെ 12-ാം പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് 16.04.2013 ലെ സ.ഉ.(എം.എസ്.)362/2013 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പിഷ്കരിച്ച് മാർഗ്ഗരേഖയുടെ ഖണ്ഡിക 9/3 ഉപഖണ്ഡിക 10 അനുസരിച്ച് എസ്.സി.പി., റ്റി.എസ്.പി. പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുവാൻ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ എല്ലാ മാസവും വാർഷിക പദ്ധതി അവലോകന മീറ്റിംഗുകളിൽ എസ്.സി./എസ്.റ്റി. പദ്ധതികളുടെ പുരോഗതിയും ഫണ്ടിന്റെ വിനിയോഗവും വിലയിരുത്തുന്നുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| | | പ്രകൃതിയും അനുസരിച്ചാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത് എന്നതിനാൽ എസ്.സി. വിഭാഗത്തിൽ കാർഷിക മേഖലയിൽ പദ്ധതികളൊന്നും പ്രസ്തുത വർഷങ്ങളിൽ ആവിഷ്കരിച്ചിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു. |
| 3.7.7 | നെന്മണിക്കര ഗ്രാമപഞ്ചായത്ത്- - നെന്മണിക്കര ഗ്രാമ പഞ്ചായത്തിലെ പുലക്കാട്ടുകര എസ്.സി കോളനി സാംസ്കാരിക നിലയത്തിന്റെ പണി പൂർത്തിയാക്കിയെങ്കിലും പ്രവർത്തിക്കുന്നില്ല. | പുലക്കാട്ടുകര എസ്.സി കോളനി സാംസ്കാരിക നിലയത്തിന്റെ പണി പൂർണ്ണമായും പൂർത്തിയാക്കുകയും എല്ലാ സാംസ്കാരിക പ്രവർത്തനങ്ങൾക്കുവേണ്ടി ഇപ്പോൾ പ്രവർത്തിച്ചു വരുകയും ചെയ്യുന്നുണ്ട്. 2018 ൽ ഉണ്ടായ പ്രളയത്തിൽ ടി കെട്ടിടത്തിൽ ദുരിതാശ്വാസ ക്യാമ്പ് പ്രവർത്തിച്ചിരുന്നു. |
| 3.7.13 | തെക്കുംകര ഗ്രാമപഞ്ചായത്ത്-<br>എസ്.സി.പി/ടി.എസ്.പി പദ്ധതികളുടെ നിർവ്വഹണവും വിനിയോഗവും -നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല<br>പട്ടികജാതിവികസനത്തിന് നീക്കി വെക്കുന്ന തുകകളുടെ ചിലവ് വിവരം<br>ഗ്രാമപഞ്ചായത്തുകൾ പട്ടിക വർഗ്ഗ മേഖലയിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകൾ | <u>തെക്കുംകര ഗ്രാമപഞ്ചായത്ത്-</u><br>16.04.2013 തിയതിയിലെ സർക്കാർ ഉത്തരവ് 362/2013, പ്രകാരം മൂന്നിൽ കുറവ് എസ്.സി./ എസ്.ടി വിഭാഗം ജന പ്രതിനിധികൾ മാത്രമുള്ള തദ്ദേശ സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട വിഭാഗങ്ങളുടെ പദ്ധതി ചെലവ് പുരോഗതി നിരീക്ഷണ ചുമതല എസ്.സി., എസ്.ടി. വർക്കിങ് ഗ്രൂപ്പുകൾ നിർവഹിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 17.08.2015 തിയ്യതിയിലെ കെ.എസ്.എ.ടി.എസ്.ആർ(എസ് 1) 1201/16 നമ്പർ റിപ്പോർട്ടിലെ എസ്.സി./എസ്.ടി. പദ്ധതി പുരോഗതി വിലയിരുത്തുന്നതിന് നിരീക്ഷണ സമിതി രൂപീകരിച്ചിട്ടില്ലായെന്ന പരാമർശം 11.12.2015 തിയ്യതി ചേർന്ന ഭരണസമിതി യോഗത്തിൽ അജണ്ട (1) ആയി ചർച്ച ചെയ്യുകയും പഞ്ചായത്തിലെ പട്ടികവിഭാഗം അംഗങ്ങളുടെ എണ്ണം 3 ൽ കുറവായതിനാൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതി ചെലവ് പുരോഗതി അവലോകനം നടത്തുന്നതിന് എസ് സി/ എസ്.ടി വർക്കിംഗ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും ആയത് പ്രകാരം ചർച്ച |

| | | |
|---|---|---|
| | | ചെയ്തിട്ടുള്ളതാണ് .<br><br>( )<br><br>**താന്ന്യം ഗ്രാമപഞ്ചായത്ത്-**<br><br>16.04.2013 തിയതിയിലെ സർക്കാർ ഉത്തരവ് 362/2013, പ്രകാരം മൂന്നിൽ കുറവ് എസ്.സി./ എസ്.ടി വിഭാഗം ജന. പ്രതിനിധികൾ മാത്രമുള്ള തദ്ദേശ സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട വിഭാഗങ്ങളുടെ പദ്ധതി ചെലവ് പുരോഗതി നിരീക്ഷണ ചുമതല എസ്.സി., എസ്.ടി. വർക്കിങ് ഗ്രൂപ്പുകൾ നിർവഹിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതി ചിലവ് പുരോഗതി അവലോകനം നടത്തുന്നതിന് എസ് സി /എസ് ടി വര്ക്കിംഗ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും ആയത് പ്രകാരം പദ്ധതി നിർവഹണം നടത്തി വരികയും ചെയ്യുന്നു.കൂടാതെ 23/3/2016 മുതല് നിരീക്ഷണ കമ്മിറ്റി രൂപീകരിച്ച് പദ്ധതി അവലോകനം നടത്തുകയും എസ്.സി., എസ്.ടി. പദ്ധതികളുടെ നിർവഹണം കൂടുതൽ കാര്യക്ഷമമായി നടത്തി വരികയും ചെയ്യുന്നു. |
| | **താന്ന്യം ഗ്രാമപഞ്ചായത്ത്-** | |

| | | | |
|---|---|---|---|
| | | ഊർജ്ജിതമല്ല<br><br>ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ എസ്.സി / എസ്.ടി മേഖലകളിൽ വരുമാനദായകവും , ഉൽപ്പാദന വർദ്ധന ലക്ഷ്യമിടുന്നതുമായ പല പദ്ധതി നിർദ്ദേശങ്ങളും ഗ്രാമസഭ ഊരുകൂട്ടങ്ങളിൽ ഉയർന്ന് വരികയും, കർമ്മ സമിതി ചർച്ച നടത്തുകയും ചെയ്യതായി രേഖകളിൽ കാണുന്നുണ്ടെങ്കിലും വാർഷിക പദ്ധതികളിൽ ഇവയൊന്നും ഇടംപിടിച്ചിട്ടില്ല | എസ്.സി ,എസ്.റ്റി മേഖലയിൽ സ്വയം തൊഴിൽ പദ്ധതി മുൻ വർഷങ്ങളിലുൾപ്പെടെ ഏറ്റെടുത്തെങ്കിലും സബ്സിഡി മാർഗ്ഗരേഖയും എസ് ജി എസ് വൈ മാനദണ്ഡവും പാലിച്ച് വായ്പ എടുത്ത് മുതൽ മുടക്കുൾപ്പെടെ നടത്തുന്നതിന് ഗ്രൂപ്പുകൾ തയ്യാറാകാത്തതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതെ പോയത്. മതിയായ പിന്തുണാ സംവിധാനം നല്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞതുമില്ല. 2012-13 ല് 1,38,311 /-രൂപ എസ്.സി പി വിഭാഗത്തിൽ വകയിരുത്തിയെങ്കിലും ഗുണഭോക്താക്കളുടെ താത്പര്യമില്ലായ്മ മൂലം പദ്ധതി നടപ്പിലാക്കാനായില്ല എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 6 | 3.7.13 | പദ്ധതി മാർഗ്ഗ രേഖ അവഗണിച്ചു.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 12- പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച 16/04/2013 ലെ സ.ഉ (എം എസ്) 362/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പരിഷ്കരിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക 9(3) ഉപഖണ്ഡിക 9(3) ഉപഖണ്ഡിക (10) അനുസരിച്ച് എസ് സി പി / റ്റി എസ് പി പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപ നങ്ങളിൽ ഒന്നും തന്നെ നിരീക്ഷണ കമ്മറ്റികൾ രൂപീകരിച്ചിട്ടില്ല. 2012-13, 2013-14, 2014-15 വർഷങ്ങളിൽ അടിമാലി ഗ്രാമ പഞ്ചായത്ത് വകയിരുത്തിയ 2.49 കോടി രൂപയിൽ 1.97 കോടി രൂപ മാത്രമാണ് | അടിമാലി ഗ്രാമ പഞ്ചായത്ത്<br><br>നിരീക്ഷണ കമ്മറ്റികൾ രൂപീകരിച്ചതായി കാണുന്നില്ല. എസ് സി പി പദ്ധതിയിലേറ്റെടുത്ത വീട് നിർമ്മാണത്തിന് യൂണിറ്റ് കോസ്റ്റ് ഭാവിയിൽ വർദ്ധിക്കും എന്ന കണക്ക് കൂട്ടലിൽ ഗുണഭോക്താക്കൾ ആനുകൂല്യത്തിന് കരാർ വക്കുന്നതിന് തയ്യാറായില്ല. കിണർ സബ്സിഡി ഉൾപ്പെടെ മറ്റ് വ്യക്തിഗത ആനുകൂല്യങ്ങളും കൈപ്പറ്റുന്നതിന് ഗുണഭോക്താക്കൾ താത്പര്യം കാണിച്ചില്ല. ഫീസിബിലിറ്റി ലഭിക്കാതെ പോകുന്നതും തുക വിനിയോഗിക്കാന് കഴിയാത്തതിന് കാരണമായി. ഭാവിയിൽ ഫീസിബിലിറ്റി ഉറപ്പാക്കിയാണ് പദ്ധതി ഏറ്റെടുത്തിട്ടുള്ളത് എന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | ചെലവഴിച്ചത് - ചെലവ് ശതമാനം 79.11 | |
| 7 | 3.7.13 | | **<u>മൂന്നാർ ഗ്രാമ പഞ്ചായത്ത്</u>**<br><br>മൂന്നാർ ഗ്രാമപഞ്ചായത്തിൽ എസ്.സി.പി/ റ്റി.എസ്.പി പദ്ധതികളുടെ ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാൻ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്നുള്ള സർക്കാർ ഉത്തരവ് ( എം.എസ്)- 362/2013 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | 3.7.13 | | **<u>കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത്</u>**<br><br>എസ്.സി.പി/ടി.എസ്.പി പദ്ധതികളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കേണ്ടതാണെന്നും ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ എസ്.സി., എസ്.റ്റി വിഭാഗക്കാരായ ജന പ്രതിനിധികൾ മാത്രമായിരിക്കും അംഗങ്ങൾ എന്നും എസ്.സി, എസ്.റ്റി വിഭാഗക്കാരായ ജനപ്രതിനിധികൾ മൂന്നിൽ കുറവുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിരീക്ഷണ കമ്മിറ്റിയുടെ ചുമതല ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിക്കണമെന്നുമാണ് 16.04.2013-ലെ സ.ഉ(എം.എസ്)-362/2013/തസ്വഭ നമ്പർ ഉത്തരവ് പ്രകാരമുള്ള പരിഷ്കരിച്ച മാർഗ്ഗ രേഖയുടെ ഖണ്ഡിക 9(3) ഉപഖണ്ഡിക(10) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളത്. കാഞ്ചിയാർ ഗ്രാമ പഞ്ചായത്തിൽ എസ്.സി, എസ്.ടി അംഗങ്ങൾ 2 മാത്രമായതിനാൽ വർക്കിംഗ് ഗ്രൂപ്പിനാണ് നിരീക്ഷണ കമ്മിറ്റിയുടെ ചുമതല ആയത് രൂപീകരിച്ചിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് ഓരോ ഭരണസമിതി യോഗങ്ങളോടൊപ്പം നിർവ്വഹണ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചും പദ്ധതി പുരോഗതി വിലയിരുത്തിപ്പോരുന്നുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 3 | 2015-16 | 3.7.1 | **1.മലമ്പുഴ ഗ്രാമപഞ്ചായത്ത്**<br>മലമ്പുഴ ഗ്രാമപഞ്ചായത്തിൽ 2009-10 ൽ 12 ഗുണഭോക്താക്കൾക്കായി നൽകിയ ഭൂമി നാളിതുവരെ അതിർത്തി തിരിച്ച് അളന്നു നൽകിയിട്ടില്ല. ഇതുമൂലം ഭവന നിർമ്മാണം ആരംഭിക്കുവാന് ഗുണഭോക്താക്കൾക്ക് കഴിഞ്ഞിട്ടില്ല.<br><br>**2.മലമ്പുഴ ഗ്രാമപഞ്ചായത്ത്**<br>മലമ്പുഴ ഗ്രാമപഞ്ചായത്ത് 2014-15 ല് 21 ലക്ഷം രൂപ അടങ്കലിൽ 14 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും ഒരാൾക്കുമാത്രമാണ് ആനുകൂല്യം നൽകിയത്. | **1.മലമ്പുഴ ഗ്രാമപഞ്ചായത്ത്**<br>2009-10 സാമ്പത്തിക വർഷത്തില് 12 ഗുണഭോക്താക്കൾക്കായി നൽകിയ ഭൂമി അതിർത്തി തിരിച്ച് 2016 വർഷത്തിൽ അളന്ന് നൽകിയിട്ടുണ്ട്.<br><br>**2.മലമ്പുഴ ഗ്രാമപഞ്ചായത്ത്**<br>2014-15 സാമ്പത്തിക വർഷത്തിൽ ഒരു ഗുണഭോക്താവിന് മാത്രം ആനുകൂല്യം നൽകിയിരുന്നുള്ളുവെങ്കിലും 2015-16 ൽ സ്പിൽ ഓവറായി 19.5 ലക്ഷം രൂപ വകയിരുത്തുകയും അതിൽ 9 പേർക്കായി 13.5 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. | |
| 4 | 2015-16 | 3.7.4 | **മലമ്പുഴ ഗ്രാമപഞ്ചായത്ത്**<br>എലകുത്താംപാറ പട്ടികവർഗ്ഗ കോളനിയില് പട്ടികവർഗ്ഗ വികസന വകുപ്പ് ഒരു പൊതു കക്കൂസ്സിന്റെ നിർമ്മാണം സംബന്ധിച്ച്. | **മലമ്പുഴ ഗ്രാമപഞ്ചായത്ത്**<br>എലകുത്താംപാറ പട്ടികവർഗ്ഗ കോളനിയില് പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ 2 പൊതു കക്കൂസുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. | |
| 5 | 2015-16 | 3.7.8 | പരമ്പരാഗത കുലത്തൊഴിൽ മേഖലകൾ<br>പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിലെ കവറ സമുദായത്തിൽപ്പെട്ടവരുടെ ഉപജീവനമാർഗ്ഗ മുള ഉൽപ്പന്നങ്ങളുടെ നിർമ്മാണമാണ്. എന്നാൽ | **കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്**<br>കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിലെ കവറ സമുദായ അംഗങ്ങളുടെ പരമ്പരാഗത കൈത്തൊഴിലാണ് മുള, ഈറ എന്നി അസംസ്കൃത വസ്തുകൾ കൊണ്ടുള്ള ഉൽപന്നങ്ങള് ഉണ്ടാക്കുന്നത്. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവ് മൂലവും ഉണ്ടാക്കുന്ന ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്താനുള്ള ബുദ്ധിമുട്ടും മൂലവും പ്രസ്തുത തൊഴിൽ മേഖല പ്രതിസന്ധിയിലാണ്. കൂടാതെ പുതുതലമുറയിൽപ്പെട്ട ടി സമുദായത്തിലെ അംഗങ്ങൾ പരാമ്പരാഗത തൊഴിലുപേക്ഷിച്ച് | |

| | | | | | |
|---|---|---|---|---|---|
| | | | അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും, വിപണി കണ്ടെത്താനുള്ള ബുദ്ധിമുട്ടും കാരണം ഈ തൊഴിൽ മേഖല പ്രതിസന്ധിയിലാണ് | മറ്റ് തൊഴിൽ മേഖലകളിൽ ഏർപ്പെട്ടതും ടി തൊഴിൽ മേഖലയുടെ പ്രതിസന്ധിക്ക് ആക്കം കൂട്ടിയിരിക്കുകയാണ്. കൂടാതെ പദ്ധതി ആസൂത്രണ വർക്കിംഗ് ഗ്രൂപ്പിലോ, ഗ്രാമസഭകളിലോ പ്രസ്തുത തൊഴിൽ മേഖലയുടെ ഉന്നമനത്തിനുതകുന്ന നിർദേശങ്ങളൊന്നും തന്നെ ഉയർന്നുവരാത്തതിനാലും ഈ പഞ്ചായത്തിന്റെ വാർഷിക പദ്ധതികളിൽ പ്രത്യേകം ഊന്നൽ നൽകുന്ന പദ്ധതി കളൊന്നും 2015-16 നു ശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. | |
| 6 | 2015-16 | 3.7.9 | പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടി വിദ്യാഭ്യാസ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് പട്ടിക ജാതി /പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് ധാരാളം പദ്ധതികൾ ഉണ്ടായിരുന്നിട്ടും ആസൂത്രണത്തിലെ പാളിച്ച മൂലം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല. | <u>മലമ്പുഴ ഗ്രാമപഞ്ചായത്ത്</u><br><br>പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷമായ 2016-17 ൽ എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ പദ്ധതിക്ക് 330000/- രൂപയും, എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ പദ്ധതിക്ക് 310000/- രൂപയും വകയിരുത്തിയിരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷമായ 2017-18 ല് എസ്,ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ എന്ന പദ്ധതിക്ക് 1 ലക്ഷം രൂപയും, എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്ന പദ്ധതിക്ക് 1 ലക്ഷം രൂപയും, എസ്.ടി വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്ന പദ്ധതിക്ക് 1 ലക്ഷം രൂപയും വകയിരുത്തി ഡിപിസി അംഗീകാരം നേടിയിട്ടുണ്ടെന്നുള്ള വിവരം സവിനയം അങ്ങയെ അറിയിക്കുന്നു. തുടർന്ന് വരുന്ന വർഷങ്ങളിലും എസ്.സി/എസ്.ടി വിഭാഗക്കാർക്ക് വിദ്യാഭ്യാസപരമായി പ്രയോജനപ്പെടുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള നടപടികള് സ്വീകരിക്കുന്നതാണെന്ന് അങ്ങയെ അറിയിക്കുന്നു. ആയതിനാൽ ഓഡിറ്റ് തടസ്സങ്ങള് ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു. | |
| 7 | 2015-16 | 3.7.11 | എസ്.സി/എസ്.റ്റി മേഖലയിലെ കർമ്മ സമിതികളുടെ പ്രവർത്തനം ഊർജ്ജിതമല്ല പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമ പഞ്ചായത്തിൽ 2013-14, 2014-15 വർഷങ്ങളില് കർമ്മസമിതികളില് നടന്ന ചർച്ചകളുടെ വിശദാംശങ്ങൾ കൃത്യമായി | <u>കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്</u><br>എസ്.സി/എസ്.റ്റി മേഖലയിൽ ഫിസിബിലിറ്റി പ്രശ്നം നിലനിൽക്കുന്ന പ്രദേശമാണ് കൊല്ലങ്കോട് ഗ്രാമ പഞ്ചായത്ത് ആയതിനാൽ കർമ്മസമിതി കൂടുമ്പോൾ ആവശ്യത്തിന് ഹാജർ ഇല്ലാതിരിക്കയും കമ്മിറ്റികൂടുന്നതിന് സാഹചര്യം ഉണ്ടാകാതിരിക്കുകയും ചെയ്തതാണ് കർമ്മസമിതി തീരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്താൻ കഴിയാത്തത് എന്ന വിവരം അറിയിക്കുന്നു. | |